1171
Reg. no. 1171

നാലാം ഫോറം

# ഇന്ത്യാചരിത്രം

1581

പി. കുഞ്ഞികൃഷ്ണമേനോൻ, ബി. ഏ., ബി. ഓ. എൽ.

Reg: no. 1171.

നാലാം ഫോറം

# ഇന്ത്യാ ചരിത്രം

(Common to Cochin & Travancore as per syllabus revised for 1949 - 50)

ഗ്രന്ഥകർത്താ:

**പി. കുഞ്ഞികൃഷ്ണമേനോൻ,** ബി. എ., ബി. ഓ. എൽ.

*( Maharaja's College, Ernakulam )*

Publisher

K. N. S. Menon, Irinjalakuda.

**1949 ജൂലായ്**

ഒന്നാംപതിപ്പ്: കോപ്പി 1500

വില: ഒരുറുപ്പിക

# വിഷയവിവരം


| | പേജ് |
| --- | --- |
| **ആമുഖം** | 1 |
| ഇന്ത്യ: കിടപ്പ്; പ്രകൃതിവിഭാഗങ്ങൾ | |
| **ഒന്നാം അദ്ധ്യായം** | 4 |
| ആദിമനിവാസികൾ — ദ്രാവിഡർ സിന്ധുസംസ്കാരം | |
| **രണ്ടാം അദ്ധ്യായം** | |
| ആര്യന്മാരുടെ ആഗമനം | 9 |
| ഋഗ്വേദം | |
| **മൂന്നാം അദ്ധ്യായം** | |
| ആര്യദ്രാവിഡ സംസ്കാരസങ്കലനം | 13 |
| വേദവികാസം; ഇതിഹാസകാലം രാമായണം; മഹാഭാരതം; ഐതിഹാസിക സംസ്കാരം; ജാതികൾ | |
| **നാലാം അദ്ധ്യായം** | |
| ബുദ്ധമതവും ജൈനമതവും | 23 |
| ജൈനമതം; ബുദ്ധമതം; സമുദായത്തിന്റെ മേൽ ചുമത്തിയ സ്വാധീനശക്തി | |
| **അഞ്ചാം അദ്ധ്യായം** | |
| മഗധാരാജ്യോദയം | 29 |
| പേർഷ്യൻ ആക്രമണം, ഗ്രീക്കുകാർ, അലക്സാണ്ടർ | |
| **ആറാം അദ്ധ്യായം** | |
| മൌര്യസാമ്രാജ്യം | 37 |
| ചന്ദ്രഗുപ്തമൌര്യൻ; അശോകൻ; മൌര്യന്മാരുടെ ഭരണരീതി; മൌര്യസാമ്രാജ്യാധഃപതനം | |

**ഏഴാം അദ്ധ്യായം**

കലങ്ങിമറിഞ്ഞ ഭാരതം — 48

ഗ്രീക്കുകാർ; ശാകപഹലവന്മാർ; ശാകസാറ്റ്റപ്പുമാർ; കുഷാണന്മാർ; കനിഷ്കൻ; ബുദ്ധമതപുനരുദ്ധാരണം

**എട്ടാം അദ്ധ്യായം**

ഗുപ്തസാമ്രാജ്യം — 55

ഒന്നാം ചന്ദ്രഗുപ്തൻ; സമുദ്രഗുപ്തൻ; ചന്ദ്രഗുപ്ത രണ്ടാമൻ അഥവാ, വിക്രമാദിത്യൻ; ഫാഹിയാൻെറ സന്ദർശനം; വിക്രമാദിത്യനു ശേഷം ഗുപ്തചക്രവർത്തിമാരുടെ കാലത്തെ നാനാമുഖമായ അഭിവൃദ്ധി.

**ഒമ്പതാം അദ്ധ്യായം**

ഗുപ്തസാമ്രാജ്യാധഃപതനം — 62

സ്കന്ദഗുപ്തൻ; ഹൂണന്മാർ; ശ്വേതഹൂണന്മാർ ഗുപ്തസാമ്രാജ്യാധഃപതനത്തിൻെറ കാരണങ്ങൾ ബുദ്ധമതത്തിൻെറ അധഃപതനം.

**പത്താം അദ്ധ്യായം**

ഹർഷൻ — 68

ഹ്യൂൻസാങ്ങ്; ബുദ്ധമതപുനരുദ്ധാരണം

**പതിനൊന്നാം അദ്ധ്യായം**

സമുദായസ്ഥിതിയും പരിഷ്കാരവും
ക്രി. അ. 300_650 — 74

സാഹിത്യം, വിദ്യാഭ്യാസം, കലകൾ സന്മാർഗ്ഗബോധം

**പന്ത്രണ്ടാം അദ്ധ്യായം**

രജപുത്രന്മാർ — 79

കാശ്മീരം, നേപാളം. ആസ്സാം, ഗംഗാസമതലപ്രദേശം, കനൂജ്, അജ്മീർ, ജെജക, ചേദിരാജ്യം, മാൾവയിലെ പരമാരവംശം

ഗുജറാത്തിലെ സോളങ്കിവംശം, മീവാറിലെ ശിശോദിയാവംശം, ബംഗാളിലേയും ബീഹാറിലേയും പാലവംശം, ഒറീസ്സയിലെ സേനവംശം, ഒരു സാമാന്യവീക്ഷണം.

**പതിമൂന്നാം അദ്ധ്യായം**

ദക്ഷിണഖണ്ഡത്തിലെ രാജ്യങ്ങൾ—ആന്ധ്രന്മാർ, ചാലൂക്യർ, രാഷ്ട്രകൂടന്മാർ, ചാലൂക്യവംശപുനഃസ്ഥാപനം, യാദവന്മാർ, ഹൊയ്സളന്മാർ, പല്ലവന്മാർ—പല്ലവ സംസ്കാരം, പൂർവ്വചാലൂക്യർ ഒരു സാമാന്യവീക്ഷണം. 87

**പതിന്നാലാം അദ്ധ്യായം**

ചോള—ചേര—പാണ്ഡ്യരാജ്യങ്ങൾ 98
പാണ്ഡ്യരാജ്യം, കേരളം, അഥവാ ചേരരാജ്യം, ചോളരാജ്യം, ചോളരാജാവിന്റെ ഭരണരീതി, സാമാന്യവീക്ഷണം

**പതിന്നഞ്ചാം അദ്ധ്യായം**

ദക്ഷിണേന്ത്യയിലെ സമുദായം, വാണിജ്യം, സംസ്കാരം, സമുദായസ്ഥിതി, റോമാസാമ്രാജ്യവുമായി വാണിജ്യം, പ്രാചീന സാഹിത്യവും കലകളും. 109

**പതിന്നാറാം അദ്ധ്യായം**

ഇന്ത്യാക്കാരുടെ വിദേശയാത്രാസംരംഭം 113
വിശാലഭാരതം സംസ്കാരസംയോജനം

**പതിന്നേഴാം അദ്ധ്യായം**

ഹൈന്ദവമതപുനരുദ്ധാരണം—ശങ്കരാചാര്യർ
രാമാനുജാചാര്യർ

# ഇന്ത്യാ ചരിത്രം

## ആമുഖം

### ഇന്ത്യ:– കിടപ്പു്

മഞ്ഞുകൊണ്ടു വെള്ളവിരിച്ച ഹിമാചലത്തിൽ തല വെച്ചു്, കയ്യും കാലും നീട്ടിക്കിടന്നു്, ആനന്ദനിദ്രയിൽ ആറാടിയിരുന്ന ഭാരതാംബ ഇടക്കാലത്തുവെച്ചു് വിദേശീയാധിപത്യമാകുന്ന മഹാവ്യാധിപിടിച്ചു് വല്ലാതെവലഞ്ഞു. ഇരുന്നൂറു കൊല്ലത്തോളം നീണ്ടുനിന്ന ഈ വ്യാധിയുടെ ഫലമായി 1947 ആഗസ്റ്റ് 15-ാംനു- അംബെയ്ക്കു് അംഗഭംഗം നേരിട്ടു. ഇങ്ങനെ വൈരൂപ്യം നേരിട്ടതാണു് ഇന്നത്തെ ഇന്ത്യ. പ്രകൃതിദത്തമായ ലാവണ്യം ഇനിയും കൈവന്നുകൂടെ? ഭൂമിശാസ്ത്രപരമായുള്ള അതിരുകൾക്കകത്തേ ഇന്ത്യയ്ക്കു് അടങ്ങിയിരിക്കാൻ കഴിയൂ. 'പാക്കിസ്ഥാൻ', 'ഇന്ത്യ' എന്നിങ്ങനെ ഭാരതം ഇന്നു് രണ്ടായി മുറിഞ്ഞിട്ടുണ്ടെങ്കിലും സംസ്കാരപരമായ ഐക്യത്തിന്നിണങ്ങിയ ഒരു ഭൂപ്രകൃതി അതിന്റെ പൊതുസ്വത്താണു്.

ഐക്യത്തിന്നിണങ്ങിയ ഈ ഭൂപ്രകൃതി എന്താണെന്നല്ലേ അറിയേണ്ടതു്? ഏഷ്യയുടെ ഭൂപടം നോക്കുക. തെക്കുവശത്തു് നടുവിൽ കിടക്കുന്ന അർദ്ധദ്വീപാണു് ഇന്ത്യ. ഉത്തുംഗമായ ഹിമാലയവും അതിന്റെ ശാഖകളായ ഹിന്ദുക്കുഷ്, സുലൈമാൻ എന്നീ പർവ്വതനിരകളും പ്രകൃതിയാൽ പണിയപ്പെട്ട കോട്ടകളാണു്. വടക്കും, വടക്കുപടിഞ്ഞാറും, വടക്കുകിഴക്കും ഭാഗങ്ങൾ, ഇങ്ങനെ, വിദേശീയർക്കു് വിലങ്ങടിച്ചു നില്ക്കുന്നു. വടക്കുപടിഞ്ഞാറു് കൈബർ, ബോളൻ എന്നീ നേരിയ ചുരങ്ങളും വടക്കുകിഴക്കു് ബ്രഹ്മപുത്രാതാഴ്വരയും കാത്തുരക്ഷിച്ചാൽ നമുക്കു് ആരേയാണു് പേടിക്കേണ്ടതു്?

പക്ഷെ, പലപ്പോഴും നാം അതിന്നിണങ്ങാറില്ല. അതാണു് നമുക്കു നേരിടാറുള്ള ദുരിതങ്ങൾക്കു കാരണം.

ഇനി മറുവശം നോക്കാം. ഹിന്തുസമുദ്രത്തിന്റെ രണ്ടു കൈകളായ അറബിക്കടലും ബംഗാൾ ഉൾക്കടലും ഇന്ത്യയുടെ ഇരുപാർശ്വങ്ങളേയും തലോടിക്കൊണ്ടിരിക്കുന്നു. വിദേശീയക്കു കാലെടുത്തുകുത്താൻ കഴിയാത്തവിധം ഭദ്രമായ കടൽക്കരയാണു് ഇടത്തും വലത്തും. പതിനഞ്ചാം നൂററാണ്ടിനുശേഷം പാശ്ചാത്യർ കടൽവഴി ഇന്തയിൽ കടന്നുകൂടിയതു് ആക്രമിച്ചിട്ടല്ല അതിഥികളുടെ നിലയിലാണു്. അതു പിന്നീടു മനസ്സിലാക്കാം.

## പ്രകൃതി വിഭാഗങ്ങൾ:

കടലും മലയുംകൂടി കാത്തുരക്ഷിക്കുന്ന മാതൃഭൂമിയുടെ പ്രകൃതിവിലാസമല്ലേ കാണേണ്ടതു്? ഏതാണ്ടു മദ്ധ്യത്തിലായി വിന്ധ്യൻശതപുരപർവ്വതങ്ങളതാ കിഴക്കുപടിഞ്ഞാറായി നെടുനീളത്തിൽ കിടക്കുന്നു. ഭാരതാംബയുടെ കടീതടത്തിലെ കനകോഡ്യാണമാണതു്. ഈ പർവ്വതനിരയുടെ വടക്കുഭാഗത്തെ "ഹിന്തുസ്ഥാനം" അല്ലെങ്കിൽ "ആര്യാവർത്തം" എന്നും, തെക്കുഭാഗത്തെ "ഡെക്കാൻ," അല്ലെങ്കിൽ "ദക്ഷിണഖണ്ഡം" എന്നും പറഞ്ഞുവരുന്നു.

ഹിന്ദുസ്ഥാനസമനിലത്തിന്നു് അഞ്ചുലക്ഷം ചതുരശ്രനാഴിക വിസ്താരമുണ്ടു്. സിന്ധു—ഗംഗ എന്നീ നദികൾ ഈ പ്രദേശത്തെ ഫലപുഷ്ടമാക്കുന്നു. പുരാതനകാലം മുതല്ക്കേ പുകഴ്പെരുകിട്ടുള്ള പട്ടണങ്ങൾ പലതും ഈ നദീതീരങ്ങളിൽ പ്രശോഭിക്കുന്നു. അലഹബാദ്, ദില്ലി, ആഗ്രാ, കോൺപൂർ, ബെനാറിസ്, പാടലിപുത്രം എന്നിവയൊക്കെ ഗംഗയുടേയും യമുനയുടേയും തീരങ്ങളിൽ തിളങ്ങുന്ന നഗരങ്ങളാണു്. സിന്ധുനദീതടമാകട്ടേ, 5000 കൊല്ലങ്ങൾക്കു മുമ്പുതന്നെ, അതിവിശിഷ്ടമായ സംസ്കാരത്തിന്റെ വിളനിലമായിരുന്നു. "മൊഹെൻജോദാരോ" "ഹാരപ്പ" എന്നീ സ്ഥലങ്ങളിൽ ഈയിടെ നടത്തിയ ഗവേഷണങ്ങൾ ഈ വിശ്വാസത്തിന്നുവേണ്ട ലക്ഷ്യങ്ങളാണു് നല്കുന്നതു്.

ഹിമാലയവും അതിന്റെ ശാഖകളും നിമിത്തം സമുന്നതമായിട്ടുള്ള വടക്കുഭാഗം ഹിന്ദുസ്ഥാനസമനിലത്തെ സമ്പന്നമാക്കാൻ വേണ്ട മഴയും പോഷകദ്രവ്യങ്ങളും സമർപ്പിക്കാൻ സഹായിക്കുന്നു. സിന്ധു, ഗംഗ, ബ്രഹ്മപുത്ര എന്നീ നദികൾ ഇവിടെനിന്നാണ് ഉത്ഭവിക്കുന്നതു്.

ദക്ഷിണഖണ്ഡം ഒരു പീഠഭൂമിയാണ്. ഒരുവശത്തു് വിന്ധ്യൻശത്പുരപർവ്വതങ്ങളും മററു രണ്ടുഭാഗങ്ങളിലായി പശ്ചിമഘട്ടവും പൂർവ്വഘട്ടവും കിടക്കുന്നു. മഹാനദി, ഗോദാവരി, കൃഷ്ണാ, കാവേരി എന്നീ നദികൾ പൂർവ്വഘട്ടത്തിന്റെ വിടവുകളിൽക്കൂടി ബംഗാൾ ഉൾക്കടലിലേക്കൊഴുകുന്നു. ഈ നദീതടങ്ങളും പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറുള്ള നമ്മുടെ കേരളക്കരയും ഫലപുഷ്ടിയുള്ള പ്രദേശങ്ങളാണ്. പശ്ചിമഭാഗത്തു് കൊച്ചിയും പൂർവ്വഭാഗത്തു് മദ്രാസും തരക്കേടില്ലാത്ത തുറമുഖങ്ങളാണ്. പണ്ടൊക്കെ വേറെയും തുറമുഖങ്ങളുണ്ടായിരുന്നു.

ഇങ്ങനെ പ്രകൃതിയാൽ സുരക്ഷിതങ്ങളായ അതിരുകളുണ്ട് ഇന്ത്യക്കു്. പക്ഷെ, അങ്ങിങ്ങായി ഇടുങ്ങിയ ചില മാർഗ്ഗങ്ങളുള്ളവ ഭദ്രമായി സൂക്ഷിക്കണം. അതില്ലെങ്കിൽ സമ്പന്നവും സമ്മോഹനവുമായ ഹിന്ദുസ്ഥാനം വിദേശീയ വിജിഗീഷുക്കളെ മാടിവിളിക്കും. അതുപോലെതന്നെ തീരപ്രദേശങ്ങളിലെ തുറമുഖങ്ങൾ കടൽക്കച്ചവടക്കാരെ കൊതിപ്പിക്കാൻ വിരോധമില്ല. ഈ പരമാർത്ഥങ്ങളത്രയും ഇന്ത്യയുടെ ചരിത്രത്തിൽ അനുഭവപ്പെടുമോ എന്നു നിങ്ങൾ പരിശോധിക്കുക.

# ഒന്നാം അദ്ധ്യായം

## ആദിമനിവാസികൾ–ദ്രാവിഡർ

**പ്രാചീന ശിലായുഗം.**

എന്നാണ് ഇന്ത്യയിൽ മനുഷ്യൻ പാർപ്പുറപ്പിച്ചതു്? ദക്ഷിണഖണ്ഡത്തിന്റെ കടൽക്കരയിലും ഉൾപ്രദേശത്തുള്ള കാടുകളിലും പ്രാചീനമനുഷ്യർ അലഞ്ഞുനടന്നിരുന്നതായി അനുമാനിക്കാം. ഭാഷപ്പെടുത്താത്ത കല്ലും എല്ലും ആയിരുന്നു അവരുടെ ആയുധങ്ങൾ. മനുഷ്യൻ ഇങ്ങനെ ജീവിച്ചിരുന്ന കാലത്തെ പ്രാചീനശിലായുഗം എന്നു പറയുന്നു.

**നവീന ശിലായുഗം.**

അനേകായിരം കൊല്ലം മനുഷ്യൻ ഇങ്ങനെ ആയുധങ്ങളുണ്ടാക്കാൻ അറിയാതെ അലഞ്ഞു കഴിഞ്ഞുകൂടി. ക്രമേണ കല്ലുകൾ ഭാഷപ്പെടുത്തിയും, മിനുക്കി കൂർച്ചുകൂട്ടിയും ഉപയോഗിക്കാൻ തുടങ്ങി. ശിലകൾ പുതുക്കി ഉപയോഗിച്ച ഈ ഘട്ടത്തെ "നവീന ശിലായുഗം" എന്നു പറയുന്നു. കുടിലുകളിൽ പാർക്കാനും ധാന്യങ്ങൾ കൃഷിചെയ്യാനും മൃതശരീരങ്ങൾ മങ്ങലികളിലാക്കി മറവുചെയ്യാനും അന്നത്തെ മനുഷ്യനു കഴിവുണ്ടായിരുന്നു.

**താമ്രയുഗം അയോയുഗം.**

ശിലായുഗങ്ങളെ തുടർന്നു് ഉത്തരേന്ത്യയിൽ താമ്രയുഗവും ദക്ഷിണേന്ത്യയിൽ അയോയുഗവും ഉണ്ടായി. ലോഹങ്ങൾ ആയുധങ്ങൾക്കായി ഉപയോഗിച്ചിരുന്നതുകൊണ്ടാണ് ഈ ഘട്ടത്തിന്നു് ഇങ്ങനെ പേരിട്ടതു്.

ചരിത്രത്തിന്നു കാണാൻ കഴിവുള്ള കാലത്തു് "കോളകൾ" "ദ്രാവിഡർ" എന്നിങ്ങനെ രണ്ടു വർഗ്ഗക്കാർ ഇന്ത്യയിലുണ്ടായിരുന്നു. ഇവർ ഇന്ത്യയിൽ തന്നെ ഉണ്ടായിരുന്നവരോ പുറമേനിന്നു വന്നവരോ എന്നു സൂക്ഷ്മം പറയാൻ പ്രയാസമാണു്.

**കോളുകൾ.**

കോളുകളിൽതന്നെ പല വർഗ്ഗക്കാരുമുണ്ടായിരുന്നു. ബംഗാളിലും ഒറീസ്സയിലും ഇവരുടെ പിൻഗാമികളെ കാണാറുണ്ടു്. 'മുണ്ട' എന്നൊരു ഭാഷയാണു് ഇവർ സംസാരിക്കുന്നതു്. വനത്തിലുള്ള നിരവധി വൃക്ഷങ്ങളെ ഇവർ ആരാധിക്കുന്നു.

## ദ്രാവിഡർ

മേല്പറഞ്ഞ വർഗ്ഗക്കാരിലാർക്കും പ്രത്യേകമായൊരു വ്യക്തിത്വം നിലനിർത്തത്തക്ക പരിഷ്കാരമുണ്ടായില്ല. അതു ദ്രാവിഡർക്കേ സമാർജ്ജിക്കാൻ സാധിച്ചുള്ളു. എന്നാൽ, ദ്രാവിഡർ ഇന്ത്യാക്കാരാണോ? അവർ വടക്കുപടിഞ്ഞാറൻ ചുരങ്ങളിൽക്കൂടി ഇങ്ങോട്ടു കടന്നുകൂടിയവരാണെന്നു യൂറോപ്യൻ ചരിത്രകാരന്മാർ പറയുന്നു. പക്ഷെ, ഈ അഭിപ്രായം സമർത്ഥിക്കാൻ കൊണ്ടുവരുന്ന വാദങ്ങളൊക്കെ മറിച്ചടിക്കാനും വിരോധമില്ലാത്തവയാണു്. എങ്ങനെയായാലും, ചരിത്രത്തിന്നു കണ്ടെത്താൻ കഴിയുന്ന കാലത്തിന്നു മുമ്പുതന്നെ അവർ ഇന്ത്യാക്കാരായിക്കഴിഞ്ഞിട്ടുണ്ടു്. ദ്രാവിഡരെ ഇന്ത്യയിലെ ആദിമനിവാസികളുടെ ഗണത്തിൽ ഉൾപ്പെടുത്താൻ ഇതിലധികമായിട്ടൊരവകാശമെന്താണു് വേണ്ടതു്?

**ദ്രാവിഡ സംസ്കാരം.**

ഈ ദ്രാവിഡർ കാഴ്ച്ചക്കു സുന്ദരന്മാരല്ല. കറുത്ത നിറവും പരന്ന മൂക്കും അവരെ ആര്യന്മാരുടെ ദൃഷ്ടിയിൽ ദാനവർ, രാക്ഷസർ എന്നൊക്കെ തോന്നിക്കുന്നതിന്നുള്ള കുറവുകളായിരുന്നു. എന്നാൽ, അഭിമാനിക്കത്തക്ക ഒരു പരിഷ്കാരം ചരിത്രത്തിന്റെ പൂപ്പുലരിയിൽ തന്നെ ദ്രാവിഡർ നേടിക്കഴിഞ്ഞിട്ടുണ്ടായിരുന്നു. യുദ്ധവീരന്മാരും, വർത്തകപ്രമാണികളും അവരുടെ ഇടയിൽ ധാരാളമുണ്ടായിരുന്നുവത്രേ. സ്വന്തം കപ്പലുകളിൽ ഇന്ത്യയിലെ വിഭവങ്ങൾ നിറച്ചു പേർഷ്യ, മെസപ്പൊട്ടേമിയ, ഏഷ്യാമൈനർ തുടങ്ങിയ അന്യരാജ്യങ്ങളിലേക്കു കൊണ്ടുപോയി അവർ കച്ചവടം നടത്താറുണ്ടു് ഇന്ത്യയിലെ തേക്കിൻതടി, നെല്ലു്, മസിലിൻതുണി എന്നിവയെല്ലാം ഇങ്ങനെ കയറ്റുമതി ചെയ്യപ്പെടാറുള്ള ചരക്കുകളായിരുന്നു.

**ഈശ്വര വിശ്വാസം.**

മുകളിൽപറഞ്ഞ നേട്ടങ്ങളൊക്കെ മനുഷ്യൻെറ ഭൌതികസംസ്കാരത്തിന്ന മാററുകൂട്ടുന്നവയാണ്. മാനസിക സംസ്കാരത്തിന്ന തെളിവുകളില്ലെന്നല്ലാ ഇതുകൊണ്ടു ധരിക്കേണ്ടതു്. സ്വന്തമായിട്ടൊരു മതം അവക്കുണ്ടായിരുന്നു. വൃക്ഷം, പാമ്പു്, എന്നിങ്ങനെ പലതിനേയും ദ്രാവിഡർ ആരാധിക്കാറുണ്ടു്. ഇതുപോലെത്തന്നെ സൂര്യ്യാരാധകന്മാരും അവരുടെ കൂട്ടത്തിലുണ്ടായിരുന്നു. ദക്ഷിണേന്ത്യക്കാരായ നാം ഈ ദ്രാവിഡരുടെ പിൻഗാമികളാണ്. ഇന്നു തമിഴ്, തെലുങ്ക്, കണ്ണാടകം, മലയാളം എന്നിങ്ങനെ ഏതാനും ശാഖകളായി തിരിഞ്ഞിട്ടുള്ള ഭാഷകൾക്കു മൂലാധാരമായിട്ടുള്ളതു് ദ്രാവിഡഭാഷയാണ്.

ഇങ്ങനെ, ഭക്ഷണത്തിന്നുവേണ്ടി കൃഷിചെയ്യുക, ഉപകരണങ്ങൾക്കുവേണ്ടി കൈത്തൊഴിലുകൾ നടത്തുക, സുഖജീവിതത്തിന്നുവേണ്ടി കച്ചവടത്തിലേപ്പെടുക, മനഃസംസ്കാരത്തിന്നായി മതാചാരങ്ങളനുഷ്ഠിക്കുക—ഇത്രയൊക്കെ സാധിച്ചു ദ്രാവിഡക്ക്. ചരിത്രാതീതകാലത്തെ ഒരു ജനവിഭാഗത്തിൽനിന്നു് ഇതിലധികമെന്താണ് പ്രതീക്ഷിക്കാനുള്ളതു്? ചരിത്രത്തിൻെറ സുപ്രഭാതത്തിൽതന്നെ പരിഷ്കൃതരെന്നഭിമാനിക്കാൻ സാധിച്ച ഈ ദ്രാവിഡരുടെ പാരമ്പര്യ്യമുണ്ടു് നമുക്കു്.

## സിന്ധു സംസ്കാരം

എന്തു തെളിവു വെച്ചുകൊണ്ടാണ് നാം ദ്രാവിഡസംസ്കാരത്തിൽ ഇത്രയ്ക്കഭിമാനംകൊള്ളുന്നതു്? സിന്ധുസംസ്കാരം എന്നൊന്ന് അടുത്തകാലത്തു നമുക്കു കേൾക്കാൻ ഭാഗ്യം സിദ്ധിച്ചു. സിന്ധുനദീതടത്തിലുള്ള മൊഹെൻജോ ദാരോ, ഹാരപ്പ എന്നീ സ്ഥലങ്ങളിൽ കുഴിച്ചുനോക്കിയപ്പോൾ ലഭിച്ച ചരിത്രോപയുക്തലക്ഷ്യങ്ങളെ ആധാരമാക്കി അനുമാനിക്കപ്പെട്ടിട്ടുള്ള സംസ്കാരസ്വരൂപത്തെയാണ് നാം സിന്ധുസംസ്കാരം (The Indus Valley Civilization) എന്നു പറയുന്നതു്. പഴയ ചരിത്രവിശ്വാസങ്ങളിൽ വലിയ വിപ്ലവം വരു

ത്താൻ മതിയായ ലക്ഷ്യങ്ങളാണ് ഈ രണ്ടു സ്ഥലത്തേയും മണ്ണിന്നടിയിൽ ഇത്രയും കാലം ഒളിഞ്ഞുകിടന്നതു്.

എന്തൊക്കെയാണ് അവിടന്നു ലഭിച്ചതു്? ധാന്യം, കുപ്പിച്ചില്ക്കഷ്ണം, പരുത്തി, പാത്രങ്ങൾ, ഇഷ്ടിക, നാണ്യങ്ങൾ, മുദ്ര എന്നിങ്ങനെ പലതും അവിടെ കാണപ്പെട്ടു. അയ്യായിരത്തിലധികം കൊല്ലത്തെ പഴക്കംചെന്ന സാധനങ്ങളുടെ അവശിഷ്ടങ്ങളാണവ. ബുദ്ധിമാന്മാരായ ഗവേഷകന്മാൎക്കു് ചരിത്രം തെളിയിക്കാൻ പററിയ ഉപകരണങ്ങളാണ് ഇവയൊക്കെ.

ഈ ലക്ഷ്യങ്ങളെ ആസ്പദമാക്കി അനുമാനിക്കപ്പെട്ടിട്ടുള്ള സംസ്കാരത്തിൻെറ സ്വരൂപം നോക്കാം. മൊഹെൻജോ ദാരോവിൽ ഈ ചരിത്രാതീതകാലത്തു പരിഷ്കൃതമായൊരു നാഗരമുണ്ടായിരുന്നതായി ഊഹിക്കാം. വലിയ വീടുകൾ, കുളിസ്ഥലങ്ങൾ നിരത്തുകൾ, നീൎച്ചാലുകൾ മുതലായവയൊക്കെ ഈ പട്ടണത്തെ മോടിപിടിപ്പിച്ചിരുന്നതായി കരുതാം. സ്വൎണ്ണം, വെള്ളി, ചെമ്പു്, ഈയ്യം, തുത്തനാകം എന്നീ ലോഹങ്ങളൊക്കെ അന്നു് അവിടെ ഉപയോഗിച്ചിരുന്നുവത്രേ! അവിടത്തെ ജനങ്ങൾ ഇന്ത്യയ്ക്കപ്പുറം വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളുമായി ഇടപെട്ടിരുന്നതായി കരുതാം. ഇതു ദ്രാവിഡസംസ്കാരമാണെന്നു് ഉറപ്പിച്ചുപറയാൻ ഗവേഷകന്മാർ ഇനിയും മടിക്കുന്നുണ്ടെങ്കിലും ആൎയ്യന്മാരുടെ ആഗമനത്തിന്നു മുമ്പുതന്നെ രൂപമെടുത്തിട്ടുള്ളതാണെന്നതിൽ ആൎക്കും തൎക്കമില്ല.

എന്താണു് ഇത്രയും കണ്ടതിൽനിന്നു നമുക്കഭിമാനിക്കാനുള്ളതു്? പേൎഷ്യ, മെസപ്പൊട്ടേമിയ, ഈജിപ്തു് എന്നീ സ്ഥലങ്ങളിലെ പ്രാചീനപരിഷ്കാരത്തോടൊപ്പം ഇന്ത്യയ്ക്കും തലയുയൎത്തിപ്പിടിക്കാം. മാത്രമല്ലാ, ആ പരിഷ്കാരം മററുള്ളവരുടേതിനേക്കാൾ ഉൽകൃഷ്ടവും കൂടിയായിരുന്നു. ഭരണം, ആരോഗ്യരക്ഷാക്രമങ്ങൾ, നഗരനിൎമ്മാണം എന്നിവയിലെല്ലാം അഭിമാനിക്കത്തക്ക പാരമ്പൎയ്യമാണ് ഈ സിന്ധുസംസ്കാരം വെളിപ്പെടുത്തുന്നതു്.

മംഗോൾ വർഗ്ഗം.

നാം ആദിമനിവാസികളേയും അവരുടെ സംസ്കാരത്തേയുംപററിയാണല്ലോ ഇതുവരെ പറഞ്ഞതു്. ചരിത്രാതീതകാലത്തുതന്നെ ഇന്ത്യയിൽ കടന്നുകൂടിയ മറെറാരു വർഗ്ഗക്കാരാണു് മംഗോളിയർ. ഇവർ ദ്രാവിഡരുമായി കൂടിക്കഴിഞ്ഞതായിട്ടാണു് ഊഹിക്കേണ്ടതു്. ആസ്സാം, ബങ്കാൾ, ഒറീസ്സ എന്നീ സ്ഥലങ്ങളിൽ ഇവരുടെ പിൻഗാമികളെ കാണാം.

# രണ്ടാം അദ്ധ്യായം

## ആര്യന്മാരുടെ ആഗമനം

കഴിഞ്ഞ അദ്ധ്യായത്തിൽ സിന്ധുസംസ്കാരത്തെപ്പററിയാണല്ലോ നാം മുഖ്യമായി പഠിച്ചതു്. ഈ സംസ്കാരത്തിന്നു പിന്നീടെന്തു സംഭവിച്ചു? എന്തോ കാരണവശാൽ അതു പൊടുന്നനെ അവസാനിച്ചതായിട്ടേ ഊഹിച്ചു കൂടൂ. ഒന്നുകിൽ സിന്ധുനദിയിലെ വെള്ളപ്പൊക്കം, അല്ലെങ്കിൽ അയൽപ്രദേശത്തുള്ള മരുഭൂമി—രണ്ടിലൊന്നു് ഈ പരിഷ്കൃത നഗരങ്ങളെ ആക്രമിച്ചിട്ടുണ്ടാവാം * എങ്ങനെയായാലും ഈ സംസ്കാരം തുടർച്ചയായിട്ടങ്ങനെ പുരോഗമിച്ചതായി തെളിയുന്നില്ല—ഇതിൽനിന്നും തുലോം ഭിന്നമായ ഒരു സംസ്കാരമാണു് നമ്മുടെ ചരിത്രരംഗത്തിൽ പിന്നീടു സ്ഥലം പിടിച്ചതു്. ഈ പുതിയ പരിഷ്കാരത്തിന്റെ ഉടമസ്ഥന്മാരാണു് ആര്യന്മാർ.

**ഇന്തോ-ആര്യന്മാർ**

ആരാണു് ആര്യന്മാർ? അവർ എവിടന്നു വന്നു? അവരുടെ മൂലകുടുംബം ഉത്തരധ്രുവപ്രദേശമാണെന്നു് ഒരു കൂട്ടർ, മദ്ധ്യേഷ്യയാണെന്നു മറെറാരു കൂട്ടർ, മദ്ധ്യയൂറോപ്പാണെന്നു വേറൊരു കൂട്ടർ. ഈ വാദങ്ങളൊന്നും ചുഴിഞ്ഞു നോക്കി നിങ്ങൾ ക്ലേശിക്കണ്ട. കാലികളെമേച്ചു കാലം കഴിച്ചിരുന്ന ഈ സഞ്ചാരിവർഗ്ഗം പുൽപ്രദേശങ്ങൾ തേടി പല ശാഖകളായി പിരിഞ്ഞു, പേർഷ്യാ, ഗ്രീസ്, എന്നീ സ്ഥലങ്ങളൊക്കെ അധിവസിച്ചു. ഇക്കൂട്ടത്തിൽ ഒരു ശാഖ വടക്കുപടിഞ്ഞാറൻ ചുരങ്ങളിൽകൂടി പ്രവേശിച്ചു് സിന്ധുനദീതടത്തിൽ താവളം പിടിച്ചു. ഇവരാണു് 'ഇന്തോആര്യന്മാർ'. ഏതാണ്ടൊരു 4000 കൊല്ലങ്ങൾക്കു മുമ്പായിരിക്കാം ഇവർ ഇന്ത്യയിലേക്കു വന്നതെന്നു് ഊഹിക്കുക.

---

* The Discovery of India. —by Jawaharlal Nehru.

ഇവർ ആക്രമണത്തിന്നു വന്നവരല്ലെന്നു തീർച്ചയാണ്; എന്തു കൊണ്ടെന്നാൽ, കുടുംബവും കന്നുകാലികളുമൊക്കെ കൂടെത്തന്നെ ഉണ്ടായിരുന്നു. ഇടവിട്ടിടവിട്ടങ്ങനെ കൂട്ടം കൂട്ടമായി അവർ ഇങ്ങോട്ടു കടന്നതായിട്ടേ വിചാരിച്ചു കൂടൂ.

ഇവർ എവിടെയാണ് ആദ്യം വന്നു താവളമുറപ്പിച്ചതു്? ഫലപുഷ്ടിയുള്ള സിന്ധുതടമായിരിക്കണം ആദ്യത്തെ അഭയസ്ഥലം. അവിടെ നിന്ന് അവർ ക്രമേണ കിഴക്കോട്ടു നീങ്ങി ഗംഗാതടംവരെ ചെന്നെത്തി. ഈ സഞ്ചാരത്തിന്നിടയിൽ അവർതന്നെ പരസ്പരം കലഹിച്ചിരുന്നതായും ദ്രാവിഡരോടു പടവെട്ടിയിരുന്നതായും ഊഹിക്കാം. പക്ഷെ അതൊന്നും ആക്രമണങ്ങളുടെ നിലയിൽ കണക്കാക്കാനില്ല. അതിവിസ്തൃതമായ സിന്ധുഗംഗാ സമനിലത്തിൽ ഓരോരുത്തരും സുഖസൌകര്യങ്ങൾ സജ്ജീകരിച്ചു ജീവിക്കാൻ ചെയ്ത സംരംഭങ്ങളായിട്ടേ അതിനെ കണക്കാക്കാനുള്ളൂ.

ഇത്രയും പറഞ്ഞതിൽ നിന്ന് ഈ പുരാതന ആര്യന്മാരെക്കുറിച്ച് എന്തെല്ലാമാണ് ഊഹിക്കുക? അവരുടെ ജീവിതരീതി എന്തായിരുന്നു? അവർ കേവലം അപരിഷ്കൃതരാണെന്നു വിചാരിക്കാൻ നിവൃത്തിയില്ല. പക്ഷെ, ഒരു സഞ്ചാരിവർഗ്ഗമായിരുന്നു അവർ. കാളയെ പൂട്ടിയ ഒരു തരം വണ്ടിയിൽ തങ്ങളുടെ വീട്ടുസാമാനങ്ങൾ കയററി, ആളും തെളിച്ചുകൊണ്ട് ഓരോരിടത്തുചെന്നു താവളമടിക്കുകയായിരുന്നു പതിവ്. കന്നുകാലികളായിരുന്നു അവരുടെ സ്വത്ത്.

**ജീവിത രീതി.**

സിന്ധുസംസ്കാരകാലത്തെ നഗരജീവിതമൊന്നും അവർക്കു പരിചയപ്പെട്ടതായിരുന്നില്ല. വഞ്ചിയുണ്ടാക്കാനും അതുവഴി വിസ്തൃതങ്ങളായ നദികൾ തരണം ചെയ്യാനും വശമുണ്ടായിരുന്നു. മൊഹെൻജോദാരോവിൽ നാം കണ്ടതുപോലത്ര നല്ല കെട്ടിടങ്ങളൊന്നും അവർക്കു പണിയാൻ കഴിഞ്ഞിരുന്നില്ലെങ്കിലും ഒരു വിധത്തിൽ ആവശ്യം നിറവേററാൻ വേണ്ട വീടുകൾ അവർ ഉണ്ടാക്കാറുണ്ട്.

ഈ ആൎയ്യന്മാർ പലവഴിക്കും സഞ്ചരിച്ചിട്ടുണ്ടു്. ഇന്നു് ഇംഗ്ലണ്ടു്, ഫ്രാൻസ്, ജൎമ്മനി എന്നിവിടങ്ങളിലെല്ലാം കാണുന്നവരുടെ പൂൎവ്വികന്മാരും ആൎയ്യന്മാർ തന്നെയാണു്. ഇതുപോലെത്തന്നെ ഏഷ്യാമൈനർ അറബ്ദ്വീപിലും ആൎയ്യന്മാരുടെ പിൻഗാമികളത്രെ അധികം.

സഞ്ചാരം.

യൂറോപ്പിലെ പല ഭാഷകളും നമ്മുടെ സംസ്കൃതവും ഒരു ഗോത്രത്തിൽ പെട്ടവയാണെന്നു നിങ്ങൾ ധരിച്ചിട്ടുണ്ടോ? അനേകായിരം സംവത്സരങ്ങൾക്കു മുമ്പു് ഈ ആൎയ്യന്മാർ ഒന്നിച്ചു് ഒരെടത്തു താമസിച്ചിരുന്ന കാലത്തു് സംസാരിക്കാറുള്ള ആ മൂലഭാഷ കാലക്രമേണ വ്യത്യാസപ്പെട്ടു വരികയാണു് ചെയ്തിട്ടുള്ളതു്.

പടിഞ്ഞാട്ടു പോയ ആൎയ്യന്മാരുടെ കഥ നമുക്കു് ഇവിടെ അന്വേഷിക്കേണ്ട. കിഴക്കോട്ടുപോയവർ ഒരു പക്ഷെ, വളരെക്കാലം ഇന്ത്യക്കു പുറത്തു് വടക്കപടിഞ്ഞാറുള്ള പ്രദേശങ്ങളിൽ താമസിച്ചിരുന്നിരിക്കാം. ഐറേനിയാ പീഠഭൂമിയായിരിക്കണം അന്നത്തെ താവളം. അവിടെ വെച്ചു് ക്രമേണ മതസംബന്ധമായ അഭിപ്രായ വ്യത്യാസങ്ങളുണ്ടായിത്തുടങ്ങി. പ്രകൃതിയിലെ എല്ലാ ശക്തികളേയും ആരാധിക്കുന്ന സമ്പ്രദായമാണു് അനാദികാലം മുതൽ ഇവൎക്കു പരിചയപ്പെട്ടിരുന്നതു്. മിത്രൻ, വരുണൻ, സോമൻ, ഇന്ദ്രൻ എന്നിങ്ങനെ അവരുടെ ആരാധനക്കു വിധേയരായി അനേകം ദേവന്മാരുണ്ടായിരുന്നു. എന്നാൽ ഇവരിൽ തന്നെ മറെറാരു ശാഖ ഈ ലോകത്തിൽ കാണുന്ന എല്ലാ വസ്തുക്കൾക്കും ആധാരമായി 'ആഹുറാ മസ്ദാ' എന്ന പേരിൽ ഒരേ ഒരു ശക്തിയേയുള്ളു എന്ന വിശ്വാസക്കാരായിരുന്നു. ആദ്യത്തെ കൂട്ടരെ ദേവന്മാർ എന്നും രണ്ടാമത്തെ കൂട്ടരെ അസുരന്മാർ എന്നുമത്രെ വിളിച്ചിരുന്നതു്. ഈ അഭിപ്രായ വ്യത്യാസം നിമിത്തമുണ്ടായ പോരാട്ടത്തിൽ തോററ ദേവന്മാരത്രെ ഇന്ത്യയിലേക്കു വന്നവർ. ആഹുറാമസ്ദാവിൽ വിശ്വസിക്കുന്നവർ ഐറേനിയൻ പീഠഭൂമിയിൽ തന്നെ സ്ഥിരവാസമുറപ്പിച്ചതായും വിശ്വസിച്ചുവരുന്നു.

ഇന്ത്യയിലേക്ക പോന്നവർ ആദ്യം സിന്ധുതടവും ക്രമേണ കിഴക്കോട്ട നീങ്ങി ഹിന്ദുസ്ഥാനം മുഴവനും താവളമാക്കിയതായി മുമ്പു സൂചിപ്പിച്ചുവല്ലോ! ഈ ആൎയ്യന്മാരുടെ ജീവിതരീതി സംസ്കാരം ആദിയായ കാൎയ്യങ്ങളെക്കുറിച്ച് പലതും ഊഹിക്കാൻ വേണ്ട വെളിച്ചം നല്കുന്ന ഒരു ഗ്രന്ഥമാണ് ഋഗ്വേദം.

## ഋഗ്വേദം

എന്താണ് ഈ ഋഗ്വേദം? ആൎയ്യന്മാരുടെ വിശിഷ്ട ഗ്രന്ഥങ്ങളിൽവെച്ച് ഏററവും പഴക്കം ചെന്ന ഋഗ്വേദത്തെപ്പററി നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കണം. പ്രാചീനാൎയ്യന്മാരുടെ ദേവന്മാരെ പ്രകീൎത്തിച്ചുകൊണ്ടുള്ള 1017 സ്തോത്രങ്ങളടങ്ങിയ ഒരു വിശിഷ്ട ഗ്രന്ഥമാണിതു്. ദ്യോവു്, പൃഥിവി, വരുണൻ, മിത്രൻ, ഇന്ദ്രൻ, സൂൎയ്യൻ, സവിത്രി, അഗ്നി, വായു എന്നിങ്ങനെ പല പ്രാകൃതിക ശക്തികളും ഋഗ്വേദത്തിൽ പ്രകീൎത്തനവിധേയങ്ങളായിട്ടുണ്ട്. ഈ സ്തോത്രങ്ങളിൽ അവിടവിടെ പ്രസ്താവിക്കപ്പെട്ടിട്ടുള്ള നദികളുടേയും മററും പേരുകളെ ആധാരമാക്കി ഋഗ്വേദകാലത്തെ ആൎയ്യന്മാർ എവിടെയെല്ലാമാണ് താവളമുറപ്പിച്ചിരുന്നതെന്നു കൂടി നമുക്ക് ഊഹിക്കാൻ സാധിക്കും. അക്കാലത്തെ ചരിത്രത്തിന്നു വേണ്ട വെളിച്ചം നല്കാനുള്ള ഏകാവലംബം ഈ ഒരു ഗ്രന്ഥമാണെന്നും കൂടി നാം ഓൎക്കേണ്ടതുണ്ട്.

ഋഗ്വേദം.

# മൂന്നാം അദ്ധ്യായം

## ആര്യദ്രാവിഡ സംസ്കാരസങ്കലനം

ഋഗ്വേദം പ്രാചീനാര്യന്മാരുടെ ചരിത്രത്തിനു വെളിച്ചംകാട്ടുന്ന ഒരു വിശിഷ്ടഗ്രന്ഥമാണെന്നു നാം കഴിഞ്ഞ അദ്ധ്യായത്തിൽ പഠിച്ചുവല്ലോ! ഏതുകാലത്തെ ചരിത്രമാണ് അതിൽക്കൂടി നമുക്കു തേടിപ്പിടിക്കാൻ കഴിയുക? അതു തിട്ടപ്പെടുത്താൻ പ്രയാസമാണ്. ഏതാണ്ട് ഒരായിരം കൊല്ലക്കാലത്തെ ആര്യസംസ്കാരത്തിന്റെ ചരിത്രം അതിൽ ഒളിച്ചുകിടപ്പുണ്ട്. ക്രി. മു. 1200-നും 1000-നും ഇടയ്ക്കുള്ള കാലത്തെ സംസ്കാരമാണതെന്നു ചി

**വേദകാലം.**

ലരും, അതിലേറെ പഴക്കം ഋഗ്വേദത്തിനുണ്ടെന്നു മററുചിലരും പറയുന്നു. നാം അതൊന്നും ചുഴിഞ്ഞുനോക്കി ക്ലേശിക്കണമെന്നില്ല. ഈ ഗ്രന്ഥത്തെ ആസ്പദമാക്കി അനുമാനിക്കപ്പെട്ടിട്ടുള്ള ചരിത്രത്തിന്ന് ആധാരമായിട്ടുള്ള കാലത്തിന്നു 'വേദകാലം' എന്നു പേരിട്ട് അതിന്റെ സ്വരൂപമെന്തായിരുന്നു എന്നന്വേഷിക്കാം നമുക്ക്.

ആര്യന്മാരുടെ ജീവിതരീതി, സമുദായഘടന, രാഷ്ട്രീയഘടന എന്നിങ്ങനെ ഒരു ജനതയുടെ സംസ്കാരത്തിന്റെ സാമാന്യസ്വരൂപം നിർണ്ണയിക്കാനാവശ്യമുള്ള കാര്യങ്ങളെക്കുറിച്ചെല്ലാം ഋഗ്വേദത്തിൽ സൂചനകളുണ്ട്. വേദകാലത്തെ ആര്യന്മാർ യുദ്ധതല്പരന്മാരായിരുന്നു. ആ യുദ്ധത്തിന്റെ സമ്പ്രദായമെന്താണ്? രാജാക്കന്മാരും പ്രഭുക്കളും തേരിൽ കയറും; മററുള്ളവൎക്കു വാഹനങ്ങളില്ല. അമ്പും വില്ലും, കുന്തം, വാൾ, മഴു, കവണ എന്നിവയുമാണ് ആയുധങ്ങൾ.

നാം സിന്ധുസംസ്കാരകാലത്തെ നഗരവാസികളെക്കുറിച്ചു പഠിച്ചതു് ഓർക്കുന്നുണ്ടല്ലോ! അവർ വലിയ വർത്തകന്മാരായിരുന്നു. പക്ഷെ, ഇന്ത്യയുടെ ചരിത്രത്തിൽ അവരെ പിന്തു

**വേദകാല ജീവിതം.**

ടന്ന ആൎയ്യന്മാർ നഗരജീവിതം പരിചയപ്പെട്ടവരായിരുന്നില്ല. വേദകാലത്തു് അവർ ഗ്രാമീണരായിരുന്നു. കൃഷിയായിരുന്നു മുഖ്യമായ തൊഴിൽ. ഈ കൎഷകവൃത്തിക്കാവശ്യമുള്ള ജലസേചനസൌകൎയ്യങ്ങളൊക്കെ അവർ ഉണ്ടാക്കാറുണ്ടു്. എന്നാൽ, കൈത്തൊഴിലുകളൊന്നും വശമുണ്ടായിരുന്നില്ലേ? അതു പറയുന്നതു സാഹസമാണു്. കാളവണ്ടി, രഥം, യുദ്ധോപകരണങ്ങൾ, വീട്ടിൽ ആവശ്യത്തിന്നുള്ള പാത്രങ്ങൾ സ്ത്രീകൾക്കുപയോഗിക്കാനുള്ള ഏതാനും ആഭരണങ്ങൾ എന്നിവയൊക്കെ അവർ ഉണ്ടാക്കാറുണ്ടു്.

**സമുദായ ഘടന.**

ഇനി സമുദായഘടനയെപ്പറ്റി അന്വേഷിക്കാം. മക്കത്തായ ക്രമമാണു് അന്നു നടപ്പുണ്ടായിരുന്നതു്. കുടുംബത്തിലെ തലവനും പ്രധാന പുരോഹിതനും പിതാവുതന്നെയാണു്. ഏകപത്നീവ്രതക്കാരായിരുന്നു സാമാന്യജനങ്ങൾ. പക്ഷെ, രാജാക്കന്മാൎക്കു് ഒന്നിലധികം ഭാൎയ്യമാരുണ്ടാവുക സാധാരണയാണു്. വേദാരംഭകാലത്തു് ഇവൎക്കു ജാതിവിഭജനമൊന്നും ഉണ്ടായിരുന്നതായി ഊഹിക്കാൻ തെളിവുകളില്ല. എന്നാൽ വേദകാലത്തിന്റെ അവസാനഘട്ടമായപ്പോഴേയ്ക്കും നാലുജാതികൾ തിരിഞ്ഞുവന്നതായി കാണുന്നു. അവയെപ്പറ്റി പിന്നീടു വിസ്തരിക്കാം.

**ഭരണ സമ്പ്രദായം.**

അന്നത്തെ ഭരണസമ്പ്രദായമെന്തായിരുന്നു? ജനങ്ങളുടെ തലവനായി ഒരു രാജാവുണ്ടാവും; ആ രാജാവു് പിൻവാഴ്ച ക്രമത്തിലാണു് അവരോധിക്കപ്പെട്ടിരുന്നതു്. മതപുരോഹിതന്മാരെക്കുറിച്ചു് രാജാവിന്നു വലിയ ബഹുമാനമുണ്ടായിരുന്നു അന്നു്. സേനാനായകൻ, ഉപസേനാനായകന്മാർ, പുരോഹിതൻ എന്നിവരത്രേ രാജാവിന്റെ പ്രധാന ഉദ്യോഗസ്ഥന്മാർ. രാജ്യകാൎയ്യങ്ങളിൽ ഉപദേശങ്ങൾ നൽകാനായി ഗ്രാമസഭകളും വൎഗ്ഗസഭകളും അക്കാലത്തു പ്രവൎത്തിച്ചിരുന്നതിന്നും ഋഗ്വേദത്തിൽ തെളിവുണ്ടു്.

ഇത്രയും പറഞ്ഞതിൽ നിന്നു് വൈദികസംസ്കാരത്തിന്റെ സാമാന്യ സ്വരൂപത്തെപ്പററി എന്താണു് നിങ്ങൾ ധരിച്ചതു്? രാജത്വഭരണം, മക്കത്തായ ക്രമം, എന്നിവയോടുകൂടിയ ഒരു ഗ്രാമീണ ജീവിതം പറയത്തക്ക ധർമ്മവിലോപം കൂടാതെ ആഡംബരരഹിതമായിട്ടാസ്വദിച്ചിരുന്നവരായിരുന്നു അന്നത്തെ ആര്യന്മാർ.

## വേദവികാസം

വേദം കാലക്രമത്തിൽ പെരുകി. പുതിയ സ്തോത്രങ്ങൾ പലതും അതിൽ കടന്നുകൂടിയപ്പോൾ വിഷയസ്വഭാവമനുസരിച്ചുള്ള ഒരു വിഭജനം കൂടിയേകഴിയൂ എന്നായി. ഇങ്ങനെ, സാമവേദം, യജുർവ്വേദം, അഥർവ്വവേദം എന്നിങ്ങനെ മൂന്നു വിഭാഗങ്ങളുംകൂടി വേദങ്ങൾ നാലായിവികസിച്ചു. മാത്രമല്ലാ, ഋഗ്വേദത്തിൽ തന്നെ മഹർഷിമാർ ഉൾക്കൊള്ളിച്ചിട്ടുള്ള ചില സ്തോത്രങ്ങളുടെ ആന്തരാർത്ഥങ്ങൾ ചുഴിഞ്ഞാലോചിച്ചു് നാനാത്വത്തിൽ കൂടി ഏകത്വം ദർശിക്കുന്നതിന്നവലംബമായ വിശിഷ്ടതത്വങ്ങൾ ചിലർ വ്യാഖ്യാനിക്കാൻ ശ്രമിച്ചതിന്റെ ഫലമായി ഉപനിഷത്തുകളുണ്ടായി * ഇതുപോലെതന്നെ ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ എന്നിവയും നമ്മുടെ വിശിഷ്ട ഗ്രന്ഥങ്ങളുടെ പട്ടിക വർദ്ധിപ്പിച്ചു. വേദമന്ത്രോച്ചാരണക്രമങ്ങളെക്കുറിച്ചും യജ്ഞ നിയമങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നതാണു് ബ്രാഹ്മണങ്ങൾ. ഈ ബ്രാഹ്മണങ്ങളിൽ ഒരു ഭാഗം ജനനമരണാദിതത്വങ്ങളെക്കുറിച്ചും മററു മഹർഷിമാർ അരണ്യത്തിലെ ഏകാന്തതയിലിരുന്നു ചിന്തിച്ചതിന്റെ ഫലമായി രൂപം കൈക്കൊണ്ടതാണു്. അതുകൊണ്ടാണു് ‘ആരണ്യകം’ എന്നു് അതിന്നു പേരുണ്ടായതു്. ചുരുക്കത്തിൽ, വേദങ്ങളെ വികസിപ്പിക്കാനുള്ള ഗ്രന്ഥങ്ങളായിരുന്നു ഇവ.

## ഇതിഹാസകാലം

ഇങ്ങനെ വേദങ്ങൾ വികസിച്ചുതുടങ്ങിയതുമുതൽക്കുള്ള ഘട്ടത്തെ ‘ഇതിഹാസകാലം’ എന്നു നാമകരണം ചെയ്യട്ടെ.

---

* A Short History of India: by W. H. Moreland and Atul Chandra Chatterjee.

ആൎയ്യസംസ്കാരം ദ്രാവിഡ സംസ്കാരത്തോടു ചേൎന്നു് പുതിയൊരു രൂപം കൈക്കൊള്ളുന്നതായിട്ടാണു് നാം ഈ ഘട്ടത്തിൽ കാണുന്നതു്. ഒതുങ്ങിയ ഗ്രാമജീവിതം വിട്ടു് സിന്ധുസംസ്കാരകാലത്തു കണ്ടതുപോലുള്ള നഗരജീവിതം കാലോചിതമായ പുതുമോടിയോടുകൂടി പുനൎജ്ജന്മം പൂണ്ടതായിട്ടാണു് ഇതിഹാസകാലത്തെ പരിഷ്കാരം രൂപമെടുത്തതു്. പാഞ്ചാലരാജ്യത്തിന്റെ തലസ്ഥാനമായ കമ്പില, കാശിരാജ്യത്തിന്റെ കേന്ദ്രമായ കാശി തുടങ്ങിയ നഗരങ്ങൾ ഇക്കാലത്തു പ്രബലപ്പെട്ടുവന്നു. സിന്ധുതടത്തിൽ നിന്നു് കിഴക്കോട്ടും തെക്കോട്ടുമായി ആൎയ്യന്മാർ നീങ്ങി. ഗംഗാതടവും വിന്ധ്യൻ പൎവ്വത പ്രാന്തങ്ങളും അവർ അധിവസിച്ചു. കോസലം, വിദേഹം, മഗധം, ആന്ധ്രം, പുളിന്ദം തുടങ്ങിയ രാജ്യങ്ങൾ അക്കാലത്തു ചരിത്രം സൃഷ്ടിച്ചതായി അനുഭവപ്പെടുന്നുണ്ടു്. ചുരുക്കത്തിൽ, സിന്ധുതടത്തിൽ ആരംഭിച്ച ഇന്ത്യാ ചരിത്രം ഉത്തരേന്ത്യയാസകലം വ്യാപിച്ചു് പൂൎവ്വാധികം അഭിവൃദ്ധി പ്രാപിച്ചതായിട്ടാണു് അനുഭവപ്പെടുന്നതു്.

ആൎയ്യദ്രാവിഡ സങ്കലനംകൊണ്ടു പുതുമ പൂണ്ട ഭാരതീയ സംസ്കാരം ബ്രാഹ്മണങ്ങളെ പിന്തുടൎന്നു് ഇതിഹാസങ്ങളുടെ കാലത്തു് പരിപൂൎണ്ണതയെ പ്രാപിക്കുന്നതായി കാണാം. വാല്മീകിയാൽ വിരചിതമായ രാമായണവും വേദവ്യാസൻ രചിച്ച മഹാഭാരതവുമാണു് ഇക്കാലത്തെ ചരിത്രം പ്രതിഫലിപ്പിച്ചുകാട്ടുന്ന നമ്മുടെ ഇതിഹാസങ്ങൾ. 24000 ശ്ലോകങ്ങൾ ഉൾക്കൊള്ളുന്ന ഈ രാമായണവും, 1,00,000 ശ്ലോകങ്ങളുള്ള ഈ മഹാഭാരതവും സംസ്കൃതഭാഷയിലാണു് എഴുതീട്ടുള്ളതു് * മഹാഭാരതത്തിലെ 'ഭഗവദ്ഗീത' ഹിന്ദുക്കളുടെ അതിവിശിഷ്ടമായ ഒരു തത്വസംഹിതയാണു്. ക്രിസ്ത്യാനികൾ ബൈബിളും മുഹമ്മദീയർ കൊറാനും സ്നേഹിക്കുന്നതുപോലെ ഹിന്ദുക്കൾക്കുള്ള വിശിഷ്ട ഗ്രന്ഥമായിട്ടാണു് ഭഗവദ്ഗീത കണക്കാക്കപ്പെടുന്നതു്.

---

* ഈ ഗ്രന്ഥങ്ങൾ എഴുതിയ കാലത്തു് ഇത്രയൊന്നും ശ്ലോകങ്ങൾ ഇവയിലുണ്ടായിരുന്നില്ലെന്നു പറയപ്പെടുന്നു. ആ വാദങ്ങളൊന്നും ഇവിടെ വിസ്തരിക്കുന്നില്ല.

## രാമായണം

അയോദ്ധ്യാധിപനായ ദശരഥമഹാരാജാവിന്റെ പുത്രൻ ശ്രീരാമഭദ്രനാണ് രാമായണത്തിലെ നായകൻ പിതൃനിയോഗമനുസരിച്ച് രാമൻ വനത്തിൽ താമസിക്കുന്ന കാലത്തു ലങ്കാധിപനായ രാവണൻ രാമപത്നിയായ സീതയെ അപഹരിച്ചുകൊണ്ടുപോയതും അതിനെ തുടൎന്നു യുദ്ധം നടന്നതും രാമൻ ജയിച്ചതും മററുമാണ് രാമായണത്തിലെ കഥ. നിങ്ങൾക്കു സുപരിചിതമായിട്ടുള്ള ഈ കഥ ഇതിലധികം ഇവിടെ വിസ്തരിക്കുന്നില്ല. ഈ കഥയിൽക്കൂടി പ്രതിഫലിപ്പിക്കപ്പെട്ടിട്ടുള്ള ചരിത്രമേ നമുക്കന്വേഷിക്കേണ്ടതുള്ളു.

കോസലന്മാരും വിദേഹരുമാണ് അന്നു പ്രബലതയിൽ വൎത്തിച്ചിരുന്നതെന്നു രാമായണത്തെ ആസ്പദമാക്കി നമുക്കനുമാനിക്കാം. കൌശാമ്പി, കന്യാകുബ്ജം തുടങ്ങി ഹിന്ദുസ്ഥാനത്തിന്റെ കിഴക്കൻ പ്രദേശങ്ങളിലുള്ള പല നഗരങ്ങളെക്കുറിച്ചും രാമായണത്തിൽ പ്രസ്താവിക്കുന്നുണ്ട്. മക്കത്തായ ക്രമത്തിലാണ് അന്നു രാജവാഴ്ച നടന്നിരുന്നതെന്ന് രാമന്റെ കഥയെ അടിസ്ഥാനമാക്കി നമുക്കു വിശ്വസിക്കാം. സ്വയംവരസമ്പ്രദായം അന്നു നടപ്പുണ്ടായിരുന്നതായും കരുതാൻ ലക്ഷ്യങ്ങളുണ്ട്.

ഏതുകാലത്താണ് ഈ കഥ നടന്നത്? ക്രി. മു. ഏഴാം നൂററാണ്ടിലായിരിക്കണമെന്നു കരുതാൻവേണ്ട മങ്ങിയ ചില സൂചനകളുണ്ട്. * രാമനെ വിഷ്ണുവിന്റെ അവതാരമായിട്ടും മററും ഇന്നു കരുതിവരുന്നതു കാലാന്തരത്തിൽ ഈ ഇതിഹാസഗ്രന്ഥത്തിന്നു സിദ്ധിച്ച പ്രചാരംകൊണ്ടും രാമനോടുണ്ടായ അതിരററ ബഹുമാനം കൊണ്ടുമായിരിക്കണം. ഗാന്ധിജിയെ ഈശ്വരനെപ്പോലെ ആരാധിക്കുന്നവർ പലരും ഇന്നു നമ്മുടെ നാട്ടിലുണ്ടല്ലോ!

---

* A Short History of India: by W. H. Moreland & Atul Chandra Chatterjee

**മഹാഭാരതം**

മഹാഭാരതമാണ് രാമായണത്തേക്കാൾ കൂടുതൽ ചരിത്രോപയുക്ത ലക്ഷ്യങ്ങൾ സംഭാവനചെയ്യുന്ന ഇതിഹാസം. കൌരവന്മാരും പാണ്ഡവരും തമ്മിലുണ്ടായ മത്സരമാണ് അതിൽ പ്രതിപാദിച്ചിട്ടുള്ളതു്. പാണ്ഡുവിന്റെ മരണശേഷമുണ്ടായ പിൻവാഴ്ചത്തക്കമാണ് ഈ കലഹത്തിന്നു കാരണം. ഈ കഥയൊന്നും ഇവിടെ വിസ്തരിക്കണമെന്നു വിചാരിക്കുന്നില്ല. നിങ്ങൾക്കു രാമായണത്തെപ്പോലെ ഇതും സുപരിചിതമാണല്ലോ!

മഹാഭാരതം പ്രതിഫലിപ്പിച്ചുകാട്ടുന്ന ചരിത്രത്തിന്റെ രൂപമാണ് നമുക്കിനി ചിന്തിക്കാനുള്ളതു് ഉത്തരേന്ത്യയിലും ദക്ഷിണഖണ്ഡത്തിലും പരസ്പരം മത്സരിച്ചുകഴിഞ്ഞിരുന്ന അനേകം ചെറുരാജ്യങ്ങൾ അക്കാലത്തുണ്ടായിരുന്നതായി കരുതാം. കോസലം, വിദേഹം, അംഗം, വംഗം, കലിംഗം, സിന്ധു, ഗാന്ധാരം തുടങ്ങിയ രാജ്യങ്ങളൊക്കെ കൌരവപക്ഷത്തിലും, കാശി, ചേദി, മഗധ തുടങ്ങിയ രാജ്യങ്ങളിലെ രാജാക്കന്മാർ പാണ്ഡവപക്ഷത്തിലും പൊരുതിയതായിട്ടാണ് കാണുന്നതു്. യാദവകുലാധിപനായ കൃഷ്ണനായിരുന്നു പാണ്ഡവന്മാരുടെ ഏററവും വലിയ ഗുണകാംക്ഷി.

മഹാഭാരതത്തിൽ പ്രതിഫലിപ്പിച്ചിട്ടുള്ള ചരിത്രത്തിന്റെ കാലം ഏതാണ്? രാമായണകാലത്തെപ്പോലെ ഇതും സംശയാസ്പദമായിട്ടാണിരിപ്പ്. ഏതാണ്ട് ക്രി. മു. പത്താം നൂററാണ്ടിലെ ചരിത്രമായിരിക്കാം ഈ ഇതിഹാസത്തിൽ കാണുന്നതെന്ന് ഊഹിക്കാൻ വിരോധമില്ല. *

രാമായണവും മഹാഭാരതവും പ്രാചീനഭാരതത്തിന്റെ അതിവിശിഷ്ടമായ സംസ്കാരത്തെ വെട്ടിപ്പടുത്തിട്ടുള്ള രണ്ടു കൃതികളാണ്. കാലത്തിന്റെ കഠോരങ്ങളായ കല്ലോലങ്ങൾക്കു കഴുകിക്കളയാൻ സാധിക്കാത്തൊരു സംസ്കാരമാണ് ഈ ഇതിഹാസങ്ങൾ കല്ലിട്ടുറപ്പിച്ചിട്ടുള്ളതു്. ഉൽകൃഷ്ടാദ

---

* A short History of India: Moreland & Chatterjee.

യന്മാരായ ധിഷണാശാലികൾതൊട്ടു കീഴ്പ്പോട്ട് നിരക്ഷരകുക്ഷികളായ ഗ്രാമീണർവരെയുള്ള ഇന്ത്യയിലെ വിവിധവിഭാഗക്കാൎക്കും ഒരുപോലെ വിളമ്പിക്കൊടുക്കാൻ വേണ്ടത്ര വിഭവസമൃദ്ധിയാണ് അവയിൽ കാണുന്നത്. * ഇന്ത്യയിൽ ഐക്യബോധത്തിന്റെ വിത്തുവിതയ്ക്കാൻവേണ്ട പ്രത്യക്ഷമായൊരു പരിശ്രമം മഹാഭാരതത്തിൽക്കൂടി നാം വീക്ഷിക്കുന്നു. 'ഭാരതവൎഷം' എന്ന നാമംതന്നെ അതിനുള്ള തെളിവാണ്. "വൈവിധ്യത്തിൽക്കൂടിയുള്ള ഐക്യം, ഭാഷപ്പെടുത്താനും ഇണക്കാനുമുള്ള പ്രേരകശക്തിയായി സ്വകീയവും വീരവുമായ പാരമ്പൎയ്യം പുലൎത്തുന്നൊരു കേന്ദ്രീകൃതഭാരതത്തെക്കുറിച്ചുള്ള ബോധം എന്നിവ വായനക്കാരിൽ വേരൂന്നിക്കാനുള്ള നിരന്തരോദ്യമം † എന്നിവയത്രേ മഹാഭാരതത്തിന്റെ മഹത്വം. ഇന്ത്യൻ ജനതയുടെമേൽ നാളിതുവരെ സാധാരണമായ സ്വാധീനശക്തി ചെലുത്തീട്ടുള്ള തത്വോപദേശങ്ങളാണ് മഹാഭാരതത്തിലും രാമായണത്തിലും കാണുന്നത്. നമ്മുടെ സംസ്കാരത്തിന്റെ അസ്ഥിവാരവും ഈ ഇതിഹാസഗ്രന്ഥങ്ങളിൽത്തന്നെയാണ് അടിയുറച്ചിരിക്കുന്നത്.

## ഐതിഹാസികസംസ്കാരം

ഈ ഇതിഹാസകാലത്ത് ഇന്ത്യയിൽ മതപരമായ കാൎയ്യങ്ങളിലാണ് വലിയ പുരോഗതിയുണ്ടായത്. ആൎയ്യന്മാർ ദ്രാവിഡരെ ഒററതിരിച്ചു നിൎത്തുകയല്ലാ, അവരുടെ സാംസ്കാരത്തിന്റെ സാരാംശങ്ങളെ സ്വീകരിക്കുകയാണ് ചെയ്തത്. ദ്രാവിഡരുടെ ദേവന്മാർ പലരും ബ്രാഹ്മണരെ ആകൎഷിച്ചു. വേദങ്ങളുംമററും ബ്രാഹ്മണർ വിധിയാംവണ്ണം അഭ്യസിച്ചതിന്റെ ഫലമായി വ്യാകരണമുണ്ടായി. ഇതുപോലെതന്നെ ഗണിതം, ജ്യോതിഷം, ശരീരശാസ്ത്രം തുടങ്ങി വിജ്ഞാനത്തിന്റെ വിവിധശാഖകളിലും വിസ്മയാവഹമായ വികാസമാണ് കണ്ടത്.

---

* Discovery of India by: Jawaharlal Nehru എന്ന പുസ്തകത്തിൽ നോക്കുക.

† Sister Nivedita.

മാനസികസംസ്കാരത്തെ ഭോഷപ്പെടുത്താനും മററുമായി ഉപകരിക്കുന്ന മറെറാരു ശാഖയാണ് പഴയകാലത്തുണ്ടായ പുരാണങ്ങൾ. പഴയ രാജകുടുംബങ്ങളെസ്സംബന്ധിച്ച പലതും ഈ പുരാണങ്ങളിൽനിന്നു മനസ്സിലാക്കാം. ഇവ പതിനെട്ടെണ്ണമാണുള്ളതു്. ചരിത്രാന്വേഷികൾക്ക് വിലയേറിയ പല വിവരങ്ങളും നല്കാൻ ഈ കൃതികൾക്കു കഴിവുണ്ടു്.

സിന്ധുസംസ്കാരത്തിൽ ആരംഭിച്ച ഭാരതീയ പരിഷ്കാരം മൌര്യസാമ്രാജ്യത്തിന്റെ കാലത്തേക്കു കടക്കുന്നതുവരെ ഏതു രൂപത്തിൽ പുരോഗമിച്ചു എന്നാണ് നമുക്കിവിടെ നോക്കേണ്ടതു്. വേദങ്ങളെ തുടർന്നു് ഇതിഹാസങ്ങളിലേക്കു കടന്നപ്പോൾ അതിന്റെ അഭിവൃദ്ധിയുടെ സ്വരൂപം ഒന്നുകൂടി വ്യക്തമായി. ജാതകകഥകൾ * അക്കാലത്തെ ജീവിത രീതിയെപ്പററി വളരെ വിസ്തരിച്ചു പറയുന്നുണ്ടു്. ദ്രാവിഡരും ആര്യന്മാരും യോജിച്ചു വന്നിരുന്നതായിട്ടാണ് ഈ കഥകൾ സൂചിപ്പിക്കുന്നതു്. പാരമ്പര്യക്രമത്തിലുള്ള രാജവാഴ്ച, രാജാവിനെ ഉപദേശിക്കാൻ മന്ത്രിസഭ ഒരുതരം രാഷ്ട്രസഭ ഇവയൊക്കെയായിരുന്നു രാഷ്ട്രത്തിന്റെ ഘടകങ്ങൾ. ഗ്രാമങ്ങൾക്ക് ഏറെക്കുറെ തദ്ദേശസ്വയംഭരണമുണ്ടായിരുന്നു. ആറിലൊന്നാണ് അന്നത്തെ ഭൂനികുതി.

മാംസത്തിന്നു വേണ്ടി നായാടുക പതിവുണ്ടു്. അരി, ഗോതമ്പ്, ചോളം തുടങ്ങിയ ധാന്യങ്ങളാണ് കാർഷികോല്പന്നങ്ങൾ. പാൽ ധാരാളം ഉപയോഗിക്കാറുണ്ടു്. മദ്യപാനം അന്നും ഉണ്ടു്. സ്വർണ്ണം, വെള്ളി, ചെമ്പ്, ഇരുമ്പ്, തകരം, പിച്ചള തുടങ്ങിയ ലോഹങ്ങൾ ഉപയോഗിച്ചിരുന്നു. വൈരം, പുഷ്യരാഗം തുടങ്ങിയ രത്നങ്ങളും കാണാറുണ്ടു്. പണം പലിശയ്ക്കു കൊടുക്കുക, കൂട്ടുകച്ചവടം നടത്തുക എന്നിവയൊക്കെ പതിവുണ്ടു്.

---

* ഇവ ബൌദ്ധപൂർവ്വകാലത്തെക്കുറിച്ചു പ്രതിപാദിക്കുന്നവെന്നു് പണ്ഡിററ് നെഹറു Discory of India എന്ന പുസ്തകത്തിൽ പറയുന്നു.

പട്ട്, കമ്പിളി, പരുത്തിത്തുണി എന്നിവ ഉണ്ടാക്കാറുണ്ട് മരപ്പണി, ലോഹപ്പണി എന്നിവയിലൊന്നും നാം പിന്നോക്കം നിന്നിരുന്നില്ല. ഭവനനിൎമ്മാണം, പാത്രങ്ങളുണ്ടാക്കൽ, സൌന്ദൎയ്യസാമഗ്രികൾ തയ്യാറാക്കൽ എന്നിങ്ങനെ കരകൌശലങ്ങളുടെ പട്ടികയങ്ങനെ നീണ്ടുപോകുന്നു.

അദ്ധ്യാപകന്മാർ, വൈദ്യന്മാർ, ജ്യോതിഷക്കാർ, ശസ്ത്രക്രിയാകുശലന്മാർ, കച്ചവടക്കാർ, നടന്മാർ, വ്യാപാരികൾ എന്നിങ്ങനെ പല തൊഴിൽക്കാരും അന്നുണ്ടായിരുന്നു. വ്യാപാരസംഘങ്ങളും തൊഴിൽ സംഘങ്ങളും അന്നുതന്നെ ഇവിടെ രൂപം കൈക്കൊണ്ടിട്ടുണ്ടത്രേ?

രാജവീഥി, വഴിയമ്പലം, എന്നിവയൊക്കെ അന്നത്തെ പരിഷ്കാരത്തെ മോടിപിടിപ്പിക്കുന്നു. ഇന്ത്യൻ വ്യാപാരികൾ ഈജിപ്റ്റിലും പൂൎവ്വേന്ത്യാ ദ്വീപുകളിലും മററും ചെന്നു കച്ചവടം ചെയ്തിരുന്നതായി കാണാറുണ്ട്. അവൎക്കു സ്വന്തമായി കപ്പലുകളുമുണ്ടായിരുന്നുവത്രേ.

ചില നഗരങ്ങളോടനുബന്ധിച്ച് ഓരോ തൊഴിൽക്കാൎക്കും പ്രത്യേകം ഗ്രാമങ്ങൾതന്നെ ഉണ്ടായിരുന്നതായി ജാതകകഥകളിൽ പറഞ്ഞുകാണുന്നു. ഇങ്ങനെ ഇവർ വേർതിരിഞ്ഞു വളരെനാൾ ജീവിച്ചതിന്റെ ഫലമല്ലേ ഇന്ത്യയിൽ ജാതികളുണ്ടായതു്? അങ്ങനെയാവാനേ തരമുള്ളൂ. *

## ജാതികൾ.

ജാതി എങ്ങനെയാണ് രൂപം കൈക്കൊണ്ടതു്? വേദങ്ങളുടെ വികാസം ഒരുവിധം പൂൎത്തിയായപ്പോൾ, അതനുസരിച്ചുള്ള കൎമ്മങ്ങൾ ഒരു പ്രത്യേകവിഭാഗത്തിന്റെ കുത്തകയായിത്തീൎന്നു. പണ്ടത്തെപ്പോലെ ഓരോ കുടുംബത്തലവനും പുരോഹിതവൃത്തിയിലേൎപ്പെടുകയെന്നതു സാധിക്കാതായി. അതിൽ പ്രത്യേകമായ ശിക്ഷണംതന്നെ ആവശ്യമായിത്തീൎന്നു. ജീവത സംരംഭങ്ങൾ വൎദ്ധിക്കുമ്പോൾ വന്നുകൂടാവു

* Discovery of India:- by Jawaharlal Nehru.

ന്നൊരു സ്വാഭാവികമായ പരിവൎത്തനമാണിതു്. ഒരു യന്ത്ര
ശാലയിലെ ഓരോ അവയവത്തേയും പ്രവൎത്തിപ്പിക്കുവാൻ
പ്രത്യേകം ആളുകളെ നിങ്ങൾ കാണുന്നില്ലേ? അതുപോലെ
തന്നെയാണു് ഈ ജാതി വിഭജനത്തിന്നും ഇടയാക്കിയ
ചുററുപാടുകൾ. ഇങ്ങനെ വൈദികകാൎയ്യങ്ങളിൽ ഇടപെട്ട
വർ ബ്രാഹ്മണർ എന്ന പേരിൽ അറിയപ്പെട്ടുവന്നു. യുദ്ധം,
രാജ്യഭരണം തുടങ്ങിയ സംരംഭത്തിൽ ഇടപെട്ടവരെ 'ക്ഷത്രി
യർ' എന്നു വിളിക്കാൻ തുടങ്ങി. കൃഷിയും കച്ചവടവും
ചെയ്തിരുന്നവരെ വൈശ്യർ എന്നും ദാസ്യവൃത്തി ചെയ്യുവരെ
'ശൂദ്രർ' എന്നും വിളിക്കാൻ തുടങ്ങി. ധൎമ്മസൂത്രങ്ങളിൽ ഈ
ഈ ഓരോ വൎഗ്ഗക്കാരുടേയും ചുമതല ഇന്നതെല്ലാമാണെന്നു്
വ്യക്തമാക്കുകയും ചെയ്യു. ഈ വ്യത്യാസം ആരംഭിച്ചകാ
ലത്തു് അതിൽ ദുരുദ്ദേശങ്ങളോ ഉൽകൃഷ്ടാപകൃഷ്ടഭാവമോ
ഉണ്ടായിരുന്നതായി കരുതാൻ വയ്യ. രാജ്യാഭിവൃദ്ധിക്കാ
വശ്യമുള്ള എല്ലാ സംരംഭങ്ങളും യഥാക്രമം പുരോഗമിക്കാ
ൻവേണ്ടിയുണ്ടായ സ്വാഭാവികമായ ഒരു പരിണാമമായിട്ടേ
നമുക്കതിനെ കണക്കാക്കാൻ പാടുള്ളു. എന്നാൽ, പില്ക്കാല
ങ്ങളിൽ അതു് എത്രയെത്ര വിഷമങ്ങളാണു് വലിച്ചിട്ടതു്!

# നാലാം അദ്ധ്യായം

## ബുദ്ധമതവും ജൈനമതവും

ആൎയ്യദ്രാവിഡ സങ്കലനത്തിൽകൂടി ഹിന്ദുമതം വേദേതിഹാസാദി ഗ്രന്ഥങ്ങളുടെ വികാസംകൊണ്ടു് അഭിവൃദ്ധി പ്രാപിച്ചു് ഇന്ത്യയുടെ ഹൃദയത്തിന്നു സംസ്കാരം നല്കിക്കൊണ്ടിരുന്ന കഥയാണല്ലോ നാം ഇതുവരെ പഠിച്ചതു്. വേദങ്ങളും ഉപനിഷത്തുകളും ഇതിഹാസങ്ങളും അഭിമാനിക്കത്തക്ക സാംസ്കാരപുരോഗതിയുണ്ടാകുന്നതിന്നു കഴിവുള്ളവയാണു്. അതു് അനുദിനം ആപേക്ഷികഗ്രന്ഥങ്ങളുടെ പിറവികൊണ്ടു് അഭിവൃദ്ധി പ്രാപിക്കുകയും ചെയ്തിരുന്നു. എന്നിട്ടും, ക്രി. മു. ആറാം നൂററാണ്ടിലേക്കു കടന്നപ്പോൾ ഇന്ത്യ പുതിയ രണ്ടു മതങ്ങളെക്കൂടി കൈനീട്ടിവാങ്ങിയെന്നു കേൾക്കുമ്പോൾ നിങ്ങൾക്കതിശയംതോന്നാം. പക്ഷെ, അതു പരമാൎത്ഥമാണു്. ജൈനമതം, ബുദ്ധമതം എന്നിങ്ങനെ രണ്ടെണ്ണം ഇന്ത്യയുടെ ആദ്ധ്യാത്മിക സംസ്കാരത്തിന്റെ അക്ഷയ്യമായ കലവറയിൽ നിക്ഷേപിച്ചതു് അക്കാലത്താണു്.

കൈവശമുള്ള മതത്തിന്നു കുറവുകളില്ലെങ്കിൽ പുതിയവയ്ക്കു സ്ഥാനമില്ല. അപ്പോൾ, എന്തോ അതിൽ പോരായ്മയുണ്ടായിരുന്നു. അതെന്താണു്? തൊഴിലുകൾ വിഭജിച്ചുവെച്ചതിന്റെ ഫലമായി ജാതിവ്യത്യാസം രൂപമെടുത്തതു നാം കണ്ടുവല്ലോ! ഇതോടുകൂടി ബുദ്ധിശക്തിയുടേയും പാണ്ഡിത്യത്തിന്റേയും കുത്തകക്കാരായ ബ്രാഹ്മണർ ഈശ്വരന്റെ അടുത്ത കൂട്ടരാണെന്നു് അവകാശപ്പെട്ടു. യുക്തിബോധമുള്ളവരാരും ഈ അവകാശം വകവെച്ചുകൊടുക്കയില്ല. ഈശ്വരനെ ഒന്നിലധികം രൂപത്തിൽ സങ്കല്പിച്ചു് ആരാധിക്കുന്ന സമ്പ്രദായവും വിമൎശനത്തിന്നു വിധേയമായി. മാത്രമല്ലാ, ഹൈന്ദവമതം സാമാന്യം നീണ്ടൊരു കാലത്തെ പാരമ്പൎയ്യം പുലൎത്തിപ്പോന്നിട്ടും രാജ്യമാസകലം ദാരിദ്ര്യവും, രോഗവും ജനങ്ങളെ പീഡിപ്പിച്ചിരുന്നു. ഈ

ദുരിതത്തിന്നൊരു നിവാരണം കണ്ടെത്തണമെന്ന് മനുഷ്യസ്നേഹികൾ ആഗ്രഹിച്ചാൽ അതിശയിക്കാനില്ല. മനുഷ്യനോടുള്ള ഈ മതിപ്പ് മററു ജീവജാലങ്ങളിലേക്കു പകരുമ്പോൾ ഹൈന്ദവാചാരങ്ങളിൽ കാണാറുള്ള ജന്തുബലി സമ്പ്രദായത്തോടു വെറുപ്പു തോന്നുകയും സ്വാഭാവികമാണ്. അങ്ങനെ ജാതിവ്യത്യാസം, ബ്രാഹ്മണമേധാവിത്വം, മനുഷ്യദുരിതങ്ങൾ, ജന്തുബലി എന്നിവയ്ക്കു നിവാരണം കണ്ടെത്താനുള്ളൊരു മതം അക്കാലത്തു് അനാവശ്യമല്ലായിരുന്നു. ജൈനമതവും ബുദ്ധമതവും ഈ നിലയ്ക്കു് ഇന്ത്യയുടെ സംസ്കാരയവനികമേൽ തിളങ്ങേണ്ട രണ്ടു ചിത്രങ്ങളായിരുന്നു അന്ന്.

## ജൈനമതം.

'വർദ്ധമാനമഹാവീരൻ' എന്ന ഒരു ക്ഷത്രിയരാജകുമാരനാണ് ജൈനസിദ്ധാന്തങ്ങൾക്കു് ഒരു മതം എന്ന നിലയിൽ ഇന്ത്യയിൽ സ്ഥാനം സമ്പാദിച്ചതു്. മഹാവീരൻ ജനിക്കുന്നതിന്നു രണ്ടുനൂററാണ്ടു മുമ്പുതന്നെ ഈ സിദ്ധാന്തങ്ങൾ ഇന്ത്യയിൽ മുളച്ചുകഴിഞ്ഞിട്ടുണ്ടായിരുന്നു പാർശ്വനാഥൻ എന്ന ഒരു യോഗിയാണ് അതിന്നുത്തരവാദി. പക്ഷെ, മഹാവീരനാണ് ഈ സിദ്ധാന്തങ്ങൾക്കു പൂർണ്ണരൂപം നൽകി ഒരു മതം എന്ന പദവിയിലേക്കുയർത്തി പ്രചരിപ്പിച്ചതു്. അതാണ് ജൈനമതസ്ഥാപകൻ എന്ന അവകാശം അദ്ദേഹഹത്തിന്നു നല്കാൻ കാരണം.

**മഹാവീരൻ.**

വിദേഹത്തിൻെറ തലസ്ഥാനമായ വൈശാലിയിൽ ഒരു ക്ഷത്രിയരാജാവിൻെറ പുത്രനായി പിറന്ന പുണ്യാത്മാവാണ് മഹാവീരൻ. വിവാഹം കഴിച്ചിട്ടും യോഗിയെപ്പോലെ ആ യുവാവ് ജീവിച്ചു. മാതാപിതാക്കന്മാരുടെ മരണശേഷം അദ്ദേഹം സന്ന്യാസം സ്വീകരിച്ചു. പതിന്നെട്ടുകൊല്ലത്തെ തപസ്സുകൊണ്ടു ജ്ഞാനോദയമുണ്ടായ ആ യോഗി മുപ്പതുകൊല്ലത്തോളം മതപ്രചരണം നടത്തി. വിദേഹം, മഗധ, അംഗം എന്നീ രാജ്യങ്ങളിലാണ് ജൈനമതത്തിനു വലിയ പ്രചാരം സിദ്ധിച്ചതു്.

ശരിയായ വിശ്വാസം, ജ്ഞാനം, കർമ്മം എന്നീ സിദ്ധാന്തങ്ങളിലാണ് ജൈനമതം അടിയുറപ്പിച്ചിട്ടുള്ളത്. കക്കായ്ക, കൊല്ലായ്ക, കള്ളംപറയായ്ക, ഉപവാസാദികൾകൊണ്ടു പരിശുദ്ധി വരുത്തുക എന്നിവയാണ് ജിനന്റെ ഉപദേശങ്ങൾ. അചേതനവസ്തുക്കൾക്കുപോലും ജീവനുണ്ടെന്നത്രേ ജൈനരുടെ വിശ്വാസം. അതുകൊണ്ട് അഹിംസാസിദ്ധാന്തത്തെ അതിന്റെ ഏററവും വ്യാപകമായ അർത്ഥത്തിലാണ് ജൈനർ സ്വീകരിച്ചത്. വെള്ളം അരിച്ചു ശുദ്ധിചെയ്തു കുടിക്കുക, മുഖമൂടിയിൽക്കൂടി ശ്വസിക്കുക, എന്നിങ്ങനെ സാധാരണക്കാർക്ക് അനുകരിക്കാൻ സാധിക്കാത്ത പതിവുകൾ പലതും ഈ കാരണത്താൽ ജൈനാചാരങ്ങളിൽ കടന്നുകൂടി. ത്യാഗത്തെ അതിന്റെ അങ്ങേഅററംവരെ സ്വീകരിച്ചവരാണ് ജൈനർ.

ജൈനമത തത്വങ്ങൾ.

ജൈനരിൽ നല്ല സംസ്കൃത പണ്ഡിതന്മാരും ദ്രാവിഡഭാഷാ വിദഗ്ദ്ധന്മാരുമുണ്ടായിരുന്നു. ഭാഷയ്ക്കും, സാഹിത്യത്തിനും ശാസ്ത്രങ്ങൾക്കും അവർ നല്കീട്ടുള്ള സംഭാവനകൾ അനേകമുണ്ട്. അക്കാലത്തെ ഇന്ത്യാചരിത്രത്തിന്നാവശ്യമുള്ള തെളിവുകൾ പലതും ഈ ഗ്രന്ഥങ്ങളിൽനിന്നു ലഭിക്കുന്നുണ്ട്.

## ബുദ്ധമതം

ജൈനമതത്തോടൊപ്പം ഇന്ത്യയിൽ രൂപമെടുത്ത മറെറാരു മതമാണ് ബുദ്ധമതം. നേപാളത്തിലെ ശാക്യഗോത്രരാജാവായ ശുദ്ധോദനന്റെ പുത്രനായ ഗൌതമനാണ് ഈ മതത്തിന്റെ സ്ഥാപകൻ. ഗൌതമൻ, അഥവാ സിദ്ധാർത്ഥൻ ക്രി. മു. 563-ൽ കപിലവസ്തു എന്ന സ്ഥലത്തു ജനിച്ചു. പത്തൊമ്പതാം വയസ്സിൽ അദ്ദേഹം വിവാഹം ചെയ്തു. രാജയോഗ്യങ്ങളായ വിഭവങ്ങളുടെ സമൃദ്ധിയിലങ്ങനെ സുഖിക്കുമ്പോൾ ചുററുപാടും കാണുന്ന കഷ്ടതകളിൽ അലിവുതോന്നുക സാധാരണമല്ല. പക്ഷെ, ഗൌതമനെ ചുററുപാടുകൾ ആകഷിച്ചു. അവയ്ക്കു നിവാരണം കണ്ടെത്താനുള്ള മാർഗ്ഗങ്ങ

ളെക്കുറിച്ചായി അദ്ദേഹത്തിന്റെ ചിന്ത. ഇക്കാലത്താണു് ഗൌതമന്റെ ഭാൎയ്യ ഒരാൺകുട്ടിയെ പ്രസവിച്ചതു്. സംസാരബന്ധത്തെ ദൃഢതരമാക്കുന്ന ഈ പുതിയ പരിതഃസ്ഥിതി അദ്ദേഹത്തിന്നു പിടിച്ചില്ല. അടുത്ത ഒരു രാത്രി ആ യുവാവു് കൊട്ടാരംവിട്ടു പുറത്തുപോയി വിന്ധ്യൻ പൎവ്വതത്തിൽ ചെന്നു് ഉപവാസവും തപസ്സും തുടങ്ങി. ഇതുകൊണ്ടൊന്നും ജ്ഞാനം സിദ്ധിക്കില്ലെന്നു ബോദ്ധ്യപ്പെട്ടപ്പോൾ ഗൌതമൻ അലക്ഷ്യമായി അലഞ്ഞുനടക്കാൻ തുടങ്ങി. ഇങ്ങനെ ഒരുദിവസം ഗയ എന്ന സ്ഥലത്തു് ഒരുവൃക്ഷച്ചുവട്ടിലിരിക്കുമ്പോൾ അദ്ദേഹത്തിൽ ബോധോദയം കണ്ടു. ബോധം സിദ്ധിച്ചവൻ എന്ന അൎത്ഥത്തിൽ അന്നുമുതൽ അദ്ദേഹത്തെ 'ബുദ്ധൻ' എന്ന പേരിൽ അറിയാൻ തുടങ്ങി. ഈ ബോധോദയത്തിനുശേഷം അദ്ദേഹം തന്റെ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുകയത്രേ ചെയ്തതു്.

ദൈവത്തെക്കുറിച്ചൊന്നും ബുദ്ധനു വലിയ ബദ്ധപ്പാടുണ്ടായില്ല. അത്തരം ചോദ്യങ്ങളൊക്കെ കേട്ടില്ലെന്നു നടിക്കുകയത്രേ പതിവു്. ലോകത്തിലെ ദുരിതങ്ങൾക്കു നിത്യനിവാരണം കണ്ടെത്തണമെന്നേ അദ്ദേഹത്തിന്നു ലക്ഷ്യമുണ്ടായിരുന്നുള്ളു. മനുഷ്യൻ സ്വാൎത്ഥം കൈവെടിഞ്ഞെങ്കിലേ ദുരിതശാന്തി ലഭിക്കുള്ളുവെന്നത്രേ അദ്ദേഹം സിദ്ധാന്തിച്ചതു്. ഇന്ദ്രിയങ്ങളെക്കുറിച്ചുള്ള മതിപ്പു്, മരണത്തെ ജയിക്കാനുള്ള ആശ, സുഖഭോഗങ്ങളിലുള്ള ആസക്തി—എന്നിവയത്രേ സ്വാൎത്ഥപ്രതിപത്തിക്കു മൂലാധാരങ്ങളായിട്ടുള്ളവ. ഈ പാരതന്ത്ര്യത്തിൽ നിന്നു മോചനം സിദ്ധിച്ചാൽ നിൎവ്വാണം നേടാം. അതിന്നത്യാവശ്യമായിട്ടുള്ളതു് അഹംഭാവത്തെ ഇല്ലായ്മചെയ്യുക. ജീവിതത്തെ നീചവും, ഭീകരവും, ദയനീയവുമാക്കിത്തീൎക്കുന്നതു ഫലശൂന്യമായ സ്വാൎത്ഥലക്ഷ്യമാണു്. അതിൽ നിന്നു മോചനം സിദ്ധിച്ചാൽ നിൎവ്വാണപ്രാപ്തിയായി * അതല്ലാതെ. മോക്ഷപ്രാപ്തിക്കുവേണ്ടി ഉപവാസം കിടന്നു ശരീരത്തെ നശിപ്പിച്ചേ കഴിയൂ എന്നില്ല. ഇതാണു് നിൎവ്വാണത്തെസ്സംബന്ധിച്ച ബുദ്ധന്റെ അഭിപ്രായം.

---

* Outline of History by: H. G. Wells.

ബുദ്ധന്റെ സാന്മാർഗ്ഗികസിദ്ധാന്തങ്ങൾ നോക്കുക: ജീവജന്തുക്കളെ ഹിംസിക്കരുതു്; തരാത്തതു സ്വീകരിക്കരുതു്; കളവുപറയരുതു്; മദ്യപിക്കരുതു്; മനസ്സു ദുഷിപ്പിക്കരുതു് എന്നൊക്കെയാണു് അദ്ദേഹം ഉപദേശിക്കുന്നതു്.

ഹിന്ദുമതത്തിലെ കുറവുകളാണല്ലോ അന്നു് മറെറാരു മതത്തിന്റെ സ്ഥാപനത്തിന്നു പ്രേരണ നല്കിയതു്. ജാതിവ്യത്യാസം ബ്രാഹ്മണമേധാവിത്വം എന്നിവ ആക്ഷേപാർഹങ്ങളായ കുറവുകളായിരുന്നു. ബുദ്ധനു് അതു സഹിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം ശിഷ്യന്മാരോടുപറയുന്നതു നോക്കുക: "ദരിദ്രരും എളിയവരും പണക്കാരും മേലാളരും എല്ലാം ഒന്നാണെന്നും സമുദ്രത്തിൽ നദികളെന്നപോലെ ഈ മതത്തിൽ എല്ലാ ജാതികളും ഒന്നിച്ചുചേരുന്നുവെന്നും അവരോടു (ജനങ്ങളോടു്) പറയുക". "ജന്മംകൊണ്ടല്ലാ കർമ്മംകൊണ്ടു മാത്രമാണു് ഒരു മനുഷ്യൻ ചണ്ഡാളനോ ബ്രാഹ്മണനോ ആകുന്നതു്. *

ബുദ്ധന്റെ തത്വങ്ങൾക്കു് ഇന്ത്യയിൽ വലിയ പ്രചാരമാണുണ്ടായതു്. പില്ക്കാലങ്ങളിൽ അതു് ഇന്ത്യയ്ക്കുപ്പുറം പലേടത്തേക്കും വ്യാപിച്ചു. ഇന്നു് ലോകത്തിലെ മൂന്നിലൊരുഭാഗം ജനങ്ങൾ ബുദ്ധമതക്കാരാണു്. പഴയതെങ്കിലും ഇന്നും പുത്തനെന്നു തോന്നിക്കുന്ന സന്ദേശങ്ങളുടെ ഭണ്ഡാഗാരമാണു് ബുദ്ധമതം. അന്താരാഷ്ട്രീയ സൌഹാർദ്ദംവഴി സാർവ്വലൌകിക സമാധാനം പുലർത്താൻ ധിഷണാശാലികൾ തീവ്രയത്നംചെയ്യുന്ന ഇക്കാലത്തു് ഈ വിശിഷ്ടാശയന്റെ തത്വങ്ങളെങ്ങനെ പഴക്കംകൊണ്ടു പുളിക്കും?

## സമുദായത്തിന്റെമേൽ ചുമത്തിയ സ്വാധീനശക്തി

ബുദ്ധനും മഹാവീരനും അന്നത്തെ ഇന്ത്യയിൽ എളിയവരുടെ സുഹൃത്തുക്കളായിരുന്നു. സമുദായത്തിന്റെ അടിത്തട്ടിൽ കിടന്നുഴലുന്നവരെ കൈകൊടുത്താശ്വസിപ്പിച്ച ഈ മഹാശയന്മാർ സാമാന്യജനങ്ങളുടെ കണ്ണിലുണ്ണികളായി.

* 'ഇന്ത്യയെ കണ്ടെത്തൽ' എന്ന ഗ്രന്ഥത്തിൽനിന്നുദ്ധരിച്ചതു്.

ഹിന്ദുമതത്തിലെ അസമത്വങ്ങൾക്കും കുറവുകൾക്കും വേണ്ട പ്രതിവിധി കണ്ടെത്താൻ സാധിച്ചതിനാലത്രേ ഇത്രവളരെ അനുയായികൾ അവൎക്കുണ്ടായതു്! വിശിഷ്യാ, ഈ മതസ്ഥാപകന്മാർ രണ്ടുപേരും ഉൽകൃഷ്ടകുലജാതന്മാരും സമുദായത്തിന്റെ ഉപരിതലത്തിൽ വൎത്തിച്ചിരുന്നവരുമായിരുന്നതിനാൽ ജനങ്ങളുടെമേൽ സ്വാധീനശക്തി ചെലുത്താനും അന്നത്തെ രാജാക്കന്മാരിൽ നിന്നു പ്രോത്സാഹനം ലഭിക്കാനും അവൎക്കു സാധിച്ചു.

# അഞ്ചാം അദ്ധ്യായം

## മഗധാരാജ്യോദയം

ബുദ്ധമതക്കാരുടേയും ജൈനമതക്കാരുടേയും ഗ്രന്ഥങ്ങളിൽനിന്നു് അക്കാലത്തെ രാഷ്ട്രീയസ്ഥിതി മനസ്സിലാക്കാം. ഉത്തരേന്ത്യയിൽ പതിനാറു രാജ്യങ്ങളാണു് ഉണ്ടായിരുന്നതു്. മഗധ, കോസലം, വത്സം, അവന്തി, ഗാന്ധാരം എന്നിവയായിരുന്നു പ്രധാനപ്പെട്ടവ. പിന്തുടച്ചാവകാശക്രമത്തിലുള്ള രാജവാഴ്ച, തിരഞ്ഞെടുക്കപ്പെട്ട രാജാക്കന്മാരുടെ ഭരണം, പ്രജകളുടെ ഭൂരിപക്ഷമനുസരിച്ചുള്ള ഭരണം എന്നിവയ്ക്കെല്ലാം മാതൃകകൾ അന്നുണ്ടായിരുന്നു. കൃഷിക്കു പുറമെ കപ്പൽ നിൎമ്മാണം, ദന്തവേല, ശില്പം, തോൽവ്യവസായം തുടങ്ങിയ തൊഴിലുകൾ പ്രബലപ്പെട്ടുകണ്ടു. കയററുമതിയും ഇറക്കുമതിയും ധാരാളമുണ്ടായിരുന്നു.

**പതിനാറു രാജ്യങ്ങൾ.**

മേൽപറഞ്ഞ രാജ്യങ്ങളിൽ മഗധയാണു് കുറേക്കാലത്തേക്കു പ്രബലപ്പെട്ടു നിന്നതു്. ജരാസന്ധൻെറ പിതാവായ ബൃഹദ്രഥൻെറ വംശമാണു് ഇവിടെ ആദ്യം വാഴ്ച ആരംഭിച്ചതു്. ക്രി. മു. 650-ൽ ശിശുനാഗൻ എന്നൊരാൾ മഗധാരാജാവായി. അദ്ദേഹത്തിൻെറ വംശത്തിന്നു "ശിശുനാഗവംശം" എന്നു പേർ. ഈ രാജകുഡുംബത്തിലെ അഞ്ചാമത്തെ രാജാവായ ബിംബിസാരൻെറ കാലത്താണു് മഗധയ്ക്കു് ഉത്തരേന്ത്യയിൽ മികച്ച സ്ഥാനം ലഭിച്ചതു്. ബുദ്ധൻെറ കാലത്തു് ഇദ്ദേഹമായിരുന്നു മഗധാധിപൻ. രാജഗൃഹം എന്ന നഗരമായിരുന്നു ബിംബിസാരൻെറ തലസ്ഥാനം. കോസലം, വൈശാലി എന്നീ രാജ്യങ്ങളിലെ ഭരണാധികാരികളുമായി വിവാഹബന്ധം വഴി സൌഹാൎദ്ദം സമ്പാദിച്ചു് അദ്ദേഹം അംഗരാജ്യത്തെ യുദ്ധംചെയ്തു കീഴടക്കി; കാശിയുടെ ഏതാനും ഭാഗം സ്ത്രീധനമായി നേടി. നോക്കു രാജ്യം പ്രബലപ്പെടുത്താനുള്ള തന്ത്രങ്ങൾ!

**മഗധ-ശിശുനാഗവംശം.**

ബിംബിസാരൻ ബുദ്ധമതപ്രചരണത്തിന്നുവേണ്ട സൌകര്യങ്ങളൊക്കെ ചെയ്തു. എന്നാൽ, ജൈനമതത്തേയും അദ്ദേഹം പ്രോത്സാഹിപ്പിച്ചിട്ടുണ്ടു്. അക്കാലത്തെ ഒരു ഭരണാധികാരി മതപരമായ കാര്യങ്ങളിൽ ഇത്രയ്ക്കു വിശാലമനസ്കത പ്രദർശിപ്പിച്ചതു് ആശ്ചര്യജനകമെന്നേ പറയേണ്ടു.

ബിംബിസാരനെ അദ്ദേഹത്തിന്റെ പുത്രനായ അജാതശത്രു കൊലചെയ്തു സ്വയം രാജാവായി. കോസലരാജകുമാരി പരേതന്റെ പത്നിയായിരുന്നതിനാൽ അവിടത്തെ രാജാവു് അജാതശത്രുവിനോടെതിർത്തു. ഈ യുദ്ധത്തിൽ അജാതശത്രു തല്ക്കാലം തോല്പിക്കപ്പെട്ടുവെങ്കിലും പിന്നീടു കോസലം മുഴുവൻ അദ്ദേഹത്തിന്നധീനമായി. ഗംഗാനദിയുടേയും ഹിമാലയപർവ്വതത്തിന്റേയും ഇടയ്ക്കുള്ള സ്ഥലങ്ങളൊക്കെ അജാതശത്രുവിന്റെ കാലത്തു മഗധാരാജ്യത്തിന്റെ കീഴിലായിരുന്നു.

അജാതശത്രുവിന്റെ പിൻഗാമികളിൽ ഒടുവിലത്തെ ആളായ മഹാനന്ദനെക്കുറിച്ചേ നമുക്കിനി പഠിക്കേണ്ടതുള്ളു. അദ്ദേഹത്തിന്നു താഴ്ന്നജാതിയിൽപ്പെട്ട ഒരു സ്ത്രീയിലുണ്ടായ പുത്രനത്രേ മഹാപത്മനന്ദൻ.

മഹാപത്മനന്ദൻ സ്ഥാപിച്ച രാജവംശത്തെ 'നന്ദവംശം' എന്നു വിളിക്കുന്നു. സമർത്ഥനായ ഈ രാജാവു് ശിശുനാഗവംശത്തെ മുടിച്ചു. കലിംഗം, ഇക്ഷ്വാകു, ശൂരസേനം തുടങ്ങിയ വംശങ്ങളും മഹാപത്മനന്ദൻ നാമാവശേഷമാക്കിയത്രേ! ഇങ്ങനെ, നന്ദവംശസ്ഥാപകനായ ഈ രാജാവിന്റെ കാലത്തു് മഗധാ രാജ്യം പ്രബലപ്പെട്ട ഒരു സാമ്രാജ്യത്തിന്റെ പദവിയിലേക്കുയർന്നു. സമ്പത്തും സൈനികശക്തിയും ആ സാമ്രാജ്യത്തിന്റെ പ്രതാപം നിലനിർത്തി. പൂർവ്വോത്തരേന്ത്യയിലെ ചെറുരാജ്യങ്ങളെ സംയോജിപ്പിച്ചു് പിന്നീടു് വരാൻപോകുന്ന മൌര്യസാമ്രാജ്യത്തിന്നു വേണ്ട പശ്ചാത്തലം സൃഷ്ടിച്ചു എന്നഭിമാനിക്കാം മഹാപത്മനന്ദനു്.

മഹാപത്മനന്ദന്റെ പിൻഗാമികളെക്കുറിച്ചൊന്നും നാം അന്വേഷിക്കേണ്ടതില്ല. ഓരോ രാജവംശത്തിലേയും എണ്ണ

പ്പെട്ടവരെക്കുറിച്ചു മാത്രമേ നമുക്കു മനസ്സിലാക്കേണ്ടതുള്ളൂ. ചന്ദ്രഗുപ്തമൌര്യനാണ് ഈ നന്ദവംശത്തെ നാമാവശേഷമാക്കിയതു്.

## പേഴ്സ്യൻ ആക്രമണം

മഗധയുടെ ചരിത്രമാണല്ലോ ഈ അദ്ധ്യായത്തിൽ ഇതുവരെ നാം അന്വേഷിച്ചതു്. എന്നാൽ, ഇന്ത്യയിൽ ചരിത്രം സൃഷ്ടിച്ചിട്ടുള്ള പ്രദേശങ്ങൾ അന്നു വേറേയുമുണ്ടായിരുന്നു. വടക്കു പടിഞ്ഞാറൻ ഇന്ത്യ—സിന്ധുനദിക്കപ്പുറമുള്ള പ്രദേശങ്ങൾ;—അതിപുരാതന കാലം മുതല്ക്കേ ആരംഭിച്ച ചരിത്രത്തിൽ പുതിയ ഒരദ്ധ്യായം തുറക്കാൻ വേണ്ട ചില സംഭവങ്ങളുണ്ടായി. സിന്ധുസംസ്കാരത്തിൽ ആരംഭിച്ച അവിടത്തെ ചരിത്രം ആര്യന്മാരുടെ ആഗമനത്തോടുകൂടി അവസാനിച്ചില്ല. ക്രി. മു. ആറാം നൂററാണ്ടിൽ പേഴ്സ്യക്കാർ ഇങ്ങോട്ടുവന്നു. ഇതാണ് ചരിത്രം സൃഷ്ടിക്കാനുണ്ടായ പുതിയ സംഭവം.

ഇന്ത്യയും പേഴ്സ്യയും തമ്മിൽ വളരെ പഴയകാലം മുതല്ക്കേ ഇടപെട്ടു തുടങ്ങീട്ടുണ്ടു്. മദ്ധ്യേഷ്യയിൽ നിന്നു വന്ന ആര്യന്മാരും ഐറേനിയക്കാരും ഒന്നിച്ചു കഴിച്ചുകൂട്ടിയിരുന്ന ഒരു കാലമുണ്ടായിരുന്നു. മതസംബന്ധമായ അഭിപ്രായ വ്യത്യാസത്താലായിരിക്കാം 'ദേവന്മാർ' എന്നു പറയപ്പെട്ടിരുന്ന ആര്യഗണം ഐറേനിയൻ പിതൃഭൂമിയുപേക്ഷിച്ച് ഇന്ത്യയിലേക്കു വന്നതെന്നു് മുമ്പൊരിക്കൽ പറഞ്ഞിട്ടുണ്ടല്ലോ! സിന്ധുസംസ്കാരകാലത്തു് ഇന്ത്യയും പേഴ്സ്യ, മെസപ്പൊട്ടേമിയ തുടങ്ങിയ രാജ്യങ്ങളും തമ്മിൽ കച്ചവടബന്ധമുണ്ടായിരുന്നതായി ഊഹിക്കാൻ വേണ്ട തെളിവുകൾ സിദ്ധിച്ചിട്ടുള്ളതായും മുമ്പു പറഞ്ഞിട്ടുണ്ടു്. എന്നാൽ ഈ വക സമ്പർക്കങ്ങളെക്കുറിച്ചു നാം അനുമാനിക്കുന്നതു സംസ്കാരത്തിൽ കാണുന്ന സാദൃശ്യങ്ങളെ ആധാരമാക്കീട്ടാണ്, എഴുതിവെച്ചിട്ടുള്ള രേഖകളെക്കൊണ്ടല്ല.

ഇന്ത്യയും ബാബിലോണിയയും തമ്മിൽ ക്രി. മു. ഏഴാം നൂററാണ്ടിൽ വ്യാപാരബന്ധം പുലർത്തിയിരുന്നതാ

യിക്കാണുന്നു. ഇതു വിശ്വസിക്കാൻ വേണ്ട തെളിവുകളുമുണ്ടു്. പക്ഷെ, ഇക്കാലങ്ങളിലൊക്കെ പേഴ്സ്യൻ ജനതയുമായി ഇടപെട്ടിരുന്നുവെന്നല്ലാതെ രാഷ്ട്രീയബന്ധം പുലത്താൻ വേണ്ട അവസരങ്ങളുണ്ടായിട്ടില്ല. ആറാം നൂററാണ്ടിൽ നാം കാണുന്നതു് രാഷ്ട്രീയബന്ധമാണു്. അതും തുല്യശക്തികളുടെ നിലയിലല്ലാ, പേഴ്സ്യൻ ചക്രവത്തിയുടെ സാമ്രാജ്യത്തിന്റെ ഒരംശമായി ഇന്ത്യയുടെ വടക്കപടിഞ്ഞാറൻ പ്രദേശങ്ങൾ അടിമപ്പെട്ടുപോകുന്നതാണു് നാം കാണുന്നതു്. അന്നു് പേഴ്സ്യയുടെ പ്രതാപത്തിന്റെ കാലമായിരുന്നു. സൈറസ് എന്നൊരു മഹാൻ പേഴ്സ്യാ സാമ്രാജ്യത്തെ ഇന്ത്യയുടെ അതിത്തിവരെ എത്തിച്ചു. അദ്ദേഹം ഇന്ത്യക്കാരെ കീഴടക്കി എന്നു് ഒരു പേഴ്സ്യൻ ചരിത്രകാരൻ പറയുന്നുണ്ടെങ്കിലും മററാരും അതു സമ്മതിച്ചുകൊടുക്കുന്നില്ല.

സൈറസ്സിന്റെ ഒരു പിൻഗാമിയായ ഡേരിയസ് ഒന്നാമൻ സിന്ധുനദിക്കപ്പുറമുള്ള പ്രദേശങ്ങളത്രയും കീഴടക്കി ഭരിച്ചിരുന്നതായി തെളിയുന്നുണ്ടു്. ഹിറോഡോട്ടസ് എന്നൊരു ചരിത്രകാരനെക്കുറിച്ചു നിങ്ങൾ ലോകചരിത്രത്തിൽ പഠിച്ചിട്ടുണ്ടാവാം. അദ്ദേഹം ഇക്കാലത്തെ ഇന്ത്യയുടെ വിഭവസമൃദ്ധിയെപ്പററി രേഖപ്പെടുത്തീട്ടുണ്ടു്. വടക്കപടിഞ്ഞാറൻ ഇന്ത്യ ഡേരിയസ്സിന്റെ വിസ്തൃതമായ സാമ്രാജ്യത്തിലെ ഒരു സമ്പന്നമായ സംസ്ഥാനമായിരുന്നുവെന്നത്രേ അദ്ദേഹം പറയുന്നതു്. സിന്ധുനദിയിൽക്കൂടി യാത്രചെയ്തു കടൽവഴി പേഴ്സ്യയിലെത്തിച്ചേരാൻ സാധിക്കുമോ എന്നു പരീക്ഷിച്ചുനോക്കാൻ ഡേരിയസ് തന്റെ സേനാനായകനോടു കല്പിച്ചുവത്രേ. ഈ ആജ്ഞയനുസരിച്ചുള്ള പരീക്ഷണം നടന്നതായും പറയപ്പെടുന്നു.

ഇങ്ങനെ ഇന്ത്യ ആദ്യമായി ഒരു വിദേശീയാക്രമണത്തിന്നിരയായി. വിദേശീയാധിപത്യത്തിന്റെ നീണ്ടൊരു ചരിത്രം സൃഷ്ടിച്ചിട്ടുള്ള നമുക്കു് ആ നിലയിൽ ശകുനംകാണേണ്ടിവന്നതു പേഴ്സ്യാചക്രവത്തിയെയാണെന്നു സാരം. പേഴ്സ്യക്കാർ അധീനമാക്കിയ ഈ പ്രദേശം ഒരു നൂററാ

ണ്ടിലധികംകാലം അവരുടെ ആധിപത്യത്തിൽത്തന്നെയിരുന്നു. അവക്കു നാം കപ്പം കൊടുക്കാറുണ്ട്. അവരുടെ സൈന്യത്തിൽ നമ്മുടെ പടയാളികളുണ്ടായിരുന്നു. മാത്രമല്ലാ, പേഴ്സ്യൻ സൈന്യത്തിന്റെ ഒരു വിഭാഗമെന്ന നിലയിൽ നമ്മുടെ ഭടന്മാർ പലേടത്തും പൊരുതീട്ടുമുണ്ട്. മാസിഡോണിയാരാജാവായ അലക്സാണ്ടർ പേഴ്സ്യൻ സാമ്രാജ്യം മുഴുവൻ വെട്ടിപ്പിടിച്ചതുവരെ വടക്കുപടിഞ്ഞാറൻ ഇന്ത്യ അവരുടെ ആധിപത്യത്തിലാണ് വർത്തിച്ചതു്.

ഈ നീണ്ടകാലത്തെ സമ്പർക്കംകൊണ്ട് ഇന്ത്യയ്ക്കു ലാഭമോ നഷ്ടമോ ഉണ്ടായതു്? എണ്ണത്തക്ക യാതൊരു നഷ്ടവും നമുക്കു രേഖപ്പെടുത്താനില്ല. നേരമറിച്ചു, ലാഭങ്ങൾ പലതും പറയാനുണ്ടു. പേഴ്സ്യക്കാരുടെ അതിവിശിഷ്ടമായ സംസ്കാരം ഒട്ടൊന്ന് ഇന്ത്യയിലേക്കു പകർത്താൻ ഇക്കാലത്ത് അവസരം സിദ്ധിച്ചു. ശില്പികൾ, മരാമത്തുവിദഗ്ദ്ധന്മാർ തുടങ്ങിയവർ അവരുടെ സമ്പ്രദായങ്ങളനുസരിച്ചുള്ള കെട്ടിടങ്ങൾ ഇന്ത്യയിൽ പണിതു. പേഴ്സ്യൻ കലകൾക്ക് ഇന്ത്യയിൽ പ്രചാരം സിദ്ധിച്ചു. അവ പുതിയ പല മാതൃകകളും നമുക്കു കാട്ടിത്തന്നു. നമ്മുടെ പരിഷ്കാരത്തോടൊട്ടിച്ചേരാൻ പററിയ പുതിയ നേട്ടങ്ങളായിരുന്നു ഇവയൊക്കെ.

## ഗ്രീക്കുകാർ—അലക്സാണ്ടർ

അലക്സാണ്ടർ പേഴ്സ്യാ സാമ്രാജ്യം കീഴടക്കിയപ്പോഴാണ് വടക്കുപടിഞ്ഞാറൻ ഇന്ത്യയ്ക്കു പേഴ്സ്യൻ ആധിപത്യത്തിൽ നിന്നു മോചനം സിദ്ധിച്ചതെന്നു പറഞ്ഞുവല്ലോ? പക്ഷേ, ഇടത്തുകാലിലെ മന്തു് വലത്തുകാലിലേക്കു പകരുകയേ ഇതുകൊണ്ടുണ്ടായുള്ളു. ഇന്ത്യയ്ക്കു വിദേശീയാധിപത്യത്തിൽനിന്നു മോചനം നൽകാനല്ലാ അലക്സാണ്ടർ വന്നതു്. വലിയ യുദ്ധലക്ഷ്യങ്ങളുണ്ടായിരുന്നു അദ്ദേഹത്തിന്നു്. അതു വിസ്തരിക്കുന്നതിനു മുമ്പായി ഈ യോദ്ധാവു് ആരെന്നന്വേഷിക്കാം.

ഗ്രീസ്സിൽ മാസിഡോണിയ എന്നൊരു രാജ്യം അക്കാലത്തു ഫിലിപ്പ് എന്ന രാജാവിൻെറ നേതൃത്വത്തിൽ പ്രബലപ്പെട്ടു. ഫിലിപ്പിൻെറ പുത്രനായിരുന്നു അലക്സാണ്ടർ. പിതാവിനെ പിന്തുടൎന്നു ഗ്രീസ്സിലെ രാജാവായ അദ്ദേഹം പൌരസ്ത്യരാജ്യങ്ങളെല്ലാം കീഴടക്കി തൻെറ സാമ്രാജ്യം വിസ്തൃതമാക്കാനാണ് ഉന്നം വെച്ചതു്. അന്നു് പേഴ്സ്യാസാമ്രാജ്യമായിരുന്നു ഏഷ്യയിലെ ഏററവും പ്രബലപ്പെട്ട ശക്തി. ഡേരിയസ് മൂന്നാമനായിരുന്നു ഇതിൻെറ ചക്രവൎത്തി. യുദ്ധവീരനായ അലക്സാണ്ടർ മൂന്നുകൊല്ലം കൊണ്ടു് പേഴ്സ്യാസാമ്രാജ്യം ഒട്ടുമുക്കാലും വെട്ടിപ്പിടിച്ചു.

ക്രി. മു. 327-ൽ അലക്സാണ്ടർ ഹിന്ദുക്കുഷ് പൎവ്വതം കടന്നു് സിന്ധുനദീതീരത്തെത്തി. ജെലം, ചീനാബ് എന്നീ നദികൾക്കിടയിലുള്ള പ്രദേശത്തെ ഭരിച്ചിരുന്ന പൌരവ രാജാവായ പുരുഷോത്തമനും (പോറസ് എന്നാണ് ഗ്രീക്കുകാർ വിളിക്കുന്നതു്) തക്ഷശിലയിലെ രാജാവുമാണ് അന്നു് ആ വടക്കുപടിഞ്ഞാറൻ ഇന്ത്യയിലെ പ്രബലപ്പെട്ട രണ്ടു രാജാക്കന്മാർ. ഇവർ തമ്മിൽ പിണങ്ങിക്കഴിഞ്ഞിരുന്ന കാലത്താണ് അലക്സാണ്ടരുടെ വരവ്. ഈ വിദേശീയ ശത്രുവിനെ ഇന്ത്യയിൽ കാലെടുത്തുകുത്താൻ അനുവദിക്കവയ്യെന്നു പോറസ്സിന്നു് ആഗ്രഹമുണ്ടായിരുന്നു. പക്ഷെ, നാണംകെട്ട തക്ഷശിലാരാജാവു് പോറസ്സിനെ സഹായിച്ചില്ലെന്നുമാത്രമല്ല, അലക്സാണ്ടൎക്കു് ഒററിക്കൊടുക്കുക കൂടി ചെയ്തു. ആവുന്നത്ര പണവും സൈന്യവും ആ നാട്ടുരാജാവു് അലക്സാണ്ടൎക്കു് അടിയറ വെച്ചുവത്രേ! ഇങ്ങനെ, ഇന്ത്യയിൽ നിന്നുതന്നെ വേണ്ടത്ര സഹായം ലഭിച്ചപ്പോൾ അലക്സാണ്ടരുടെ ലക്ഷ്യപ്രാപ്തിക്കുള്ള മാൎഗ്ഗം തെളിഞ്ഞു. നാട്ടുരാജ്യങ്ങൾ ഓരോന്നായി അദ്ദേഹം കൊത്തിയെടുത്തു. പക്ഷെ, പോറസ് ഒന്നു പൊരുതിനോക്കാൻ തന്നെ ഉറപ്പിച്ചു. ജെലം നദിയുടെ കിഴക്കെ കരയിൽ അദ്ദേഹം അലക്സാണ്ടരെ തടയാൻ ഒരുങ്ങിനിന്നു.

പോറസ്സിൻെറ പ്രതീക്ഷയ്ക്കു വിരുദ്ധമായി അലക്സാണ്ടർ മറെറാരു ഭാഗത്തുകൂടി നദികടന്നു. ഇടുങ്ങിയ ഒരു സ്ഥലത്തു

വെച്ചാണ് ഇരുസൈന്യങ്ങളും തമ്മിൽ കൂട്ടിമുട്ടിയതു്. ഘോരമായ യുദ്ധം നടന്നു. പക്ഷെ, ഇന്ത്യൻ സൈന്യത്തിലെ ആനകൾക്ക് അവിടെ നിന്നു തിരിയാൻ എടം കിട്ടിയില്ല—അലക്സാണ്ടർ ജയിച്ചു. പോറസ് തടവുകാരനാക്കപ്പെട്ടു. ആ നാട്ടുരാജാക്കന്മാർ തമ്മിലുള്ള പൊരുത്തക്കുറവിന്റെ ഫലമാണ് ഇവിടെ കണ്ടതു്.

തന്ത്രജ്ഞനായ അലക്സാണ്ടർ പോറസ്സിനെ യഥോചിതം മാനിക്കുകയും രാജ്യം മടക്കിക്കൊടുക്കുകയുമാണത്രേ ചെയ്തതു്! എന്താണതിന്നു കാരണം? അലക്സാണ്ടരുടെ വിശാലമനസ്കതകൊണ്ടു തോന്നിയ സൌജന്യബുദ്ധിയാണെന്നാണോ നിങ്ങൾ കരുതുന്നതു്? സാമ്രാജ്യലക്ഷ്യങ്ങളുള്ള ഒരു തന്ത്രശാലി ബുദ്ധിപൂർവ്വം സ്വീകരിക്കേണ്ട നയം വാസ്തവത്തിൽ അതൊന്നുമാത്രമായിരുന്നു. ഇന്ത്യയിൽ തന്റെ യുദ്ധലക്ഷ്യങ്ങൾ നിർബ്ബാധം തുടർന്നുകൊണ്ടുപോകണമെങ്കിൽ ഇത്തരം വീരന്മാരെ മുഷിപ്പിക്കാതെ നോക്കണമെന്നു് അദ്ദേഹം മനസ്സിലാക്കി. അതുകൊണ്ടാണ് പോറസ്സിനെ ഇത്രയധികം മാനിച്ചതു്.

അലക്സാണ്ടരുടെ ഉന്നം പിഴച്ചില്ല. പ്രതീക്ഷിച്ചതുപോലെത്തന്നെ മുമ്പോട്ടുപോകാൻ യാതൊരു പ്രയാസവുമുണ്ടായില്ല. സിന്ധുതടത്തിലുള്ള ചെറിയ രാജ്യങ്ങൾ പലതും അദ്ദേഹം കീഴടക്കി. പക്ഷെ, യുദ്ധംകൊണ്ടു മടുത്ത ഗ്രീക്കുസേന സ്വരാജ്യത്തേക്കു മടങ്ങണമെന്നു നിർബ്ബന്ധം ചെലുത്തിയതിനാൽ അദ്ദേഹത്തിന്നു പിന്തിരിക്കേണ്ടിവന്നു. സിന്ധുവിന്റെ ഒരു ശാഖയായ ബിയസ്സ് നദിവരെയാണ് അദ്ദേഹം മുമ്പോട്ടുപോയതു്. മടക്കയാത്രയിൽ സിന്ധുനദിയുടെ തെക്കെ താഴ്‌വരയിലുള്ള പല ലഹളകളും അമർത്തി നദീമുഖത്തെത്തി. അവിടെവെച്ചു സൈന്യത്തെ മൂന്നുവഴിയായിട്ടത്രേ മടങ്ങാൻ നിർദ്ദേശിച്ചതു്. മരുഭൂമിയിൽക്കൂടി വളരെ ക്ലേശങ്ങൾ സഹിച്ചു യാത്രചെയ്ത ആ യുദ്ധവീരനു പിന്നെ ഇന്ത്യയിലേക്കു മടങ്ങിവരാൻ കഴിഞ്ഞില്ല.

ഇത്രയും നീണ്ടുനിന്ന ഈ ആക്രമണങ്ങളത്രയും കഴിച്ചിട്ടു് എന്താണ് ഗ്രീക്കുകാർക്കു നേട്ടമുണ്ടായതു്? പേഴ്സ്യ

ക്കാരെപ്പോലെ സാമ്രാജ്യത്തിന്റെ ഒരു ഘടകമെന്നനിലയിൽ ഇന്ത്യ ഭരിക്കാൻ അവൎക്കു സാധിച്ചില്ല. എന്നാൽ, ഇന്ത്യക്കു പലതും നേടാൻ കഴിഞ്ഞു. പരസ്പരം കലഹിച്ചു കഴിഞ്ഞിരുന്ന ചെറുകിടരാജാക്കന്മാരെ മുഴുവൻ അലക്സാണ്ടർ കീഴടക്കുകയാൽ പിന്നീടുണ്ടായ മൌൎയ്യസാമ്രാജ്യസ്ഥാപനത്തിന്നു് എളുപ്പം സിദ്ധിച്ചു. ബാക്ട്രിയ, സിറിയ, തുടങ്ങിയ ഗ്രീക്കുരാജ്യങ്ങളുമായുള്ള ബന്ധം ഈ ആക്രമണംമൂലം കൂടുതൽ അടുത്തു. ഇതുവഴി ഇന്ത്യൻ സംസ്കാരത്തിന്നു ഗ്രീക്കുസംസ്കാരത്തിൽനിന്നും ചില നേട്ടങ്ങളുണ്ടായി. ഇന്ത്യക്കാരുടെ യുദ്ധരീതിയിലും ഗ്രീക്കുകാരെ അനുകരിച്ചു പരിഷ്കാരങ്ങൾ വരുത്താൻ സാധിച്ചു.

# ആറാം അദ്ധ്യായം

## മൌൎയ്യസാമ്രാജ്യം.

### ചന്ദ്രഗുപ്തമൌൎയ്യൻ

നാം മഗധരാജ്യത്തിലെ നന്ദവംശത്തെപ്പററി ഇതിനു മുമ്പു പഠിക്കുകയുണ്ടായല്ലൊ! മഹാപത്മനന്ദൻെറ ഭരണകാലത്തു മഗധാസാമ്രാജ്യം പ്രബലപ്പെട്ടുനിന്നു. പക്ഷെ, അനന്തരഗാമികളെക്കുറിച്ചു് ജനങ്ങൾക്കു വലിയ മതിപ്പുണ്ടായില്ല. പലരും ഭരണാധികാരികളെ പഴിക്കാനുണ്ടായി. ഇങ്ങനെ നന്ദവംശത്തിന്നു വിരോധികളായ ഏതാനും പേരുടെ ഒരു വിഭാഗം ക്രമേണ പ്രബലപ്പെട്ടുവന്നു. ഇക്കൂട്ടരുടെ നേതാവായ ചന്ദ്രഗുപ്തനെക്കുറിച്ചാണു് നമുക്കിനി അന്വേഷിക്കാനുള്ളതു്.

രാജകുടുംബവുമായി ബന്ധപ്പെട്ട ഇദ്ദേഹം നന്ദരാജാവുമായുള്ള വിരോധം നിമിത്തം മഗധരാജ്യം വിട്ടു വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളിൽ ചെന്നു താമസമാക്കി. കൌടില്യൻ, അഥവാ ചാണക്യൻ എന്നുപേരായി ബുദ്ധിമാനായ ഒരു ബ്രാഹ്മണനും അദ്ദേഹത്തിന്നു സുഹൃത്തായിട്ടുണ്ടായിരുന്നു. വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളിൽ കഴിച്ചുകൂട്ടുന്ന കാലത്തു ചന്ദ്രഗുപ്തനും അലക്സാണ്ടറുമായി പരിചയപ്പെടാനും ഗ്രീക്കുകാരുടെ യുദ്ധതന്ത്രങ്ങൾ കണ്ടുപഠിക്കാനും അവസരം സിദ്ധിച്ചു. നന്ദന്മാൎക്കെതിരായി യുദ്ധം ചെയ്യാൻ അദ്ദേഹം അലക്സാണ്ടറെ പ്രേരിപ്പിക്കുകകൂടി ചെയ്തിട്ടുണ്ടെന്നു ചിലർ പറയുന്നു. ചന്ദ്രഗുപ്തനെപ്പോലെ ബുദ്ധിമാനും തന്ത്രജ്ഞനുമായ ഒരാൾ അങ്ങനെ ഒരു വിദേശീയാക്രമണത്തിന്നു് ഒററിക്കൊടുക്കുമെന്നു വിശ്വസിക്കാൻ പ്രയാസം.

അലക്സാണ്ടറുടെ മരണം ചന്ദ്രഗുപ്തൻെറ ലക്ഷ്യസിദ്ധിക്കു് അവസരം നൽകി. പ്രബലപ്പെട്ട ഒരു ഗ്രീക്കു് ഭരണാധികാരിയുടെ അഭാവം നിമിത്തം വടക്കുപടിഞ്ഞാറൻ പ്രദേ

ശങ്ങളിൽ പ്രമാണിയായിത്തീരാൻ അദ്ദേഹത്തിന്നു പ്രയാസമുണ്ടായില്ല. ആ പ്രദേശങ്ങളിൽ നിന്നുതന്നെ അദ്ദേഹം ഒരു സൈന്യം ശേഖരിച്ചു. ഗ്രീക്കുകാരുടെ ഭരണത്തിൽ നിന്ന് വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളെ ചന്ദ്രഗുപ്തൻ മോചിപ്പിച്ചു.

പകപോക്കാനാണ് പിന്നെ ചന്ദ്രഗുപ്തൻ പുറപ്പെട്ടതു്. മഗധയിൽ ചെന്ന് നന്ദരാജാവിനെ അദ്ദേഹം തോല്പിച്ചു. ഇങ്ങനെ പഞ്ചാബും മഗധരാജ്യവും ചന്ദ്രഗുപ്തന്നധീനമായി. സൌരാഷ്ട്രം എന്ന രാജ്യവും കൂടി കീഴടക്കിയപ്പോൾ ഉത്തരേന്ത്യയുടെ പരമാധിപത്യമാണ് അദ്ദേഹത്തിന്നു സിദ്ധിച്ചതു്.

ഇത്രയും കഴിഞ്ഞപ്പോൾ മററൊരു സംഭവമുണ്ടായി. അലക്സാണ്ടറുടെ പടനായകന്മാരിലൊരാളായ സെല്യൂക്കസ് നിക്കേററർ ഏഷ്യാമൈനർ മുതൽ ഇന്ത്യവരെയുള്ള ഗ്രീക്കു സാമ്രാജ്യത്തിൻെറ അവകാശവും പറഞ്ഞുകൊണ്ടു് ഇന്ത്യയിലേക്കു കടന്നു. അലക്സാണ്ടറുടെ കാലത്തെ അന്തരീക്ഷമല്ലാ അന്ന് ഇന്ത്യയിലുണ്ടായിരുന്നതെന്ന് ആ പടനായകൻ ധരിച്ചില്ല. ഛിന്നിച്ചിതറി പരസ്പരം കലഹിച്ചു കഴിഞ്ഞിരുന്ന ഒരു ഇന്ത്യയിലാണ് അലക്സാണ്ടർ പടയോട്ടം നടത്തിയതു്. സെല്യൂക്കസ്സോ? കേന്ദ്രീകൃതമായ ഒരു ഉത്തരേന്ത്യാസാമ്രാജ്യത്തിൻെറ നേരെയാണ് പൊരുതാൻ വന്നതു്. അലക്സാണ്ടർക്കു പിന്തുണനല്കാൻ അന്നു ചില കൂട്ടത്തിൽക്കൊററികളുണ്ടായി. അത്തരം അഞ്ചാംപത്തികളൊന്നും മൌര്യവംശത്തിൻെറ കീഴിൽ അടിയുറച്ച ഉത്തരേന്ത്യയിലുണ്ടായിരുന്നില്ല—ഈ വ്യത്യാസങ്ങളത്രയും ബോദ്ധ്യപ്പെട്ടാൽ യുദ്ധത്തിൻെറ ഫലത്തെക്കുറിച്ചു് ഊഹിക്കാൻ പ്രയാസമുണ്ടോ? സെല്യൂക്കസ് തോററു. അഫ്ഘാനിസ്ഥാനത്തിൻെറ ഒരംശവുംകൂടി അദ്ദേഹം ചന്ദ്രഗുപ്തന്നു വിട്ടുകൊടുക്കേണ്ടിവന്നു. നോക്കു ഇന്ത്യ ഏകീകരിച്ചപ്പോഴുണ്ടായ നേട്ടം! സെല്യൂക്കസ്സിൻെറ മകളെ മൌര്യചക്രവർത്തി വിവാഹം ചെയ്തു. സൌഹാർദ്ദനിലയിൽ മെഗസ്തനീസ് എന്ന ഗ്രീക്കുകാരനെ സെല്യൂക്കസ്സിൻെറ വിദേശകാര്യമന്ത്രിയുടെ നിലയിൽ ചന്ദ്രഗുപ്തൻ

സ്വീകരിക്കുകയും ചെയ്തു. ഇങ്ങനെ, മൌര്യവംശം സ്ഥാപിച്ച ചന്ദ്രഗുപ്തന്റെ സാമ്രാജ്യം അറബിക്കടൽ മുതൽ ബംഗാൾ ഉൾക്കടൽവരെയും വടക്ക് ഇന്ത്യയുടെ അതിർത്തിക്കപ്പുറം കാബൂൾവരെയും വ്യാപിച്ചു. എഴുതിവെച്ചിട്ടുള്ള ചരിത്രത്തിൽ വിസ്തൃതമായൊരു കേന്ദ്രീകൃതഭരണം ആദ്യമായി ആരംഭിക്കുകയാണുണ്ടായത്. *

ചക്രവർത്തിയുടെ സചിവനായ ചാണക്യന്റെ 'അർത്ഥശാസ്ത്ര'വും സെല്യൂക്കസ്സിന്റെ പ്രതിനിധിയായി മഗധയിൽ താമസിച്ചിരുന്ന മെഗസ്തനീസ് എഴുതി വെച്ചിട്ടുള്ള രേഖകളും അന്നത്തെ ഭരണത്തെക്കുറിച്ചുള്ള വിശദവിവരം തരുന്നുണ്ട്. പാടലീപുത്രമായിരുന്നു തലസ്ഥാനം. സാമ്രാജ്യത്തിന്റെ നനാഭാഗങ്ങളിലേക്കും നല്ല

**ഭരണം.**

ഗതാഗതമാർഗ്ഗങ്ങളുണ്ടായിരുന്നു. കള്ളന്മാരുടെ ശല്യം കുറവായിരുന്നു. വഴിയരികെ വഴിയമ്പലങ്ങളും ദൂതതാവളങ്ങളും ഉണ്ടായിരുന്നു. കൈക്കൂലിവാങ്ങുന്ന ഉദ്യോഗസ്ഥന്മാർ കുറവായിരുന്നു. കൃഷിക്കു വേണ്ട സൌകര്യങ്ങൾ സർക്കാരിൽ നിന്നു ചെയ്തുകൊടുക്കാറുണ്ട്. മദ്യപാനവും ചൂതുകളിയും നിയന്ത്രിച്ചിരുന്നു. പ്രധാനപ്പെട്ട സ്ഥലങ്ങളിലെല്ലാം ധർമ്മാസ്പത്രികളുണ്ടായിരുന്നു.

ചാണക്യൻ (കൌടില്യൻ എന്നും വിളിക്കാറുണ്ട്.) ധീരനും, കൌശലക്കാരനും, അഭിമാനിയും ആയിരുന്നു. അപമാനം അദ്ദേഹം പൊറുക്കില്ല, പകപോക്കാതെ അടങ്ങിയിരിക്കില്ല; അതാണു് അദ്ദേഹത്തിന്റെ സ്വഭാവം. ചക്രവർത്തിയുടെ ഭരണം സാമ്രാജ്യത്തിലാസകലം ക്ഷേമം പുലർത്തിയതിന്നുത്തരവാദി കൌടില്യനാണ്.

ചന്ദ്രഗുപ്തൻ ജൈനമത വിശ്വാസിയായിരുന്നുവെന്നത്രേ ജൈനരുടെ വിശ്വാസം. രാജ്യത്തിൽ ക്ഷാമമുണ്ടായപ്പോൾ അദ്ദേഹം കൌടില്യന്റെ ഉപദേശമനുസരിച്ച് രാജ്യഭാരമൊഴിഞ്ഞു സന്യാസവൃത്തി സ്വീകരിച്ചതായി പറയപ്പെടുന്നു.

---

* Discovery of India.

രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പുണ്ടായ കഥയാണു് മേൽപറഞ്ഞതെന്നോർക്കുക. ശാസ്ത്രമോ പരിഷ്കാരമോ ഇന്നത്തെപ്പോലെ പുരോഗമിച്ചിട്ടില്ലാ അന്നു്. എന്നിട്ടും ഒരു ചെറുപ്പക്കാരൻ "പുരാതനവും നിത്യനൂതനവുമായ ദേശീയതയുടെ കാഹളം മുഴക്കി" സ്വന്തം പരിശ്രമം കൊണ്ടു് ഒരു സാമ്രാജ്യം സ്ഥാപിച്ചു് അഖണ്ഡമായ ഒരു ഹിന്ദുസ്ഥാനം സൃഷ്ടിക്കുവാൻ സാധിക്കുമെന്നു കാട്ടിത്തരിക മാത്രമല്ലാ അതു ഭംഗിയായി ഭരിക്കാൻ കൂടി വിഷമമില്ലെന്നു് അനുഭവപ്പെടുത്തി. അതാണു് അതിശയിക്കത്തക്ക നേട്ടം. ചന്ദ്രഗുപ്തനെ എങ്ങിനെ മഹാന്മാരുടെ കൂട്ടത്തിൽ കണക്കാക്കാതിരിക്കും? ക്രി. മു. 298-ലാണത്രെ ചന്ദ്രഗുപ്തൻ വാഴ്ചയൊഴിഞ്ഞതു്.

ചന്ദ്രഗുപ്തനെ പിന്തുടൎന്നു അദ്ദേഹത്തിന്റെ പുത്രൻ ബിന്ദുസാരൻ ഇരുപത്തഞ്ചു കൊല്ലത്തോളം രാജ്യം വാണതായി പറയപ്പെടുന്നു. പിതാവിന്റെ വിസ്തൃതമായ സാമ്രാജ്യത്തെ അദ്ദേഹം യഥോചിതം ഭരിച്ചു് ക്ഷേമം പുലൎത്തി അയൽരാജ്യങ്ങളുമായുള്ള സൌഹാൎദ്ദം നിലനിൎത്തി. മൌൎയ്യസാമ്രാജ്യത്തെ ദക്ഷിണഖണ്ഡത്തിലേക്കു കൂടി നീട്ടിയതു് ബിന്ദുസാരനായിരിക്കാം. ബിന്ദുസാരന്റെ മരണശേഷം രാജ്യാവകാശത്തെസ്സംബന്ധിച്ചു എന്തോ ചില അവകാശത്തൎക്കങ്ങളുണ്ടായെന്നു തോന്നുന്നു. ഏതു വിധമായാലും അദ്ദേഹത്തിന്റെ പുത്രനായ അശോകനാണു് പിന്നീടു ചക്രവൎത്തിയായതു്. ഈ മഹാശയനെക്കുറിച്ചു നമുക്കൊന്നു വിസ്തരിച്ചു പഠിക്കുകതന്നെ വേണം.

## അശോകൻ

ഇന്ത്യയുടെ അഭിമാനസ്തംഭം നാട്ടിയ ചക്രവൎത്തിമാരിൽ അദ്വിതീയനാണു് അശോകൻ. ലോകചരിത്രം പഠിക്കുന്ന ഒരു പൌരന്റെ മനോഭിത്തിയിൽ മായാതെ കിടക്കുന്ന ചിത്രങ്ങളിലൊന്നു് മഹാനായ ഈ ചക്രവൎത്തിയുടേതാണെന്നറിയുമ്പോൾ ഏതൊരു ഭാരതീയനാണു് പുളകം കൊള്ളാത്തതു്?

കലിംഗയുദ്ധം

അശോകൻ ചക്രവത്തിയായി ഏറെത്താമസിയാതെ കലിംഗരാജ്യത്തോട യുദ്ധത്തിന ചെന്നു. അഖണ്ഡമായിത്തീരേണ്ട ഹിന്ദുസ്ഥാനത്തിൽ ഒരു ചെറുരാജ്യംമാത്രം ഒററതിരിഞ്ഞു നില്ക്കുന്നതു പൊതുക്ഷേമത്തിന്നു ഹാനികരമല്ലേ? അതുകൊണ്ട് ഈ യുദ്ധം അന്യായമല്ല. പക്ഷെ, ഈ യുക്തികളുണ്ടോ കലിംഗരാജാവിൻെറ ചെവിയിൽ കയറുന്നു? എന്തിനധികം? അനേകം ആളുകളെ പടക്കളത്തിൽ ബലികഴിച്ചിട്ടേ അശോകനു ജയിക്കാൻ കഴിഞ്ഞുള്ളു.

മനഃപരിവത്തനം

അസംഖ്യം യുദ്ധങ്ങളുടെ കഥകൊണ്ടു സമ്പൂണ്ണമായിട്ടുള്ള ലോകചരിത്രത്തിൽ ഈ യുദ്ധത്തിന്നു വലിയൊരു സ്ഥാനമാണ് കല്പിച്ചിട്ടുള്ളതു്. എന്താണതിന്നു കാരണം? ഈ സമരത്തിലെ ജീവനാശം അശോകനെ മാനസാന്തരപ്പെടുത്തി. അതിനുശേഷം അദ്ദേഹം യുദ്ധംചെയ്തിട്ടില്ല മാത്രമല്ലാ, അദ്ദേഹത്തിൻെറ ഭരണനീതിയും ജീവിതരീതിയും ആദശയോഗ്യമായിട്ടാണ് പരിണമിച്ചതു്. അതാണ് കലിംഗയുദ്ധത്തിൻെറ പ്രാധാന്യത്തിന്നു കാരണം.

ബുദ്ധമത-പ്രചരണം

കലിംഗയുദ്ധത്തിൻെറ ഫലമായിരിക്കണം, താമസംവിനാ, അശോകൻ ബുദ്ധമതം സ്വീകരിച്ചതു്. ബുദ്ധദേവൻെറ പുണ്യസ്ഥലങ്ങൾ സന്ദശിച്ചും, സ്തംഭങ്ങളിന്മേൽ മതതത്വങ്ങൾ രേഖപ്പെടുത്തിയും അദ്ദേഹം ബുദ്ധമതത്തിന്നു പ്രചാരം നല്കി. മതപ്രചരണാത്ഥം 'ധമ്മമഹാമാത്രന്മാർ' 'ധമ്മയുക്തന്മാർ' എന്നൊക്കെപ്പേരുള്ള കുറെ ഉദ്യോഗസ്ഥന്മാരെ നിയമിച്ചു. അഹിംസാതത്വത്തെ ആധാരമാക്കി ജന്തുബലിയും നായാട്ടും നിരോധിച്ചു.

വിദേശങ്ങളിലും.

ഇന്ത്യക്കു പുറത്തും അശോകൻ ബുദ്ധമതം പ്രചരിപ്പിച്ചു. സിറിയ, ഈജിപ്ത്, മാസിഡോണിയ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം ബുദ്ധമതപ്രചാരകന്മാർ ചെന്നെത്തി. സ്വന്തം

സഹോദരനേയാണ് അദ്ദേഹം ബുദ്ധമത പ്രചരണത്തിന്നായി സിലോണിലേക്കയച്ചതു്.

സാധാരണ മതഭ്രാന്തന്മാരെപ്പോലെ ഇതരമതങ്ങളെ അശോകൻ അവഹേളിച്ചില്ല. സന്മാർഗ്ഗനിരതരായിരിക്കണം തന്റെ പ്രജകൾ എന്നേ അദ്ദേഹത്തിന്നു സിദ്ധാന്തമുണ്ടായിരുന്നുള്ളു. ഈ ഒരു ആഗ്രഹം വിജയപ്രദമാക്കാൻ അശോകനെപ്പോലെ സാധിച്ചിട്ടുള്ള ഭരണാധികാരികൾ ലോകത്തിൽ ഒരെടത്തും ഇതുവരെ ഉണ്ടായിട്ടില്ല. പ്രാണികളെ ഹിംസിക്കാതിരിക്കുക, മാതാപിതാക്കന്മാരേയും, ഗുരുക്കന്മാരേയും, വൃദ്ധന്മാരേയും ബഹുമാനിക്കുക, സത്യം പറയുക, മനോവാക്കർമ്മങ്ങൾ പരിശുദ്ധമായിരിക്കുക, ദയാധർമ്മനിരതന്മാരായിരിക്കുക എന്നിവയായിരുന്നു അശോകന്റെ സന്മാർഗ്ഗനിർദ്ദേശങ്ങൾ.

**സന്മാർഗ്ഗനിഷ്ഠ.**

മേൽപറഞ്ഞ സന്മാർഗ്ഗനിർദ്ദേശങ്ങൾക്കു മാതൃകകാട്ടുന്നതായിരുന്നു അശോകന്റെ ജീവിതവും ഭരണരീതിയും. വഴിയരികെ തണൽവൃക്ഷങ്ങൾ, മനുഷ്യർക്കും മൃഗങ്ങൾക്കും ആസ്പത്രികൾ തുടങ്ങിയവ സാമ്രാജ്യമൊട്ടുക്കു കാണാമായിരുന്നു. മതപ്രചരണത്തിന്നുവേണ്ടിപണിയിച്ച സ്തൂപങ്ങളും സ്തംഭങ്ങളും അശോകന്റെ ശില്പകലാകൌതുകത്തെക്കൂടി വിശദമാക്കുന്നുണ്ടു്. പാടലീപുത്രത്തിലെ കൊട്ടാരം, കത്തിയവാറിലെ സുദർശനതടാകം എന്നിവയും ശില്പകലാകൌതുകത്തിന്നു ലക്ഷ്യങ്ങളാണ്. കാശ്മീരത്തിലെ ശ്രീനഗരം, നേപാളത്തിലെ ലളിതപട്ടണം എന്നിവ ചക്രവർത്തിയുടെ നഗരനിർമ്മാണസാമർത്ഥ്യം വെളിപ്പെടുത്തുന്നവയായിരുന്നു.

**ഭരണ സാമർത്ഥ്യം.**

അശോകന്റെ ശിലാശാസനങ്ങൾ ചരിത്രകാരന്മാർക്കു വിലപിടിച്ച രേഖകളാണ്. പാറകളിന്മേലും, കല്ലുകളിന്മേലും, സ്തംഭങ്ങളിന്മേലുമൊക്കെ അവ രേഖപ്പെടുത്തീട്ടുണ്ടു്. അതാതുകാലത്തെ രാജശാസനങ്ങളാണ് അവയിൽ കാണുക.

**ശിലാശാസനങ്ങൾ.**

സാമ്രാജ്യവിസ്തൃതി—മഹത്വം.

കലിംഗരാജ്യം മാത്രമേ അശോകൻ യുദ്ധംചെയ്തു കീഴടക്കിയുള്ളുവെങ്കിലും ഉത്തരേന്ത്യയ്ക്കു പുറമേ ദക്ഷിണേന്ത്യയിൽ പകുതിയിലധികം ഭാഗവും മൌര്യസാമ്രാജ്യത്തിന്നധീനമായിരുന്നു. ഇങ്ങനെ അഖണ്ഡഭാരതം എന്നൊന്നു് അസാദ്ധ്യമല്ലെന്നു വെളിപ്പെടുത്തിയ അശോകനെ എത്രതന്നെ ആദരിച്ചാലാണു് മതിയാകുക? ഇന്ത്യയെ ഒരു ഏകീകൃതരാഷ്ട്രമാക്കാൻ സാദ്ധ്യമല്ലെന്നും അഥവാ വല്ലതും അതിന്നുവേണ്ടി ചെയ്തിട്ടുള്ളതു് ബ്രിട്ടീഷുകാരാണെന്നും വാദിക്കുന്നവർ അശോകന്റെ ചരിത്രം പഠിക്കട്ടെ.

മഹത്വം.

അഖണ്ഡഭാരതം സൃഷ്ടിക്കാൻ മാത്രമല്ലാ അതു വാളിന്റെ സഹായംകൂടാതെ സ്നേഹമാകുന്ന ആയുധംകൊണ്ടു മുപ്പത്തേഴു കൊല്ലം ഭരിക്കാനും അശോകനു സാധിച്ചു. ലോകത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ള മറേറതു ചക്രവർത്തിക്കാണു് പ്രജകളെ ഇങ്ങനെ സ്നേഹിച്ചു ഭരിക്കുവാൻ സാധിച്ചിട്ടുള്ളതു്? അതും കേവലമായ ഭരണമാണോ? പരിഷ്കൃതരെന്നഭിമാനിക്കുന്ന നമുക്കുപോലും പ്രായോഗികമെന്നു തോന്നാത്ത സദാചാരനിയമങ്ങളല്ലേ നാം കണ്ടതു്? അതൊക്കെ ജനങ്ങൾ അനുസരിച്ചു എന്നു കേൾക്കുമ്പോൾ എങ്ങനെ അതിശയിക്കാതിരിക്കും?

## മൌര്യന്മാരുടെ ഭരണരീതി

അതിവിസ്തൃതമായൊരു സാമ്രാജ്യമാണു് മൌര്യചക്രവർത്തിമാർ കെട്ടിപ്പടുത്തതെന്നു നാം കണ്ടുവല്ലോ! ഈ സാമ്രാജ്യത്തെ എങ്ങനെ ഭരിച്ചുവെന്നന്വേഷിക്കാതെ തരമില്ല. ചന്ദ്രഗുപ്തന്റെ ഭരണകാലത്തെ ക്ഷേമസ്ഥിതിയെപ്പററി ചില സൂചനകൾ നൽകിയതല്ലാതെ മൌര്യന്മാരുടെ ഭരണസമ്പ്രദായത്തെക്കുറിച്ചു വിശേഷിച്ചൊന്നും നാം ഇതുവരെ അന്വേഷിച്ചില്ല. ഒരു ഭാരതീയ പൌരനു കണ്ടുപഠിക്കാനുള്ള പല പാഠങ്ങളും ആ ഭരണരീതിയിലുള്ളതുകൊണ്ടു് നമുക്കതു മനസ്സിലാക്കുകതന്നെ വേണം.

സാമ്രാജ്യത്തെ സംസ്ഥാനങ്ങളായി ഭാഗിച്ച് ഓരോന്നിലും വൈസറോയിമാരെ നിയമിച്ചു. വലിയ സംസ്ഥാനങ്ങളിലെ വൈസറോയിമാർ അധികവും രാജകുടുംബാംഗങ്ങളായിരുന്നു. അവരെ ‘കുമാരൻ’ ‘ആര്യപുത്രൻ’ എന്നൊക്കെയാണ് വിളിക്കാറുള്ളത്. ചെറിയ സംസ്ഥാനങ്ങളെ ഭരിച്ചിരുന്നതു ‘രജ്ജുകന്മാർ’ എന്നു പറയപ്പെട്ടിരുന്ന ഉദ്യോഗസ്ഥന്മാരാണ്. അവരെ സഹായിക്കാൻ ‘പ്രാദേശികന്മാർ, എന്ന പേരിൽ ചില ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു. ചക്രവർത്തിയുടെ ചാരന്മാർ സംസ്ഥാനംതോറും ചുററിനടന്ന് ജനക്ഷേമത്തെക്കുറിച്ച് അന്വേഷിക്കുക പതിവുണ്ട്. വലിയ നഗരങ്ങൾ ഭരിക്കാൻ ‘മഹാമാത്രന്മാർ, എന്നപേരിൽ ചില ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു. ഇതിനു പുറമെ, പ്രത്യേക വകുപ്പുകളുടെ ഭരണത്തിന്നും മഹാമാത്രന്മാരുണ്ടായിരുന്നു.

രാജ്യത്തിന്റെ ഘടകങ്ങളിൽ ഏററവും ചെറിയത് ഗ്രാമമായിരുന്നു. നമ്മുടെ വില്ലേജിന്റെ സ്ഥാനമാണ് ആ ഗ്രാമത്തിനുള്ളത്. ഗ്രാമത്തലവനെ ‘ഗ്രാമണി, എന്നാത്രെ വിളിച്ചിരുന്നത്. ഏതാനും ഗ്രാമങ്ങൾ ചേർത്ത് അവയുടെ മേലന്വേഷണത്തിന്നായി ഒരു ഗോപനെ നിയമിക്കുക പതിവുണ്ട്. ഈ ഗോപന്മാരുടെ മേലധികാരിയായ രജ്ജുകൻ, ആ ചെറിയ സംസ്ഥാനത്തിന്റെ ഭരണാദ്ധ്യക്ഷനാണ് ചക്രവർത്തിയെ സഹായിക്കുവാൻ ഒരു മന്ത്രിസഭയുണ്ടായിരുന്നു. പരിഷ്കൃതങ്ങളായ വിദേശീയരാജ്യങ്ങളിലെ ഭരണസമ്പ്രദായത്തിൽനിന്ന് അനുകരണീയങ്ങളായ മാതൃകകൾ സ്വീകരിക്കാൻ മൌര്യ: ചക്രവർത്തിമാർ മടിക്കാറില്ലത്രെ.

നിലനികുതിക്കു പുറമെ ജലസേചനനികുതി, കടൽച്ചുങ്കം, വാണിഭച്ചുങ്കം, നാണയനിർമ്മാണത്തിന്മേലുള്ള ആദായം, ചില കൈത്തൊഴിലുകളിന്മേൽ ചുമത്തിയിരുന്ന ലൈസൻസുകൾ മുതലായവയത്രെ രാജ്യത്തിന്നു മുതലെടുപ്പുണ്ടാക്കിയിരുന്ന മാർഗ്ഗങ്ങൾ. ധനികന്മാരിൽ നിന്നു സംഭാവനകൾ പിരിക്കുകയും പതിവുണ്ട്,

ഈ പണമത്രയും പിരിച്ചിട്ട് എന്താണ് ചെയ്തിരുന്നത്? സൃഷ്ടിപരമായൊരു ഭരണപരിപാടി മൌര്യചക്രവ

ത്തിമാർക്ക് നടപ്പാക്കാനുണ്ടായിരുന്നു. ഉദ്യോഗസ്ഥന്മാരുടേയും സൈന്യത്തിൻെറയും ശമ്പളത്തിന്നു പുറമെ വേറെയും പല ചിലവുകളുമുണ്ടായിരുന്നു. പൊതു നിരത്തുകൾ, ജലസേചനത്തിന്നുള്ള തോടുകൾ, അനാഥശിത്തുപരിപാലനം, മതപ്രചരണം, ധർമ്മസ്ഥാപനസംരക്ഷണം എന്നിങ്ങനെ പലതും അതിൽ ഉൾപ്പെട്ടം.

തലസ്ഥാനനഗരത്തിൻെറ ഭരണത്തെസ്സംബന്ധിച്ച പ്രത്യേകം പ്രസ്താവിക്കേണ്ടതുണ്ടു്. ആറു പഞ്ചായത്തു ബോർഡുകളാണത്രേ തലസ്ഥാനത്തിലെ വിവിധങ്ങളായ ഭരണകർമ്മങ്ങൾ നിർവ്വഹിച്ചിരുന്നതു്. അഞ്ചംഗങ്ങൾ വീതമുള്ള ആറു പഞ്ചായത്തുകളുടെ മേൽനോട്ടത്തിലായിരുന്നു സൈന്യം.

ഇത്രയും കണ്ടതിൽനിന്നു മൌര്യന്മാരുടെ ഭരണത്തെപ്പററി എന്താണു് നിങ്ങൾ ധരിക്കുന്നതു്? അതു് ഏകാധിപത്യമാണെന്നു് ആവലാതി പറയുമോ? അതത്ര സാരമാക്കാനില്ല. ഏകാധിപത്യം നിസ്വാത്ഥവും പൊതുജനക്ഷേമത്തിന്നു പര്യാപ്തവുമാണെങ്കിൽ അതിൽപരം നല്ല ഭരണരീതി മറെറാന്നില്ല. അതാണു് മൌര്യന്മാരുടെ ഭരണസമ്പ്രദായത്തിൽ കണ്ട നന്മ. പട്ടണങ്ങൾ പെരുകി; കച്ചവടം വൎദ്ധിച്ചു; കച്ചവടക്കാരുടെ അഴിമതികൾ തടയപ്പെട്ടു; സാധനങ്ങളുടെ വില നിയന്ത്രിക്കപ്പെട്ടു; ധർമ്മനിഷ്ഠ രാജ്യമാസകലം കാണപ്പെട്ടു. ചെറുതരം തൊഴിൽ സംഘടനകൾ പലതും അന്നു രൂപമെടുത്തു. വിധവകൾക്കു പുനർവ്വിവാഹസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടു. വിദ്യാലയങ്ങൾ അനേകം സ്ഥാപിക്കപ്പെട്ടു. ഇതൊക്കെപ്പോരേ രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പുള്ള പരിഷ്കാരത്തിൻെറ ചരിത്രത്തിൽ അത്ഭുതാവഹങ്ങളായ നേട്ടങ്ങളായി പരിഗണിക്കപ്പെടാൻ?

എന്നാൽ, കുറവുകളുണ്ടായിരുന്നില്ലേ? ഉണ്ടു്. അടിമസമ്പ്രദായം അന്നു നടപ്പുണ്ടായിരുന്നു. സാമ്രാജ്യത്തിൻെറ രക്ഷയ്ക്കാവശ്യമുള്ളത്ര വലിയ സൈന്യം അവിടെ ഉണ്ടായിരുന്നില്ല. അശോകനെപ്പോലെയുള്ള അസാധാരണ സാമൎത്ഥ്യവും ധർമ്മനിഷ്ഠയുമുള്ള ഒരു മേലധികാരിക്കു് കുഴപ്പങ്ങ

ളൊന്നും നേരിടേണ്ടിവന്നില്ലെങ്കിലും അദ്ദേഹത്തിന്റെ പിൻഗാമികളുടെ കാലംവന്നപ്പോൾ ഭരണസമ്പ്രദായത്തിലെ കുറവുകൾ മുഴച്ചുകണ്ടു.

## മൌര്യസാമ്രാജ്യാധഃപതനം

മുപ്പത്തേഴുകൊല്ലത്തെ സദ്ഭരണംകൊണ്ടു് സമാജ്ജിച്ച സമാധാനവും സംഘടനയും അശോകന്റെ നിര്യാണത്തോടുകൂടി അസ്തമിച്ചു. വിസ്തൃതമായ മൌര്യസാമ്രാജ്യം മൂന്നായി പങ്കിട്ടു. അശോകന്റെ പുത്രനായ ജലൌകൻ കാശ്മീരത്തിലെ രാജാവായി. പൌത്രരായ ദശരഥനും സമ്പ്രതിയുംകൂടി ബാക്കി ഭാഗം പങ്കിട്ടെടുത്തു. ദശരഥന്റെ തലസ്ഥാനം പാടലീപുത്രവും സമ്പ്രതിയുടേതു് ഉജ്ജയിനിയുമായിരുന്നു. മതസംബന്ധമായ അഭിപ്രായ വ്യത്യാസങ്ങളെ പിടിച്ചു് ഇവർതമ്മിൽ കലഹിച്ചു് മൌര്യസാമ്രാജ്യം ക്ഷയിപ്പിച്ചു.

അശോകന്റെ പിൻഗാമികൾ.

അശോകന്റെ പിൻഗാമികളുടെ ദൌർബ്ബല്യം മാത്രമാണോ മൌര്യസാമ്രാജ്യത്തിന്റെ അധഃപതനത്തിന്നുകാരണം? അതുപറയാൻവയ്യ. അശോകന്റെ വീണ്ടുവിചാരക്കുറവും സാമ്രാജ്യത്തെ അധഃപതനത്തിലേക്കു നയിച്ചിട്ടുണ്ടു്. ഭരണകാര്യങ്ങളിൽ പ്രവർത്തിക്കുന്നവർ പ്രായോഗികമനുഷ്യരായിരിക്കണം. വിസ്തൃതമായ ഭാരതസാമ്രാജ്യം സൈന്യംകൂടാതെ ഭരിക്കാൻ സാധിക്കുമെന്നു വ്യാമോഹിച്ചതു വിഡ്ഢിത്തമായി. പ്രാദേശികഭരണം അതാതു നാട്ടുരാജാക്കന്മാരിൽത്തന്നെ സമർപ്പിച്ചതു് അതിലേറെ അബദ്ധമായി. അശോകൻ ഒരു മഹാശയനായതുകൊണ്ടു് അവർ ആദരിച്ചു. എന്നാൽ, പിൻഗാമികളുടെ നില അതല്ലായിരുന്നു. സ്വാതന്ത്ര്യപ്രേമികളായ കലിംഗരെ കീഴടക്കാൻ കഴിച്ച വിഷമം നാം കണ്ടതാണു്. അങ്ങനെയുള്ളവർ തക്കംകിട്ടുമ്പോൾ തലപൊക്കുമെന്നു കരുതേണ്ടതായിരുന്നു. ഇതിന്നുപുറമേ, ആന്ധ്രന്മാർ എന്നൊരുകൂട്ടർ പ്രബലപ്പെട്ടുവരുന്ന കാലമായിരുന്നു അതു്.

അധഃപതന കാരണങ്ങൾ.

**ബാക്ട്രിയൻ ഗ്രീക്കുകാർ.**

സാമ്രാജ്യത്തിനകത്തെ സ്ഥിതി മേൽപറഞ്ഞവണ്ണമായിരിക്കെ ബാക്ട്രിയയിലെ ഗ്രീക്കുകാർ വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളോരോന്നായി വെട്ടിപ്പിടിച്ചു. അഫ്ഘാനിസ്ഥാനം, ബലൂചിസ്ഥാനം, പഞ്ചാബ്, സിൻഡ് എന്നീ രാജ്യങ്ങളൊക്കെ ബാക്ട്രിയൻ ഗ്രീക്കുകാരുടെ അധീനത്തിലായി. ഇങ്ങനെ, മൌര്യസാമ്രാജ്യം തീരെ ക്ഷയിച്ചഘട്ടത്തിലാണ് പാടലീപുത്രം വാണിരുന്ന ഒടുവിലത്തെ മൌര്യരാജാവിനെ അദ്ദേഹത്തിന്റെ സേനാനായകനായ പുഷ്യമിത്രൻ വധിച്ചു സ്വയം രാജാവായതു്.

**സംഗവംശം പുഷ്യമിത്രൻ.**

പുഷ്യമിത്രൻ സ്ഥാപിച്ച വംശത്തിന്നു് സംഗവംശം എന്നു പേർ. അദ്ദേഹത്തിന്റെ കീഴിൽ മഗധസാമ്രാജ്യം പുനർജ്ജീവിച്ചു. അന്നു വടക്കുപടിഞ്ഞാറൻ പ്രദേശങ്ങൾ ഭരിച്ചിരുന്ന ബാക്ട്രിയൻ ഗ്രീക്കുരാജാവായ മീനാൻഡർ മഗധ ആക്രമിക്കയുണ്ടായി. പക്ഷെ, യുദ്ധവീരനായ പുഷ്യമിത്രൻ ഈ വിദേശികളെ ആട്ടിയോടിച്ചു. ഇതിനെ തുടർന്നു ഖരവേലൻ എന്ന കലിംഗരാജാവാണു് പുഷ്യമിത്രനോടെതിർത്തതു്. ഈ യുദ്ധത്തിലും സംഗസാമ്രാട്ടു് വിജയിയായി. ഇതിന്നിടയിൽ പുഷ്യമിത്രന്റെ പുത്രനായ അഗ്നിമിത്രൻ വിദർഭരാജാവിനേയും തോല്പിച്ചു. പ്രശസ്തങ്ങളായ ഈ വിജയങ്ങളെ ഘോഷിക്കാൻ അന്നൊരു അശ്വമേധം നടത്തുകയുണ്ടായി. സംഗന്മാർ ഹിന്ദുമതവിശ്വാസികളായിരുന്നുവെന്നാണു് ഈ യാഗം തെളിയിക്കുന്നതു്.

**കണ്വവംശം.**

പുഷ്യമിത്രനെ പിന്തുടർന്ന ഒമ്പതു സംഗരാജാക്കന്മാരെപ്പറ്റി നിങ്ങൾ അന്വേഷിക്കേണ്ടതില്ല. ഒടുവിലത്തെ രാജാവിനെ അദ്ദേഹത്തിന്റെ ബ്രാഹ്മണമന്ത്രിയായ വാസുദേവകണ്വൻ നിഗ്രഹിച്ചു സ്വയം രാജാവായി. വാസുദേവന്റെ വംശത്തിന്നു കണ്വവംശം എന്നാണു് പേർ. ഇവർ ക്രി. മു. 72 മുതൽ 27 വരെ ഭരിച്ചു. ഈ നാല്പത്തഞ്ചുകൊല്ലത്തിന്നിടയിൽ നാലു രാജാക്കന്മാരാണത്രെ ഈ വംശത്തിലുണ്ടായതു്.

# ഏഴാം അദ്ധ്യായം

## കലങ്ങിമറിഞ്ഞ ഭാരതം

സംഗകണ്വവംശങ്ങളും ഇന്ത്യാചരിത്രത്തിന്റെ തിരശ്ശീലമേൽ വന്നു മങ്ങിപ്പോയ രണ്ടു ചിത്രങ്ങളാണ്. മൌര്യസാമ്രാജ്യത്തിന്റെ കൊടിക്കീഴിൽ ഇണങ്ങിച്ചേർന്ന ഹിന്ദുസ്ഥാനം ക്രമേണ അടർന്നടർന്നു വേർതിരിയുന്നൊരു ഹൃദയഭേദകമായ കാഴ്ചയാണ് നാം കാണുന്നതു്. ഇതിന്നിടയിൽ വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളിൽ വിദേശീയരുടെ സ്വാധീനശക്തിയും ധാരാളം കാണപ്പെട്ടു.

### ഗ്രീക്കുകാർ

ഡെമെററ്റിയസ് എന്ന ഗ്രീക്ക് * നേതാവിന്റെ വംശത്തെക്കുറിച്ചാണ് നമുക്കിവിടെ അന്വേഷിക്കാനുള്ളതു്. കിഴക്കൻ പഞ്ചാബ് ഭരിച്ചിരുന്നതു് ഈ ഡെമെററ്റിയസ്സിന്റെ വംശക്കാരാണ്. ഇക്കൂട്ടത്തിൽപ്പെട്ട മീനാർഡർ എന്ന ഗ്രീക്കുകാരനത്രേ പുഷ്യമിത്രന്റെ കാലത്തു കിഴക്കോട്ടു കടന്നു് ആക്രമണം നടത്തിയതു്. മിനാർഡർ ബുദ്ധമതം സ്വീകരിച്ചതായി പറയപ്പെടുന്നു. ക്രി. മു. 50 വരെ ഈ വംശക്കാർ കിഴക്കൻ പഞ്ചാബിൽ പ്രബലപ്പെട്ടുനിന്നു. ശാകന്മാരുടെ ആക്രമണത്തോടുകൂടിയാണ് ഇവരുടെ ചരിത്രം നാമാവശേഷമായതു്. ഭംഗിയുള്ള പല നാണ്യങ്ങളും ഇക്കാലത്തു പഞ്ചാബിൽ നടപ്പാക്കുകയുണ്ടായി.

ഇനി വടക്കുപടിഞ്ഞാറൻ പ്രദേശത്തുള്ള ഗാന്ധാരത്തിന്റെ കഥയാണ് നോക്കാനിരിക്കുന്നതു്. യൂക്രാററിഡിസ് എന്നൊരു ഗ്രീക്കുകാരന്റെ വംശമാണ് ഈ പ്രദേശങ്ങളുടെ ആധിപത്യം വഹിച്ചിരുന്നതു്. ജെലംനദിവരെയുള്ള സ്ഥലങ്ങളെല്ലാം അവർക്കധീനമായിരുന്നു. പുഷ്ക്കലാ

* യവനർ എന്നാണ് ഇന്ത്യക്കാർ പറയാറുള്ളതു്.

വതി, തക്ഷശില എന്നിങ്ങനെ രണ്ടു നഗരങ്ങൾ അവിടങ്ങളിൽ സാമാന്യം പ്രതാപത്തോടുകൂടി പരിലസിച്ചിരുന്നു. ക്രി. മു. 40–നിടയ്ക്കുള്ള കാലത്തു ശാകന്മാർ ഇവരേയും തോല്പിച്ചു. അന്നുമുതല്ക്കാണ് ഗ്രീക്കുകാരുടെ സ്വാധീനശക്തി ഇവിടെ ഇല്ലാതായതു്.

ഈ ഗ്രീക്കുകാരെപ്പററി എന്താണ് നാം മനസ്സിലാക്കേണ്ടതു്? വിദേശീയാക്രമണവും വിദേശീയ സമ്പർക്കവുംകണ്ടു പഴകിയ നമുക്ക് ഇവരെക്കുറിച്ചു പ്രത്യേകം പഠിക്കാനെന്തുണ്ടു്? അവർ ഇന്ത്യക്കാരോടു യോജിച്ച് ഇന്ത്യൻസമ്പ്രദായങ്ങളോടിണങ്ങിച്ചേർന്നിരുന്നുവെന്നതാണ് ഏററവും വലിയ ആശ്വാസം. ഈ സ്ഥിരസമ്പർക്കംകൊണ്ടു ഗ്രീക്കുകാരുടെ സംസ്കാരം നമുക്കും ഏറെക്കുറെ നേടാൻ കഴിഞ്ഞു. വൈദ്യം, ഗണിതം തുടങ്ങിയ ശാസ്ത്രങ്ങൾക്കെല്ലാം അവരുടെ സമ്പർക്കംകൊണ്ടു പുരോഗതിയുണ്ടായി. ഇതുപോലെത്തന്നെ തത്വശാസ്ത്രത്തിലും ഗ്രീക്കുകാരുടെവക സംഭാവനകളുണ്ടായി.

## ശാകപഹലവന്മാർ

ഗ്രീക്കുകാരെപ്പോലെ വേറേയും ചില വിദേശീയർ ഇന്ത്യയിലേക്കു കടന്നുകൂടുകയുണ്ടായി. അവരിൽ പ്രമാണികളാണ് ശാകന്മാരും പഹലവന്മാരും. 'സിത്തിയർ' എന്നു പറയപ്പെടുന്ന വർഗ്ഗവും ശാകന്മാർതന്നെയാണത്രേ! ശാകന്മാർ നല്ല യുദ്ധവീരന്മാരും എന്തിനും പോന്നവരുമായിരുന്നു. ഇവർ ബാക്ട്രിയയിലെ ഗ്രീക്കുകാരെ തോല്പിച്ചു പതുക്കെ മുമ്പോട്ടു കടന്നു. ഇന്ത്യയുടെ വടക്കു പടിഞ്ഞാറുള്ള ചുരങ്ങളിൽക്കൂടി കടന്നു സിന്ധുനദീതടത്തിൽ താവളം പിടിച്ചു. പഞ്ചാബും ഗുജറാത്തും അവർക്കധീനമായി.

ഇക്കാലത്തു് ഈ ശാകന്മാർക്കധീനമായിരുന്ന സ്ഥലങ്ങളുടെ പടിഞ്ഞാറവശത്തെ കഥയെന്താണെന്നു നോക്കാം. പാർത്തിയാ സാമ്രാജ്യം മിക്കവാറും ക്ഷയിച്ചിട്ടുണ്ടായിരുന്നു. പഹലവന്മാരത്രേ ഇവിടങ്ങളിൽ പ്രമാണികളായിരുന്നതു്. ഇവരും ശാകന്മാരും ഒന്നിച്ചു കഴിഞ്ഞിരുന്ന

തായി വിചാരിക്കാൻ വേണ്ട തെളിവുകളുണ്ടു്. അതുകൊണ്ടു് ഈ കൂട്ടരെ ശാകപഹലവന്മാർ എന്നും വിളിച്ചുവരുന്നു, വടക്കു പടിഞ്ഞാറൻ ഇന്ത്യയും പേഴ്സ്യയുടെ ഏതാനും ഭാഗങ്ങളും കൂടിയ ഒരു രാജ്യത്തിന്റെ ആധിപത്യമാണു് ഇവർ നേടിയതു്. ക്രി. അ. 19 മുതൽ 45 വരെ വാണ ഗോൺഡോഫറസ് ആണത്രേ ഈ വംശത്തിലെ രാജാക്കന്മാരിൽ വെച്ചു പ്രമാണി. അദ്ദേഹത്തിന്റെ കാലശേഷം ഇവരുടെ വംശം മിക്കവാറും നാമാവശേഷമായി.

## ശാകസാററ്റപ്പുമാർ

ഈ ശാകപഹലവന്മാരുടെ സാമന്തന്മാരായി ചെറുരാജ്യങ്ങൾ ഭരിച്ചിരുന്നവരെക്കുറിച്ചും രണ്ടുവാക്കു പറയേണ്ടതുണ്ടു് സാററ്റപ്പ് എന്നാണു് അത്തരം ഭരണകർത്താവിനെ വിളിച്ചിരുന്നതു്. തക്ഷശില, മധുര, മാൾവ തുടങ്ങിയ സ്ഥലങ്ങളെല്ലാം അവരുടെ അധീനത്തിലായിരുന്നു. ഈ കൂട്ടത്തിൽ രുദ്രദാമൻ എന്നൊരാളുടെ പേർ നാം സ്മരിക്കേണ്ടതുണ്ടു്. പണ്ഡിതനും യുദ്ധവീരനുമായ ഇദ്ദേഹം അയൽപ്രദേശങ്ങൾ പലതും കീഴടക്കി. മൌര്യ ചക്രവർത്തിമാരാൽ പണിയിക്കപ്പെട്ട സുദർശന തടാകം കേടുതീർപ്പിച്ചതാണു് ഇദ്ദേഹം ചെയ്ത മറെറാരു പ്രവൃത്തി. ഈ സാററ്റപ്പുമാർ ശാകപഹലവന്മാരുടെ അധഃപതനത്തിന്നുശേഷം വന്ന കുഷാണന്മാരുടെ കീഴിലും സാമന്തനിലയിൽ പ്രവർത്തിച്ചിട്ടുണ്ടു്.

## കുഷാണന്മാർ

ഈ കുഷാണന്മാർ എവിടന്നുവന്നു? അതാണു് ഇനി നമുക്കന്വേഷിക്കാനുള്ളതു്. ബാക്ട്രിയക്കാരേയും സിന്ധുതടത്തിലെ ശാകന്മാരേയും തോല്പിച്ച ഈ വംശക്കാർ യൂച്ചി എന്നൊരു വർഗ്ഗത്തിൽപ്പെട്ടവരാണു്. വടക്കുപടിഞ്ഞാറൻ ചൈനയാണു് യൂച്ചികളുടെ ജന്മദേശം. മറെറാരു കൂട്ടരാൽ ഓടിക്കപ്പെട്ട ഇവർ, ഓക്സസ് നദീതീരത്തുവന്നു താവളമുറപ്പിച്ചു. ഇങ്ങനെ വന്നുകൂടിയ അഞ്ചു വംശക്കാരിൽ കുഷാണർ പ്രബലപ്പെട്ടു. ഹിന്ദുക്കുഷ് പർവ്വതനിരയ്ക്കു തെക്കുള്ള

പ്രദേശങ്ങളത്രയും അവർ കീഴടക്കി പഞ്ചാബുവരെ വന്നെത്തി.

## കനിഷ്കൻ

കുഷാണവംശത്തിലെ ആദ്യത്തെ രണ്ടു രാജാക്കന്മാരെപ്പററി നമുക്കത്ര ശ്രദ്ധിക്കേണ്ടതില്ല. മൂന്നാമത്തെ രാജാവായ കനിഷ്കൻ ഇന്ത്യാചരിത്രത്തിലെ പ്രധാന ചക്രവത്തിമാരിൽ ഒരാളാണു്. മൌര്യന്മാരുടെ കീഴിൽ കേന്ദ്രീകരിച്ച ഉത്തരേന്ത്യ അന്നു കലങ്ങിക്കിടന്നിരുന്ന കാലമായിരുന്നു. അതുകൊണ്ടു് ഹിന്ദുസ്ഥാനം മുഴുവൻ കീഴടക്കാൻ കനിഷ്കനു കഷ്ടപ്പെടേണ്ടിവന്നില്ല. പക്ഷെ, അതല്ലാ കനിഷ്കന്റെ സാമ്രാജ്യത്തിന്റെ പ്രത്യേകത. ഇന്ത്യയ്ക്കു പുറമെ വടക്കും വടക്കുപടിഞ്ഞാറും ഭാഗത്തായി സാമാന്യം വിസ്തൃതമായൊരു പ്രദേശം അദ്ദേഹത്തിനധീനമായിരുന്നു. കാശ്മീരത്തിന്നപ്പുറം യാർഖണ്ഡ്, കാഷ്ഗാർ, ഖോട്ടാൻ എന്നീ സ്ഥലങ്ങളൊക്കെ കനിഷ്കന്റെ സാമ്രാജ്യത്തിലുൾപ്പെട്ടിരുന്നു. പുരുഷപുരം * ആയിരുന്നു അദ്ദേഹത്തിന്റെ തലസ്ഥാനം.

ബുദ്ധമത പുരോഗതി.

സാമ്രാജ്യത്തിന്റെ വിസ്തൃതികൊണ്ടല്ലാ, ഭാരതീയ സംസ്കാരത്തിന്റെ പുരോഗതിക്കുവേണ്ടി ചെയ്ത പരിശ്രമം കൊണ്ടാണു് കനിഷ്കൻ ചരിത്രപ്രഖ്യാതനായതു്. അതിൽ ബുദ്ധമതപ്രചരണമാണു് ഏററവും പ്രധാനം. പല പിഴവുകളും ബുദ്ധമതസിദ്ധാന്തങ്ങളിൽ കടന്നുകൂടീട്ടുള്ള ഒരു കാലമായിരുന്നു അതു്. കാശ്മീരത്തിൽവെച്ചു് അദ്ദേഹം ഒരു ബുദ്ധമതസമ്മേളനം നടത്തി ആചാരങ്ങളിലുള്ള അഭിപ്രായവ്യത്യാസങ്ങളാരാഞ്ഞു് അവയെല്ലാമൊക്കെ തീർപ്പു കല്പിച്ചു. അശ്വഘോഷൻ, വസുമിത്രൻ എന്നീ പണ്ഡിതന്മാർ ഈ സമ്മേളനത്തിൽ പങ്കെടുത്തു. ബുദ്ധനെ ഈശ്വരനെപ്പോലെ ആരാധിക്കുന്നതായ 'മഹായാനസമ്പ്രദായ'മാണു് കനിഷ്കൻ അംഗീകരിച്ചതു്. തന്മൂലം ഈ സമ്പ്രദാ

* ഇന്നത്തെ പെഷവാർ

യത്തിന്നാണു് അന്ന പ്രചാരം സിദ്ധിച്ചതു്. മതഗ്രന്ഥങ്ങൾ പലതും എഴുതിക്കുകയും ബുദ്ധദേവാലയങ്ങൾ പണിയിക്കുകയും ചെയ്തതുമൂലം ഈ ചക്രവർത്തിയുടെ യശസ്സു് അനശ്വരമായിത്തീർന്നു. എന്നാൽ, ബുദ്ധമതത്തെക്കുറിച്ചു് ഇത്രയധികം മതിപ്പുണ്ടായിട്ടും അന്യമതാനുയായികളെ അദ്ദേഹം വിലക്കിയില്ല.

സംസ്കാരാഭിവൃദ്ധി

ബുദ്ധമതപ്രചരണം പോലെതന്നെ സംസ്കാരത്തിന്നഭിവൃദ്ധിയുണ്ടാക്കാനുള്ള മററു കാര്യ്യങ്ങളിലും കനിഷ്കൻ ശ്രദ്ധ പതിപ്പിച്ചു. സാഹിത്യം, ശില്പം ആദിയായ കലകളിൽ അഭിരുചിയുണ്ടായിരുന്ന ചക്രവർത്തിക്കു്. ഗ്രീസ്സു്, ഏഷ്യാമൈനർ തുടങ്ങിയ ദൂരദിക്കുകളിൽ നിന്നു സമർത്ഥന്മാരായ ശില്പികളെ വരുത്തി ഭംഗിയുള്ള ദേവാലയങ്ങളും കെട്ടിടങ്ങളും അദ്ദേഹം പണിയിച്ചു. ഗാന്ധാരം ഒരു കലാകേന്ദ്രമായിത്തീരാൻ വേണ്ട വിത്തിട്ടതു് ഈ ചക്രവർത്തിയാണു്. ആ കലാകേന്ദ്രത്തിന്റെ പ്രശസ്തി അനന്തരകാലത്തു ചരിത്രപ്രഖ്യാതമായിട്ടുണ്ടെന്നറിയുക. അശ്വഘോഷൻ, വസുമിത്രൻ തുടങ്ങിയ പണ്ഡിതന്മാർക്കു ചക്രവർത്തിയിൽ നിന്നു ലഭിച്ച പ്രോത്സാഹനം നിമിത്തം സാഹിത്യത്തിന്നും അന്നു് അഭിവൃദ്ധിയുണ്ടായി.

കച്ചവടം.

കനിഷ്കന്റെ സാമ്രാജ്യം സമ്പത്സമൃദ്ധികൊണ്ടും ശോഭനം തന്നെയായിരുന്നു. പശ്ചിമരാജ്യങ്ങളുമായി കച്ചവടം തുടർന്നു പോകാനുള്ള എല്ലാ സാഹചര്യ്യങ്ങളും അക്കാലത്തുണ്ടായി. കനിഷ്കന്റെ സാമ്രാജ്യം വടക്കുഭാഗത്തു ചൈനയുടേയും പടിഞ്ഞാറുഭാഗത്തു പേഴ്സ്യയുടേയും അതിർത്തികളിലെത്തിയിരുന്നതിനാൽ കരവഴിക്കു മെഡിറററേനിയൻ തീരം വരെ കച്ചവടം നിർബ്ബാധം തുടർന്നു പോകാൻ സൌകര്യ്യം ലഭിച്ചു. നമ്മുടെ മുത്തുകൾ, സുഗന്ധദ്രവ്യങ്ങൾ, മസ്ലിൻ മുതലായവ റോമാനഗരം വരെ ചെന്നെത്തിയിരുന്ന ഒരു കാലമായിരുന്നു അതു്.

ഒരു ചക്രവത്തിയെ 'മഹാൻ' എന്നു പരിഗണിക്കാൻ ഈ പറഞ്ഞതൊക്കെ പോരെന്നുണ്ടോ? ഇന്ത്യയ്ക്കു വകാശപ്പെട്ട അതിരുകളെ അതിലംഘിച്ച് ഒരു സാമ്രാജ്യത്തിന്റെ ആധിപത്യം നേടുക; ആ വിസ്തൃമായ സാമ്രാജ്യം കച്ചവടാഭിവൃദ്ധികൊണ്ടു സമ്പന്നമായിത്തീരുക; മതസംബന്ധമായ അഭിപ്രായവ്യത്യാസങ്ങൾക്കു ന്യായമായ നിവാരണം കണ്ടെത്തുക; സാഹിത്യം, ശില്പം തുടങ്ങിയ സുന്ദരകലകൾക്കു വികസിക്കാൻ വേണ്ട പ്രോത്സാഹനം നല്കുക—ഇനി എന്താണാവശ്യം? ആയിരത്തെണ്ണൂറോളം കൊല്ലങ്ങൾക്കു മുമ്പു വാണ ഒരു ചക്രവത്തിയിൽ നിന്നു ഇത്രയാക്കെ സിദ്ധിച്ചാൽ ധാരാളമായി.

കനിഷ്കന്റെ കാലശേഷം ഒന്നു രണ്ടു പേർ കൂടി ഈ വംശത്തിൽ ഭരണം നടത്തുകയുണ്ടായി അതിനു ശേഷം കുഷാണ സാമ്രാജ്യം ശാകന്മാരുടേയും നാഗന്മാരുടേയും ആക്രമണം മൂലം തകൎന്നുപോകുകയത്രേ ചെയ്തതു്.

## ബുദ്ധമത പുനരുദ്ധാരണം

ഇന്ത്യൻ സംസ്കാരത്തിന്റെ ചരിത്രത്തിൽ എണ്ണപ്പെട്ട ഒരു സ്ഥാനമാണ് ബുദ്ധമതത്തിന്നുള്ളതു്. ഒരു ജനതയുടെ ചരിത്രം പൂൎണ്ണമാകണമെങ്കിൽ അവരുടെ ഭൌതിക പരിഷ്കാരത്തിന്റെ പുരോഗതിയോടൊപ്പം ആദ്ധ്യാത്മിക സംസ്കാരത്തിന്റെ വളൎച്ചയെക്കുറിച്ചും പറയാതെ തരമില്ല. ആദ്ധ്യാത്മിക സംസ്കാരത്തിന്നവലംബമായിട്ടുള്ളതിൽ ഏററവും മുഖ്യമാണല്ലോ മതം. ഈ നിലയ്ക്കു ബുദ്ധമതത്തിന്റെ ചരിത്രത്തെസ്സംബന്ധിച്ചു തെല്ലൊന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

ബുദ്ധനാൽ സ്ഥാപിക്കപ്പെട്ട ആ വിശിഷ്ടമതം അശോക ചക്രവത്തിയുടെകാലത്തു മൌൎയ്യസാമ്രാജ്യമൊട്ടുക്കും ഇന്ത്യയ്ക്കു പ്പുറമുള്ള രാജ്യങ്ങളിലും പ്രചരിച്ചു. പക്ഷെ അക്കാലത്തൊന്നും അതിൽ വിഗ്രഹാരാധനയ്ക്കു സ്ഥാനമുണ്ടായിരുന്നില്ല. ക്രിസ്താബ്ദം രണ്ടാം നൂററാണ്ടോടുകൂടി ഈ സമ്പ്രദായത്തിന്നു വലിയൊരു മാററം വന്നു. ബുദ്ധനെ ഈശ്വരനെപ്പോലെ ആരാധിക്കണമെന്നു വിശ്വസിച്ചിരുന്ന ഒരു വിഭാഗം എണ്ണ

ത്തിൽ പെരുത്തുവന്നു. കനിഷ്കൻെറ കാലത്തു് ഈ പുതിയ സമ്പ്രദായത്തിനു രാജകീയ പ്രോത്സാഹനവും സിദ്ധിച്ചു. ഇങ്ങനെ ബുദ്ധമതക്കാർ രണ്ടു വിഭാഗങ്ങളായി തിരിഞ്ഞു. വിഗ്രഹാരാധനയ്ക്കു വിരോധികളായ പഴയ പക്ഷക്കാരെ 'ഹീനയാനക്കാർ' എന്നും പുതിയപക്ഷക്കാരെ മഹായാനക്കാർ എന്നും വിളിച്ചുവന്നു.

"ബുദ്ധമതതത്വങ്ങൾ ആരംഭിച്ചകാലത്തു് അതിന്നുണ്ടായിരുന്ന പരിശുദ്ധിയെ പരിപാലിച്ചു് അതിന്നു് പാലിശാസനങ്ങൾ വിധിക്കുകയുമാണ് ഹീനയാനം ചെയ്തതു്. എന്നാൽ മഹായാനമാകട്ടെ എല്ലാ തത്വങ്ങളേയും സഹിഷ്ണുതയോടെ ഏററുവാങ്ങി അതാതു രാജ്യത്തെ പ്രത്യേകാഭിപ്രായങ്ങളോടിണങ്ങി നാനാമുഖമായി വികസിച്ചു. *

മഹായാന സമ്പ്രദായത്തിലുള്ള മതഗ്രന്ഥങ്ങളും ബുദ്ധദേവാലയങ്ങളും കനിഷ്കൻെറ കാലത്തു ധാരാളം ഉണ്ടായതായി ഇതിനുമുമ്പു പറഞ്ഞുവല്ലൊ! ചൈനയിൽ മഹായാനസിദ്ധാന്തവും ബർമ്മയിലും സിലോണിലും ഹീനയാനവുമാണ് പ്രചരിച്ചതു്.

---

* Discovery of India—by Jawaharlal Nehru.

# എട്ടാം അദ്ധ്യായം

## ഗുപ്തസാമ്രാജ്യം

കുഷാണ സാമ്രാജ്യത്തിന്റെ അധഃപതനത്തിന്ന ശേഷം നാലാം നൂററാണ്ടു പിറക്കുന്നതുവരേയുള്ള കാലം ഇന്ത്യയിലെ രാഷ്ട്രീയചരിത്രത്തിൽ ഒരു വിടവുണ്ടാക്കുന്നുണ്ട്. അന്നത്തെ ചരിത്രത്തെസ്സംബന്ധിച്ചുള്ള പൂൎണ്ണവിവരം ഇനിയും സിദ്ധിച്ചുകഴിഞ്ഞിട്ടില്ല. എന്നാൽ, ക്രിസ്ത്വാബ്ദം 320-നു ശേഷമുള്ള ചരിത്രം നമുക്കു പൂൎണ്ണമായി ലഭിക്കാൻ വേണ്ട തെളിവുകളുണ്ട്. ബീഹാറിൽ നിന്നുയൎന്നുവന്ന ഒരു ചെറിയ രാജവംശക്കാരുടെ സ്തുത്യൎഹങ്ങളായ നേട്ടങ്ങൾ കൊണ്ടു ശോഭനമായ ഒരു കാലഘട്ടമാണ് നാം ഇവിടെ കാണാൻ പോകുന്നതു്. അതു് ഇന്ത്യയിലെ ഹൈന്ദവകാല ചരിത്രത്തിലെ സുവൎണ്ണഘട്ടമാണ്.

### ഒന്നാം ചന്ദ്രഗുപ്തൻ

ബീഹാറിലെ ഒരു ചെറുകിടരാജാവായി ഘടോൽക്കചൻ എന്നൊരാളുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പുത്രനായ ചന്ദ്രഗുപ്തൻ ലിക്കാവി രാജകുടുംബത്തിൽ പെട്ട കുമാരദേവി എന്ന കന്യകയെ വിവാഹം ചെയ്തു് മഗധ രാജ്യത്തിന്റെ ആധിപത്യം നേടി. ഇങ്ങനെ വിവാഹബന്ധം കൊണ്ടു പ്രബലപ്പെട്ട ചന്ദ്രഗുപ്തൻ ബീഹാറിൽ തനിക്കധീനമല്ലാതിരുന്ന സ്ഥലങ്ങളും അയോദ്ധ്യയും ബംഗാളിന്റെ ഒരംശവും കൈക്കലാക്കി. ക്രിസ്ത്വാബ്ദം 320-ാം ആണ്ടോടുകൂടി അദ്ദേഹത്തിനു് ചക്രവൎത്തി എന്നഭിമാനിക്കാറായി. സാമ്രാജ്യ സ്ഥാപനത്തെ അനുസ്മരിച്ചുകൊണ്ടു് ഒരു പുതിയ കൊല്ലവും അന്നുമുതല്ക്കാരംഭിച്ചു. ചന്ദ്രഗുപ്തൻ സ്ഥാപിച്ച ഈ വംശത്തിന്നു 'ഗുപ്തവംശം' എന്നത്രേ പേർ.

വിസ്തൃതമായൊരു സാമ്രാജ്യം സ്ഥാപിക്കാനുള്ള പശ്ചാത്തലം പണിതുണ്ടാക്കി എന്ന യശസ്സുമതി ചന്ദ്രഗുപ്തനെ

ഇന്ത്യാചരിത്രത്തിൽ ചിരഞ്ജീവിയാകാൻ. ആ സാമ്രാജ്യത്തെ വിജയോന്മുഖമായ ഒരു സമരപരിപാടികൊണ്ടു വിപുലമാക്കിയ മഹാനാണ് അദ്ദേഹത്തെ പിന്തുടൎന്ന ധീരനായ സമുദ്രഗുപ്തൻ. പിൻവാഴ്ചക്കാരനെ തിരഞ്ഞെടുക്കുന്ന കാൎയ്യത്തിൽ ചന്ദ്രഗുപ്തൻ ഒട്ടും ഔചിത്യക്കുറവു കാട്ടിയില്ല. അദ്ദേഹത്തിന്റെ പുത്രന്മാരിൽവെച്ചു ധീരനും ബുദ്ധിമാനുമായിരുന്നു സമുദ്രഗുപ്തൻ. അതറിഞ്ഞിട്ടുതന്നെയാണ് സമുദ്രഗുപ്തനെ ചക്രവൎത്തിയാക്കിയതു്.

## സമുദ്രഗുപ്തൻ

എന്തായിരുന്നു സമുദ്രഗുപ്തന്റെ ലക്ഷ്യം? അശോകമൌൎയ്യന്റെ അധീനത്തിലുണ്ടായിരുന്നത്ര വിസ്തൃതമായ ഒരു സാമ്രാജ്യം തനിക്കും ഭരിക്കാൻ സാധിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. പക്ഷെ, അശോകന് ഒരു കലിംഗരാജ്യത്തോടു മാത്രമേ യുദ്ധം ചെയ്യേണ്ടിയിരുന്നുള്ളു. സമുദ്രഗുപ്തന്റെ നില അതല്ലായിരുന്നു. വിപുലമായൊരു ദിഗ്വിജയപരിപാടി അദ്ദേഹത്തിന്നു സ്വീകരിക്കേണ്ടിവന്നു. കോസലത്തിന്നു തെക്കുവശമുള്ള രാജ്യം ഭരിച്ചിരുന്ന മഹേന്ദ്രനേയും, മഹാകാന്താരാധിപനായ വ്യാഘ്രരാജനേയും അദ്ദേഹം തോല്പിച്ചു. കലിംഗാധിപനായ മന്തരാജനാണ് പിന്നീടു തോല്പിക്കപ്പെട്ടതു്.

ദിഗ്വിജയം.

പിഷ്ടപുരം, കോട്ടൂർ, കാഞ്ചി, അവമുക്തം, വെങ്കി, പലകം, ദൈവരാഷ്ട്രം എന്നീ രാജ്യങ്ങളൊക്കെ ചക്രവൎത്തിയുടെ വരുതിക്കു വഴങ്ങിക്കൊടുത്തു. ഇതുപോലെയുള്ള ഒരു ദിഗ്വിജയം തന്നെയാണ് ഉത്തരദേശങ്ങളിലും അദ്ദേഹം നടത്തിയതു്. ഇത്രയുമായപ്പോൾ അദ്ദേഹത്തിന്റെ സാമ്രാജ്യം കിഴക്ക് ഹൂഗ്ലീനദി മുതൽ പടിഞ്ഞാട്ട് യമുന, ചംബൽ എന്നീ നദികൾവരെയും, ഹിമാലയം മുതൽ തെക്കോട്ടു നൎമ്മദാ നദിവരേയും വ്യാപിച്ചു. ഈ വിജയങ്ങൾ ആഘോഷിക്കാനായി ഒരു 'അശ്വമേധവും' അദ്ദേഹം നടത്തി.

ദിഗ്വിജയത്തിന്റെ പട്ടിക ഇങ്ങനെ നീണ്ടുകാണുന്നതുകൊണ്ടു മറ്റൊന്നും സമുദ്രഗുപ്തനെക്കുറിച്ചു മനസ്സിലാക്കാ

ന്നില്ലെന്നു തെററിദ്ധരിച്ചു പോകരുതു്, ശാസ്ത്രം, കല, എന്നിവയിലെല്ലാം ചക്രവർത്തി ശ്രദ്ധചെലുത്തിയിരുന്നു. അതിനെക്കുറിച്ചു പിന്നീടു വിസ്തരിക്കാം.

## ചന്ദ്രഗുപ്തരണ്ടാമൻ അഥവാ, വിക്രമാദിത്യൻ

സമുദ്രഗുപ്തന്റെ പുത്രന്മാരിലൊരാളായ ചന്ദ്രഗുപ്തനാണു് പിന്നീടു രാജ്യം ഭരിച്ചതു്. ഇദ്ദേഹത്തെ ചന്ദ്രഗുപ്തരണ്ടാമൻ എന്നും വിക്രമാദിത്യൻ എന്നും വിളിക്കാറുണ്ടു്. യുദ്ധത്തിലല്ലാ തന്ത്രത്തിലാണു് വിക്രമാദിത്യൻ വിഖ്യാതി നേടിയതു്. ദക്ഷിണഖണ്ഡത്തിലെ വകടകരാജാവായ രുദ്രസേനനെക്കൊണ്ടു് അദ്ദേഹം തന്റെ പുത്രിയായ പ്രഭാവതിയെ വിവാഹം ചെയ്യിച്ചു് സൌഹാർദ്ദം നേടിയതു ഗുപ്തസാമ്രാജ്യത്തിന്റെ കുററി പടിഞ്ഞാട്ടു നീട്ടിയടിക്കാനാണു്. മാൾവ, ഗുജറാത്തു്, സൌരാഷ്ട്രം എന്നീ രാജ്യങ്ങൾ ഭരിച്ചിരുന്ന ശാക സാററ്റപ്പുമാരെ കീഴടക്കാൻ വിക്രമാദിത്യനു് ഈ സൌഹാർദ്ദം നിമിത്തം നിഷ്പ്രയാസം സാധിച്ചു. കേവലം കുറച്ചുസ്ഥലം പുതുതായി ലഭിച്ചു എന്നതു മാത്രമല്ലാ ഇതുകൊണ്ടുണ്ടായ നേട്ടം. മാൾവയിലെ ഉജ്ജയിനി എന്ന നഗരം അന്നു വിജ്ഞാനത്തിന്റെ കേന്ദ്രമായിരുന്നു. ഗുപ്തസാമ്രാജ്യത്തിന്റെ ഒരു രണ്ടാം തലസ്ഥാനത്തിന്റെ പദവിയാണു് ആ നഗരത്തിനു സിദ്ധിച്ചതു്.

## ഫാഹിയന്റെ സന്ദർശനം

ഫാഹിയൻ എന്നൊരു ചൈനാ തീർത്ഥയാത്രാക്കാരൻ വിക്രമാദിത്യന്റെ കാലത്തു് ഇന്ത്യ സന്ദർശിക്കുകയുണ്ടായി. എന്താണതിനു് ഇത്ര പ്രത്യേകതയുള്ളതെന്നു നിങ്ങൾ ചോദിച്ചേക്കാം. പലരും വരാറുള്ളതുപോലെയല്ലാ ഫാഹിയൻ ഇന്ത്യവന്നു സന്ദർശിച്ചതു്. മഹാ പണ്ഡിതനായ അദ്ദേഹം ഇന്ത്യയിൽ കണ്ട സ്ഥിതിഗതികൾ വിവരിച്ചുകൊണ്ടു് ഒരു ഗ്രന്ഥമെഴുതി. അതാണു് അക്കാലത്തെ ഭരണസമ്പ്രദായത്തെപ്പററിയും മററും നമുക്കു വിശദമായ അറിവുതരുന്ന പ്രമാണഗ്രന്ഥം.

എന്തിനാണു് ഫാഹിയൻ ഇന്ത്യയിൽ വന്നതു്? ബുദ്ധമതാനുയായിയായ അദ്ദേഹത്തിന്നു് ബുദ്ധൻെറ ജന്മദേശം കാണ്മാൻ കൌതുകം തോന്നി. ബുദ്ധമത ഗ്രന്ഥങ്ങൾ ശേഖരിക്കാൻ അഭിലാഷമുണ്ടായി. അതല്ലാതെ, ഇന്ത്യയുമായ് തന്ത്രബന്ധത്തിലേർപ്പെടാനോ, ഇവിടത്തെ രാഷ്ട്രീയ ചരിത്രം രേഖപ്പെടുത്താനോ ഫാഹിയൻ ശ്രമിച്ചിട്ടില്ല. സന്ദർഭവശാൽ അവയെപ്പററി വല്ലതും സൂചിപ്പിച്ചിട്ടുണ്ടെന്നുമാത്രമേയുള്ളൂ.

പാടലീപുത്രത്തിൽ അശോകൻെറ കൊട്ടാരം ഫാഹിയനെ അത്ഭുതപ്പെടുത്തി. ബൌദ്ധാശ്രമങ്ങൾ—ഒന്നു മഹായാനക്കാരുടേയും മറെറാന്നു ഹീനയാനക്കാരുടേയും—അവിടെ കണ്ടു. രണ്ടിലുംകൂടി ഏഴുനൂറോളം സന്യാസിമാരുണ്ടായിരുന്നു. അവരുടെ ഉപദേശങ്ങൾ ഗ്രഹിക്കാൻ നാനാഭാഗത്തുനിന്നും ആളുകൾ വന്നുകൂടാറുണ്ടു്. വിഗ്രഹങ്ങളെ എഴുന്നള്ളിച്ചുകൊണ്ടു് നടത്താറുള്ള ഉത്സവമാണു് ഫാഹിയനെ ആകർഷിച്ച മറെറാരു കാഴ്ച.

മഗധയിലെ പട്ടണങ്ങളെക്കുറിച്ചും ഫാഹിയൻ കുറിച്ചിട്ടുണ്ടു്. ജനങ്ങൾ സാമാന്യേന ധനവാന്മാരായിരുന്നു. ധർമ്മനിഷ്ഠയും അവിടെ കാണപ്പെട്ടു. വിശ്രമമന്ദിരങ്ങളും ധർമ്മാസ്പത്രികളും അവിടെ ഉണ്ടായിരുന്നു. ധനികന്മാരും ഉദാരമനസ്കരുമായ പൌരന്മാരുടെ സംഭാവനകൊണ്ടത്രേ ഈ ധർമ്മസ്ഥാപനങ്ങൾ നടത്തപ്പെട്ടിരുന്നതു്. അക്കാലത്തു ലോകത്തിൽ മറെറാരിടത്തും ഇങ്ങനെ ജനങ്ങളാൽ നടത്തപ്പെടുന്ന ധർമ്മസ്ഥാപനങ്ങളുണ്ടായിരുന്നില്ലെന്നറിയുമ്പോൾ നിങ്ങൾക്കഭിമാനം തോന്നുന്നില്ലേ?

ഒരഞ്ഞൂറുനാഴിക ദൂരം ഫാഹിയൻ ഉത്തരേന്ത്യയിൽ സഞ്ചരിച്ചുനോക്കി. അനേകം ബൌദ്ധാശ്രമങ്ങൾ അവിടെ കണ്ടു. അതിലെല്ലാം ധാരാളം സന്യാസിമാരുമുണ്ടായിരുന്നു. പൌരസ്വാതന്ത്ര്യത്തെസ്സംബന്ധിച്ചും ഫാഹിയനു് ഇന്ത്യക്കാരെ അനുമോദിക്കാൻ വകയുണ്ടായി. സഞ്ചാരസ്വാതന്ത്ര്യം, ലഘുവായ ശിക്ഷ, വധശിക്ഷയുടെ അഭാവം, എന്നിവ സംസ്കാരത്തിൻെറ പുരോഗതിയെ കുറിച്ചു. ഉദ്യോഗസ്ഥ

ന്മാൎക്ക മതിയായ ശമ്പളം കൊടുത്തിരുന്നതിനാൽ കൈക്കൂലി കുറവായിരുന്നു.

ബുദ്ധദേവൻെറ സദാചാരതത്വങ്ങൾ മാനിക്കപ്പെട്ടിരുന്ന അന്നു്. ജന്തുഹിംസയോ, മദ്യപാനമോ ചെയ്യാത്ത ഒരു സമുദായം നിശ്ചയമായും നമ്മുടെ പ്രശംസയെ അർഹിക്കുന്നുണ്ടു്; പക്ഷെ, ചണ്ഡാളന്മാരെ സമുദായത്തിൽനിന്നു് അകററിനിത്തിയിരുന്നു. ആ പഴയകാലത്തു് അതത്ര ഗൗരവമായ ന്യൂനതയല്ലെന്നു സമാധാനിക്കുക.

ഇത്രയും പറഞ്ഞതിൽനിന്നു രാജ്യഭരണത്തെക്കുറിച്ചു് പലതും നിൎണ്ണയിക്കാം, ബുദ്ധമതം മേല്പറഞ്ഞവിധം സമാദരിക്കപ്പെട്ടിരുന്നതു ജനങ്ങൾക്കു് അതിനോടുണ്ടായിരുന്ന മതിപ്പുകൊണ്ടായിരിക്കണം. രാജകീയമായ പ്രോത്സാഹനം ഹിന്ദുമതത്തിന്നായിരുന്നു. ഒരുപക്ഷെ, ബുദ്ധഗയ അധഃപതിച്ചുപോയതു് ഈ കാരണത്താലായിരിക്കാം. കപിലവസ്തു ജനശൂന്യമായിത്തീരാനും ഇതുതന്നെയായിരിക്കാം കാരണം.

## വിക്രമാദിത്യനുശേഷം

വിക്രമാദിത്യനുശേഷം അദ്ദേഹത്തിൻെറ പുത്രനായ ഒന്നാം കുമാരഗുപ്തൻ ചക്രവത്തിയായി. നാല്പതുകൊല്ലത്തിലധികം നീണ്ടുനിന്ന ഇദ്ദേഹത്തിൻെറ ഭരണകാലത്തെക്കുറിച്ചു നമുക്കു കാൎയ്യമായിട്ടൊന്നും അറിയാൻവേണ്ട തെളിവുകളില്ല. അന്നു് ഗുപ്തസാമ്രാജ്യത്തിന്നു് അധഃപതനമുണ്ടായിട്ടില്ല. ഈ ചക്രവത്തിയും തൻെറ പിതാമഹനെപ്പോലെ ഒരു അശ്വമേധം നടത്തി. അദ്ദേഹത്തിൻെറ അവസാനകാലത്തു വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളിൽക്കൂടി കടന്ന ഹൂണന്മാർ ഇവിടെ വലിയ ശല്യമുണ്ടാക്കി. അതു മറെറാരിടത്തു വിസ്തരിക്കാം.

## ഗുപ്തചക്രവത്തിമാരുടെ കാലത്തെ നാനാമുഖമായ അഭിവൃദ്ധി

ഗുപ്തചക്രവത്തിമാരുടെ കാലത്തെ സാമ്രാജ്യസംരംഭങ്ങളെക്കുറിച്ചാണല്ലോ നാം ഇതുവരെ കാൎയ്യമായി അന്വേഷി

ച്ചതു്. എന്നാൽ, വിസ്തൃതമായൊരു സാമ്രാജ്യം സ്ഥാപിക്കുന്നതിൽ മാത്രമല്ലാ അവരുടെ സാമത്ഥ്യം പ്രകടിപ്പിക്കപ്പെട്ടതു്. സാഹിത്യം, സംഗീതം, ശില്പം തുടങ്ങിയ കലകളിലും കൈത്തൊഴിൽ, കച്ചവടം തുടങ്ങിയ സാമ്പത്തിക സംരംഭങ്ങളിലും അഭിവൃദ്ധിയുണ്ടായൊരു കാലമാണതു്. സവ്വോപരി ഹൈന്ദവസംസ്കാരത്തിന്നുണ്ടായ സവ്വതോമുഖമായ അഭിവൃദ്ധിയും അഭിമാനിക്കത്തക്കതായിരുന്നു. ഗ്രീസ്സിൻെറ ചരിത്രത്തിൽ പെരിക്ലിസ്സിൻെറ കാലവും, ഇംഗ്ലണ്ടിൻെറ ചരിത്രത്തിൽ എലിസബത്തിൻെറ കാലവും റോമിൻെറ ചരിത്രത്തിൽ അഗസ്ററസ്സിൻെറ കാലവും പോലെ നാനാമുഖമായ അഭിവൃദ്ധികൊണ്ടു ശോഭനമായിരുന്നു ഗുപ്തചക്രവത്തിമാരുടെ കാലം.

ഹൈന്ദവമതത്തിൽ അത്ഭുതപൂവ്വമായ അഭിവൃദ്ധിയാണു് ഗുപ്തചക്രവത്തിമാരുടെ കാലത്തുണ്ടായതു്. ബുദ്ധമതവും ജൈനമതവും വളരുന്നതിന്നു ചക്രവത്തിമാർ തടസ്സങ്ങളൊന്നും ചെയ്തില്ലെങ്കിലും തികഞ്ഞ ഹിന്ദുക്കളായിരുന്നു അവർ. യാഥാസ്ഥിതികബ്രാഹ്മണരുടെ ഉപദേശങ്ങളാണു് മതസംബന്ധമായ കാൎയ്യങ്ങളിൽ ഗുപ്തചക്രവത്തിമാൎക്കു മാൎഗ്ഗനിദ്ദേശം ചെയ്തതു്. അതിൻെറ ഫലമെന്തായിരിക്കുമെന്നു് ആലോചിക്കാവുന്നതാണല്ലോ! സംസ്കൃതസാഹിത്യത്തിന്നു പുനജ്ജന്മം സിദ്ധിക്കാൻ വേണ്ട ചുററുപാടുകളൊക്കെ ഇവർ ഉണ്ടാക്കി. വിക്രമാദിത്യൻെറ അരമനയിൽ പരിലസിച്ചിരുന്ന നവരത്നങ്ങൾ ഈ വിജ്ഞാനനവീകരണത്തിന്നു സാക്ഷ്യം വഹിക്കുന്നവരാണു്. കാളിദാസമഹാകവിയാണു് ഈ പണ്ഡിതനവരത്നങ്ങളിൽ അഗ്രഗണ്യൻ. * ആ വിശ്വമഹാകവിയുടെ ശാകുന്തളം, മാളവികാഗ്നിമിത്രം, വിക്രമോവ്വശീയം എന്നീ നാടകങ്ങളും, രഘുവംശം, കുമാരസംഭവം, മേഘസന്ദേശം എന്നീ കാവ്യങ്ങളും സംസ്കൃതസാഹിത്യത്തിലെ കെടാവിളക്കുകളാണു്. പുരാണങ്ങൾ ഇന്നു കാണുന്ന നിലയിൽ പരിഷ്കരിക്കപ്പെട്ടതു ഗുപ്തന്മാരുടെ കാലത്താണു്. ഇങ്ങനെ, കാലോചിതമായ പരിഷ്കരണവും

---

* കാളിദാസൻെറ കാലത്തെക്കുറിച്ചു പല വാദങ്ങളുമുണ്ടു്.

അഭിനവരീതിയിലുള്ള പ്രതിപാദനവും കൂടിയിണങ്ങിയപ്പോൾ ഹിന്ദുമതം പുനരുദ്ധരിക്കപ്പെട്ടു. ഇതരമതങ്ങൾ അധഃപതിക്കാനും ബ്രാഹ്മണമേധാവിത്വം പുനഃസ്ഥാപിക്കുവാനും ഇതുതന്നെ മതിയായ കാരണങ്ങളാണല്ലോ!

സാഹിത്യം ഒരു സുന്ദരകലയാണല്ലോ! സംഗീതവും ചിത്രമെഴുത്തും അവളുടെ സഹോദരിമാരാണു്. അവർ വേർപിരിഞ്ഞു പാൎക്കുക പതിവില്ല. അതുകൊണ്ടു് സാഹിത്യത്തോടൊപ്പം ഇതരസുകുമാരകലകൾക്കും അഭിവൃദ്ധിയുണ്ടാകാതെ തരമില്ല. ഗുപ്തചക്രവൎത്തിമാരുടെ കാലത്തും ഈ പരമാൎത്ഥം പ്രത്യക്ഷപ്പെട്ടു. സമുദ്രഗുപ്തൻതന്നെ നല്ലൊരു വീണവായനക്കാരനായിരുന്നു. ഒന്നാംതരം കെട്ടിടങ്ങൾ പലതും അന്നത്തെ ശില്പകലാഭിവൃദ്ധിക്കു മകുടോദാഹരണങ്ങളായി കാണപ്പെട്ടു. ചുമരുകളിൽ എഴുതീട്ടുള്ള ചിത്രങ്ങളുടെ അവശിഷ്ടങ്ങൾ അക്കാലത്തെ ചിത്രകലാഭിവൃദ്ധിക്കു ലക്ഷ്യങ്ങളാണു്. ഇങ്ങനെ സുകുമാരകലകൾ അഭിവൃദ്ധി പ്രാപിച്ചു; ഹിന്ദുമതഗ്രന്ഥങ്ങൾക്കു വികാസം സിദ്ധിച്ചു; ശാസ്ത്രഗ്രന്ഥങ്ങൾ പലതും പുതുതായി രചിക്കപ്പെട്ടു. ഒരു രാജ്യത്തിന്റെ സൎവ്വതോമുഖമായ അഭിവൃദ്ധിക്കു് ഇതിലധികം എന്താണാവശ്യം?

# ഒമ്പതാം അദ്ധ്യായം

## ഗുപ്തസാമ്രാജ്യാധഃപതനം

കുമാരഗുപ്തന്റെ ഭരണകാലത്തോടുകൂടി ഗുപ്തവംശം നാമാവശേഷമായിയെന്നു തെററിദ്ധരിക്കരുതു്. ചക്രവൎത്തിയുടെ ഭരണാവസാനകാലത്തുണ്ടായ പുഷ്യമിത്രന്മാരുടെ ആക്രമണത്തെ ചെറുത്തുനിന്ന അദ്ദേഹത്തിന്റെ പുത്രൻ സ്കന്ദഗുപ്തൻ സാമാന്യം സാമൎത്ഥ്യമുള്ളൊരു ഭരണകൎത്താവായിരുന്നു.

### സ്കന്ദഗുപ്തൻ

സ്കന്ദഗുപ്തൻ ശേഷിയുള്ളൊരു ഭരണകൎത്താവായിരുന്നെങ്കിലും അദ്ദേഹത്തെ ക്ലേശിപ്പിക്കാൻവേണ്ട പരിതഃസ്ഥിതികളാണു് അന്നു് ഇന്ത്യയിലുണ്ടായതു്. മദ്ധ്യേഷ്യയിലെ പുൽപ്രദേശങ്ങളിൽനിന്നു നീങ്ങി, വിഭവസമൃദ്ധിയുള്ള പ്രദേശങ്ങളും തേടി, മാൎഗ്ഗമദ്ധ്യേ നേരിടുന്ന പ്രതിബന്ധങ്ങളോടു മല്ലിട്ടു്, വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളിൽക്കൂടി ഇന്ത്യയിലേക്കു പ്രവേശിച്ച ഹൂണന്മാർ ഭയങ്കരമായ നാശമാണു് ഇവിടെ വരുത്തിക്കൂട്ടിയതു്. 'ഉത്തരേന്ത്യയിലെ മന്ദഹാസം തൂകുന്ന മൈതാനങ്ങളും ജനനിബിഡങ്ങളായ നഗരങ്ങളും നശിപ്പിക്കുകയത്രേ' * അവർ ചെയ്തതു്. സമൎത്ഥനും പരിപക്വബുദ്ധിയുമായ സ്കന്ദഗുപ്തൻ ഹൂണരെ ഓടിച്ചു. ഈ അക്രമികളിൽനിന്നു് ഇന്ത്യയെ തല്ക്കാലം രക്ഷിക്കുന്നതിന്നു മതിയായൊരു വിജയമായിരുന്നു അതു്. ഈ വിജയത്തിന്റെ സ്മാരകമായി ഒരു സ്തംഭവും അതിന്മുകളിൽ ശ്രീകൃഷ്ണഭഗവാന്റെ ഒരു പ്രതിമയും പണിയിക്കുകയുണ്ടായി. ഇതിനുശേഷം സൌരാഷ്ട്രം (ഇന്നത്തെ കത്തിയവാർ) എന്ന അൎദ്ധദ്വീപിന്റെ ആധിപത്യവും കൂടി സ്കന്ദഗുപ്തൻ നേടുകയുണ്ടായി. ഇതുപോലെതന്നെ ഗുപ്തസാമ്രാജ്യത്തിന്റെ അതിരു് കിഴക്കോട്ടു നീക്കാനും സ്കന്ദഗുപ്തനു സാധിച്ചു.

---

* The Early History of India by Vincent A Smith.

### വീണ്ടും ഹൂണാക്രമണം

ഈ വിജയങ്ങൾകൊണ്ടൊന്നും ഗുപ്തസാമ്രാജ്യത്തിന്നു സ്വൈരമായി ജീവിക്കാൻ കഴിഞ്ഞില്ല. ഇന്ത്യയുടെ ഐക്യത്തെ ശല്യപ്പെടുത്താൻ വന്ന ഹൂണന്മാർ ആക്രമണം ആവർത്തിച്ചു. ഗാന്ധാരം എന്ന സ്ഥലം അവർ കീഴടക്കി. ഒന്നുരണ്ടു കൊല്ലം കഴിഞ്ഞപ്പോൾ ഗുപ്തസാമ്രാജ്യത്തിന്റെ മർമ്മം തകർക്കാനുള്ളൊരു ആക്രമണമാണ് ഹൂണന്മാർ ആവർത്തിച്ചതു്. വൃദ്ധനായ സ്കന്ദഗുപ്തൻ ഇത്തവണ വിഷമിച്ചുപോയി. ഗുപ്തസാമ്രാജ്യം പുനഃസംഘടിപ്പിക്കാൻ സാധിക്കാത്തവിധം തകരുകയത്രേ ഈ ആക്രമണംകൊണ്ടുണ്ടായതു്. ക്രി. വ. 480-നടുത്താണ് സ്കന്ദഗുപ്തൻ മരിച്ചതു്.

മഗധയും അതിനടുത്ത ഏതാനും സ്ഥലങ്ങളും മാത്രമേ ഗുപ്തസാമ്രാജ്യത്തിൽ അവശേഷിച്ചുള്ളു. സ്കന്ദഗുപ്തനെ പിന്തുടൎന്ന പുരുഗുപ്തനും അദ്ദേഹത്തിനുശേഷം വാണ നരസിംഹഗുപ്ത ബാലാദിത്യനും കാൎയ്യമായി നമ്മുടെ ശ്രദ്ധയെ അർഹിക്കുന്നവരല്ല. ബാലാദിത്യൻ ബുദ്ധമതത്തെ പ്രോത്സാഹിപ്പിച്ചിരുന്നതായി മാത്രം ഓർമ്മിക്കുക. അദ്ദേഹത്തെ പിന്തുടൎന്ന കുമാരഗുപ്ത രണ്ടാമനോടുകൂടി ഗുപ്തവംശം അസ്തമിച്ചു. പിന്നീടു വാണ ഇപ്പേരു രാജാക്കന്മാരുടെ കഥയൊന്നും നമുക്കന്വേഷിക്കേണ്ടതില്ല. അവർ എണ്ണത്തിൽ പതിനൊന്നു പേരുണ്ടായിരുന്നു. കേവലം നാട്ടുവാഴികളിൽ കവിഞ്ഞ പദവിയൊട്ടുണ്ടായിരുന്നില്ലതാനും. ഇതിനിടയിൽ 'മുഖാരികൾ' എന്നൊരു കൂട്ടരും മഗധയുടെ ഏതാനും ഭാഗം ഭരിച്ചിരുന്നു.

### ഹൂണന്മാർ

ഗുപ്തസാമ്രാജ്യാധഃപതനത്തിന്നുള്ള ഏററവും മുഖ്യമായ കാരണം ഹൂണന്മാരുടെ ആക്രമണമാണെന്നു് ഇതുവരെ പറഞ്ഞതിൽ നിന്നു് ഏറെക്കുറെ നിങ്ങൾ ഗ്രഹിച്ചിട്ടുണ്ടല്ലോ! ഈ ഹൂണന്മാരെപ്പററി നാം കുറച്ചു കൂടി അന്വേഷിക്കേണ്ട

തുണ്ടു്. ഇവർ മദ്ധ്യേഷ്യയിലെ പുൽ പ്രദേശങ്ങളിൽ നിന്നു് ഇരയും തേടി പുറപ്പെട്ടവരാണെന്നു മുമ്പു പറഞ്ഞുവല്ലോ! ഒരുകൂട്ടർ ഓക്സസ് നദീതടത്തിലേക്കും മറെറാരു വിഭാഗം വോൾഗാ നദീതടത്തിലേക്കുമാണു് യാത്രതിരിച്ചതു്. ഇതിൽ വോൾഗാ തടത്തിലേക്കു പോയവർ കിഴക്കൻ യൂറോപ്പിൽ പലേടത്തും കടന്നുകൂടി. പക്ഷെ, എണ്ണപ്പെട്ട ഒരു നേതാവിൻെറ അഭാവം നിമിത്തം അവക്കു് യൂറോപ്പിൽ ഒരു സാമ്രാജ്യം സ്ഥാപിക്കാൻ തരപ്പെട്ടില്ല.

കിഴക്കൻ രംഗത്തിൽ.

## ശ്വേത ഹൂണന്മാർ [White Huns]

ഇനി ഓക്സസ് തടത്തിലേക്കു തിരിച്ചവരുടെ കഥ നോക്കാം. ഇവരെ ശ്വേത ഹൂണന്മാർ എന്നു വിളിക്കുന്നു. പേഴ്സ്യയിലും, കുഷാണന്മാരെ തോല്പിച്ചു് കാബൂളിലും, അവർ പ്രബലപ്പെട്ടു. അതിനുശേഷമാണു് ഇന്ത്യയിലേക്കു തിരിച്ചതു്. ആദ്യത്തെ ആക്രമണത്തെ സ്കന്ദഗുപ്തൻ ചെറുത്തുനിന്നതായി മുമ്പു പറഞ്ഞുവല്ലോ! പത്തുകൊല്ലം കഴിഞ്ഞപ്പോൾ അവർ വലിയ ഒരു കരുത്തോടുകൂടി വീണ്ടും വന്നു. ഗാന്ധാരവും അതിനെ തുടന്നു ഗംഗാതടവും അവർ അധിവസിച്ചു. തൊരമാനൻ എന്നൊരാളായിരുന്നു അന്നു് ഇവരുടെ നേതാവു്. ക്രി. അ. 500-നു മുമ്പായി അദ്ദേഹം ഇന്ത്യയിൽ മാൾവയെ കേന്ദ്രമാക്കിക്കൊണ്ടു് ഏതാനും രാജ്യങ്ങൾ ഭരിച്ചു് സാമാന്യം പ്രബലപ്പെട്ടുവന്നു.

തൊരമാനൻ

തൊരമാനനെ പിന്തുടന്നതു് അദ്ദേഹത്തിൻെറ പുത്രനായ മിഹിരഗുളനാണു്. ഹീറത്തിനു സമീപമുള്ള 'ബാവിൻ' എന്ന സ്ഥലത്തായിരുന്നു അന്നു ഹൂണന്മാരുടെ കേന്ദ്രരാജധാനി. ഇന്ത്യ അവരുടെ സാമ്രാജ്യത്തിൻെറ ഒരു സംസ്ഥാനം മാത്രമേ ആയിരുന്നുള്ളു. ഇന്ത്യയിൽ 'സാകലം'[1] എന്ന നഗരമാണു് മിഹിരഗുളൻ തലസ്ഥാനമാക്കിയതു്.

---

1. പഞ്ചാബിലെ 'സ്യേയൽകോട്ടു്' എന്ന സ്ഥലം

2 ഇദ്ദേഹം വളരെ ക്രൂരനായിരുന്നുവത്രേ! ജനങ്ങളെ കണക്കിലധികം മട്ടിച്ചുവന്ന ഈ ഹൂണരാജാവിനോടു പകപോക്കാനായി മഗധയിലെ 'ബാലാദിത്യ'നും മ
മിഹിരഗുളൻ മദ്ധ്യേന്ത്യയിലെ ഒരു രാജാവായ യശോധ
ർമ്മനും ഒത്തുചേന്നു. യുദ്ധത്തിൽ മിഹിരഗുളനെ ഇവർ തോല്പിച്ചു തടവുകാരനാക്കിയെങ്കിലും വിട്ടയച്ചു. ഏതാനും കൊല്ലങ്ങൾക്കു് ശേഷം അദ്ദേഹം കാശ്മീരത്തിൽ വന്നു് ഒരു ഗവർണ്ണറുടെ ഉദ്യോഗം സ്വീകരിച്ചു. പക്ഷെ, താമസംവിനാ ഉദ്യോഗദാതാവിനോടെതിർത്തു് ആ രാജ്യം കൈക്കലാക്കിയശേഷം മിഹിരഗുളൻ ഗാന്ധാരത്തിന്റെ നേരെതിരിഞ്ഞു, അവിടം മുഴുവൻ കൊള്ളയടിച്ചും ചുട്ടുകരിച്ചും നാശം വരുത്തീട്ടേ അയാൾ അടങ്ങിയുള്ളൂ. ശൈവവിശ്വാസിയായ ഈ ഹൂണരാജാവു് ഗാന്ധാരത്തിലെ ബൌദ്ധസ്തൂപങ്ങളും ബുദ്ധസന്യാസിമാരുടെ ആശ്രമങ്ങളും തകർത്തുകളഞ്ഞുവത്രേ! *

ഇന്ത്യയെസ്സംബന്ധിച്ചേടത്തോളം ഹൂണന്മാരെപ്പററി ഇതിലധികം അന്വേഷിക്കേണ്ടതില്ല. മിഹിരഗുളന്റെ മരണത്തോടുകൂടി അവരുടെ ശല്യങ്ങൾക്കു് ഒട്ടൊരു അറുതി ലഭിച്ചു. ഇന്ത്യയ്ക്കപ്പുറമുള്ള വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളിലെ അവരുടെ സാമ്രാജ്യവും ഏറെത്താമസിയാതെ നാമാവശേഷമായി. തുർക്കികളും പേഴ്സ്യക്കാരും ഒത്തുചേന്നിട്ടാണു് അവരെ അവിടങ്ങളിൽ തോല്പിച്ചതു്.

## ഗുപ്തസാമ്രാജ്യാധഃപതനത്തിന്റെ കാരണങ്ങൾ

ഗുപ്തസാമ്രാജ്യം ഇഞ്ചിഞ്ചായി അസ്തപ്രഭമായിത്തീരുന്നതാണു് ഇതുവരെ നാം കണ്ടതു്. എന്തൊക്കെയാണു് ഈ അധഃപതനത്തിന്നു കാരണമെന്നു് നിങ്ങൾക്കിപ്പോൾ പറയാൻ സാധിക്കുമോ? ഹൂണന്മാരുടെ ആക്രമണമാണു് ഏററ

---

2. മിഹിരഗുളൻ ഹൂണസാമ്രാട്ടിന്റെ ഒരു സാമന്തരാജാവായിരിക്കാനാണെളുപ്പം. * Early History of India: by Vincent A Smith.

* Early History of India-by Vincent A. Smith.

വും പ്രധാനം. പ്രബലപ്പെട്ട ഒരു കേന്ദ്രശക്തിക്കു് അതു തടയാമായിരുന്നില്ലേ? ഉവ്വു്. സ്കന്ദഗുപ്തൻെറ യൌവ്വനകാലത്തു് അതു സാധിച്ചു. പക്ഷെ, വാർദ്ധക്യമായപ്പോൾ വിഷമം നേരിട്ടു. അദ്ദേഹത്തിൻെറ പിൻഗാമികൾ അത്ര തന്നെ പ്രാപ്തന്മാരായിരുന്നെങ്കിൽ തരക്കേടു വരില്ലായിരുന്നു. അവർ ദുർബ്ബലന്മാരും, രാജ്യത്തിൻെറ പൊതുക്ഷേമത്തെക്കുറിച്ചു വലിയ കരുതലില്ലാത്തവരുമായി. അതാണു് പരാജയത്തിന്നു കാരണം.

## ബുദ്ധമതത്തിൻെറ അധഃപതനം.

ഗുപ്തസാമ്രാജ്യത്തിൻെറ ചരിത്രത്തിൽക്കൂടി കണ്ണോടിച്ച നാം അന്നത്തെ ആദ്ധ്യാത്മിക സംസ്കാരത്തിൻെറ ഗതിയെപ്പററി എന്താണു് മനസ്സിലാക്കിയതു്? ഹിന്ദുമതം, ബുദ്ധമതം, ജൈനമതം എന്നിങ്ങനെ മൂന്നെണ്ണം അക്കാലത്തു് ഇന്ത്യയിൽ സ്ഥാനം പിടിച്ചുകഴിഞ്ഞിട്ടുണ്ടായിരുന്നതായി നിങ്ങൾക്കറിയാമല്ലോ! ഹിന്ദുമതം ഗുപ്തചക്രവർത്തിമാരുടെ പ്രോത്സാഹനത്തിൻ കീഴിൽ നവജീവൻ കൈക്കൊണ്ടതു നിങ്ങൾ കണ്ടു. ജൈനമതം അത്രയധികം പ്രചരിക്കാഞ്ഞതുകൊണ്ടു് തല്ക്കാലം നമുക്കതിനെപ്പററി ചിന്തിക്കേണ്ട. എന്നാൽ ബുദ്ധമതത്തിൻെറ കഥയെന്തായി? ഇന്ത്യയിൽ അതിന്നു് അധഃപതിക്കാൻ വേണ്ട പരിതഃസ്ഥിതികളാണു് അഭിമുഖീകരിക്കേണ്ടിവന്നതു്. പുരാണങ്ങളും മററും പരിഷ്കരിച്ചപ്പോൾ ബുദ്ധമതത്തേക്കാളധികം അവ ജനങ്ങളെ ആകഷിക്കാൻ തുടങ്ങി. രാജകീയമായ പ്രോത്സാഹനം ഹിന്ദുമതത്തിന്നാണെന്നുവന്നപ്പോൾ ആ വഴിക്കും അനുയായികളുടെ എണ്ണം വർദ്ധിച്ചു. ജനസ്വാധീനതയ്ക്കുവേണ്ടി രണ്ടു മതങ്ങളും ആവശ്യമുള്ള പരിഷ്കാരങ്ങൾ അംഗീകരിക്കാൻ തുടങ്ങി. അതിൽ ഹിന്ദുമതത്തിന്നു ജയിക്കാൻ സാധിച്ചു. "ഹിന്ദുമതതത്വങ്ങളുടെ വിസ്തൃതമായ പരിധിക്കകത്തു് ഒതുക്കിനിർത്താൻ കഴിയാത്തതായി ബുദ്ധൻ യാതൊന്നും ഉപദേശിച്ചിട്ടില്ല." * ഇന്ത്യയിൽ ചിരകാലമായി വേരൂന്നിട്ടുള്ള ഹിന്ദുമതത്തിന്നു

* Discovery of India—Jawaharlal Nehru.

പിന്നെ ജനങ്ങളെ സ്വാധീനിക്കാൻ എന്താണ് പ്രയാസം? ജാതിയെസ്സംബന്ധിച്ചതായിരുന്ന ഹിന്ദുമതത്തിന്നുണ്ടായിരുന്ന ഏററവും വലിയ കുറവ്. ശാകന്മാർ, ഹൂണന്മാർ മുതലായ പ്രബലപ്പെട്ട വിദേശികളുടെനേരെ ഹിന്ദുമതം ആ ഇരുമ്പുകവചം പ്രയോഗിച്ചില്ല. അവരെ ഹിന്ദുക്കളാക്കാൻ ബ്രാഹ്മണർക്ക് വിരോധമുണ്ടായില്ല. നേരെമറിച്ച് ബുദ്ധമതത്തിന്റെ പോക്കോ? മഹായാനം വന്നപ്പോൾതന്നെ അതിൽ പിളർപ്പായി. പക്ഷേ, അവിടംകൊണ്ടവസാനിച്ചില്ല. ബുദ്ധന്റെ ഉപദേശങ്ങളെ ഓരോരുത്തരും അവരുടെ മനോധർമ്മങ്ങൾ കൊണ്ടു പൊതിഞ്ഞുതുടങ്ങി. ബുദ്ധസന്ന്യാസിനികളുടെ ജീവിതത്തെസ്സംബന്ധിച്ചും ആക്ഷേപങ്ങൾ തലപൊക്കാൻ തുടങ്ങി. സന്ന്യാസിമാരുടെ കഥയും ഇതിൽ നിന്നു വ്യത്യസ്തമല്ലായിരുന്നു. ബുദ്ധമതത്തിൽ ശക്തിപൂജയും മററും ആരംഭിച്ചതും ജനങ്ങൾക്കത്ര പിടിച്ചില്ലായിരിക്കണം. എന്നാൽ, ദക്ഷിണേന്ത്യയിൽ 'ശൈവ' 'വൈഷ്ണവ' സിദ്ധാന്തങ്ങളുടെ ആവിർഭാവമാണ് ബുദ്ധമതപ്രചാരത്തെ ഏററവുമധികം തടഞ്ഞത്.

# പത്താം അദ്ധ്യായം

## ഹൎഷൻ

ഹൂണന്മാരെ തോല്പിച്ചതിനെ തുടൎന്ന് ഉത്തരേന്ത്യയിലെ പല നാട്ടുരാജ്യങ്ങളും പ്രബലപ്പെട്ടുവന്നു. കനൗജ്, കാശ്മീരം, വലഭി, സിൻധു കാമരൂപം, പഞ്ചാബ് എന്നിവ ഇങ്ങിനെ ഉയൎന്ന രാജ്യങ്ങളാണ്. ഇവയിൽ മികച്ചതായിരുന്നു കനൗജ്. ഇവിടത്തെ ഗ്രഹവ നാട്ടുരാജ്യങ്ങൾ ൎമ്മൻ എന്ന രാജാവിന്റെ പത്നിയുടെ സഹോദരനായ ഹൎഷവൎദ്ധനനാണ് ഗുപ്തസാമ്രാജ്യത്തിന്റെ അധഃപതനത്തിന്നു ശേഷം ഇന്ത്യയിൽ ഒരു സാമ്രാജ്യം സ്ഥാപിച്ചത്.

പ്രഭാകര വൎദ്ധനൻ

കനൗജിലേക്കു കടക്കുന്നതിന്നുമുമ്പ് ഹൎഷന്റെ പൂൎവ്വചരിത്രമെന്താണെന്ന് അന്വേഷിക്കാം. താനേശ്വരം എന്ന നഗരത്തെ വലയംചെയ്യുന്ന രാജ്യം പുരാണപ്രസിദ്ധമാണ്. പാണ്ഡവകൗരവയുദ്ധം നടന്ന കുരുക്ഷേത്രമാണത്. ആറാംനൂററാണ്ടിന്റെ പശ്ചാദ്ഭാഗത്തിൽ പ്രഭാകരവൎദ്ധനൻ എന്നൊരു രാജാവ് അവിടെ പ്രബലനായിത്തീൎന്നു. ഉത്തരപശ്ചിമ പഞ്ചാബിലെ ഹൂണന്മാരെ അദ്ദേഹം തോല്പിച്ചു. രജപുത്താനയിലെ ഗുൎജ്ജാരന്മാരെ കീഴടക്കി മാൾവയും അദ്ദേഹം അധീനമാക്കി.

ക്രി.അ. 604-ൽ പ്രഭാകരവൎദ്ധനൻ ഹൂണന്മാരോടെതിൎക്കാനായി തന്റെ മൂത്തപുത്രനായ രാജ്യവൎദ്ധനനെ വടക്കുപടിഞ്ഞാറൻ അതിൎത്തി പ്രദേശത്തേക്കയച്ചു. ഇളയപുത്രനായ ഹൎഷനും പിന്നാലെ നിയോഗിക്കപ്പെട്ടിരുന്നു. ഇതിനിടയിൽ പ്രഭാകരവൎദ്ധനൻ സുഖക്കേടുപിടിച്ചു മരിച്ചു. രാജ്യവൎദ്ധനൻ യഥാക്രമം രാജ്യഭാരം കയ്യേൽക്കുകയുംചെയ്തു. പക്ഷെ അധികകാലം അദ്ദേഹത്തിന്നു രാജ്യത്തിലിരിക്കാൻ സാധിച്ചില്ല. തന്റെ ഏക സഹോദരിയായ രാജ്യശ്രീയുടെ ഭൎത്താവും കനൗജിലെ രാജാവുമായ ഗ്രഹവൎമ്മൻമൌഖാരി

മാളവാ രാജാവിനാൽ കൊല്ലപ്പെട്ട വിവരംകേട്ട് സൈന്യസമേതം അങ്ങോട്ടുതിരിച്ചു. പരേതൻെറ വിധവയെ മാളവാരാജാവു് അപമാനിച്ചതായി അറിഞ്ഞപ്പോൾ രാജ്യവർദ്ധനനു കോപംമുഴുത്തു. അദ്ദേഹം മാളവാരാജാവിനെ തോല്പിച്ചു. പക്ഷെ, ആ വിജയം ആഘോഷിക്കാൻ സാധിക്കുംമുമ്പെ രാജ്യവർദ്ധനൻ മദ്ധ്യബംഗാളിലെ ശശാങ്കൻ എന്ന രാജാവിനാൽ ചതിയായി കൊല്ലപ്പെട്ടു. സഹോദരൻെറ മരണവൃത്താന്തം ഹഷൻെറ ചെവിയിലെത്തി. തൻെറ സഹോദരി മാളവാരാജാവിൻെറ തടവിൽനിന്നു രക്ഷപ്പെട്ട് വിന്ധ്യൻപവ്വത പ്രാന്തങ്ങളിലെങ്ങാണ്ടോ ചുററിത്തിരിയുന്നുണ്ടെന്നാണ് പിന്നീടു കേട്ടതു്. ഇങ്ങനെ സഹോദരിയെ തേടിപ്പിടിക്കുക, സോദരഘാതകനോടും, സോദരീ ഭർത്തൃഘാതകനോടും പകവീട്ടുക..ഇവയൊക്കെയായിരുന്നു യുവാവായ ഹഷനെ അഭിമുഖീകരിച്ച പ്രശ്നങ്ങൾ. രാജ്യവർദ്ധനനു പ്രായംചെന്ന പുത്രന്മാരില്ലാഞ്ഞതുകൊണ്ടു് ഹഷനെ ജനങ്ങൾ രാജാവായി അംഗീകരിച്ചു. താമസംവിനാ തൻെറ ലക്ഷ്യങ്ങൾ സഫലമാക്കാൻ വേണ്ട ശ്രമങ്ങൾ തുടങ്ങി. ഹഷൻ ആദ്യംതന്നെ തൻെറ സഹോദരിയെ അന്വേഷിക്കാനാണ് പുറപ്പെട്ടതു്. നൈരാശ്യംനിമിത്തം അവർ ആത്മഹത്യയ്ക്കൊരുമ്പെട്ടിരിക്കുന്ന സന്ദർഭത്തിലാണ് ഹഷൻ അവിടെയെത്തിയതു്. ആ സതീരത്നത്തെ അദ്ദേഹം ആത്മഹത്യയിൽനിന്നു രക്ഷിച്ചു. തൻെറ സഹോദരനെ വധിച്ച ബംഗാളരാജാവിനോടു പകവീട്ടുകയായിരുന്നു അദ്ദേഹത്തിൻെറ അനന്തരകൃത്യം. ഇങ്ങനെ സഹോദരീസ്നേഹത്തിൻെറപേരിൽ ആരംഭിച്ച സമരം ഒരു ദിഗ്വിജയ സംരംഭമായിത്തീന്നു പഞ്ചാബ്, കനൂജ്, ബംഗാൾ, മിഥില, ഒറീസ്സ, വലഭി, സിൻഡ് എന്നീ രാജ്യങ്ങളൊക്കെ ഹഷൻ കീഴടക്കി. നേപാളത്തിലേയും ആസ്സാമിലേയും രാജാക്കന്മാർ യുദ്ധത്തിനിടവയ്ക്കാതെ ഹഷൻെറ മേൽക്കോയ്മയെ ആദരിക്കുകയുംകൂടി ചെയ്തപ്പോൾ ഉത്തരേന്ത്യയുടെ ചക്രവത്തിയായി അദ്ദേഹം.

ജയം നിമിത്തം ഉത്സാഹഭരിതനായിത്തീന്ന ഹഷൻ പിന്നീടു ദക്ഷിണഖണ്ഡത്തിലേക്കാണ് തിരിച്ചതു്. പക്ഷെ, പുലകേശിൻ രണ്ടാമൻെറ കീഴിൽ ചാലൂക്യവംശം പ്രബല

തയിലിരിക്കുന്ന കാലമായിരുന്നു അതു്. പുലകേശിൻ ഹൎഷവൎദ്ധനനെ തോല്പിച്ചു നൎമ്മദാനദിക്കു തെക്കുള്ള സ്ഥലങ്ങളെല്ലാം കരസ്ഥമാക്കി. പിന്നീടു് ഹൎഷൻ ഡക്കാനിലേക്കു കടക്കാൻ ശ്രമിച്ചിട്ടില്ല. ഇതു് പ്രധാനപ്പെട്ട ഒരു ചരിത്രസംഭവമാണെന്നു ധരിക്കുക.

ദക്ഷിണഖണ്ഡത്തിൽ.

## ഹ്യൂൻസാങ്ങ്

ഹൎഷന്റെ കാലത്തു് ഹ്യൂൻസാങ് എന്ന ചൈനാതീൎത്ഥയാത്രക്കാരൻ ഇന്ത്യ സന്ദൎശിച്ചു. ഹിന്ദുസ്ഥാനത്തിലും ദക്ഷിണഖണ്ഡത്തിലുമായി 15 കൊല്ലമാണു് ഹ്യൂൻസാങ് സഞ്ചരിച്ചുകഴിച്ചുകൂട്ടിയതു്. ഫാഹിയനെപ്പോലെ ഇദ്ദേഹവും ബുദ്ധമതസംബന്ധമായ രേഖകൾ സമ്പാദിക്കാനും പുണ്യസ്ഥലങ്ങൾ സന്ദൎശിക്കാനും വേണ്ടി വന്നതാണു്. പണ്ഡിതകേസരിയായ ഈ ചൈനാസഞ്ചാരി എഴുതിവെച്ചിട്ടുള്ള വിവരണങ്ങളിൽനിന്നു ഹൎഷവൎദ്ധനന്റെ കാലത്തെ ഭരണരീതി, രാജ്യക്ഷേമം, എന്നിവയെപ്പററി നമുക്കു മനസ്സിലാക്കാം.

തീൎത്ഥയാത്രയ്ക്കു്

സാമാന്യം വിസ്തൃതമായിരുന്നു ഹൎഷന്റെ സാമ്രാജ്യം. ഹിമാലയം മുതൽ തെക്കോട്ടു നൎമ്മദാനദിവരേയും അറബിക്കടൽതൊട്ടു കിഴക്കോട്ടു ബംഗാൾ ഉൾക്കടൽവരേയും വ്യാപിച്ച ആ സാമ്രാജ്യത്തിൽ സ്തുത്യൎഹമായ ഭരണം നടന്നിരുന്നതായിട്ടാണു് ഹ്യൂൻസാങ് രേഖപ്പെടുത്തീട്ടുള്ളതു്. ഈ ചൈനാതീൎത്ഥയാത്രക്കാരന്റെ വിവരണങ്ങളും ബാണൻ എന്ന സംസ്കൃത ഗദ്യകവിയാൽ രചിക്കപ്പെട്ട ഹൎഷചരിതവും അക്കാലത്തെ സ്ഥിതിഗതികളെക്കുറിച്ചു നമുക്കു വേണ്ടത്ര വിവരങ്ങൾ നൽകുന്നുണ്ടു്.

ഹൎഷന്റെ നേരിട്ടുള്ള അന്വേഷണമാണു് രാജ്യഭരണത്തെ ഏററവും കാൎയ്യക്ഷമമാക്കിയതു്. മഴക്കാലത്തുമാത്രമേ അദ്ദേഹം അങ്ങനെ സഞ്ചരിക്കാതിരിക്കാറുള്ളൂ. കുററങ്ങൾ നേരിട്ടു കണ്ടുപിടിച്ചു് കുററക്കാരെ ശിക്ഷിച്ചും ശിഷ്ട

ന്മാരെ സമ്മാനിച്ചും രാജനീതി നടത്തുന്ന ആ സമ്പ്രദായം സ്തുത്യർഹമായിരുന്നു. നല്ലൊരു മന്ത്രിസഭയും പ്രാപ്തന്മാരായ ഉദ്യോഗസ്ഥന്മാരും ഉണ്ടായിരുന്നതിനാൽ ഭരണത്തിന്ന ക്ലേശമുണ്ടായില്ല. വിളവിൽ ആറിലൊന്നായിരുന്നു നികുതി. ഉദ്യോഗസ്ഥന്മാർക്കെല്ലാം ശമ്പളത്തിന്റെ സ്ഥാനത്തു നിലങ്ങൾ പതിച്ചുകൊടുത്തിരിക്കയായിരുന്നു. ധർമ്മസ്ഥാപനങ്ങൾക്കുവേണ്ടി ഉദാരമായ സഹായധനം അനുവദിച്ചിരുന്നു. അതിൽ മതവിദ്വേഷങ്ങൾക്കൊന്നും സ്ഥാനമുണ്ടായിരുന്നില്ല.

ഭരണരീതി.

വലിയ കുററങ്ങൾ അന്നു കുറവായിരുന്നു. പക്ഷെ, ഫാഹിയൻ കണ്ട ഇന്ത്യയിലെപ്പോലെ അത്ര ഭദ്രമല്ലായിരുന്നു പൊതുനിരത്തുകളിൽക്കൂടിയുള്ള സഞ്ചാരം. തടവുശിക്ഷയാണ് സാധാരണ പതിവ്. പക്ഷെ, കുററം വലുതായാൽ മൂക്ക്, ചെവി തുടങ്ങിയ അവയവങ്ങൾ മുറിക്കുകയും പതിവില്ലായ്കയില്ല. നാടുകടത്തലും നടപ്പുണ്ടായിരുന്നു. സത്യം തെളിയിക്കാനായി, തിളച്ചവെള്ളത്തിൽ കൈമുക്കുക, തീയിൽ ചാടുക തുടങ്ങിയ പരീക്ഷകൾ പതിവുണ്ട്. ഇതൊക്കെ അന്ധവിശ്വാസമാണെന്നു നിങ്ങൾ പറയുമായിരിക്കാം. പക്ഷെ, കാലം ഏതായിരുന്നുവെന്നാലോചിക്കുക.

വിദ്യാഭ്യാസാഭിവൃദ്ധിക്കുവേണ്ടി ഹർഷൻ വേണ്ടത്ര സഹായം ചെയ്തിരുന്നു. സംസ്കൃതസാഹിത്യത്തിന്ന് ഒരു ശുക്രദശയായിരുന്നു അന്ന്. ഹർഷൻതന്നെ നല്ലൊരു സാഹിത്യകാരനായിരുന്നു. നാഗാനന്ദം, പ്രിയദർശിക, രത്നാവലി എന്നീ സംസ്കൃതനാടകങ്ങൾ അദ്ദേഹം എഴുതിയിട്ടുള്ളതാണ്. ബാണൻ എന്ന സംസ്കൃത ഗദ്യസാഹിത്യകാരൻ എഴുതിയ ഹർഷചരിതത്തെപ്പററി ആദ്യമേ സൂചിപ്പിച്ചുവല്ലോ! കാദംബരി എന്ന ഗദ്യകാവ്യവും ബാണന്റേതാണ്.

## ബുദ്ധമതപുനരുദ്ധാരണം

അശോക ചക്രവർത്തിയെപ്പോലെതന്നെ ഹർഷനും ജീവിതത്തിൽ ഒരു പരിവർത്തനമുണ്ടായി. അവസാനകാലത്ത്

ബുദ്ധമതത്തോടു പ്രത്യേകമായ പ്രതിപത്തിയാണു് അദ്ദേഹം പ്രകടിപ്പിച്ചതു്. ഹീനയാന സമ്പ്രദായത്തിൽ ആരംഭിച്ച ആ മതിപ്പു് ക്രമേണ മഹായാനത്തിലേക്കു് തിരിഞ്ഞു ജന്തുഹിംസ നിരോധിച്ചു. വഴിയമ്പലങ്ങൾ പണിയിച്ചു; ധർമ്മാസ്പത്രികളും ഊട്ടുപുരകളും ഏർപ്പെടുത്തി; ബൌദ്ധസ്തൂപങ്ങൾ കെട്ടിച്ചു; ബൌദ്ധാശ്രമങ്ങൾ സ്ഥാപിച്ചു. ഇങ്ങനെ ബുദ്ധന്റെ ആദർശങ്ങൾ പ്രായോഗികമാക്കത്തക്ക ഒരു മതനയമാണു് ഹർഷൻ സ്വീകരിച്ചതു്.

ഇത്രയും പറഞ്ഞതുകൊണ്ടു് മററു മതങ്ങൾ ധിക്കരിക്കപ്പെട്ടുവെന്നോ, അവയ്ക്കു പ്രോത്സാഹനം ലഭിച്ചിട്ടില്ലെന്നോ തെററിദ്ധരിക്കരുതു്. രാജകുടുംബത്തിൽതന്നെ മതവിശ്വാസത്തെസ്സംബന്ധിച്ച ഭിന്നാഭിപ്രായങ്ങളുണ്ടായിരുന്നു. അതിലൊന്നും ഹർഷൻ ഇടപെട്ടിരുന്നുമില്ല. ഹൈന്ദവ മതസ്ഥാപനങ്ങൾക്കും അദ്ദേഹം പ്രോത്സാഹനം നൽകാറുണ്ടു്. "ഹർഷന്റെ സാമ്രാജ്യത്തിൽ ഹിന്ദുമതം, ബുദ്ധമതം, ജൈനമതം എന്നിവയെല്ലാം പുലർന്നിരുന്നു. മിക്കവാറും വിവിധമതക്കാർതമ്മിൽ സമാധാനത്തോടുകൂടി വർത്തിച്ചിരുന്നു അന്നു" * എന്നാൽ ബുദ്ധമതത്തിലെ രണ്ടു വിഭാഗങ്ങൾ തമ്മിലും ഹിന്ദുമതക്കാരും ബുദ്ധമതക്കാരും തമ്മിലും നീരസമില്ലാതിരുന്നിട്ടുമില്ല.—

ഇന്ത്യാചരിത്രത്തിലെ മഹാശയന്മാരായ ചക്രവർത്തിമാരുടെകൂട്ടത്തിൽ ഹർഷനും സ്ഥാനമുണ്ടു്. എന്താണതിന്നു കാരണം? ഒരു യോദ്ധാവെന്നനിലയിൽ വിസ്തൃതമായൊരു

ഹർഷന്റെ മഹത്വം

സാമ്രാജ്യം സ്വന്തം പരിശ്രമംകൊണ്ടു് കീഴടക്കി. ഒരു ഭരണകർത്താവെന്നനിലയിൽ പ്രശസ്തമാംവണ്ണം രാജ്യത്തിൽ ക്ഷേമം പുലർത്തി. സാഹിത്യത്തിൽ ചക്രവർത്തിക്കു് അനശ്വരമായ യശസ്സാണു് സമ്പാദിക്കാൻ കഴിഞ്ഞിട്ടുള്ളതു്. ധർമ്മനിരതൻ എന്ന കീർത്തിക്കുകൂടി അർഹതയുണ്ടാക്കുന്നൊരു ജീവിതരീതിയാണു് അദ്ദേഹം നയിച്ചതു്.

---

* Early History of India—Vincent A. Smith.

ഈ ധൎമ്മിഷ്ഠതയെസ്സംബന്ധിച്ച് അല്പംകൂടി പറയട്ടെ. ഹ്യൻസാങ്ങിൻെറ ബഹുമാനാൎത്ഥം ചക്രവൎത്തി അദ്ദേഹത്തിൻെറ തലസ്ഥാനമായ കനൗജിൽവെച്ച് ഒരു സദസ്സുനടത്തി. ഇതു് ഏതാനും ദിവസത്തേക്കു നീണ്ടുനിന്ന ഒരു മഹോത്സവമായിരുന്നു. ഈ സംഭവത്തിനുശേഷം അദ്ദേഹം ആ ചൈനാസന്ദൎശകനെ പ്രയാഗയിലേക്ക് കൂട്ടിക്കൊണ്ടുപോയി. നാലുകൊല്ലം കൂടുമ്പോൾ തൻെറ സ്വത്തുക്കളെല്ലാം അവിടെവച്ചു ഭിക്ഷുക്കൾക്കു ദാനംചെയ്യുന്ന ഒരു പതിവുണ്ടായിരുന്നു. അതു് കാട്ടിക്കൊടുക്കാനാണ് ഹ്യൻസാങ്ങിനെ ക്ഷണിച്ചുകൊണ്ടുപോയതു്. മുപ്പതിൽപ്പരം സംവത്സരങ്ങൾ ഈ ദാനധൎമ്മങ്ങൾ മുറയാംവണ്ണം നടന്നുവത്രേ! ക്രി. അ. 647_ലോ 48_ലോ ആണ് ചക്രവത്തി പരലോകം പ്രാപിച്ചതു്. ഏറെത്താമസിയാതെ ആ സാമ്രാജ്യവും തകൎന്നു. ഇന്ത്യാചരിത്രത്തിലെ അവസാനത്തെ ഹൈന്ദവസാമ്രാജ്യമായിരുന്നു ഇതു്. അനന്തരകാലങ്ങളിലൊന്നും ഹിന്ദുരാജാക്കന്മാരിലാൎക്കും ഒരു സാമ്രാജ്യം സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല

# പതിനൊന്നാം അദ്ധ്യായം

## സമുദായസ്ഥിതിയും പരിഷ്കാരവും.

## ക്രി. അ. 300—650

ഗുപ്തസാമ്രാജ്യത്തിന്റെ പ്രതാപവും അധഃപതനവും നാം കണ്ടു. വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളിലുണ്ടായ വിദേശീയാക്രമണങ്ങളും അതോടൊപ്പം നമുക്ക് കാണേണ്ടിവന്നു. ഈ കലക്കത്തിൽ നിന്ന് ഇന്ത്യയെ അതർഹിക്കുന്ന ഐക്യത്തിലേക്കു വീണ്ടും നയിക്കാൻ സാധിച്ച ഹർഷവർദ്ധനന്റെ കാര്യക്ഷമമായ ഭരണരീതിയും നാം ദർശിച്ചു. ഉത്തരേന്ത്യയിൽ ഹർഷനും ദക്ഷിണഖണ്ഡത്തിൽ പുലകേശിൻ എന്ന ചാലൂക്യരാജാവും ഇന്ത്യയുടെ ഏകീകരണത്തിന്റെ ചരിത്രത്തിൽ സാമാന്യം നല്ലൊരു സ്ഥാനമർഹിക്കുന്നവരാണ്. പക്ഷേ ഇവരുടെ കാലത്തെ രാഷ്ട്രീയസ്ഥിതികളാണ് നാം കാര്യമായി പഠിച്ചതു്. ക്രി. അ. 300-മുതൽ 650വരെ — ഗുപ്തസാമ്രാജ്യത്തിന്റെ ആരംഭം മുതൽ ഹർഷന്റെ കാലം കഴിയുന്നതുവരെയുള്ള മൂന്നരനൂറ്റാണ്ട് — ഇന്ത്യയിലെ ജനങ്ങളുടെ സ്ഥിതിയെന്തായിരുന്നു? അവരുടെ സാമുദായികജീവിതം, സംസ്കാരം, എന്നിവയിൽവന്ന വ്യത്യാസങ്ങളെന്തു്? അതാണ് നമുക്ക് പ്രത്യേകമായി അന്വേഷിക്കാനുള്ളതു്. ഫാഹിയൻ, ഹ്യൂൻ-സാങ്ങ് എന്നീ ചൈനാ തീർത്ഥയാത്രക്കാരുടെ വിവരണങ്ങളും കാളിദാസൻ, ഹർഷൻ, ബാണൻ തുടങ്ങിയ സാഹിത്യകാരന്മാരുടെ കൃതികളും കൂട്ടിവെച്ചുപരിശോധിച്ചാൽ അന്നത്തെ ജനങ്ങളെസ്സംബന്ധിച്ചു പലതും പഠിക്കാം.

ചരിത്രം ആരംഭിച്ച കാലം മുതല്ക്കേ ഇന്ത്യയിൽ വിദേശീയ വർഗ്ഗക്കാരുടെ ആഗമനം നാം കാണാൻ തുടങ്ങി. നാം വർഗ്ഗാഭിമാനികളല്ലെന്ന് പറയാൻ നിവൃത്തിയില്ല. മററുള്ളവരെപ്പോലെ നമുക്കും നമ്മളെക്കുറിച്ചൊരഭിമാനമുണ്ട്. വിദേശീയവർഗ്ഗക്കാരുടെ തുടരെത്തുടരെയുള്ള ആഗമ

നത്തോടൊപ്പം കാണപ്പെട്ട വർഗ്ഗസങ്കലനവും സ്വാംശീകരണവും ഈ അഭിമാനംകൊണ്ടുണ്ടായിട്ടുള്ളതാണ്. ആര്യന്മാർ വന്നു; അവർ ദ്രാവിഡരോട് കൂടിച്ചേർന്നു; അതിനു ശേഷം, മീഡിയക്കാർ, ഐറേനിയർ (പേഴ്സ്യക്കാർ) ഗ്രീക്കുകാർ, ബാക്ടിയക്കാർ, പാർത്തിയന്മാർ, ശാകന്മാർ (സിത്തിയർ) കുഷാണർ എന്നിവരൊക്കെ ഇവിടെ വന്നു. കഴിയുന്നത്ര നാം അവരെ തടഞ്ഞുനോക്കി—അതിൽ ജയിക്കാതെ വരുമ്പോൾ അവരെ നമ്മളോടു കൂട്ടിയിണക്കി [1] നമ്മുടെ മതവും നമ്മുടെ സംസ്കാരവും അവരെ സ്വാധീനിച്ചു സ്വാംശീകരിച്ചു. അത്തരത്തിലുള്ളൊരു സങ്കലിതവർഗ്ഗമായിരുന്നു
അന്നത്തെ ഇന്ത്യൻ ജനത. ജാതിവ്യത്യാ
വർഗ്ഗസങ്കലനം സത്തിന്റെ കരിങ്കന്മതിലുകൾ തട്ടിത്തക
ക്കാൻ ജൈനമതവും ബുദ്ധമതവും മുന്നി
ട്ടിറങ്ങിയപ്പോൾ ഹിന്ദുമതം സാവധാനത്തിൽ ആ പ്രതിബന്ധങ്ങളെ നീക്കി ആവശ്യം പോലെ മററുള്ളവരെ അംഗീകരിച്ചുതുടങ്ങി. ഫാഹിയൻ സന്ദർശിച്ച ഇന്ത്യയിൽ ചണ്ഡാളനൊഴികെയുള്ളവർക്കെല്ലാം പൌരസ്വാതന്ത്ര്യവും സമുദായത്തിൽ സമത്വവും ഉണ്ടായിരുന്നതായി നാം കണ്ടു. സിത്തിയരും കുഷാണരും ഹൂണന്മാരും ഇന്ത്യക്കാരോടു വിവാഹബന്ധത്തിലേർപ്പെട്ടും ഇന്ത്യയിലെ മതങ്ങൾ സ്വീകരിച്ചും ഏറെക്കുറെ ഇണങ്ങിച്ചേർന്നു. ഇങ്ങനെ സമുദായത്തിൽ വിവിധ വർഗ്ഗങ്ങൾ തമ്മിലുള്ള ഒരു സങ്കലനമാണ് നാം കണ്ടതു്.

ഈ സങ്കലിതവർഗ്ഗം സമാധാനത്തോടുകൂടി വർത്തിച്ചിരുന്നുവോ? തീർത്തുപറയാൻ പ്രയാസമാണ്. ബുദ്ധമതത്തിലെ മഹായാന ഹീനയാനവിഭാഗങ്ങൾ തമ്മിലും ഹിന്ദുമതവും ബുദ്ധമതവും തമ്മിലും പല ഇരമ്പലുകളും ഉണ്ടാകാറുള്ളതായി ഊഹിക്കാം. [2] പക്ഷേ, ഭരണാധികാരിയുടെ
ദൃഷ്ടിയിൽ മതപരമായ സ്പർദ്ധയ്ക്കു വാസ്തവ
മതസ്വാതന്ത്ര്യം അതിൽ സ്ഥാനമുണ്ടായിരുന്നില്ല. ഹർഷന്റെ
വിരോധിയായിരുന്ന ബംഗാളിലെ രാജാവു
ബുദ്ധമതസ്ഥാപനങ്ങൾക്കു വലിയ നാശം വരുത്തിയതായി

1. Discovery of India: Pages 112 & 113.
2. Vincent A. Smith.

പറയപ്പെടുന്നുണ്ടു്. ഇതുപോലെത്തന്നെ മിഹിരഗുളനും ശൈവപക്ഷത്തോടുള്ള പ്രതിപത്തി നിമിത്തം ബുദ്ധമതക്കാരെ ഉപദ്രവിച്ചിട്ടുണ്ടു്. ഇങ്ങിനെ അവിടവിടെ ചില വിഭാഗക്കാക്കു് മതവിശ്വാസത്തിന്റെ പേരിൽ മദ്ദനങ്ങൾ സഹിക്കേണ്ടിവന്നിട്ടുണ്ടെങ്കിലും ഇന്ത്യയിലെ കേന്ദ്രശക്തി ഒരിക്കലും മതത്തിന്റെ പേരിൽ ജനങ്ങളെ ഉപദ്രവിച്ചിട്ടില്ല. ഓരോ വ്യക്തിയുടേയും അഭീഷ്ടത്തിനിണങ്ങിയ മതവിശ്വാസങ്ങൾ സ്വീകരിക്കുന്നതിൽ അന്നത്തെ ചക്രവത്തിമാർ പ്രതിബന്ധക്കാരായിരുന്നില്ല.

മതവും സമുദായവും തമ്മിലുള്ള ബന്ധമാണു് നാം മുകളിൽ കണ്ടതു്. ഇങ്ങനെയുള്ള പരിതഃസ്ഥിതികളിൽ ഓരോ മതത്തിനും സംഭവിച്ച രൂപഭേദമെന്തായിരിക്കണം? ഗുപ്തചക്രവത്തിമാർ ഹൈന്ദവമതത്തെ കുറച്ചധികം പ്രോത്സാഹിപ്പിച്ചതിന്റെ ഫലമായി അതിന്നഭിവൃദ്ധിയുണ്ടായി. ബുദ്ധനും, മഹാവീരനും ഹിന്ദുമതത്തിൽ കണ്ടെത്തിയ കുറവുകൾ പലതും നീക്കത്താനുള്ളൊരു പരിശ്രമം ബ്രാഹ്മണരുടെ നേതൃത്വത്തിൽ പുരോഗമിച്ചുവന്നു. അങ്ങനെ, സാമാന്യജനതയെ സമീപിക്കാൻ പററിയ മതഗ്രന്ഥങ്ങളുണ്ടു് ഹിന്ദുമതത്തിൽ തന്മൂലം വളന്നുവന്നതു്. ഇതിന്നിടയിൽ ബുദ്ധമതത്തിൽ കടന്നുകൂടിയ അന്ധവിശ്വാസങ്ങളും അഴിമതികളും ആ മതത്തിന്റെ സ്വാധീനശക്തിക്കു കോട്ടം

**ബുദ്ധമതത്തിന്റെ അധഃപതനം**

വരുത്തി. ഇന്ത്യയിലെ വിവിധ വർഗ്ഗക്കാരേയും ഒരൊററ മതവിശ്വാസത്തിൻകീഴിൽ സംഘടിപ്പിക്കാനുള്ള അത്ഭുതാവഹമായ ശക്തിയോടുകൂടി ബുദ്ധൻ സ്ഥാപിച്ച ആ വിശ്വോത്തരമതത്തെ അനന്തരകാലത്തെ അദ്ദേഹത്തിന്റെ അനുയായികൾ ആവശ്യമില്ലാതെ ഒട്ടൊന്നു് അധഃപതിപ്പിച്ചുവെന്നു് അത്ഥം. ഇതിന്നിടയിൽ ജൈനമതത്തോടും പ്രതിപത്തിയുള്ളവർ അവിടവിടെ കുറച്ചുണ്ടായിരുന്നു.

## സാഹിത്യം, വിദ്യാഭ്യാസം, കലകൾ

ഇനി വിദ്യാഭ്യാസം, സാഹിത്യം, തുടങ്ങിയവയെപ്പററിയാണു് നമുക്കു ചിന്തിക്കാനുള്ളതു്. ഗുപ്തന്മാരുടെ കാ

ലത്തും ഹർഷവർദ്ധനന്റെകാലത്തുംസംസ്കൃതസാഹിത്യത്തിനു് അത്ഭുതാവഹമായ അഭിവൃദ്ധിയാണുണ്ടായതു്. സംസ്കൃതത്തിലെ വിശ്വോത്തര പ്രശസ്തങ്ങളായ കൃതികളാണു് വിക്രമാദിത്യന്റെ നവരത്നങ്ങളിൽ അഗ്രഗണ്യനായ കാളിദാസ മഹാകവി രചിച്ചതു്. ഇന്ത്യയ്ക്കു സ്വന്തമായൊരു നാടകകലയും നാടകസാഹിത്യവുമുണ്ടെന്നു് അഭിമാനിക്കാൻ മതിയായ വ്യക്തിത്വം അതിന്നു സമ്പാദിച്ചുകൊടുത്തതു് ഇക്കാലത്താണു്. ഹർഷന്റെ സാഹിത്യപരമായ സംഭാവനകൾ അതിന്നു് അഭിവൃദ്ധിയുണ്ടാക്കുകയുംചെയ്തു. സാഹിത്യത്തിലുണ്ടായ ഈ അഭിവൃദ്ധിയോടൊപ്പം ഇന്ത്യയിൽ വിദ്യാഭ്യാസത്തിന്നും പുരോഗതിയുണ്ടായി. ബുദ്ധമതക്കാരുടേയും ബ്രാഹ്മണരുടേയും നേതൃത്വത്തിൽ അതിന്നു സാമാന്യജനതയെ ഏറെക്കുറെ സമീപിക്കാൻ സാധിച്ചു. ബൌദ്ധാശ്രമങ്ങളിൽ നടത്താറുള്ള സമ്മേളനങ്ങളിൽ പങ്കുകൊള്ളാൻ നാനാഭാഗത്തുനിന്നും ആളുകൾ വന്നെത്താറുള്ളതായി ഫാഹിയൻ രേഖപ്പെടുത്തീട്ടുണ്ടു്. ഹർഷന്റെ കാലത്തു് വിദ്യാഭ്യാസത്തിന്നു് വേണ്ടത്ര പ്രോത്സാഹനം നൽകിയിരുന്നു.

സുന്ദരകലകൾക്കെല്ലാം അഭൂതപൂർവ്വമായ വളർച്ചയാണു് ഈ മൂന്നരശ്ശതാബ്ദകാലംകൊണ്ടു നേടാൻ കഴിഞ്ഞതു്. പേഴ്സ്യക്കാർ, ഗ്രീക്കുകാർ തുടങ്ങിയ പരിഷ്കൃത വർഗ്ഗക്കാരുടെ നൂതന സമ്പ്രദായങ്ങളോടിണങ്ങിച്ചേർന്ന ഇന്ത്യൻ കലകൾ ഗുപ്തന്മാരുടേയും ഹർഷന്റേയും പ്രോത്സാഹനത്താൽ വികസിച്ചുവന്നു. കലാപ്രണയിയായ സമുദ്രഗുപ്തൻ ഭംഗിയുള്ള നാണയങ്ങളും കെട്ടിടങ്ങളും ഉണ്ടാക്കിച്ചു. അതുപോലെതന്നെ ചിത്രമെഴുത്തിന്നും സംഗീതത്തിന്നും അക്കാലത്തു വലിയ അഭിവൃദ്ധിയുണ്ടായി.

### സന്മാർഗ്ഗബോധം

എല്ലാററിലും ഉപരിയായി നമുക്കഭിമാനിക്കാനുള്ളതു ഭാരതീയരുടെ സന്മാർഗ്ഗബോധത്തിന്നുണ്ടായ അസൂയാവഹമായ പുരോഗതിയിലാണു്. ബുദ്ധനും മഹാവീരനും കെട്ടിപ്പടുത്ത സന്മാർഗ്ഗബോധം ഇന്ത്യാചരിത്രത്തിനു് അഭിമാനി

ക്കത്തക്കതാണ്. ധർമ്മസ്ഥാപനങ്ങൾ പലതും പൊതുജനങ്ങളുടെ സംഭാവനകൾകൊണ്ടു നടത്തപ്പെട്ടിരുന്ന ഒരു കാഴ്ചയാണ് ഫാഹിയനെ അത്ഭുതപ്പെടുത്തിയത്. അക്കാലത്ത് അത്തരം സ്ഥാപനങ്ങളുണ്ടായിരുന്നില്ല. രാജാക്കന്മാരുടെ ധർമ്മനിഷ്ഠയും ഒതുങ്ങിയ ജീവിതവും ജനങ്ങൾക്ക് ഒന്നാന്തരം മാതൃകയത്രേ കാട്ടിക്കൊടുത്തത്. ഹർഷചക്രവർത്തി നന്നാലുകൊല്ലം കൂടുമ്പോൾ തന്റെ സ്വത്തുക്കളൊക്കെ സാധുക്കൾക്കു ദാനംചെയ്തിരുന്നതു നാം കണ്ടതല്ലേ? ആസ്പത്രികൾ, ഊട്ടുപുരകൾ വഴിയമ്പലങ്ങൾ എന്നിങ്ങനെ എത്രയെത്ര ധർമ്മസ്ഥാപനങ്ങളാണ് ഇന്ത്യയിലുണ്ടായിരുന്നത്!

ക്രൂരകൃത്യം ചെയ്യുന്ന മനുഷ്യരും അന്നു കുറവായിരുന്നു കവർച്ചക്കാരുടെ ശല്യം കൂടാതെ ഏതു പൊതുനിരത്തിൽ കൂടിയും സ്വൈരമായി സഞ്ചരിക്കാൻ സാധിക്കാവുന്നൊരു കാലത്താണ് ഫാഹിയൻ ഇന്ത്യ സന്ദർശിച്ചത്. ഹ്യൂൻസാങ്ങിന്റെ കാലത്ത് അത്രതന്നെ ഭദ്രതയുണ്ടായിരുന്നില്ലെങ്കിലും ഹർഷന്റെ നേരിട്ടുള്ള അന്വേഷണം സാമ്രാജ്യമൊട്ടുക്കും സമാധാനം പുലർത്തി. ഏതൊരു വിദേശീയനേയും തങ്ങളോടിണക്കിച്ചേർക്കാൻവേണ്ട വിശാലമനസ്കതയുള്ള ഇന്ത്യൻ സംസ്കാരം മിഹിരഗുളന്റെ ക്രൂരത പൊറുത്തില്ല—അതാണ് ബാലാദിത്യനും യശോധർമ്മനും ഒത്തൊരുമിക്കാൻ കാരണമാക്കിയത്. ചുരുക്കിപ്പറഞ്ഞാൽ, ഇന്ത്യൻ സംസ്കാരം സർവ്വതോമുഖമായ അഭിവൃദ്ധി പ്രാപിച്ച ഒരു കാലഘട്ടമായിരുന്നു അത്.

# പന്ത്രണ്ടാം അദ്ധ്യായം

## രജപുത്രന്മാർ

**ഉത്തരേന്ത്യ ഹർഷനു ശേഷം**

ഹർഷനു ശേഷം ആ വിസ്തൃതമായ സാമ്രാജ്യത്തിനെന്തു സംഭവിച്ചു? മന്ത്രിമാരിലൊരാളായ അർജ്ജുനൻ രാജ്യം കയ്യേറി. പക്ഷെ, തിബത്തിൽനിന്നു വന്ന സൈ ഹാർട്ടസംഘത്തിന്റെ നേതാവിനെ നിഗ്രഹിച്ച ആ മൂഢനെ അവരുടെ സൈന്യം തടവുകാരനാക്കി പിടിച്ചുകൊണ്ടുപോയി. ഇതോടൊപ്പം രാജ്യത്തിൽ ഒരു ക്ഷാമവും ബാധിച്ചു. ഉത്തരേന്ത്യ വീണ്ടും ചെറുകിട രാജാക്കന്മാരുടെ കൂത്തരങ്ങായി.

**രജപുത്രന്മാർ വംശം**

ഈ ഘട്ടത്തിലാണ് ഇന്ത്യയിൽ രജപുത്രന്മാർ പ്രബലപ്പെട്ടുവന്നതു്. എന്താണ് ഈ രജപുത്രന്മാരുടെ പൂർവ്വകഥ? പല അഭിപ്രായങ്ങളുമുണ്ട് അതിനെപ്പററി. ഇവർ സിതിയൻ വർഗ്ഗത്തിൽ പെട്ടവരാണെന്നു പാശ്ചാത്യ ചരിത്രകാരന്മാർ പലരും പറയുന്നു. എന്നാൽ ഇതിഹാസകാലത്തെ ക്ഷത്രിയന്മാരെയാണ് ഇവർ തങ്ങളുടെ പൂർവ്വികന്മാരായിട്ടവകാശപ്പെടുന്നതു്. വാസ്തവം ഇതായിരിക്കണം. പലകാലത്തുമായി ഇന്ത്യയിൽ കടന്നുകൂടിയ വിദേശീയ വീരന്മാർ ഇവിടത്തുകാരുമായി വിവാഹബന്ധത്തിലേർപ്പെട്ട് ഒരു പ്രത്യേക സമുദായമായി പെരുത്തുവന്നു. ധീരന്മാരായതുകൊണ്ടു ബ്രാഹ്മണർ അവരെ ക്ഷത്രിയന്മാരാക്കി. ഇങ്ങനെ ഹൈന്ദവമതം സ്വീകരിച്ചു ഭാരതീയത്വം പ്രാപിച്ചവരായിരിക്കണം രജപുത്രന്മാർ.

**രജപുത്ര സ്വഭാവം.**

അതിശയിക്കത്തക്ക ധൈര്യം, അസൂയാവഹമായ യുദ്ധനിപുണത, അഗാധമായ ദേശാഭിമാനം എന്നിവയാണ് ഇവരുടെ ഗുണങ്ങൾ. യുദ്ധത്തിന്നു പോയാൽ ഒന്നുകിൽ ജയം അല്ലെങ്കിൽ മരണം എന്നായിരുന്നു ദൃഢനിശ്ചയം. പുരുഷന്മാർ യുദ്ധ

ക്കളത്തിലും സ്ത്രീകൾ തീയിലും ചാടി ആത്മഹത്യചെയ്യുകയല്ലാതെ ശത്രുവിനു കീഴടങ്ങുക പതിവില്ല.

രജപുത്രപ്രഭാവകാലം

പത്തും, പതിനൊന്നും, പന്ത്രണ്ടും നൂററാണ്ടുകളിൽ ഉത്തരേന്ത്യയിൽ രജപുത്രന്മാർക്കായിരുന്നു പ്രാബല്യം. വാണിജ്യം, വിദ്യാഭ്യാസം, സാഹിത്യം എന്നിവയെല്ലാം അക്കാലത്തു പുരോഗതിയുണ്ടായി. ഭവഭൂതി, ഭോജൻ തുടങ്ങിയ കവികൾ ഇക്കാലത്താണു് ജീവിച്ചിരുന്നതു്. നളന്ദയിലും വിക്രമശിലയിലും സർവ്വകലാശാലകൾ മികച്ചുവന്നതും ഇക്കാലത്തുതന്നെയാണു്. ചുരുക്കിപ്പറഞ്ഞാൽ ആര്യാവർത്തം ഒരു പൊതു കുടുംബത്തിൻെറ നിലയിൽ സംഘടിച്ചു നിന്നില്ലെങ്കിലും ഏറെക്കുറെ ക്ഷേമം അക്കാലത്തുണ്ടായിരുന്നു. ഒരു കേന്ദ്രശക്തിക്കിണങ്ങാത്തതുകൊണ്ടു വന്ന ദോഷങ്ങൾ പിന്നീടു പഠിക്കാം. ഈ രജപുത്രന്മാർ എങ്ങനെ പ്രബലപ്പെട്ടുവന്നു എന്നുമാത്രം നമുക്കു തല്ക്കാലം അന്വേഷിക്കാം.

## കാശ്മീരം

രജപുത്രരാജ്യങ്ങളുടെ കൂട്ടത്തിൽ സാമാന്യം നല്ലൊരു പാരമ്പര്യം പുലർത്തിട്ടുള്ള രാജ്യമാണു് കാശ്മീരം. ബ്രിട്ടീഷുകാർ ഇന്ത്യവിട്ടുപോയതിനുശേഷം ഈ രാജ്യത്തെപ്പററി നാം കുറച്ചധികം കേൾക്കുന്നുണ്ടല്ലോ! അതു് ഇന്ത്യായൂണിയനിലോ പാക്കിസ്ഥാനിലോ ചേരേണ്ടതെന്ന കാര്യത്തെക്കുറിച്ചാണു് വലിയ തർക്കങ്ങൾ നടന്നിട്ടുള്ളതെന്നും നീങ്ങൾ പത്രങ്ങൾവഴി ധരിച്ചിട്ടുണ്ടാവാം. ഭാരതാംബയുടെ കനകകിരീടംപോലെ പ്രശോഭിക്കുന്ന ഈ രാജ്യത്തെക്കുറിച്ചു് അല്പമെങ്കിലും അറിഞ്ഞിരിക്കുക.

അശോകൻെറ കാലത്തു കാശ്മീരം മൌര്യസാമ്രാജ്യത്തിലെ ഒരു സാമന്തരാജ്യമായിരുന്നു. ഹർഷൻെറ കാലത്തു അതു് ഒരു സ്വതന്ത്രരാജ്യമായിക്കഴിഞ്ഞിട്ടുണ്ടായിരുന്നു. തക്ഷശില, സിംഹപുരം, തുടങ്ങിയ ചെറുരാജ്യങ്ങളെല്ലാം കീഴടക്കി സാമ്രാജ്യം പ്രബലപ്പെട്ടുവന്ന ഒരു കാലമായിരുന്നു അതു്. ഇങ്ങനെ, ഏഴാം നൂററാണ്ടിൽ നേടിയ

സ്വാതന്ത്ര്യം പതിന്നാലാം നൂററാണ്ടുവരെ നിലനിർത്തിപ്പോന്നതായിട്ടാണു് വിശ്വസിക്കേണ്ടതു്. ഇതിനിടയിൽ അവിടെ വാണ രാജാക്കന്മാരുടെ പേരൊന്നും പറഞ്ഞു ഞാൻ നിങ്ങളെ വിഷമിപ്പിക്കുന്നില്ല.

## നേപാളം

കാഴ്ചയ്ക്കു ചെറിയതെങ്കിലും കാര്യത്തിനു കേമത്തരമായ ഒരു രാജ്യമാണു് നേപാളം. ബ്രിട്ടീഷുകാർപോലും നേപാളക്കാരെ നയത്തിനു കൊണ്ടുനടത്തുകയേ ഉണ്ടായിട്ടുള്ളൂ. ഹിമാലയത്തിന്റെ അടിവാരത്തു കിടക്കുന്ന ഈ ചെറു രാജ്യം സമുദ്രഗുപ്തനു കപ്പം കൊടുത്തിരുന്നതായിട്ടറിയാം. അതിനുശേഷം പല വംശക്കാരും നേപാളത്തിൽ വാണിട്ടുണ്ടു്. ഇന്ത്യയ്ക്കു പൊതുവേയുള്ള ചരിത്രത്തിൽ അതൊന്നും തപ്പിനടന്നിട്ടു പ്രയോജനമില്ല. 1768-ൽ ഗൂർക്കർ കീഴടക്കിയതുമുതല്ക്കേ നേപാളം ഇന്ത്യയിലെ ഒരു പ്രബലപ്പെട്ട രാജ്യമായിത്തീർന്നുള്ളൂ.

## ആസ്സാം

രണ്ടാം ലോകമഹായുദ്ധം നടന്നിരുന്നകാലത്തു നമ്മുടെ നാട്ടുകാരിൽ പലരും ആസ്സാമിലേക്കു പോകാറുള്ളതായി നിങ്ങൾ കേട്ടിരിക്കണം. ഇതും ഒരു രജപുത്രരാജ്യമായിരുന്നു. സമുദ്രഗുപ്തന്റെകാലത്തു് അതു ഗുപ്തചക്രവർത്തിക്കു കപ്പംകൊടുത്തിരുന്നു. ഹർഷന്റെകാലത്തു് ഒരു ഭാസ്കരവർമ്മനായിരുന്നു അവിടത്തെ രാജാവു്. പിന്നെ കുറെകാലത്തെ ചരിത്രത്തെപ്പററിയൊന്നും നമുക്കറിവില്ല. ബംഗാളത്തെ ഭരിച്ചിരുന്ന പാലവംശരാജാക്കന്മാർ ഈ രാജ്യത്തിന്റെ ആധിപത്യവുംകൂടി കൈക്കലാക്കിയതായി തെളിയുന്നുണ്ടു്. പതിമൂന്നാം നൂററാണ്ടിൽ ആഹോം എന്നൊരു വംശക്കാർ ഈ പ്രദേശം കീഴടക്കിയപ്പോഴാണു് ആസ്സാം എന്ന പേർ തന്നെ അതിന്നു സിദ്ധിച്ചതു്. അതുവരെ കാമരൂപം എന്നായിരുന്നു ഈ രാജ്യത്തിന്റെ പേർ.

## ഗംഗാസമതലപ്രദേശം

ഗംഗാനദീതടത്തിലെ പ്രബലപ്പെട്ട രജപുത്രരാജ്യങ്ങളെക്കുറിച്ചാണ് നമുക്കിനി അന്വേഷിക്കാനിരിക്കുന്നത്. കനൂജ , അജ്മീർ, മാൾവ, ഗുജറാത്ത്, ബന്തൽഖണ്ഡം, ബംഗാളം, ചേദി എന്നീ രാജ്യങ്ങൾ ഇന്ത്യയിൽ ചരിത്രം സൃഷ്ടിച്ചു പ്രസിദ്ധിനേടീട്ടുള്ളവയാണ്.

## കനൂജ്

ചൈനാതീർത്ഥയാത്രക്കാരനായ ഫാഹിയന്റെ യാത്രാസ്മരണകളിൽ കനൂജിനെപ്പററി പറയുന്നുണ്ട്. ഹർഷൻ തന്റെ സാമ്രാജ്യത്തിന്റെ തലസ്ഥാനമായി ഈ നഗരം തിരഞ്ഞെടുത്തപ്പോഴത്രേ അതു പ്രബലപ്പെട്ടത്. ഫാഹിയൻകണ്ട കനൂജിൽ മൂന്നു ബൌദ്ധാശ്രമങ്ങളേ ഉണ്ടായിരുന്നുള്ളു. എന്നാൽ, ഹ്യൂൻസാങ്ങിന്റെ ആഗമനകാലത്ത് നൂറിൽപരം ബൌദ്ധാശ്രമങ്ങളും ഇരുനൂറിൽപരം ഹിന്ദുക്ഷേത്രങ്ങളും അവിടെ ഉണ്ടായിരുന്നു. ഹർഷന്റെ കാലശേഷം യശോവർമ്മൻ എന്ന രാജാവാണ് ഈ രാജ്യം വാണത്. അദ്ദേഹത്തിന്റെ പിൻഗാമികളുടെ പക്കൽനിന്നും ഗൂർജ്ജരന്മാർ ഈ സ്ഥലം പിടിച്ചടക്കി. ഒമ്പതാംനൂററാണ്ടിൽ മഹിരഭോജൻ, മഹേന്ദ്രപാലൻ എന്നിങ്ങനെ രണ്ടു ഗൂർജ്ജരരാജാക്കന്മാർ പ്രതാപവാന്മാരായി വാണിട്ടുണ്ട്. പഞ്ചാബ്, രജപുത്താന, അയോദ്ധ്യ, മദ്ധ്യേന്ത്യ എന്നീ പ്രദേശങ്ങളെല്ലാം ഗൂർജ്ജരാധിപത്യത്തിലായിരുന്നു അന്ന്. പതിനൊന്നാം നൂററാണ്ട് പിറന്നപ്പോൾ സമ്പന്നമായ ഈ നഗരത്തെ മാമൂദ്ഗസ്നി കൊള്ളയടിച്ചു. ആയിരത്തിൽപരം ക്ഷേത്രങ്ങളത്രേ അന്ന് ഇവിടെ ഉണ്ടായിരുന്നത്. ഗസ്നിസുൽത്താന്റെ ആക്രമണത്തോടുകൂടി ഗൂർജ്ജരന്മാരുടെ വാഴ്ചയും അവസാനിച്ചു. റാഠോർവംശക്കാരാണ് പിന്നീട് ഈ രാജ്യത്തിന്റെ പ്രതാപം പുനഃസ്ഥാപിച്ചത്. ഈ വംശത്തിലെ ജയചന്ദ്രൻ എന്ന രാജാവു തന്റെ ശത്രുവായ പൃഥ്വീരാജനോടെതിർക്കാനായി മുഹമ്മദുഘോറിയെ ക്ഷണിച്ച കഥയൊക്കെ ഇനിയൊരവസരത്തിൽ പഠിക്കാം.

## അജ്മീർ

അജ്മീറിലെ ചൗഹൻ വംശക്കാർ പ്രബലന്മാരായിരുന്നു. വിശാലദേവൻ അഥവാ വിഗ്രഹരാജൻ എന്നൊരു രാജാവ് ഈ വംശത്തിൽ സാമാന്യം പ്രതാപത്തോടുകൂടി വാണിരുന്നു. അദ്ദേഹത്തിൻെറ മരുമകനായ പൃഥ്വീരാജനാണ് കനൗജിലെ ജയചന്ദ്രനോടു പലവട്ടവും പൊരുതിയതു്. ഇരുവരും പ്രബലന്മാരായ ഇദ്ദേഹം തുടരെത്തുടരെ നടത്തിയ യുദ്ധങ്ങൾ രജപുത്ര പ്രാബല്യത്തിന്നു കോട്ടം വരുത്തുകയത്രേ ചെയ്തതു്.

എന്താണ് ഈ പരസ്പരമത്സരംകൊണ്ടുണ്ടായ ഫലം? മുഹമ്മദ്ഗോറിക്ക് ഈ രാജ്യങ്ങളൊക്കെ എളുപ്പത്തിൽ കീഴടക്കാൻ സാധിച്ചു. പൃഥ്വീരാജൻെറ മരണത്തോടുകൂടി ഹിന്ദുരാജാക്കന്മാരുടെ പ്രാബല്യം അസ്തമിക്കുകയാണുണ്ടായതു്.

## ജെജക

യമുനാനദിക്കും നർമ്മദാനദിക്കും ഇടയിലുണ്ടായിരുന്ന ഒരു രജപുത്രരാജ്യമാണിതു്. ചന്ദൽ എന്നൊരു വംശക്കാർ ഇവിടെ പ്രബലപ്പെട്ടുവന്നു. "യശോവർമ്മൻ" എന്നൊരാളായിരുന്നു ഇവരുടെ ആദ്യത്തെ രാജാവു് പ്രസിദ്ധപ്പെട്ട കലഞ്ചർകോട്ട കീഴടക്കിയതും കനൗജിലെ രാജാവിനെ തോല്പിച്ചതും ഇദ്ദേഹത്തിൻെറ വലിയ നേട്ടങ്ങളാണ്. ഈ വംശത്തിലെ ഒടുവിലത്തെ രാജാവ് പൃഥ്വീരാജനാലും മുഹമ്മദ് ഗോറിയുടെ വൈസറോയിയായിരുന്ന കുത്ത്ബുദ്ദീനാലും തോല്പിക്കപ്പെട്ടു.

## ചേദിരാജ്യം

കാലച്ചൂരി എന്നൊരു വംശക്കാരുടെ ആധിപത്യത്തിൽ ഈ രാജ്യം സാമാന്യം പ്രബലപ്പെട്ടു. ഗംഗയദേവനായിരുന്നു ഇവരുടെ രാജാക്കന്മാരിൽ വെച്ച് ഏററവും പ്രബലൻ. പന്ത്രണ്ടാംനൂററാണ്ടിൽ മററു പല രാജ്യങ്ങളുടേയും കൂട്ടത്തിൽ ഇതും മുഹമ്മദീയർക്കധീനമായി.

## മാൾവയിലെ പരമാരവംശം

ഒമ്പതാം നൂററാണ്ടിൽ പ്രബലപ്പെട്ടുവന്ന മറെറാരു രജപുത്രവംശമാണ് ഇതു്. പതിനൊന്നാം നൂററാണ്ടിൽ ഈ വംശത്തിൽ ഭോജൻ എന്നൊരു രാജാവു വാഴുകയുണ്ടായി. പണ്ഡിതനും സാഹിത്യകാരനുമായ അദ്ദേഹത്തെ സംസ്കൃതസാഹിത്യത്തിനു മറക്കാൻ സാദ്ധ്യമല്ല-- അദ്ദേഹത്തിൻെറ കാലശേഷം ഈ വംശത്തിൻേറയും പ്രതാപം നാമാവശേഷമായി.

## ഗുജറത്തിലെ സോളങ്കിവംശം

ഉത്തര ഗുജറാത്തിൽ പ്രാബല്യമുറപ്പിച്ച സോളങ്കിവംശത്തിലെ മൂലരാജൻ എന്ന രാജാവിൻെറ പേർ സ്മരണീയമാണ്. അദ്ദേഹത്തിൻെറ പിൻഗാമികളുടെ കാലത്തു് അയൽരാജ്യങ്ങളുമായുണ്ടായ യുദ്ധങ്ങൾ നിമിത്തം ഈ വംശത്തിൻെറ പ്രാബല്യം ക്ഷയിച്ചു. പതിമൂന്നാം നൂററാണ്ടിൽ മുഹമ്മദീയശക്തിക്കിരയായതോടെ അതു നിശ്ശേഷം നശിച്ചു.

## മീവാറിലെ ശിശോദിയാവംശം

രജപുത്രവംശങ്ങളിൽ കുലീനതകൊണ്ടു് ഏററവും ഉന്നതമത്രെ ശിശോദിയാവംശം. ബപ്പാറാവൽ എന്ന രാജാവിനാൽ സ്ഥാപിക്കപ്പെട്ട ഈ വംശക്കാരുടെ ചരിത്രം കുറച്ചധികം മനസ്സിലാക്കേണ്ടതുണ്ടു് നമുക്കു്. അതു്, ഇനിയൊരവസരത്തിലാവാം

## ബംഗാളിലേയും ബീഹാറിലേയും പാലവംശം

ഗോപാലൻ എന്നൊരു രാജാവു് ക്രിസ്ത്വാബ്ദം എട്ടാം നൂററാണ്ടിൽ ഈ വംശത്തിൽ ചരിത്രത്തിന്നു സ്മരിക്കത്തക്ക നേട്ടങ്ങളുണ്ടാക്കി. അദ്ദേഹം ബുദ്ധമതക്കാരനായിരുന്നു. ഗോപാലനെ പിന്തുടൎന്ന ധൎമ്മപാലൻെറ കാലത്തു് ഇവരുടെ രാജ്യം പൂൎവ്വാധികം വിസ്തൃതമായി. ഗംഗാനദീതീരത്തു്

ഒരു ബൌദ്ധാശ്രമവും വിക്രമശില എന്ന സർവ്വകലാശാലയും സ്ഥാപിച്ചതു് ഇദ്ദേഹമാണു്. ഈ വംശത്തിലെ മഹീപാലൻ എന്ന രാജാവു് ബുദ്ധമതത്തിന്നു് തിബത്തിൽ കൂടി പ്രചാരം നല്കി. രാജേന്ദ്രഗംഗേയ്ക്കൊണ്ട ചോളരാജാവുമായുണ്ടായ യുദ്ധത്തിൽ ഇദ്ദേഹം തോററു. രാമപാലൻ എന്ന മറെറാരു പാല രാജാവിന്റെ പേർ കൂടി നിങ്ങൾ ഓർമ്മ വെക്കണം. ബുദ്ധമത പുനരുദ്ധാരണത്തിന്നു വേണ്ടി അദ്ദേഹം കുറച്ചധികം പരിശ്രമിക്കുകയുണ്ടായി. പന്ത്രണ്ടാം നൂററാണ്ടിലത്രേ ഇവരുടെ പ്രതാപം ക്ഷയിച്ചതു്.

## ഒറീസ്സയിലെ സേനവംശം

ഇവർ പതിനൊന്നാം നൂററാണ്ടിലാണു് സാമാന്യം പ്രബലപ്പെട്ട ഒരു ശക്തിയായിത്തീർന്നതു്. വിജയസേനനും അദ്ദേഹത്തിന്റെ പുത്രനായ ബല്ലാളസേനനുമത്രേ ഇവരുടെ വംശത്തിലുണ്ടായ സ്മരണീയരായ രണ്ടു രാജാക്കന്മാർ. മററുള്ള ഹിന്ദുരാജ്യങ്ങളുടെ കൂട്ടത്തിൽ ഇതും മുസൽമാന്മാർക്കധീനമാവുകയാണുണ്ടായതു്.

## ഒരു സാമാന്യവീക്ഷണം

രാജപുത്രരാജ്യങ്ങളുടെ നീണ്ടൊരു പട്ടികയാണു് നാം ഈ അദ്ധ്യായത്തിൽ കണ്ടതു്. ഉത്തരേന്ത്യയിൽ ഹർഷന്റെ കാലശേഷം മുഹമ്മദീയ സാമ്രാജ്യം സ്ഥാപിക്കുന്നതുവരെയുള്ള നീണ്ട നൂററാണ്ടുകളുടെ വിടവടയ്ക്കുന്നതു് ഈ രജപുത്രരാജ്യങ്ങളാണു്. സ്വാതന്ത്ര്യപ്രിയന്മാരും യുദ്ധതല്പരന്മാരുമായ രാജപുത്രരാജാക്കന്മാർ അവരുടെ കൂട്ടത്തിൽ നിന്നൊരു കേന്ദ്രശക്തിയെ തിരഞ്ഞെടുത്തിരുന്നെങ്കിൽ ഇന്ത്യാചരിത്രം ഇതാവില്ലായിരുന്നു. റ.ക്ഷെ, അതിനല്ലാ അവർ മുതിന്നതു്. നിസ്സാര കാരണങ്ങളിന്മേൽ പോലും അവർ പരസ്പരം കലഹിച്ചു. ഈ മത്സരം അവരുടെ അധോഗതിക്കുള്ള കുഴി കുത്തുകയാണു് ചെയ്തതു്. അവർക്കു യുദ്ധസാമർത്ഥ്യം പോരാഞ്ഞിട്ടാണോ? ഒരിക്കലുമല്ല, ആയോധനചാതുര്യം അധികമായിപ്പോയതുകൊണ്ടുവന്ന തരക്കേടാ

ണിത്തു്. ഇനി, സ്വാതന്ത്ര്യബോധത്തിനു വല്ല കുറവുമുണ്ടായിരുന്നുവോ? അതുമില്ല. സ്വരാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി അവസാനത്തെ പടയാളിവരെ—അവർ പോക്കളത്തിൽ നിന്നും പിന്തിരിക്കില്ല. പക്ഷെ, സ്വരാജ്യം എന്നല്ലാതെ സ്വരാഷ്ട്രം എന്ന ചിന്ത അവക്കുണ്ടായില്ല. ഒരു പൊതുശത്രുവിനോടു പൊരുതാൻ വേണ്ട സംഘടനയുണ്ടാക്കാൻ അവക്കു സാധിച്ചില്ല.; അഥവാ. ആ ബോധം ഉണ്ടായെങ്കിൽത്തന്നെ അതു് ഏറെക്കുറെ സ്വയം നശിക്കാറായ സമയത്തായിപ്പോയി—അതാണു് തരക്കേടു പിണഞ്ഞതു്.

# പതിമൂന്നാം അദ്ധ്യായം

## ദക്ഷിണഖണ്ഡത്തിലെ രാജ്യങ്ങൾ

നാം ഇതുവരെ ഉത്തരേന്ത്യയിലെ ചരിത്രത്തിൽ കൂടിയാണല്ലോ കണ്ണോടിച്ചുകൊണ്ടിരുന്നതു്. ഇക്കാലത്തു് ദക്ഷിണഖണ്ഡത്തിനു് ഒരു ചരിത്രമുണ്ടായിട്ടില്ലെന്നാണോ നിങ്ങളുടെ വിചാരം? അങ്ങനെ വരാൻ തരമല്ല; എന്തുകൊണ്ടെന്നാൽ ഹർഷനെപ്പററിപ്പറയുമ്പോൾ ദക്ഷിണഖണ്ഡത്തിലെ ചാലൂക്യരാജാവായ പുലകേശിന്റെ പ്രതാപത്തെക്കുറിച്ചു നിങ്ങൾക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. മുമ്പോട്ടുവെച്ച കാൽ ഹർഷചക്രവർത്തിക്കു് പിന്നാക്കം വെക്കേണ്ടിവന്നതു ദക്ഷിണഖണ്ഡത്തിലേക്കു കടന്നപ്പോഴാണെന്നു നിങ്ങൾ കണ്ടു. ഈ നിലയ്ക്കു ദക്ഷിണഖണ്ഡം ഒരു ചരിത്രം സൃഷ്ടിക്കാൻ വേണ്ട പ്രാബല്യവും പരിഷ്ക്കാരവും നേടീട്ടുണ്ടെന്നു നിങ്ങൾക്കു തീർച്ചയാക്കാം. നമ്മളെസ്സംബന്ധിച്ചേടത്തോളം ഉത്തരേന്ത്യാ ചരിത്രത്തേക്കാൾ കൂടുതൽ പ്രാധാന്യമർഹിക്കുന്നതും ദക്ഷിണഖണ്ഡത്തിലെ ചരിത്രമാണു്.

### ആന്ധ്രന്മാർ

ഇതുവരെ ഉത്തരേന്ത്യയുടെ ചരിത്രത്തിൽ കിടന്നു വിലസിയിരുന്ന നിങ്ങളെ ദക്ഷിണഖണ്ഡത്തിലേക്കു കടക്കുമ്പോൾ ഏററവും വേഗത്തിൽ പരിചയപ്പെടുത്താൻ കഴിയുന്നതു ആന്ധ്രന്മാരെയാണു് മൌര്യസാമ്രാജ്യത്തിന്റെ അധഃപതനത്തിന്നുള്ള പല കാരണങ്ങളിലൊന്നു് ആന്ധ്രന്മാരുടെ പ്രാബല്യമാണെന്നു നിങ്ങൾ കേട്ടിട്ടുണ്ടു്. ഒടുവിലത്തെ കണ്വരാജാവിന്റെ മരണവും ആന്ധ്രന്മാരുടെ കൈകൊണ്ടാണെന്നു നിങ്ങൾ ധരിച്ചിട്ടുണ്ടു്. ഇങ്ങനെ രണ്ടു തവണ നാം അവരെ കണ്ടു; ചരിത്രം സൃഷ്ടിക്കാൻ വേണ്ട സാമർത്ഥ്യം അവർക്കുണ്ടെന്നു നമുക്കു ബോദ്ധ്യപ്പെട്ടു. ഇനി ആ ചരിത്രം എന്താണെന്നു മാത്രമേ അന്വേഷിക്കേണ്ടതുള്ളൂ.

ഇന്നു് തെലുങ്കുഭാഷ സംസാരിക്കുന്നവരുടെ പൂർവ്വികരാണു് ആന്ധ്രന്മാർ. ഉത്തരേന്ത്യയിൽ മൌര്യസാമ്രാജ്യം പ്രബലപ്പെട്ടുവന്ന കാലത്തുതന്നെ ഇവർ സാമാന്യം ഉയർന്നു കഴിഞ്ഞിരിക്കുന്നു. ഇന്ത്യയുടെ കിഴക്കേതീരത്തു് ഗോദാവരീകൃഷ്ണാനദികൾക്കിടയിലുള്ള പ്രദേശങ്ങളത്രേ അന്നു് ആന്ധ്രന്മാർ ഭരിച്ചിരുന്നതു്. കാലാൾ, കുതിര, ആന എന്നിവയുൾപ്പെടെ പ്രബലപ്പെട്ട ഒരു സൈന്യവും മുപ്പതു പട്ടണങ്ങളും അവരുടെ പ്രതാപത്തിന്റെ ലക്ഷ്യങ്ങളായിരുന്നു. ശ്രീകാകുളം എന്ന സ്ഥലമായിരുന്നു തലസ്ഥാനനഗരം.

മൌര്യചക്രവർത്തിമാർക്കു് ആന്ധ്രന്മാരുടെ ഒരു മേൽക്കോയ്മസ്ഥാനമുണ്ടായിരുന്നെങ്കിലും സ്വന്തം രാജാവിന്റെ ഭരണത്തിൻകീഴിൽ വർത്തിക്കുന്ന ഒരു സ്വതന്ത്രരാജ്യത്തിന്റെ നിലയാണു് അവർക്കുണ്ടായിരുന്നതു്. അശോകന്റെ മരണത്തോടുകൂടി മേൽക്കോയ്മസ്ഥാനവും അവസാനിച്ചു.

**സ്വാതന്ത്ര്യത്തിലേക്ക്**

ശിമുകൻ എന്ന രാജാവു് അവരുടെ സ്വാതന്ത്ര്യം പുനഃസ്ഥാപിച്ചു രാജ്യം വിസ്തൃതമാക്കാൻ ശ്രമം തുടങ്ങി. അദ്ദേഹത്തെ പിന്തുടർന്നവരോരോരുത്തരായി ഈ ലക്ഷ്യത്തെ മുമ്പോട്ടു നയിക്കയാണുണ്ടായതു്. അതിലൊരാൾ കലിംഗരാജാവായ ഖരവേലനെ സഹായിച്ചിട്ടുണ്ടു്. മറ്റൊരാൾ കണ്വവംശം മുടിച്ചു് അവരുടെ ആധിപത്യത്തിലുള്ള രാജ്യം കീഴടക്കി. അവരുടെ പേരുകളൊക്കെ ഇവിടെ വിളമ്പി നിങ്ങളെ വിഷമിപ്പിക്കുന്നില്ല.

ആന്ധ്രരാജാക്കന്മാർ 'ശാതവാഹന' വംശത്തിൽപെട്ടവരായതുകൊണ്ടു് 'ശാതകർണ്ണി,' എന്നൊരു സ്ഥാനപ്പേർകൂടി സ്വീകരിച്ചിരുന്നു. പലരും ഈ സ്ഥാനപ്പേർ മാത്രമായി അറിയപ്പെട്ടിരുന്നതുകൊണ്ടു് ഇവരുടെ യഥാർത്ഥ നാമധേയം മനസ്സിലാക്കാൻ പ്രയാസം.

**ഹാലൻ.**

ശാതവാഹനവംശത്തിലെ പതിനേഴാമത്തെ രാജാവായ ഹാലൻ ഒരു സാഹിത്യകാരനായിരുന്നു. മഹാരാഷ്ട്രഭാഷയിൽ അദ്ദേഹം എഴുതിയിട്ടുള്ള സപ്തശതകം, എന്ന കൃതിയും അദ്ദേഹത്തിന്റെ മന്ത്രിമാര

ഗുണാഢ്യൻ എഴുതിയ "ബൃഹത്കഥ" എന്ന ഗ്രന്ഥവും ഈ സാഹിത്യാഭിരുചിക്കുള്ള ലക്ഷ്യങ്ങളാണു്.

നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്ന മറെറാരു ആന്ധ്രരാജാവാണു് വിലിവായകുറദ്വിതീയൻ. ശാകന്മാരെയും, പഹ്ലവന്മാരെയും, യവനന്മാരെയും മററും യുദ്ധത്തിൽ ജയിച്ച ഈ രാജാവു് ഇരുപത്തെഴുകൊല്ലം രാജ്യംഭരിക്കുകയുണ്ടായി. മററുള്ള ആന്ധ്രരാജാക്കന്മാരെപ്പററി അധികമൊന്നും അറിയാൻ തരപ്പെട്ടിട്ടില്ല. ഇന്ത്യയുടെ ചരിത്രത്തിൽ എണ്ണപ്പെട്ട ഒരു സ്ഥാനം ആന്ധ്രന്മാർക്കുണ്ടെന്നു മാത്രം ധരിക്കുക.

## ചാലൂക്യർ

ഹർഷവർദ്ധനനെ തോല്പിച്ച പുലകേശിൻ രണ്ടാമനെപ്പററി നമുക്കു മതിപ്പുതോന്നാതിരിക്കാൻ ന്യായമില്ല. ചാലൂക്യവംശത്തിലേക്കു നമ്മളെ ആകർഷിക്കുന്നതു് അദ്ദേഹമാണു്. ക്രി. അ. അഞ്ചാം നൂററാണ്ടുമുതൽ എട്ടാം നൂററാണ്ടുവരെ ദക്ഷിണഖണ്ഡത്തിൽ പ്രബലപ്പെട്ടു നിന്നവരാണു് ചാലൂക്യർ.

ഇവരുടെ കുലീനതയെ സൂചിപ്പിക്കുന്ന പല കെട്ടുകഥകളും പ്രചാരത്തിലുണ്ടു്. അതൊന്നും ഇവിടെ വിസ്തരിക്കുന്നില്ല. ഉൽകൃഷ്ടകുലജാതന്മാരാണു് തങ്ങൾ എന്നു വിശ്വസിക്കുന്നവരത്രെ ചാലൂക്യർ.

ജയസിംഹൻ എന്നൊരു ചാലൂക്യരാജാവാണു് ആദ്യമായി നമ്മുടെ ശ്രദ്ധയിൽ പെടുന്നതു്. രാഷ്ട്രകൂടന്മാരെ തോല്പിച്ചു് അദ്ദേഹം മഹാരാഷ്ട്രദേശം കീഴടക്കി. ജയസിംഹന്റെ പുത്രനായ പുലകേശിൻ ഒന്നാമൻ ചാലൂക്യരാജ്യത്തെ പൂർവ്വാധികം വിസ്തൃതമാക്കി. ബീജപുരം ഡിസ്ട്രിക്ടിലെ 'വാതാപി' എന്ന നഗരമായിരുന്നു പുലകേശിന്റെ തലസ്ഥാനം. ഇദ്ദേഹത്തിന്റെ പുത്രനായ കീർത്തിവർമ്മൻ ഉത്തരകൊങ്കണവും ഉത്തരകർണ്ണാടകവും പിടിച്ചു. കീർത്തിവർമ്മൻ മരിക്കുമ്പോൾ, അദ്ദേഹത്തിന്റെ പുത്രനായ പുലകേശിനു രാജ്യംവാഴുവാൻ പ്രായം തികഞ്ഞിട്ടുണ്ടായിരുന്നില്ല.

മാതുലൻെറ സംരക്ഷണയിലാണ് കുറച്ചുകാലം അദ്ദേഹം കഴിച്ചുകൂട്ടിയതു്. അമ്മാമനും മരുമകനും തമ്മിൽ ക്രമേണ തെററിത്തുടങ്ങി. ഇതിനെത്തുടർന്നുണ്ടായ മത്സരത്തിൽ അമ്മാമൻ കൊല്ലപ്പെട്ടു. പുലകേശിൻ രാജ്യഭാരം കയ്യേല്ക്കുകയും ചെയ്തു.

**പുലകേശിൻ രണ്ടാമൻ.**

പുലകേശിൻ രണ്ടാമൻ എന്നു ചരിത്രപ്രഖ്യാതി നേടിട്ടുള്ള ഈ രാജാവാണ് ചാലൂക്യവംശം വാണവരിൽ ഏററവും പ്രബലൻ. ദക്ഷിണഖണ്ഡം മുഴുവൻ അദ്ദേഹം കീഴടക്കി. രാഷ്ട്രകൂടന്മാർ, കദംബന്മാർ, ഗംഗന്മാർ, അലുപന്മാർ, കൊങ്കുണമൌര്യന്മാർ, എന്നിവരെയൊക്കെ പുലകേശിൻ കീഴടക്കി. ലാടദേശം, മാൾവ, ഗുർജ്ജരം തുടങ്ങിയ രാജ്യങ്ങളും അദ്ദേഹം അധീനമാക്കി. ഉത്തരേന്ത്യയിൽ ഹർഷചക്രവൎത്തിക്കുണ്ടായിരുന്ന പദവിതന്നെ ദക്ഷിണഖണ്ഡത്തിൽ പുലകേശിൻ രണ്ടാമനും സിദ്ധിച്ചു. ഇങ്ങനെ ദക്ഷിണഖണ്ഡവും പ്രബലനായ ഒരു സമ്രാട്ടിൻെറ ഏകശാസനയ്ക്കു വിധേയമായി.

ഈ ഘട്ടത്തിലാണ് ഹർഷചക്രവൎത്തി ദക്ഷിണഖണ്ഡം ആക്രമിച്ചതു്. തന്നെപ്പോലെതന്നെ ശക്തനായ ഒരു രാജാവാണ് അവിടെ വാഴുന്നതെന്നു ഹർഷൻ ധരിച്ചില്ല. പക്ഷെ, ഏററുമുട്ടിയപ്പോൾ അതു ബോധ്യമായി. വേഗം പിൻവാങ്ങുകയുംചെയ്തു. പിന്നീടൊരിക്കലും ഹർഷൻ ദക്ഷിണഖണ്ഡം ആക്രമിക്കുകയുണ്ടായില്ല.

പുലകേശിൻെറ സാമ്രാജ്യസംരംഭം തെക്കെ ഇന്ത്യയിലേക്കും വ്യാപിച്ചു. പല്ലവന്മാരെ അദ്ദേഹം തോല്പിച്ചു. ഗോദാവരിക്കും കൃഷ്ണാനദിക്കും ഇടയിലുള്ള വെങ്കി എന്ന സ്ഥലം ഈ യുദ്ധത്തിലുണ്ടായ നേട്ടമാണ്. വെങ്കി സംസ്ഥാനത്തെ അദ്ദേഹം തൻെറ സഹോദരനായ കബ്ജ വിഷ്ണുവർദ്ധനനെയാണ് ഭരിക്കാനേല്പിച്ചതു്. അന്നുമുതൽ ആ സ്ഥലം വിഷ്ണുവൎദ്ധനനാൽ ആരംഭിക്കപ്പെട്ട പൂൎവചാലൂക്യർ എന്നൊരു പ്രത്യേകവിഭാഗത്തിൻെറ ആധിപത്യത്തിലായി. ഈ

പൂർവ്വചാലൂക്യവംശം പതിനൊന്നാം നൂററാണ്ടിൻെറ പശ്ചാദ്ഘട്ടംവരെ നിലനിന്നു.

ചേരം, ചോളം, പാണ്ഡ്യം എന്നീ രാജ്യങ്ങൾമാത്രമേ ദക്ഷിണേന്ത്യയിൽ പുലകേശിന്നു കീഴടക്കാൻ ബാക്കിയുണ്ടായിരുന്നുള്ളു. അവ അധീനമാക്കാൻ കഴിഞ്ഞില്ലെങ്കിലും അവിടത്തെ രാജാക്കന്മാരെ തൻെറ സഖ്യം സമ്പാദിക്കാൻ അദ്ദേഹം പ്രേരിപ്പിച്ചു. ഇങ്ങനെ നർമ്മദാനദിക്കു തെക്കുള്ള രാജ്യങ്ങളുടെ അനിഷേദ്ധ്യ നേതാവെന്നഭിമാനിക്കാവുന്നൊരു പദവിയത്രേ പുലകേശിൻ രണ്ടാമൻ തൻെറ കരബലംകൊണ്ടു നേടിയതു്.

ദക്ഷിണഖണ്ഡ ചക്രവർത്തി.

ഇന്ത്യയിൽ മാത്രമല്ലാ വിദേശങ്ങളിലും പുലകേശിൻെറ പ്രതാപം പരന്നു. പേഴ്സ്യാ രാജാവുമായി അദ്ദേഹം സൌഹാർദ്ദം സമ്പാദിച്ചു. ചൈനാ സഞ്ചാരിയായ ഹ്യൻസാങ് ഇന്ത്യ സന്ദർശിച്ച അവസരത്തിൽ ചാലൂക്യരാജ്യവും കാണുകയുണ്ടായി. പുലകേശിൻ രണ്ടാമൻെറ ഭരണസാമർത്ഥ്യം വിശദമാക്കത്തക്ക തെളിവുകൾ ആ ചൈനാക്കാരനും വെളിപ്പെടുത്തുന്നുണ്ടു്. എന്നാൽ, ചാലൂക്യസാമ്രാജ്യത്തിൻെറ പ്രതാപം നീണാൾ നിലനിന്നില്ല. പല്ലവരാജാവായ നരസിംഹവർമ്മൻ പുലകേശിനെ യുദ്ധത്തിൽ തോല്പിച്ചു. ഈ സമരത്തിൽ ചാലൂക്യരാജാവു കൊല്ലപ്പെടുകയത്രേ ഉണ്ടായതു്.

ഹ്യൻസാങ്

നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കാൻ പുലകേശിൻെറ പുത്രനായ ഒന്നാം വിക്രമാദിത്യൻ മുമ്പോട്ടുവന്നു. പല്ലവന്മാരെ അദ്ദേഹം തോല്പിച്ചു. ഇതിനുശേഷം ഇരുകൂട്ടരുംതമ്മിലുള്ള യുദ്ധം കുറച്ചധികം നീണ്ടുനിന്നു. ജയം ഏതുഭാഗത്താണെന്നു തീർത്തുപറയാൻ സാധിക്കാത്ത സന്ദർഭങ്ങളാണു് ഉണ്ടാവുക പതിവു്. എട്ടാംനൂററാണ്ടിൻെറ മദ്ധ്യഘട്ടത്തിൽ ദന്തിദുർഗ്ഗൻ എന്ന രാഷ്ട്രകൂടരാജാവു് ചാലൂക്യരാജാവായ കീർത്തിവർമ്മൻ ദ്വിതീയനെ തോല്പിച്ചതോടുകൂടി ചാലൂക്യപ്രതാപം നാമാവശേഷമായി. തദനന്തരം രാഷ്ട്രകൂടന്മാരത്രേ ദക്ഷിണഖണ്ഡത്തിൽ രണ്ടു നൂററാണ്ടുകാലം പ്രബലതയിൽ വർത്തിച്ചതു്.

## രാഷ്ട്രകൂടന്മാർ

ദന്തിദുർഗ്ഗൻ ചാലൂക്യരെ * തോല്പിച്ച് അവരുടെ തലസ്ഥാനമായ വാതാപി എന്ന നഗരം അധിവസിച്ചശേഷം വീണ്ടും യുദ്ധങ്ങൾക്കൊണ്ട് പുറപ്പെട്ടു്. അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി പിന്നീടു രാജാവായ കൃഷ്ണൻ ഒന്നാമൻ രാഷ്ട്രകൂടപ്രതാപം ഒന്നുകൂടി വിപുലമാക്കി. എല്ലോറ എന്ന സ്ഥലത്ത് അദ്ദേഹം പണിയിച്ച കൈലാസക്ഷേത്രം പാറയിൽകൊത്തിയെടുത്തിട്ടുള്ളതാണ്. ആ രാജാവിന്റെ സ്മരണയ്ക്കു ശാശ്വതനിദാനമായിട്ടുള്ളതത്രേ ഈ ക്ഷേത്രം.

ഇനിയുള്ള രാഷ്ട്രകൂടരാജാക്കന്മാരുടെ ഒരു പേരുവിവരപ്പട്ടികയൊന്നും ഇവിടെ നിരത്താൻ ഉദ്ദേശിക്കുന്നില്ല. അറുപത്തിരണ്ടു കൊല്ലം ഭരിച്ച അമോഘവർഷൻ അധികകാലവും പൂർവ്വചാലൂക്യരുമായി മത്സരിച്ചു കഴിച്ചുകൂട്ടി. അദ്ദേഹം ജൈനമതത്തെയാണ് പ്രോത്സാഹിപ്പിച്ചതു്. ഒടുവിലത്തെ രാഷ്ട്രകൂടരാജാവിനെ ചാലൂക്യരിൽപെട്ട തൈലൻ, അഥവാ രണ്ടാം തൈലപ്പൻ, എന്ന ആൾ തോല്പിച്ച് ചാലൂക്യപ്രതാപം വീണ്ടെടുത്തു.

## ചാലൂക്യവംശ പുനഃസ്ഥാപനം

രണ്ടാം ചാലൂക്യവംശ സ്ഥാപകനായ തൈലൻ ഇരുപത്തിനാലുകൊല്ലം വാണു. ഗുജറാത്ത് ഒഴികെയുള്ള രാഷ്ട്രകൂടരാജ്യങ്ങളെല്ലാം അദ്ദേഹം പിടിച്ചടക്കി. ഈ തൈലന്റെയും അദ്ദേഹത്തിന്റെ പിൻഗാമികളുടേയും കാലത്ത് അവർക്കു പ്രധാനമായി ഏററുമുട്ടേണ്ടിവന്നതു് ചോളന്മാരോടാണ്. ഇക്കൂട്ടത്തിൽ ആഹവമല്ലൻ എന്നു കീർത്തികേട്ട സോമേശ്വരൻ ഒന്നാമൻ ചോളന്മാരോടുള്ള യുദ്ധത്തിൽ തോററതിനാൽ മുങ്ങിച്ചത്തുവത്രേ! ഇതിനുശേഷം രാജാവായ വിക്രമാദിത്യ ദ്വിതീയന്റെ കാലത്ത് സാഹിത്യത്തിന്നു പ്രോത്സാഹനം സിദ്ധിച്ചു. ബിൽഹണൻ, വിജ്ഞാനേശ്വരൻ തുടങ്ങിയ പണ്ഡിതന്മാർ ഇദ്ദേഹത്തിന്റെ സദസ്യരായിരുന്നു.

---

* പശ്ചിമചാലൂക്യരാണെന്നു ധരിക്കുക.

വിക്രമാദിത്യ ദ്വിതീയൻെറ കാലശേഷം ചാലൂക്യരാജ്യം ക്ഷയിച്ചു. ചെറുകിട രാജാക്കന്മാർ സ്വയംപ്രബലപ്പെട്ടു സ്വതന്ത്രരാവാൻ ശ്രമിച്ചതത്രേ ഈ അധഃപതനത്തിനുള്ള മുഖ്യകാരണം. മൂന്നാം തൈലപ്പരാജാവിനെ അദ്ദേഹത്തിൻെറ സൈന്യാധ്യക്ഷന്മാരിലൊരാളായ വിജ്ജളൻ തടവുകാരനാക്കുകയത്രേ ഉണ്ടായതു്. അതിനുശേഷം ചാലൂക്യക്കു് തലപൊക്കാൻ കഴിഞ്ഞിട്ടില്ല. ദേവഗിരിയിലെ യാദവന്മാരും ദ്വാരസമുദ്രത്തിലെ ഹൊയ്സളന്മാരുമത്രേ പിന്നീടു പ്രബലപ്പെട്ടതു്.

## യാദവന്മാർ

ചാലൂക്യരാജ്യങ്ങളുടെ ഒരംശം യാദവന്മാക്കാണല്ലോ ലഭിച്ചതു്. അവർ ഗോകുലനാഥനായ കൃഷ്ണൻെറ പിൻഗാമികളാണെന്നത്രേ അവകാശപ്പെട്ടതു്. ദേവഗിരി, എന്ന നഗരത്തെ തലസ്ഥാനമാക്കിക്കൊണ്ടു് അവർ ഒരു രാജ്യം സ്ഥാപിച്ചു. മുഹമ്മദീയാക്രമണംവരെ ഇവർ സാമാന്യം പ്രബലപ്പെട്ടുനിന്നു. രാമചന്ദ്രൻ എന്ന രാജാവത്രേ ഇവരുടെ ചരിത്രത്തിൽ ഏററവും പ്രഖ്യാതൻ. അദ്ദേഹത്തിൻെറ കാലത്താണു് അലാവുദീൻ ഖിൽജി യാദവന്മാരെ തോല്പിച്ചതു്.

## ഹൊയ്സളന്മാർ

ചാലൂക്യപ്രതാപം പങ്കിട്ടെടുത്തതിൽ യാദവന്മാരോടൊപ്പം പ്രാമാണ്യമർഹിക്കുന്ന മറെറാരു കൂട്ടരാണു് ഹൊയ്സളന്മാർ. സളൻ എന്നൊരുവനത്രേ ഈ വംശത്തിൻെറ സ്ഥാപകൻ. അദ്ദേഹത്തെ പിന്തുടന്ന വിനയാദിത്യൻെറ രാജ്യം തെക്കൻ കർണ്ണാടകവും മൈസൂരും ഉൾപ്പെട്ടതായിരുന്നു. ഇവരുടെ വംശത്തിൽ ബിട്ടിദേവൻ അഥവാ, വിഷ്ണുവദ്ധനൻ എന്നൊരു രാജാവിനെപ്പററിയാണു് ഇനി അല്പം പറയാനുള്ളതു്. ചോളന്മാരെ തോല്പിച്ചു് ഏതാനും പ്രദേശങ്ങൾ അദ്ദേഹം കരസ്ഥമാക്കി. ഇന്നു് സേലം, കോയമ്പത്തൂർ, നീലഗിരി എന്നീ ജില്ലകളുൾപ്പെടുന്ന പ്രദേശ

മാണ് അദ്ദേഹം കീഴടക്കിയതു്. മലബാറും തെക്കൻ കന്നാടകവുംകൂടി അദ്ദേഹത്തിന്നധീനമായി. ജൈനമതക്കാരനായിരുന്ന ഇദ്ദേഹം വൈഷ്ണവസിദ്ധാന്തസ്ഥാപകനായ രാമാനുജാചാര്യരാൽ മാനസാന്തരപ്പെടുത്തപ്പെട്ടതിന്റെ ഫലമായി മൈസൂരിൽ ജൈനമതത്തിന്നു വലിയ ഉടവുതട്ടി.

ഈ വംശത്തിലെ വീരബെല്ലാളദ്വിതീയന്റെ കാലത്താണ് ഹൊയ്സളരാജ്യം തികച്ചും സ്വതന്ത്രമായതു്. അതുവരെ അവർ ചാലൂക്യരുടെ മേൽക്കോയ്മയെ പേരിനുമാത്രമെങ്കിലും ആദരിച്ചിരുന്നു. ഇതിനുശേഷം വാണവരെക്കുറിച്ചൊന്നും ഇവിടെ വിസ്തരിക്കുന്നില്ല. അലാവുദ്ദീൻ ഖിൽജിയുടെ സേനാനായകനായ മാലിക് കാഫറുടെ ആക്രമണത്തോടുകൂടി ഈ രാജ്യവും ക്ഷയിച്ചു.

## പല്ലവന്മാർ

ചാലൂക്യവംശം ക്ഷയിക്കാനുണ്ടായ കാരണങ്ങളിൽ പ്രധാനം പല്ലവന്മാരുടെ ആക്രമണമാണെന്നു നാം മുമ്പു പഠിച്ചുവല്ലോ! ഇവർ എവിടന്നുവന്നു? എന്നാണ് ഒരു രാജ്യം സ്ഥാപിച്ചതു്? ഇതൊക്കെ ഉത്തരം മുട്ടിക്കുന്ന ചോദ്യങ്ങളാണ്. ചരിത്രത്തിന്റെ ആ വശങ്ങളൊക്കെ ഇനിയും തെളിവുകൾ സഹിതം പുറത്തുവരാനിരിക്കുന്നേയുള്ളു. "ഏതാണ്ടു ക്രിസ്ത്വാബ്ദം നാലാം നൂററാണ്ടു മുതൽ എട്ടാം നൂററാണ്ടുവരെ പല്ലവവംശം ദക്ഷിണേന്ത്യയുടെ ചരിത്രത്തിൽ മികച്ച ഒരു പങ്കു വഹിക്കുന്നുണ്ടു്" * എന്തെങ്കിലുമാവട്ടെ, നമുക്കതു തേടി തല്ക്കാലം നട്ടംതിരിയേണ്ടതില്ല. സിംഹവിഷ്ണു എന്ന പല്ലവരാജാവിന്റെ കാലം മുതല്ക്കുള്ള ചരിത്രം ഏറെക്കുറെ സ്പഷ്ടമായി ലഭിച്ചിട്ടുണ്ടു്. പല്ലവപ്രതാപം ആരംഭിക്കുന്നതും അദ്ദേഹത്തിന്റെ കാലംമുതല്ക്കാണ്. ചോളം, പാണ്ഡ്യം എന്നീ രാജ്യങ്ങൾക്കു പുറമെ, സിലോൺകൂടി സിംഹവിഷ്ണു കീഴടക്കിയതായി പറയപ്പെടുന്നു. അദ്ദേഹത്തെ പിന്തുടൎന്നു മഹേന്ദ്രവൎമ്മൻ ഒന്നാമനോടു പൊരുതീട്ടാണ് ചാലൂക്യരാജാവായ പുലകേശിൻ രണ്ടാമൻ വെങ്കി

* Early History of India-by Vincent A. Smith.

കീഴടക്കിയതു്. പാറകളിൽ പണിതീൎത്തിട്ടുള്ള മനോഹരങ്ങളായ ചില ദേവാലയങ്ങൾ മഹേന്ദ്രൻെറ സ്മരണയെ നിലനിൎത്തുന്നു. സാഹിത്യത്തിലും അദ്ദേഹത്തിന്നൊരു സ്ഥാനമുണ്ടു്. ആദ്യം ജൈനമതവിശ്വാസിയായിരുന്ന ഈ രാജാവു് പിന്നീടു ശൈവപക്ഷക്കാരനായിത്തീൎന്നതോടെ ജൈനരെ മുഴുവൻ നാടുകടത്തി.

മഹേന്ദ്രനെ പിന്തുടൎന്ന നരസിംഹവൎമ്മനത്രെ പല്ലവരാജാക്കന്മാരിൽ പ്രമാണി. ചോള ചേര പാണ്ഡ്യരാജാക്കന്മാരെ പല പ്രാവശ്യവും അദ്ദേഹം തോല്പിച്ചു. എന്നാൽ,

**നരസിംഹവൎമ്മൻ**

ചാലുക്യരാജാവായ രണ്ടാം പുലകേശിനെ തോല്പിച്ചു് അവരുടെ തലസ്ഥാനമായ വാതാപീ നഗരം ചുട്ടുകരിച്ചതാണു് നരസിംഹവൎമ്മൻെറ പരാക്രമങ്ങളിൽവെച്ചു മുഖ്യമായിട്ടുള്ളതു്. ചൈനാതീൎത്ഥയാത്രക്കാരനായ ഹ്യൻസാങ്ങു് നരസിംഹവൎമ്മൻെറ കാലത്താണു് കാഞ്ചീനഗരം സന്ദൎശിച്ചതു്. പല്ലവരെക്കുറിച്ചു് അദ്ദേഹം നല്ല അഭിപ്രായമാണത്രെ രേഖപ്പെടുത്തീട്ടുള്ളതു്.

നരസിംഹവൎമ്മനെ പിന്തുടൎന്ന രാജാക്കന്മാരുടെ പേരുകളൊന്നും ഇവിടെ പ്രസ്താവിക്കുന്നില്ല. സിംഹവിഷ്ണുവിൻെറ വംശത്തിലെ ഒടുവിലത്തെ രാജാവു് ഒരു ദന്തിവൎമ്മനാൽ തോല്പിക്കപ്പെട്ടു. ഇതിനെ തുടൎന്നു പല്ലവന്മാൎക്കു് അധോഗതിയേ ഉണ്ടായിട്ടുള്ളു. എല്ലാവശത്തുനിന്നും ശത്രുക്കളുടെ ആക്രമണങ്ങളുണ്ടായി. വടക്കുഭാഗത്തുനിന്നു രാഷ്ട്രകൂടന്മാരും തെക്കുനിന്നു പാണ്ഡ്യന്മാരും പല്ലവരാജ്യത്തിലേക്കു നീങ്ങിക്കൊണ്ടിരുന്നു. ഇതിനിടയിൽ ഇവരുടെ ഒടുവിലത്തെ രാജാവായ അപരാജിതൻ, ആദിത്യൻ എന്ന ചോളരാജാവിനാൽ തോല്പിക്കപ്പെട്ടു. അതിനുശേഷം പല്ലവന്മാർ തലപൊക്കീട്ടില്ല.

### പല്ലവ സംസ്കാരം.

ദക്ഷിണേന്ത്യയിൽ സംസ്കാരാഭിവൃദ്ധിക്കുവേണ്ടി പരിശ്രമിച്ചിട്ടുള്ളവരിൽ പല്ലവന്മാരുടെ സ്ഥാനം ഗണനീയ

മാണ്. അവരുടെ തലസ്ഥാനനഗരമായ 'കാഞ്ചി' വിജ്ഞാനത്തിന്റെ കേന്ദ്രമായിരുന്നു. കിരാതാർജ്ജുനീയത്തിന്റെ കർത്താവായ ഭാരവി, 'ദശകുമാരചരിതം' 'കാവ്യാദർശം' എന്നീ കൃതികളുടെ കർത്താവായ ദണ്ഡി, തുടങ്ങിയ സംസ്കൃതകവികൾ പല്ലവരാജാക്കന്മാരുടെ പ്രോത്സാഹനത്തിൻ കീഴിലത്രേ പ്രവർത്തിച്ചിരുന്നതു്. ശില്പകലയിൽ പല്ലവ രാജാക്കന്മാർക്കുള്ള പ്രതിപത്തിക്കു ലക്ഷ്യങ്ങളാണു് മനോഹരങ്ങളായ ക്ഷേത്രങ്ങൾ. ഇതുപോലെതന്നെ രാജ്യഭരണത്തിലും ജനക്ഷേമകരങ്ങളായ പല പാടികളത്രേ അവർ നടപ്പാക്കിയതു്.

ഇനി പല്ലവന്മാരുടെ മതനയത്തെസ്സംബന്ധിച്ചേ പറയേണ്ടതുള്ളൂ. ബുദ്ധമതാനുയായികളായിരുന്നു ആദ്യകാലത്തെ രാജാക്കന്മാർ. പക്ഷെ വൈഷ്ണവസിദ്ധാന്തങ്ങൾക്കും ശൈവസിദ്ധാന്തങ്ങൾക്കും പ്രചാരം സിദ്ധിച്ചതോടുകൂടി അന്തരീക്ഷം മാറി. അനന്തരകാലത്തുണ്ടായ രാജാക്കന്മാർ ബുദ്ധമതത്തെ ഉപേക്ഷിച്ചു് ഈ പുതിയ സിദ്ധാന്തങ്ങൾ ആദരിക്കാനും പ്രോത്സാഹിപ്പിക്കാനുമാണു് മുതിർന്നതു്.

## പൂർവ്വചാലൂക്യർ.

ചാലൂക്യരെപ്പററി ഈ അദ്ധ്യായത്തിൽ ആദ്യം വിവരിക്കുകയുണ്ടായല്ലോ? പുലകേശിൻ രണ്ടാമന്റെ കാലത്തു പല്ലവന്മാരുടെ പക്കൽനിന്നും വെങ്കി എന്ന സ്ഥലം ഇവർ കീഴടക്കി പുതിയ ഒരു രാജവംശം സ്ഥാപിച്ചതായി മുമ്പു പറഞ്ഞിട്ടുണ്ടു്. പുലകേശിന്റെ സഹോദരനായ കുബ്ജ വിഷ്ണുവർദ്ധനനാണു് ഈ പൂർവ്വചാലൂക്യവംശത്തിന്റെ സ്ഥാപകനെന്നും നിങ്ങൾ ധരിച്ചുകഴിഞ്ഞിരിക്കുന്നു. ഇവർക്കും ഈ നിലയ്ക്കു്, സ്വന്തമായ ഒരു ചരിത്രം വേണ്ടിവരുന്നു. വിഷ്ണുവർദ്ധനന്റെ പിൻഗാമികളിൽ പലരെപ്പററിയും നമുക്കു നിശ്ചയമില്ല— അവരിലധികംപേർക്കും കലിംഗദേശത്തെ ഗംഗന്മാരോടും, പല്ലവന്മാരോടും പൊരുതേണ്ടിവന്നിട്ടുണ്ടു്. ക്രി. അ. 1070-ൽ ഈ ചാലൂക്യവംശത്തിലെ രാജാവായ കുലോത്തുംഗൻ ചോളരാജ്യത്തിന്റെ ആധിപത്യവുംകൂടി

കരസ്ഥമാക്കി. അന്നുമുതൽ പൂർവ്വചാലൂക്യരാജ്യവും ചോളരാജ്യവും സംയോജിപ്പിക്കപ്പെട്ടു.

## ഒരു സാമാന്യവീക്ഷണം.

ദക്ഷിണഖണ്ഡത്തിലെ രാജ്യങ്ങളുടേയും രാജവംശങ്ങളുടേയും നീണ്ടൊരു പട്ടികയാണു് ഈ അദ്ധ്യായത്തിൽ നിങ്ങളുടെ മുമ്പിൽ നിരത്തിവെച്ചതു്. പറയത്തക്ക പ്രാധാന്യമില്ലാത്ത വംശങ്ങളും രാജാക്കന്മാരും ഇനിയും അനേകമുണ്ടു്. അതൊന്നും ഇവിടെ പ്രസ്താവിച്ചില്ലെന്നേയുള്ളു. ഇത്രയും കൊണ്ടുതന്നെ നിങ്ങൾ ഏറെക്കുറെ വിഷമിച്ചിട്ടുണ്ടാവണം.

ഈ കണ്ട ചരിത്രത്തിൽ നിന്നു് എന്താണു് നിങ്ങൾക്കു പഠിക്കാൻ കഴിഞ്ഞതു്? ഉത്തരേന്ത്യയിൽ കണ്ടതുപോലെ പ്രബലപ്പെട്ട സാമ്രാജ്യങ്ങളൊന്നും ഇവിടെ അധികകാലത്തോളം നിലനിന്നില്ല. പല്ലവരാജാവായ നരസിംഹവർമ്മനും, ചാലൂക്യരാജാവായ പുലകേശിൻ രണ്ടാമനും നിങ്ങളുടെ പ്രത്യേകശ്രദ്ധയെ ആകർഷിച്ചിട്ടുണ്ടാവാം. നർമ്മദാനദിക്കു തെക്കുള്ള രാജ്യങ്ങൾ മുഴുവൻ ഒരു കേന്ദ്രശക്തിക്കിണങ്ങിക്കൊണ്ടു് സാമാന്യം നീണ്ടൊരുകാലത്തോളം നിന്നതായി കാണാൻ നമുക്കു സാധിച്ചില്ല. എന്താണതിനു കാരണം? ദക്ഷിണേന്ത്യയെപ്പറ്റിയുള്ള അടുത്ത അദ്ധ്യായംകൂടി വായിച്ചുകഴിയുമ്പോൾ നിങ്ങൾക്കതു് ഏറെക്കുറെ ഊഹിക്കാൻ കഴിയും.

# പതിന്നാലാം അദ്ധ്യായം.

## ചോള–ചേര–പാണ്ഡ്യരാജ്യങ്ങൾ

നാം ദക്ഷിണഖണ്ഡ (ഡക്കാൻ) ത്തിന്റെ ചരിത്രമാണല്ലോ കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ചതു്. നർമ്മദാനദിക്കു തെക്കുള്ള പ്രദേശത്തെ സാമാന്യമായി ദക്ഷിണഖണ്ഡം എന്നു പറഞ്ഞുവെങ്കിലും ഡക്കാൻ പീഠഭൂമിപ്രദേശങ്ങളിലെ ചരിത്രമേ അതുകൊണ്ടു മുഖ്യമായി ഉദ്ദേശിച്ചിട്ടുള്ളൂ. ഇന്ത്യയുടെ തെക്കേ അററത്തു് കൃഷ്ണാ, തുംഗഭദ്രാ എന്നീ നദികളുടെ ദക്ഷിണഭാഗത്തുള്ള സ്ഥലം അതിപ്രാചീനകാലംമുതല്ക്കേ സ്വന്തമായൊരു ചരിത്രം സൃഷ്ടിച്ചിട്ടുണ്ടു്. ഇന്ത്യയുടെ മററു പ്രദേശങ്ങളുമായി ബന്ധപ്പെടാൻ അധികം അവസരം സിദ്ധിച്ചില്ലെങ്കിലും വിദേശങ്ങളുമായി ഇടപെട്ടു പരിഷ്കാരം പകർന്നുവാങ്ങാനും പങ്കിട്ടുകൊടുക്കാനും ഈ പ്രദേശങ്ങൾക്കു പണ്ടേക്കുപണ്ടേ സാധിച്ചിട്ടുണ്ടു്.

ഇത്ര പുരാതനമായൊരു പരിഷ്കാരത്തിന്റെ പാരമ്പര്യം നേടിയിട്ടുള്ള ദക്ഷിണേന്ത്യയിൽ ഏതെല്ലാം പ്രദേശങ്ങളാണു് ഉൾപ്പെടുന്നതെന്നറിയാമോ? ഗഞ്ചാം, വിശാഖപട്ടണം, വടക്കൻസർക്കാർ എന്നിവയൊഴികെയുള്ള മദ്രാസ് സംസ്ഥാനവും കൊച്ചിതിരുവിതാംകൂർ യൂണിയനും മൈസൂരും ചേർന്നതാണു് ഈ പ്രദേശം. ഇതിൽ അധികവും തമിഴരുടെ അധിവാസസ്ഥലങ്ങളായിരുന്നതുകൊണ്ടു് പ്രായേണ തമിഴകം എന്ന പേരിലാണു് ഈ പ്രദേശങ്ങൾ അറിയപ്പെട്ടിരുന്നതു്. ക്രി. അ. 140_നിടയിൽ ഭൂമിശാസ്ത്രവിദഗ്ദ്ധനായ ടോളമി എന്ന ഗ്രീക്കുകാരൻ എഴുതിയ ഗ്രന്ഥത്തിൽ 'ദമിരികെ' എന്നു പ്രസ്താവിക്കപ്പെട്ടിട്ടുള്ള സ്ഥലം ഈ തമിഴകമാണെന്നു് അതിന്റെ ശബ്ദസാമ്യം കൊണ്ടുതന്നെ നിങ്ങൾക്കു് ഊഹിക്കാമല്ലോ? ടോളമിയുടെ കാലത്തു 'തമിൾ' മാത്രമേ ഇവിടെ സംസാരിച്ചിരുന്നുള്ളുവെന്നും ഏതാനും നൂററാണ്ടുകൾക്കു ശേഷമാണു് മലയാളം ഒരു പ്രത്യേകഭാഷയായി

തമിഴകം.

അഭിവൃദ്ധിപ്രാപിച്ചതെന്നും വിൻസൻറ്സ്മിത്ത് പറയുന്നു* പക്ഷെ മലയാളഭാഷ സംബന്ധിച്ച ഗവേഷണങ്ങൾ ഈ അഭിപ്രായത്തെ അതേപടി സമ്മതിച്ചുകൊടുക്കാൻ തരമില്ലാത്തമട്ടിലുള്ള തെളിവുകൾ കണ്ടെത്തീട്ടുണ്ട്.

പാണ്ഡ്യം
ചേരം
ചോളം

രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പുതന്നെ തമിഴകം സമ്പന്നവും സംസ്കാരസംപൂജിതവുമായിത്തീന്നിരുന്നു ‡ പാണ്ഡ്യം, ചോളം, ചേരം അല്ലെങ്കിൽ കേരളം എന്നിങ്ങനെ മൂന്നു രാജ്യങ്ങളാണ് അന്നു ദക്ഷിണേന്ത്യയിൽ പ്രബലപ്പെട്ടു നിന്നിരുന്നത്. ഇന്നത്തെ മധുര, തിരുനൽവേലി എന്നീ ജില്ലകൾ ഉൾപ്പെട്ട സ്ഥലമാണ് പാണ്ഡ്യരാജാക്കന്മാർ ഭരിച്ചിരുന്നത്. മദ്രാസും അതിൻെറ ചുററുമുള്ള സ്ഥലങ്ങളും മൈസൂർ സംസ്ഥാനവും ചേന്നതാണ് പണ്ടത്തെ ചോളരാജ്യം, അഥവാ "ചോഴമണ്ഡലം." കേരളം അഥവാ ചേരരാജ്യം പശ്ചിമഘട്ടത്തിൻെറ പടിഞ്ഞാറുള്ള ദേശങ്ങളാണെന്നു നിങ്ങൾ ധരിച്ചിരിക്കുമല്ലോ! 'കൊച്ചി തിരുവിതാംകൂർ സ്റ്റേയിററ്' എന്ന പേരിൽ 1949 ജൂലായ് ഒന്നാം തിയ്യതി സംയോജിപ്പിക്കപ്പെട്ട സ്ഥലങ്ങൾക്കു പുറമെ മലബാർ ജില്ലയും ഇതിൽ ഉൾപ്പെട്ടിരുന്നു; അഥവാ, ഇന്നു നമ്മുടെ ഭാവനയിലിരിക്കുന്ന 'ഐക്യകേരള'ത്തിന്നവകാശപ്പെട്ട സ്ഥലങ്ങളൊക്കെ ചേന്നതായിരുന്നു ആ രാജ്യം.

## പാണ്ഡ്യരാജ്യം

പാണ്ഡ്യരാജ്യം പണ്ട് അഞ്ചു സംസ്ഥാനങ്ങളായിട്ടത്രെ ഭാഗിച്ചിരുന്നത്. അവ ഭരിക്കാൻ പ്രത്യേകം രാജാക്കന്മാരുണ്ടായിരുന്നു. മധുരാപുരിയായിരുന്നു തലസ്ഥാനം. കൊക്കേയ് എന്നൊരു നഗരത്തെപ്പററിയും പ്രസ്താവമുണ്ട്. പരിഷ്ക്കാരത്തിൻേറയും കച്ചവടത്തിൻേറയും കേന്ദ്രമായിരുന്ന ആ നഗരമായിരുന്നിരിക്കാം ഇവരുടെ ആദ്യത്തെ തല

---

* Early History of India—Vincent A Smith.

‡ Tamils Eighteen Hundred years Ago-by Kanaka Sabhai Pillai എന്ന പുസ്തകം നോക്കുക.

സ്ഥാനം. ഇതു് ഒരു തുറമുഖവും കൂടിയായിരുന്നു. അതിന്റെ പ്രാധാന്യം ക്ഷയിച്ചപ്പോൾ 'കായൽ' എന്നൊരു നഗരമായി പാണ്ഡ്യന്മാരുടെ പ്രധാന തുറമുഖം.

പാണ്ഡ്യരാജ്യത്തിന്റെ തലസ്ഥാനമായ മധുരാപുരിയുടെ പ്രശസ്തി വിദേശങ്ങളിൽപ്പോലും പരന്നിരുന്നു. രണ്ടായിരം കൊല്ലംമുമ്പു്, ഒരു പാണ്ഡ്യരാജാവു് റോമരാജ്യത്തിന്റെ ഭരണാധികാരിയായിരുന്ന അഗസ്റ്റസ് നീസറുമായി തന്ത്രബന്ധത്തിൽ ഏർപ്പെട്ടിരുന്നതായി തെളിയുന്നു. അന്നു ദക്ഷിണേന്ത്യയും ദക്ഷിണ യൂറോപ്യൻ രാജ്യങ്ങളും തമ്മിൽ വാണിജ്യം നടന്നിരുന്നു. അക്കാലത്തെ ചരിത്രത്തിൽ നെടുഞ്ചെളിയൻ എന്ന ഒരു പാണ്ഡ്യരാജാവിനെപ്പററി ചിലതൊക്കെ മനസ്സിലാക്കാൻ വേണ്ട ലക്ഷ്യങ്ങളുണ്ടു്. കരികാലൻ എന്നായിരുന്നു അന്നത്തെ ചോളരാജാവിന്റെ പേർ. ഈ നെടുഞ്ചെളിയനെ പിന്തുടന്ന ഉഗ്ര-പെരു-വളത്തിയുടെ കാലത്താണത്രെ തിരുവള്ളുവർ എന്ന തമിഴ് കവി 'കുറൽ' എന്ന പ്രസിദ്ധപ്പെട്ട ഗ്രന്ഥമെഴുതിയതു്. മധുരാനഗരം അന്നു സാഹിത്യത്തിന്റെ കേന്ദ്രമായിരുന്നു. മൂന്നാം തമിഴ സംഘത്തിലെ കവികളത്രെ അക്കാലത്തുണ്ടായിരുന്നവർ. ഈ നിലയ്ക്കു, രണ്ടു തമിഴ സംഘങ്ങൾ അതിന്നുമുമ്പുതന്നെ സാമാന്യം പ്രതാപത്തിൽ വർത്തിച്ചിരുന്നതായി ഊഹിക്കാമല്ലോ! നോക്കു ദക്ഷിണേന്ത്യയുടെ സംസ്കാരത്തിന്നു് എത്രയോ പ്രാചീനമായൊരു പാരമ്പര്യമാണു് അവകാശപ്പെടാൻ ലഭിക്കുന്നതു്!

തലസ്ഥാനം. മധുര.

ഈ പാണ്ഡ്യരാജ്യത്തിന്റെ തുടർച്ചയായൊരു ചരിത്രം വിവരിക്കാൻ വേണ്ട തെളിവുകൾ പൂർത്തിയായിട്ടില്ല. ഏഴാം നൂററാണ്ടിൽ കാഞ്ചീപുരംവരെ തെക്കോട്ടുവന്നെത്തിയ ഹ്യൂൻസാങ് പാണ്ഡ്യരാജ്യം സന്ദർശിച്ചില്ലെങ്കിലും കേട്ടുകേൾവിയെ അടിസ്ഥാനമാക്കി ചിലതൊക്കെ പ്രസ്താവിച്ചിട്ടുണ്ടു്. അക്കാലത്തു് വാണിജ്യസംരംഭത്തിലായിരുന്ന പാണ്ഡ്യദേശക്കാർക്കു കൂട

ഹ്യൂൻസാങ്.

തൽ താല്പര്യം; വിദ്യാഭ്യാസകാര്യത്തിൽ ജനങ്ങൾക്കത്ര പ്രതിപത്തിയുണ്ടായിരുന്നില്ലത്രേ! *

പാണ്ഡ്യദേശം വാണിട്ടുള്ള പല രാജാക്കന്മാരുടേയും
പേരുകളറിയാൻ വേണ്ട രേഖകളില്ലാതില്ല. പക്ഷെ, അ
തൊന്നും ഇവിടെ പ്രസ്താവിക്കാൻ പോകുന്നില്ല. ഏതാണ്ടു
പത്താം നൂററാണ്ടുവരെ ഈ രാജ്യം സ്വതന്ത്രമായി നിലനി
ന്നിട്ടുള്ളതായി വിശ്വസിക്കാം. അയൽ രാ
പത്താം ജ്യങ്ങളുമായി കലാപങ്ങളുണ്ടാവുക പതി
നൂററാണ്ടുവരെ. വാണ്; താല്ക്കാലികമായി സ്വാതന്ത്ര്യം നഷ്ട
പ്പെട്ട സന്ദർഭങ്ങളുമുണ്ടായിരിക്കണം. പക്ഷെ,
പത്താം നൂററാണ്ടുവരെയുള്ള ചരിത്രത്തിൽ ഒരു പ്രത്യേക
രാജ്യം എന്ന പദവി പാണ്ഡ്യരാജ്യത്തിന്നുണ്ട്. ആ നൂററാ
ണ്ടിൽ പൂർവ്വാധികം പ്രബലപ്പെട്ടുവന്ന ചോളശക്തിയ്ക്ക് അ
ടിയറവയ്ക്കാൻ പാണ്ഡ്യർ നിർബലരായി. രാജരാജ ചോള
നത്രേ ഇവരെ കീഴടക്കിയതു്. ഇങ്ങനെ ചോളന്മാരുടെ കീ
ഴിൽ കഴിച്ചു കൂട്ടുന്നകാലത്തു് ഇവിടെ ജൈന മതക്കാർക്കു
പല മർദ്ദനങ്ങളും സഹിക്കേണ്ടിവന്നിരുന്നുവത്രേ!

സിലോണിലെ 'പരാക്രമബാഹു' എന്ന രാജാവ് പന്ത്രണ്ടാം നൂററാണ്ടിൽ പാണ്ഡ്യന്മാരോടു പൊരുതി ജയിച്ചതായി 'മഹാവംശ' എന്ന സിംഹളഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും ദക്ഷിണേന്ത്യയിൽ നിന്നു ലഭിക്കുന്ന തെളിവുകൾ ഇതിനെ നിഷേധിക്കുന്നവയാണ്. സിംഹള സൈന്യത്തിന്നു പൊരുതി നില്ക്കാൻ കഴിയാതെ പിന്തിരിക്കേണ്ടിവന്നുവെന്നാണ് ഇവിടെ കാണുന്ന തെളിവുകൾ വ്യക്തമാക്കുന്നതു്. ഇതിലധികമായി പാണ്ഡ്യരാജ്യ ചരിത്രത്തെപ്പററി തല്ക്കാലം നമുക്കന്വേഷിക്കേണ്ട. അലാവുദീൻ ഖിൽജിയുടെ പടനായകനായ മാലിക് കാഫർ ദക്ഷിണേന്ത്യയിൽ നടത്തിയ പടയോട്ടത്തിന്നു ശേഷം ഇവിടത്തെ രാഷ്ട്രീയാന്തരീക്ഷം തന്നെ മാറി. അതിനെസ്സംബന്ധിച്ചൊക്കെ ഇനിയൊരവസരത്തിൽ പഠിക്കാം.

---

* Early History of India— by Vincent A Smith

## കേരളം, അഥവാ, ചേരരാജ്യം

സഹ്യാദ്രിക്കു പടിഞ്ഞാറുവശം ഗോകർണ്ണംമുതൽ കന്യാകുമാരിവരെ നീണ്ടുകിടക്കുന്ന നമ്മുടെ നാട്, അഥവാ നമ്മുടെ ഭാവനയുടെ പൂർണ്ണരൂപത്തിലുള്ള പുണ്യഭൂമി, പുരാതനവും, ചരിത്ര പ്രഖ്യാതവുമാണ്. പരശുരാമൻ വെൺമഴു വെറിഞ്ഞപ്പോറം കടലൊഴിഞ്ഞുണ്ടായ കരയാണിതെന്നു് പഴങ്കഥകളിൽ പറയുന്നുണ്ട്. "കേരളം എന്ന പേരാണ് ആദ്യകാലം മുതല്ക്കേ ഈ നാടിനു പറയപ്പെട്ടിരുന്നത്........ ക്രി. മു. നാലാം നൂററാണ്ടിൽ ജീവിച്ചിരുന്ന കാത്യായനനും ക്രി. മു. 150–തിനിടയിൽ ജീവിച്ചിരുന്ന പതഞ്ജലിയും കേരളത്തെക്കുറിച്ചു പറയുന്നുണ്ട്. മഹാഭാരതം, കേരളപ്പെരുമ. രാമായണം, വായുപുരാണം, മത്സ്യപുരാണം തുടങ്ങിയവയെല്ലാം കേരളത്തെയും പററി പ്രസ്താവിക്കുന്നുണ്ട്* "ഇന്ത്യാ ചരിത്രത്തിൻെറ മാത്രമല്ല ലോക ചരിത്രത്തിൻെറ തന്നെ ആദ്യകാലത്ത് പരിഷ്കാരവും സംസ്കാരവും തികഞ്ഞ ഒരു രാജ്യമായിരുന്നു കേരളം. ഇവിടത്തെ ഉൽപന്നങ്ങളായ തേക്ക് ക്രിസ്തുവിനു 3000 കൊല്ലം മുമ്പു ജീവിച്ചിരുന്ന ബാബിലോണിയൻ ചക്രവർത്തി ഉപയോഗിച്ചിരുന്നുവെന്ന് ഈയിടെ തെളിഞ്ഞിരിക്കുന്നു". ‡ ലോക ചരിത്രത്തിൽ എത്രയോ ഉന്നതമായൊരു സ്ഥാനമാണ് നമ്മുടെ നാടിനുണ്ടായിരുന്നതെന്നു നോക്കുക.

അഞ്ചുനാടുകളായിട്ടാണ് കേരളം പണ്ടു ഭാഗിക്കപ്പെട്ടിരുന്നത്. മുച്ചിരി [1] വയസ്സുര [2] എന്നീ തുറമുഖ പട്ടണങ്ങളാണ് അന്നു നമ്മുടെ കപ്പലുകറംക്കു താവളം നല്കിയിരുന്നത്. നമ്മുടെ കുരുമുളകും സുഗന്ധദ്രവ്യങ്ങളും ഇവിടെ നിന്ന് അറേബിയയിലേക്കും അവിടന്നു യൂറോപ്യൻ രാജ്യ

---

* History of Kerala— by K. P. Padmanabha Menon

‡ കേരളം – മലയാളികളുടെ മാതൃഭൂമി – ഇ. എം. ശങ്കരൻ നമ്പൂരിപ്പാട്.

1 ഇന്നത്തെ കൊടുങ്ങല്ലൂർ

2 കോട്ടയത്തിനുസമീപം

ങ്ങളിലേക്കും കയററി അയയ്ക്കാറുണ്ട്. 'വഞ്ചി' അഥവാ 'കരൂർ' * എന്ന സ്ഥലമായിരുന്നു അന്നു ചേരനാടിന്റെ തലസ്ഥാനം. പിന്നീടതു തിരുവഞ്ചിക്കുളത്തേക്കു മാററി:—

നമുക്കിനി കേരളത്തിന്റെ പ്രതാപകാലത്തെ രാജാക്കന്മാരെപ്പററി ആലോചിക്കാം. ക്രി. മു. രണ്ടാം നൂററാണ്ടിൽ ഇവിടെ പരദേശത്തുനിന്നും പെരുമാക്കന്മാരെ കൊണ്ടുവന്നു പന്തീരാണ്ടുകാലത്തേക്കു വാഴിക്കുന്ന ഒരു സമ്പ്രദായം തുടങ്ങി. ഉദയൻ ചോണവർമ്മനായിരുന്നു ഒന്നാമത്തെ പെരുമാൾ. പിന്നത്തെ പെരുമാളായ 'ഇമയവർമ്മൻ നെടുംചേരമാനാതൻ' പ്രബലനും പരാക്രമശാലിയുമായിരുന്നു. പാണ്ഡ്യ ചോളരാജാക്കന്മാരെ തോല്പിച്ചു വടക്കോട്ടു കടന്ന്

**പെരുമാക്കന്മാർ.**

ഉത്തരേന്ത്യയിലെ ചില രാജാക്കന്മാരെയും തോല്പിച്ചുവത്രേ ആതൻ. എല്ലാ പെരുമാക്കന്മാരുടേയും പേരുകൾ പറഞ്ഞു നിങ്ങളെ വിഷമിപ്പിക്കുന്നില്ല. എന്നാൽ, ക്രി. അ. രണ്ടാം നൂററാണ്ടിൽ 'ചെങ്കുട്ടവൻ' എന്നൊരു ചേരരാജാവു സാമാന്യം പ്രതാപത്തോടുകൂടി വാണിരുന്നു. അദ്ദേഹത്തിന്റെ കാലത്തു സാഹിത്യത്തിന്നു വലിയ അഭിവൃദ്ധിയുണ്ടായി. 'ചിലപ്പതികാരം' എന്ന തമിഴ്ഗ്രന്ഥത്തിന്റെ കർത്താവായ ഇളങ്കോവടികൾ ഇദ്ദേഹത്തിന്റെ സഹോദരനായിരുന്നു. ഈ പെരുമാളാണത്രേ കൊടുങ്ങല്ലൂർ ക്ഷേത്രം പണിയിച്ചതു്.

ഒടുവിലത്തെ പെരുമാളായ ഭാസ്കരരവിവർമ്മൻ, അഥവാ, പ്രസിദ്ധനായ ചേരമാൻ പെരുമാൾ നമ്മുടെ ശ്രദ്ധയെ അർഹിക്കുന്നുണ്ട്. അദ്ദേഹം അവസാനകാലത്തു മുഹമ്മദുമതം സ്വീകരിച്ചതായി ചിലർ പറയുന്നു. അതു പരമാർത്ഥമല്ലെന്നു തെളിയിക്കാനും രേഖകളുണ്ട്.

പെരുമാക്കന്മാരെക്കുറിച്ച് ഇതിലധികം വിസ്തരിക്കാൻ ഈ പുസ്തകത്തിന്റെ പരിധി അനുവദിക്കുന്നില്ല. കേരളം ഒന്നായി ഭരിക്കപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നുവെന്നും

---

* ഇന്നത്തെ കരൂപ്പടന്ന എന്നസ്ഥലമായിരിക്കണം ഇതു്.

അന്നു നമ്മുടെ രാജ്യം പരിഷ്കാരംകൊണ്ട് അഭിവൃദ്ധിപ്രാപിച്ചിട്ടുണ്ടായിരുന്നുവെന്നും ഓർമ്മിക്കുക. പിന്നീടുണ്ടായ വിടവുകൾ ഇപ്പോൾ അടയാൻ തുടങ്ങീട്ടുള്ളതു പൂർത്തിയാകുമെന്നു നമുക്കാശിക്കാം.

## ചോളരാജ്യം.

കിഴക്കുവശംകൊണ്ട് ഇന്നത്തെ നെല്ലൂർമുതൽ പുതുക്കോട്ടവരെയും പടിഞ്ഞാറുഭാഗംകൊണ്ടു കുടകുജില്ലവരെയും നീണ്ടുകിടന്നിരുന്ന സ്ഥലമാണ് പണ്ടത്തെ ചോഴമണ്ഡലം. ഉറയ്യൂർ’ * ആയിരുന്നു തലസ്ഥാനം. കേരളത്തെപ്പോലെ തന്നെ ചോളരാജ്യവും പണ്ടുതന്നെ പ്രസിദ്ധമായിരുന്നു. ബംഗാൾഉൾക്കടലിലും ഹിന്ദുസമുദ്രത്തിലും ചോളന്മാരുടെ കച്ചവടക്കപ്പലുകൾ സ്വൈരമായി സഞ്ചരിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. കാവേരിപ്പട്ടണമായിരുന്നു ഈ കപ്പലുകൾക്കടുക്കാനുള്ള തുറമുഖം. ഒരുകാലത്തു സമ്പത്സമൃദ്ധമായിരുന്ന ഈ നഗരത്തിൽ മനോഹരമായൊരു രാജധാനിയുണ്ടായിരുന്നു. വിദേശീയ വ്യാപാരികൾ ഇവിടെ സുഖമായി താമസിച്ചു ധാരാളം സമ്പാദിക്കാറുണ്ട്. ആ പ്രതാപമൊക്കെ മൺമറഞ്ഞുപോയിരിക്കുന്നു. ‡

കരികാലൻ എന്ന ചോളരാജാവിനെയാണ് ചരിത്രം ആദ്യമായി പരിചയപ്പെടുന്നതു്. നെടുഞ്ചെളിയ പാണ്ഡ്യരാജാവിന്റെ സമകാലീനനായിരുന്നു ഇദ്ദേഹം. കരികാലൻ സിലോൺ ആക്രമിച്ചതായി പറയപ്പെടുന്നു. ഏതാണ്ടു ക്രിസ്ത്വാബ്ദം മൂന്നാംനൂററാണ്ടുവരെ ചോളരാജ്യം സാമാന്യം പ്രതാപത്തിൽനിന്നു പോന്നിരിക്കണം. അപ്പോഴ്ക്കുമാണ് പല്ലവന്മാർ പ്രബലപ്പെട്ടതു്. അതിനുശേഷം വളരെക്കാലത്തേക്ക് ഇവർക്ക് ഒരുവിധം ഒതുങ്ങിക്കഴിയേണ്ടിവന്നു. ഹ്യൂൻസാങ് കാഞ്ചീപുരം സന്ദർശിച്ചകാലത്തു് ചോളരാജ്യം ക്ഷയോന്മുഖമായിട്ടത്രേ കാണപ്പെട്ടതു്.

---

* തൃശ്ശിനാപ്പള്ളി.

‡ Tamils Eighteen Hundred years ago by Kanakasabhai Pillai.

എട്ടാം നൂററാണ്ടിൽ പല്ലവന്മാർ ചാലൂക്യരാൽ തോല്പിക്കപ്പെട്ടതിനുശേഷമാണത്രേ ചോളന്മാൎക്ക് വീണ്ടും തലപൊക്കാൻ കഴിഞ്ഞത്. ഒമ്പതാംനൂററാണ്ടിന്റെ അവസാനത്തിൽ ആദിത്യൻ എന്ന ചോളരാജാവ് അപരാജിതൻ എന്ന പല്ലവരാജാവിനെ തോല്പിച്ചതോടുകൂടിയാണ് അവർ വീണ്ടും പ്രബലപ്പെടാൻ തുടങ്ങിയത്.

**പരാന്തകൻ.**

ആദിത്യനെ പിൻതുടൎന്ന പരാന്തകൻ ഒന്നാമൻ പാണ്ഡ്യരാജാവിനെ തോല്പിച്ചു മധുരാപുരി കീഴടക്കുകയും സിലോൺ ആക്രമിക്കുകയും ചെയ്തു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സ്തുത്യൎഹമായ പ്രവൎത്തനംകൊണ്ട് പരാന്തകന്റെ രാജ്യത്തിൽ ക്ഷേമം പുലൎന്നിരുന്നു. (പിന്നീടു വിവരിക്കാം.)

**രാജരാജ ചോളൻ.**

ക്രി. അ. 949_ൽ രാജാവായ മഹാനായ രാജ രാജദേവനാണ് ചോളരാജ്യത്തിനു ദക്ഷിണേന്ത്യയിൽവെച്ച് ഏററവും മികച്ച സ്ഥാനം നേടിക്കൊടുത്തത്. ഇന്നത്തെ മദ്രാസ് സംസ്ഥാനം, സിലോൺ എന്നിവയ്ക്കു പുറമെ മൈസൂരിന്റെ ഏതാനും ഭാഗവും കൂടി രാജരാജന്റെ രാജ്യത്തിലുൾപ്പെട്ടിരുന്നു. പൂൎവ്വചാലൂക്യരാജ്യമായ വെങ്കി, പാണ്ഡ്യരാജ്യമായ കുടക്, കലിംഗരാജ്യം, തിരുവിതാംകൂറിലെ കൊല്ലം, സിലോൺദ്വീപ്, എന്നിവയെല്ലാം അദ്ദേഹം കീഴടക്കിയതാണെന്നു ധരിക്കുക. ഇതിനു പുറമെ, അദ്ദേഹത്തിന്റെ നാവിക സൈന്യത്തിന്റെ പരിശ്രമത്തിൻ ഫലമായി ഏതാനും ചെറു ദ്വീപുകളും കീഴടക്കാൻ കഴിഞ്ഞു. മനോഹരമായ തഞ്ചാവൂർ ക്ഷേത്രം ഇദ്ദേഹം പണിയിച്ചതാണ്. എന്നാൽ ബുദ്ധമതക്കാൎക്കും രാജരാജന്റെ രാജ്യത്തിൽ വേണ്ട പ്രോത്സാഹനം സിദ്ധിച്ചിരുന്നു.

രാജ രാജനെ പിൻതുടൎന്ന രാജേന്ദ്രൻ ഒന്നാമൻ, അഥവാ ഗംഗേയ്ക്കൊണ്ട ചോളനും പിതാവിനെപ്പോലെ അത്ര സമൎത്ഥനായിരുന്നു. അദ്ദേഹത്തിന്റെ നാവിക സൈന്യം ബംഗാൾ ഉൾക്കടൽ കടന്ന് പെഗുരാജ്യം കീഴടക്കി. ആൻഡമൻ, നിക്കോബാർ എന്നീ ദ്വീപുകളും അദ്ദേ

ഹത്തിന്റെ സാമ്രാജ്യത്തിലുൾപ്പെട്ടിരുന്നു. ഉത്തരേന്ത്യയിൽ ഗംഗാതീരത്തുവെച്ച് ഇദ്ദേഹം നടത്തിയ ഒരു യുദ്ധത്തെ അനുസ്മരിക്കുന്നതാണ് ഗംഗെയ്ക്കൊണ്ട ചോളൻ എന്ന പേർ. ഗംഗെയ്ക്കൊണ്ട ചോളപുരം എന്ന പേരിൽ പുതുതായൊരു നഗരംതന്നെ അദ്ദേഹം പണിയിച്ചു. അതിന്നരികേ കൃത്രിമവും മനോഹരവുമായൊരു തടാകം തീർപ്പിച്ചതും ശിവക്ഷേത്രം പണിയിച്ചതും വിസ്മരിക്കാൻ പാടില്ലാത്ത നേട്ടങ്ങളാണ്.

രാജാധിരാജനാണ് പിന്നീട വാണത്. അദ്ദേഹവും അദ്ദേഹത്തെ പിന്തുടന്ന നാലു രാജാക്കന്മാരും ചാലൂക്യന്മാരോട്ട പൊരുതുകയുണ്ടായി. 1070 മുതൽ 1118വരെ വാണ
കുലോത്തുംഗനാണ് ഇനി നമ്മുടെ ശ്രദ്ധയെ ആകർഷിക്കു
ന്നത്. കലിംഗരാജ്യം അദ്ദേഹം വീണ്ടും
രാജാധിരാജൻ കീഴടക്കി. നിലനികുതി കണ്ടെഴുത്തു കൊ
കുലോത്തുംഗൻ. ണ്ടാണ് അദ്ദേഹത്തിന്റെ ആഭ്യന്തരഭരണം
പ്രസിദ്ധമായത്. വൈഷ്ണവ മതസ്ഥാപകനായ രാമാനുജാചാര്യർക്ക് ശൈവനായ ഇദ്ദേഹത്തിന്റെ കാലത്തു ശ്രീരംഗത്തുതാമസിക്കാൻ ധൈര്യമുണ്ടായിരുന്നില്ല. കുലോത്തുംഗൻ മരിച്ച ശേഷമത്രേ ആചാര്യർ അവിടെ താമസമാക്കിയത്.

കുലോത്തുംഗനുശേഷമുണ്ടായ ചോളരാജാക്കന്മാരിലാരും നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നില്ല ക്രി. അ. 1310-ൽ മാലിക് കാഫറുടെ ആക്രമണവും കൊള്ളയും നിമിത്തം ദക്ഷിണേന്ത്യയിലെ മററുള്ള ഹിന്ദുരാജ്യങ്ങളോടൊപ്പം ചോളരാജ്യവും ക്ഷയിച്ചു

## ചോളരാജാവിന്റെ ഭരണരീതി

പരാന്തകരാജാവിനെപ്പററിപ്പറഞ്ഞപ്പോൾ ചോളന്മാരുടെ ഭരണസമ്പ്രദായം അഭിനന്ദനീയമാണെന്നു സൂചിപ്പിക്കുകയുണ്ടായല്ലോ! അനുകരണീയങ്ങളായ പല മാതൃകകളും അവരുടെ ഭരണസമ്പ്രദായത്തിലുണ്ട്. സ്വയംഭരണമാസ്വദിക്കുന്ന നാം അതു മനസ്സിലാക്കുവാൻ കടപ്പെട്ടവരാണ്.

ചോളസാമ്രാജ്യത്തെ ആറു സംസ്ഥാന (മണ്ഡലം)ങ്ങളായും മണ്ഡലത്തെ വളനാട്ടുകളായും ഭാഗിച്ചിരുന്നു. ഏതാനും ജില്ലകൾ ചേർന്നതാണ് ഒരു വളനാട്ട്. ഈ ജില്ലകളോരോന്നും അനേകം വില്ലേജുകളായി ഭാഗിക്കപ്പെട്ടു. ഓരോ വില്ലേജിലും പ്രവർത്തിച്ചിരുന്ന മഹാസഭയാണ് ഭരണകാര്യ്യങ്ങളധികവും നിർവ്വഹിച്ചിരുന്നത്. നികുതിപിരിക്കാനും അതു ചിലവാക്കാനും സഭയ്ക്കു സ്വാതന്ത്ര്യമുണ്ടായിരുന്നു. സഭയിൽനിന്നും തിരഞ്ഞെടുക്കുന്ന ഉപസമിതികളാണ് ഓരോ പ്രത്യേക വകുപ്പുകളുടെ മേലന്വേഷണം നടത്തിയിരുന്നത്. മാത്രമല്ല, അല്പം നീതിന്യായാധികാരവും ഈ മഹാസഭകൾക്കുണ്ടായിരുന്നു. യൂറോപ്യൻരാജ്യങ്ങളൊന്നുംതന്നെ അന്ന് ഇത്രത്തോളമെത്തീട്ടുണ്ടായിരുന്നില്ലെന്നു മനസ്സിലാക്കുക.

രാജാവു സമർത്ഥന്മാരായ ഉദ്യോഗസ്ഥന്മാരുടെസഹായത്തോടുകൂടിയാണ് കേന്ദ്രഭരണം നടത്തിയിരുന്നത്. നല്ല കരസൈന്യവും നാവികസേനയും ചോളന്മാർക്കുണ്ടായിരുന്നു. വിളവിൽ ആറിലൊന്നായിരുന്നു അന്നത്തെ നികുതി.

## സാമാന്യ വീക്ഷണം

ചോള ചേര പാണ്ഡ്യരാജ്യങ്ങളെപ്പററി ഏറെക്കുറെ വിസ്തരിച്ചുതന്നെ നിങ്ങൾ മനസ്സിലാക്കി. ദക്ഷിണഖണ്ഡത്തിലെ മററുള്ള രാജ്യങ്ങളേയും രാജവംശങ്ങളേയും കുറിച്ചും നിങ്ങൾ പഠിച്ചു. എന്നിട്ടെന്തു ധരിച്ചു? ഉത്തരേന്ത്യയിൽ കണ്ടതുപോലെയുള്ള സാമ്രാജ്യങ്ങൾ വളരെ കുറച്ചേ ഇവിടെയുണ്ടായുള്ളു. എന്താണിതിനു കാരണം? കേരളത്തെ ദക്ഷിണേന്ത്യയുടെ മററു ഭാഗങ്ങളിൽനിന്നു വേർതിരിച്ചുനിർത്താൻ പററിയവിധം ദുരാധർഷമായൊരു കോട്ടയായി പശ്ചിമഘട്ടം നെടുനീളത്തിൽ കിടപ്പുണ്ട്. ഇതുപോലെതന്നെ ഇന്ത്യയുടെ തെക്കേ അററവും ഡക്കാൻ പീഠഭൂമിയും വേർതിരിഞ്ഞുനില്ക്കാൻ പ്രയാസമില്ലാത്തമട്ടിലാണ് കിടപ്പ്. ശാസ്ത്രത്തിന്റെ പുരോഗതികൊണ്ട് സമയത്തേയും ദൂരത്തേയും ജയിക്കാൻ വേണ്ട കഴിവുണ്ടാകുന്ന സാഹചര്യങ്ങളിൽ ജീവി

ക്കുന്ന നമുക്കു് ഈ തടസ്സങ്ങളൊന്നും അത്ര സാരം തോന്നുന്നില്ലായിരിക്കാം. പക്ഷേ, അക്കാലത്തെ കഥ ഇതാണോ? ഗതാഗതത്തിനു് ഇന്നത്തെപ്പോലുള്ള സൌകര്യങ്ങളൊന്നും അന്നുണ്ടായിക്കഴിഞ്ഞിട്ടില്ലെന്നോർക്കുക.

ഓരോ രാജവംശക്കാരുടേയും കുലീനതാബോധവും പാരമ്പര്യത്തെക്കുറിച്ചുള്ള മതിപ്പും സ്വാതന്ത്ര്യപ്രതിപത്തിയും സംഘടനയ്ക്കു പ്രതിബന്ധങ്ങളായിരുന്നു അന്നു്. മാത്രമല്ലാ, ഭിന്നഭാഷകളുടേയും, ഭിന്നസംസ്കാരങ്ങളുടേയും വൈചിത്ര്യത്തിലാണു് ദക്ഷിണേന്ത്യ വളർന്നുവന്നിട്ടുള്ളതെന്നും മനസ്സിലാക്കേണ്ടതുണ്ടു്.

# പതിനഞ്ചാമദ്ധ്യായം

## ദക്ഷിണേന്ത്യയിലെ സമുദായം, വാണിജ്യം, സംസ്കാരം

ചരിത്രാരംഭകാലത്തുതന്നെ നമ്മുടെ രാജ്യം–ദക്ഷിണേന്ത്യ–സംസ്കാര സമ്പന്നമായിരുന്നുവെന്ന് കഴിഞ്ഞ അദ്ധ്യായത്തിൽ സ്ഥാപിച്ചുവല്ലോ! രാഷ്ട്രീയ ചരിത്രം പറയാനുള്ള ബദ്ധപ്പാടിൽ സാമുദായികസ്ഥിതി, പരിഷ്കാരം വാണിജ്യാഭിവൃദ്ധി എന്നിവയെപ്പററി വിസ്തരിക്കാൻ ആ അദ്ധ്യായത്തിൽ തരപ്പെട്ടില്ല. പക്ഷെ, ചരിത്രം പൂർണ്ണമാകണമെങ്കിൽ അതൊക്കെ പറയാതെ പററില്ല. ചരിത്രത്തിൻെറ ആ വക വശങ്ങൾക്കു വേണ്ടത്ര വെളിച്ചം നല്കാനുള്ള പല തെളിവുകളും നമുക്കു സിദ്ധിച്ചിട്ടുണ്ട്. ഇളങ്കോവടികളുടെ 'ചിലപ്പതികാരം' ചീത്തലൈ ചാത്തനാരുടെ 'മണിമേഖല' തിരുവള്ളുവരുടെ 'തിരുക്കുറൽ' എന്നീ പ്രസിദ്ധ തമിഴ്കൃതികൾക്കു പുറമെ, അഹനാനൂറ്, പുറനാനൂറ്, പതിററിപ്പത്ത് തുടങ്ങി പ്രാചീന തമിഴ് സാഹിത്യത്തിലെ പല കൃതികളും അക്കാലത്തെ ചരിത്രം ഊഹിക്കാൻവേണ്ട സൂചനകൾ നല്കുന്നുണ്ട്. ക്രിസ്ത്വാബ്ദം മൂന്നാം നൂററാണ്ടുവരെയുള്ള കാലത്തെ ചരിത്രത്തിന്നാധാരം ഈ കൃതികളാണ്.

### സമുദായസ്ഥിതി

ഉത്തരേന്ത്യയെ ആശ്രയിക്കാതെതന്നെ അത്യുന്നതമായൊരു പരിഷ്കാരം ദക്ഷിണേന്ത്യക്കു കൈവന്നിട്ടുണ്ടായിരുന്നു. അക്കാലത്ത് ഉത്തരേന്ത്യയിൽനിന്നു പലരും ഇവിടെ വന്നു പാർക്കുകയുണ്ടായി. ജാതിസമ്പ്രദായങ്ങളും മററും നടപ്പാക്കാൻ ചെയ്ത അവരുടെ ശ്രമത്തിന്ന് ആരംഭത്തിൽ വലിയ പ്രതിബന്ധങ്ങളാണ് അഭിമുഖീകരിക്കേണ്ടിവന്നതു്. ഇന്നത്തെ ചിന്താഗതിയിൽക്കൂടി നോക്കിയാൽ അന്ധവിശ്വാസങ്ങളെന്നു തോന്നാവുന്ന പല ആചാരങ്ങളും ആരാധനാക്രമങ്ങളും അക്കാലത്ത് അനുഷ്ഠിച്ചിരുന്നു. എങ്കിലും,

അങ്ങനെയൊന്നുണ്ടായിരുന്നല്ലോ എന്നാണ് അഭിമാനിക്കേണ്ടതു്. ഇന്നത്തെ മറവർ, കള്ളർ തുടങ്ങിയ വർഗ്ഗക്കാരൊക്കെ അക്കാലത്തെ ദക്ഷിണേന്ത്യാനിവാസികളുടെ പിൻഗാമികളാണു്.

## മതം.

അന്ധവിശ്വാസ ജടിലമായ അവിടത്തെ മതത്തിന്റെ മേൽ ജൈനമതം, ബുദ്ധമതം, ഹിന്ദുമതം എന്നിവ സ്വാധീനശക്തി ചെലുത്തി. അവയൊക്കെ ഉത്തരേന്ത്യയിൽനിന്നു വന്നവയാണു്. ജൈനമതത്തിന്നു് ദക്ഷിണേന്ത്യയിൽ നല്ലൊരു പ്രചാരം സിദ്ധിച്ചിട്ടുണ്ടായിരുന്നു. അതു് എന്നാണു് ഇങ്ങോട്ടു പ്രചരിക്കാൻതുടങ്ങിയതെന്നു പറയാൻ സാദ്ധ്യമല്ല. അശോകന്റെകാലത്താണു് ബുദ്ധമതം ദക്ഷിണേന്ത്യയിൽ പ്രചരിപ്പിക്കപ്പെട്ടതു്. ഇതിന്നിടയിൽ ഹിന്ദുമതവും ജനങ്ങളുടെ മേൽ സ്വാധീനശക്തി ചെലുത്തിക്കൊണ്ടിരുന്നു. ഏതാണ്ടു് ക്രിസ്താബ്ദം ഏഴാംനൂററാണ്ടുവരെ ഇങ്ങനെ മൂന്നു മതങ്ങളും പറയത്തക്ക പ്രതിബന്ധങ്ങളോ പരസ്പരകലഹങ്ങളോ കൂടാതെ നീങ്ങിപ്പോന്നു. ഏഴാംനൂററാണ്ടുമുതൽ ബുദ്ധമതം ക്ഷയിച്ചു. ഹിന്ദുമതവും ജൈനമതവും തമ്മിൽ കൂടക്കൂടെ സംഘട്ടനങ്ങളുമുണ്ടായിക്കൊണ്ടിരുന്നു. അവസാനം ഹിന്ദുമതത്തിനാണു് ജയം സിദ്ധിച്ചതു്.

പ്രാചീനദക്ഷിണേന്ത്യയിൽ അടിമസമ്പ്രദായം ഉണ്ടായിരുന്നില്ലത്രേ. നമ്മുടെ സംസ്കാരത്തിന്റെ വലിയൊരു നേട്ടമായിരുന്നു ഇതു്. യുദ്ധം ഒരിക്കലും അന്നു സാമാന്യജനതയുടെ സമാധാനപരമായ ജീവിതത്തെ സാരമായി ശല്യപ്പെടുത്തീട്ടില്ല. കൃഷി, കച്ചവടം, സാഹിത്യസംരംഭങ്ങൾ എന്നിവയെല്ലാം അഭിവൃദ്ധിപ്പെട്ടുകൊണ്ടേ ഇരുന്നു. നമ്മുടെ കാർഷികോല്പന്നങ്ങളിൽ കുരുമുളകാണു് അന്നു വിദേശികളെ ഏററവുമധികം ആകർഷിച്ചിരുന്നതു്.

## റോമാസാമ്രാജ്യവുമായി വാണിജ്യം.

വിദേശവാണിജ്യംകൊണ്ടുള്ള അഭിവൃദ്ധിയാണു് അന്നു് ദക്ഷിണേന്ത്യയെ കാര്യമായി തുണച്ചതു്. കുരുമുളകു്, മുത്തു

ഷം, രത്നങ്ങൾ, സുഗന്ധദ്രവ്യങ്ങൾ എന്നിവ ഇവിടെനിന്നു മറുനാടുകളിലേക്കു കയററിഅയയ്ക്കാറുണ്ടു്. റോമാസാമ്രാജ്യത്തിലെ രാജ്യങ്ങൾ അന്നു് ദക്ഷിണേന്ത്യയിലെ വിഭവങ്ങൾകൊണ്ടേ സന്തോഷിക്കാറുള്ളൂ. റോമാക്കാർ അക്കാലത്തു് ഇവിടങ്ങളിൽ കച്ചവടത്തിന്നായി താമസിച്ചിരുന്നതായും ഊഹിക്കാം. അവരുടെ പഴയനാണ്യങ്ങൾ പലതും കണ്ടെത്തീട്ടുണ്ടു്. മുസ്സിരിസ്സിൽ (കൊടുങ്ങല്ലൂർ) അഗസ്റ്റസ്സിന്നു സമർപ്പിക്കപ്പെട്ട ഒരു ക്ഷേത്രംതന്നെ ഉണ്ടായിരുന്നുവത്രെ! റോമിൽനിന്നു വീഞ്ഞു് വിളക്കുകൾ മുതലായവയൊക്കെ ഇവിടെ ഇറക്കുമതിചെയ്തിരുന്നു. ഈ വിദേശികൾ ഇന്ത്യ കീഴടക്കി ഭരിക്കാനാഗ്രഹിച്ചില്ലെന്നും ദക്ഷിണേന്ത്യയിലെ രാജാക്കന്മാരെ വഴങ്ങിത്തന്നെയാണു് കഴിഞ്ഞിരുന്നതെന്നും ഓർക്കുക.

## പ്രാചീനസാഹിത്യവും കലകളും.

റോമിൽ അഗസ്റ്റസ് സീസറുടേയും ഗ്രീസ്സിൽ പെരിക്ലിസ്സിൻെറയും ഇംഗ്ലണ്ടിൽ എലിസബത്തിൻെറയും, ഉത്തരേന്ത്യയിൽ ഗുപ്തചക്രവർത്തിമാരുടേയും കാലത്തു സാഹിത്യത്തിന്നുണ്ടായ അഭിവൃദ്ധി സുപ്രസിദ്ധമാണു്. തത്തുല്യമായ പുരോഗതിയാണു് ക്രിസ്ത്വാബ്ദം ഒന്നും രണ്ടും നൂററാണ്ടുകളിൽ ദക്ഷിണേന്ത്യയിൽ തമിഴ സാഹിത്യത്തിന്നു സിദ്ധിച്ചതു്. മൂന്നാം തമിഴസംഘത്തിൻെറകാലമായിരുന്നു അതു്. തിരുവള്ളുവർ ഇളങ്കോവടികൾ ചീത്തലൈചാത്തനാർ എന്നീ കവികളും അവ്വൈയ്യ് എന്ന കവയിത്രിയും ഇക്കാലത്താണു് ജീവിച്ചിരുന്നതു്. അടികളുടെ ചിലപ്പതികാരം കോവലൻെറയും കണ്ണകിയുടേയും കഥയാണു് ഉൾക്കൊള്ളുന്നതു്. അതിൻെറ തുടർച്ചയായ കഥയാണു് മണിമേഖല. സംഗീതം, ചിത്രമെഴുത്തു് ശില്പം തുടങ്ങിയ സുകുമാരകലകൾക്കെല്ലാം അന്നു് വലിയ അഭിവൃദ്ധിയുണ്ടായി. നാടകാഭിനയത്തിൽ നല്ല താല്പര്യമുള്ളോരു കാലമായിരുന്നു അതു്.

നാനാമുഖമായ അഭിവൃദ്ധികൊണ്ടു് അഭിമാനിക്കത്തക്ക പദവിയാണു് ആ പ്രാചീനകാലത്തു് നമുക്കുണ്ടായിരുന്ന

തെന്നു മുകളിൽ പറഞ്ഞതിൽനിന്നു നിങ്ങൾക്കു മനസ്സിലാക്കാമല്ലോ? ഭക്ഷണത്തിന്നും കച്ചവടത്തിന്നും വേണ്ടി കൃഷിചെയ്യുക, അതു യുദ്ധകാലത്തുപോലും ശല്യംകൂടാതെ തുടരാൻ സാധിക്കുക, ആർഭാടത്തോടുകൂടിയ ജീവിതം നയിക്കാൻ വേണ്ട സാമഗ്രികൾ നിർമ്മിക്കുക, ഇല്ലാത്തവ ഇറക്കുമതിചെയ്യുക,—മനുഷ്യന്റെ ഭൗതികജീവിതം സുഖപ്രദമാകാൻ ഇതിലധികം എന്താണു് ആ പഴയകാലത്താവശ്യം? ഇനി മാനസിക സംസ്കാരത്തിന്റെ കഥയേ നോക്കേണ്ടതുള്ളൂ. അതിനും അക്കാലത്തു് അഭിമാനിക്കത്തക്ക സമ്പാദ്യങ്ങളുണ്ടായതു്. ചുരുക്കിപ്പറഞ്ഞാൽ ദക്ഷിണേന്ത്യ അന്നു ഭൂലോകത്തിലെ സ്വർഗ്ഗം തന്നെയായിരുന്നു.

# പതിനാറാം അദ്ധ്യായം

## ഇന്ത്യാക്കാരുടെ വിദേശയാത്രാസംരംഭം

"ഇന്ത്യയെ അറിയുവാനും മനസ്സിലാക്കുവാനും നാം കാലത്തിന്റെയും ദേശത്തിന്റെയും സീമകളിൽ ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ടു്........ഇന്ത്യയിൽ നിന്നുപോയ സ്ത്രീപുരുഷന്മാർ സ്വന്തം ജന്മദേശത്തിൽനിന്നു വളരെയകലെ നിർമ്മിച്ച ചരിത്രം ഇനിയും എഴുതപ്പെടാനിരിക്കുന്നേയുള്ളു. ഇന്നും മിക്ക പാശ്ചാത്യരുടേയും വിചാരം, പുരാതന ചരിത്രം എന്നതു് ഏറിയകൂറും മദ്ധ്യധരണീ രാജ്യങ്ങളെ ആശ്രയിച്ചുള്ളതാണെന്നും, മദ്ധ്യകാല ചരിത്രത്തിലും ആധുനികചരിത്രത്തിലും മികച്ചുനില്ക്കുന്നതു യൂറോപ്പെന്ന കലഹപ്രിയമായ കൊച്ചുഭൂഖണ്ഡമാണെന്നുമാകുന്നു" *

ഇന്ത്യക്കാർ വീട്ടുവിട്ടു പുറത്തിറങ്ങാത്തവരായിരുന്നുവെന്നു നിങ്ങളെ ആരെങ്കിലും തെറ്റിദ്ധരിപ്പിച്ചിട്ടുണ്ടെങ്കിൽ അവക്കു കണക്കിനു കൊടുക്കാൻ വേണ്ട തെളിവുകൾ പലതും പുറത്തുവന്നിട്ടുണ്ടു്. ഇന്ത്യക്കപ്പുറം പലേടത്തും അവരുടെ കോളനികൾ സ്ഥാപിക്കപ്പെട്ടതിന്റെ ചരിത്രം ഈയിടെ പുറത്തായിട്ടുണ്ടു്, പണ്ഡിത ജവഹർലാൽ പറയുകയാണു്, "തെക്കുകിഴക്കനേഷ്യയുടെ ചരിത്രത്തിന്റെ ഒരു വിസ്തൃതമായ വിവരം ഇദംപ്രഥമമായി, ഏതാണ്ടു പതിനഞ്ചുകൊല്ലംമുമ്പു, വായിച്ചപ്പോൾ ഞാൻ എത്രമേൽ ആശ്ചര്യപ്പെട്ടുപോയി." എന്നാൽ എന്തൊരുത്തേജനമുണ്ടായി എന്നു ഞാൻ ഓർക്കുന്നു.

പരാക്രമശാലിയായ ശൈലേന്ദ്രൻ എന്ന രാജാവിനെക്കുറിച്ചു് ഒരു ചരിത്രഗവേഷകൻ എഴുതിയിരിക്കുന്നു. "അദ്ദേഹത്തിന്റെ നേട്ടങ്ങളെ പാശ്ചാത്യചരിത്രത്തിന്നറിയാവുന്ന അത്യുത്തമയോദ്ധാക്കളുടെ നേട്ടങ്ങളോടു മാത്രമേ

---

* Discovery of India: Translation by C. H. Kunhappa.

സാമ്രാജ്യപ്പെടുത്താനായി: അദ്ദേഹത്തിൻെറ കീർത്തി അക്കാലത്തു പേഷ്യമുതൽ ചീനവരെ വിളികൊണ്ടതായിരുന്നു—അങ്ങിനെയുള്ള ആ മഹാവിജേതാവ്, ഒന്നോ രണ്ടോ ശതാബ്ദങ്ങൾ കൊണ്ട്, അഞ്ചു നൂററാണ്ടുകാലം നിലനിന്ന സവിശേഷമായ ഒരു സമുദ്രസാമ്രാജ്യം പണിതു പൊരുക്കുകയും ജാവയിലും കംബോഡിയയിലും ഇന്ത്യൻ കലയുടേയും സംസ്കാരത്തിൻെറയും വിസ്മയാവഹമായ വികസനം സാദ്ധ്യമാക്കിത്തീക്കുകയും ചെയ്തു."

## വിശാലഭാരതം

തെക്കുകിഴക്കൻ ഏഷ്യയിൽ ഇന്ത്യക്കാക്കു വിസ്തൃതമായ ഒരു ഭൂവിഭാഗം താവളമായിട്ടുണ്ടായിരുന്നു. വിശാലഭാരതം, 'ബാഹ്യഭാരതം, 'ബൃഗദ്'ഭാരതം, എന്നൊക്കെ വിളിക്കാം അതിനെ. അതിൻെറ ചരിത്രം നിണ്ണയിക്കുന്നതെങ്ങനെ? പല തെളിവുകളുമുണ്ട്. ഇന്ത്യൻ ഗ്രന്ഥങ്ങളുണ്ട്; അറബികളുടെ വിവരണങ്ങളുണ്ട്; ചൈനക്കാരുടെ രേഖകളുണ്ട്. തെക്കുകിഴക്കൻ ഏഷ്യയോടുചേന്ന ജാവ, ബാലി എന്നീ ദ്വീപുകളിൽ ഇതിനുവേണ്ട ഒരു പ്രാചീന സാഹിത്യം തന്നെ വളന്നുവന്നിരിക്കുന്നു. ഗ്രീക്ക്-ലത്തീൻ ഭാഷകളിലും നമുക്കാവശ്യമുള്ള രേഖകളുണ്ട്.

ക്രിസ്ത്വാബ്ദം ഒന്നാം നൂററാണ്ടുമുതല്ക്കാരംഭിച്ചതാണ് ഇന്ത്യക്കാരുടെ തെക്കുകിഴക്കനേഷ്യയിലേക്കുള്ള യാത്ര. സിലോൺ, ബമ്മ, മലയ, സുമാത്ര, ബോർണിയോ, സയാം, കംബോഡിയ, ഇന്തോചൈന, ഫർമോസ, ഫിലിപ്പൈൻ ദ്വീപുകൾ എന്നീ സ്ഥലങ്ങളിലെല്ലാം ഇന്ത്യക്കാർ എത്തിച്ചേന്നു. ഒന്നാം നൂററാണ്ടുമുതൽ പത്താം നൂററാണ്ടുവരേയുള്ള കാലഘട്ടത്തിൽ ഇങ്ങനെയുള്ള അധിവാസസ്ഥലങ്ങളിൽ ഭാരതീകരിച്ച ഭരണസമ്പ്രദായംതന്നെ നടപ്പിലുണ്ടായിരുന്നതായിട്ടൂഹിക്കാം.

ഇങ്ങനെ അധിനിവേശസ്ഥാനങ്ങളുണ്ടാകാനുള്ള പ്രചോദനമെന്തായിരുന്നു? ഇതിന്നു വളരെ തലമുറകൾ മുമ്പുമുതല്ക്കു ഇന്ത്യക്കാർ വാണിജ്യത്തെ ലക്ഷ്യമാക്കി സ്വന്തം കപ്പ

ലിൽ കയറി അങ്ങോട്ടുപൊയ്ക്കൊണ്ടിരുന്നിരിക്കണം* "ക്രി. മു. മൂന്നാമത്തേയും രണ്ടാമത്തേയും ശതകങ്ങളിൽ ഈ വ്യാപാരം ക്രമേണ വർദ്ധിച്ചു് കച്ചവടക്കാരുടെ പിന്നാലെ മതപ്രചാരകന്മാരും ചെന്നിരിക്കാം". ഹിന്ദുമതത്തിനായിരിക്കണം അവിടങ്ങളിൽ പ്രാബല്യം സിദ്ധിച്ചതു്. എന്തുകൊണ്ടെന്നാൽ, 'ജാവ, കടന്നു് ഇന്ത്യയിലേക്കുവന്ന ഫാഹിയൻ അവിടെ അനേകം മതദ്രോഹികളുണ്ടു്' എന്നു് ആവലാതിപ്പെടുന്നു. ബുദ്ധമതാനുയായികളെ കാണാഞ്ഞതുകൊണ്ടുള്ള സങ്കടം കൊണ്ടല്ലേ ഫാഹിയൻ ഇങ്ങനെ പ്രസ്താവിച്ചതു്?

വ്യാപാരത്തെത്തുടർന്നു രാഷ്ട്രീയവിഭാഗവും അങ്ങോട്ടു കടന്നുചെന്നു. ഇന്ത്യയിൽ പരന്നുകിടന്നിരുന്ന മാളവഗോത്രക്കാരായിരിക്കണം ഇങ്ങനെ ചെന്നവർ. "ആദ്യകാലത്തെ ഉപനിവേശക്കാർ കിഴക്കേ തീരത്തുള്ള കലിംഗത്തിൽനിന്നു പോയതായി കരുതാം"* എന്നാൽ, ഉപനിവേശത്തിനു വേണ്ടി സംഘടിച്ച ഒരു ശ്രമം നടത്തിയതു ദക്ഷിണഖണ്ഡത്തിലെ ഹിന്ദുരാജാക്കന്മാരായ പല്ലവന്മാരാണു്. ‡

എന്തായിരുന്നു ഇവിടത്തെ പരിഷ്കാരത്തിന്റെ സ്വരൂപം? ഇന്ത്യക്കും ചൈനക്കും ഇടയിൽ കിടന്ന വിസ്തൃതമായ ഈ പ്രദേശത്തിൽ രണ്ടു രാജ്യങ്ങളുടേയും സംസ്കാരത്തിന്റെ സ്വാധീനശക്തി ചെലുത്തപ്പെട്ടു. ബർമ്മ, സയാം, ഇന്തോചൈന എന്നീ രാജ്യങ്ങളിൽ ചൈനാ സംസ്കാരത്തിനാണു് കൂടുതൽ പ്രചാരം സിദ്ധിച്ചതു്. ദ്വീപുകളിലും മലായാ അർദ്ധദ്വീപിലും ഇന്ത്യൻ പരിഷ്കാരത്തിനാണു് സ്വാധീനശക്തി ചെലുത്താൻ കഴിഞ്ഞതു്. "ചുരുക്കിപ്പറഞ്ഞാൽ, ഭരണരീതിയും ജീവിതതത്വശാസ്ത്രവും ചൈനയിൽനിന്നും, മതവും കലയും ഇന്ത്യയിൽനിന്നും വന്നു"— "ഹിന്ദുമതവും ബുദ്ധമതവും അവിടങ്ങളിൽ വളർന്നു."

---

* Introductiion by the late Mr. T. K. Krishna Menon to the History of Kerala by K. P. Padmanabha Menon.

‡ Discovery of India

**ചരിത്രം**

ആദ്യകാലത്തെ ഇവിടത്തെ ചരിത്രത്തെക്കുറിച്ചു വ്യക്തമായി യാതൊന്നും അറിവില്ല. അനേകം ചെറിയ രാഷ്ട്രങ്ങൾ ഉണ്ടായിരുന്നതായി ഊഹിക്കാം. "ക്രമേണ അവതമ്മിൽ കൂടിച്ചേരുന്നു. അഞ്ചാംശതകമാകുമ്പോഴേക്കും മഹാനഗരികൾ രൂപപ്പെട്ടുവന്നു. എട്ടാം ശതകമാവുമ്പോഴേയ്ക്കും സമുദ്രനിഷ്ഠങ്ങളായ സാമ്രാജ്യങ്ങൾ വളൎന്നുകഴിഞ്ഞു"

**ശൈലേന്ദ്ര സാമ്രാജ്യം.**

ഇങ്ങനെ ഉയൎന്ന രാഷ്ട്രങ്ങളിൽ മുഖ്യമായിട്ടുള്ളതാണു് "ശൈലേന്ദ്ര സാമ്രാജ്യം." എട്ടാം ശതകത്തിൽ മദ്ധ്യേഷ്യയിലെ മികച്ച ശക്തിയായിത്തീരാൻ ഈ സാമ്രാജ്യത്തിന്നു സാധിച്ചു. മലായ് അൎദ്ധദ്വീപിലാണു് അതിന്റെ ആരംഭം. മലയ, സിലോൺ, സുമാത്ര, ജാവയുടെ ഒരു ഭാഗം, ബോർണിയോ, സെലിബിസ്, ഫിലിപ്പൈൻ ദ്വീപുകൾ, ഫർമോസ എന്നിവയൊക്കെ ഉൾപ്പെട്ടതായിരുന്നു ആ സാമ്രാജ്യം.—ബുദ്ധമതമായിരുന്നു അന്നു് മികച്ചുനിന്നിരുന്നതു്.

**കമ്പോഡിയ,**

ഇതുകൂടാതെ, കമ്പോഡിയാസാമ്രാജ്യം എന്നൊരെണ്ണത്തിന്റെ പേർകൂടി പ്രസ്താവിക്കേണ്ടതുണ്ടു്. അതു് ഇടയ്ക്കിടെ ശൈലേന്ദ്രന്മാരുടെ മേല്ക്കോയ്മയിൽ പെട്ടിരിക്കണം. പക്ഷേ അതു പേരിനുമാത്രമേ ആയിരുന്നുള്ളു. 'ആങ്ങ്കോർ' ആയിരുന്നു തലസ്ഥാനം. സീസർമാരുടെ റോമിനേക്കാൾ വിശാലവും വിശിഷ്ടവും ജനനിബിഡവുമായിരുന്നുവത്രേ ഈ നഗരം.

**മജാപഹിത് സാമ്രാജ്യം.**

പതിനാലാം ശതകത്തിന്റെ ഉത്തരാൎദ്ധത്തിൽ ജാവ പ്രബലപ്പെട്ടു. സമുദ്രയാത്ര, വ്യാപാരം, സൌധനിൎമ്മാണം എന്നിവയിലായിരുന്നു ജാവക്കാൎക്കു് അഭിരുചി. ആദ്യം സിംഹസരിരാജ്യം എന്നായിരുന്നു അതിന്റെ പേർ. 1292-ൽ മജാപഹിത് എന്ന ഒരു നഗരം അവർ പുതുതായി സ്ഥാപിച്ചു. അന്നുമുതൽ മജാപഹിത് സാമ്രാജ്യം എന്നായി അതിന്റെ പേർ. ലോകചരിത്രത്തിൽ നിങ്ങളൊരു

കുബ്ലേയ്ഖാനെപ്പററി കേട്ടിട്ടുണ്ടാവാം. അദ്ദേഹം അയച്ച ചൈനാപ്രതിനിധികളെ ഇവർ അവമാനിച്ചതിനെ തുടൎന്ന് ചൈനക്കാരുമായി യുദ്ധം നടക്കുകയുണ്ടായി.

വിസ്തൃതമെങ്കിലും കേന്ദ്രീകൃതമായൊരു ഭരണസമ്പ്രദായം മജാപഹിത് സാമ്രാജ്യത്തിന്നു നടപ്പാക്കാൻ സാധിച്ചു. കച്ചവടം, കോളനികാൎയ്യം, പൊതുജനാരോഗ്യം, യുദ്ധം, ആഭ്യന്തരകാൎയ്യം എന്നിവയ്ക്കെല്ലാം നേട്ടങ്ങൾ. പ്രത്യേകം പ്രത്യേകം വകുപ്പുകളും ധാരാളം ജഡ്ജിമാരുമുള്ള ഒരു സുപ്രീം കോടതിയും അവൎക്കുണ്ടായിരുന്നു. ഇന്ത്യയും ചൈനയും തമ്മിലുള്ള കച്ചവടമാണ് ഇവർ നടത്തിക്കൊണ്ടിരുന്നതു്.

ഇത്രയൊക്കെ ഉയൎന്ന ഈ സാമ്രാജ്യത്തിന്നെന്തു സംഭവിച്ചു? മജാപഹിത് സാമ്രാജ്യവും ശൈലേന്ദ്രസാമ്രാജ്യവും തമ്മിൽ ഏററുമുട്ടിയതിന്റെ ഫലമായി അവശേഷിച്ച മലയായിൽ അറബികളും, മതപരിവൎത്തനം ചെയ്ത മുസ്ലിമുകളും യോജിച്ചു പ്രബലപ്പെട്ടു. അതിന്റെ അധഃപതനം. ഫലമോ? "ഇതേവരെ ദക്ഷിണേന്ത്യയോ ഇന്ത്യൻ കോളനികളോ വഹിച്ചുപോന്ന കിഴക്കൻ കടലുകളുടെ ആധിപത്യം അറബികളിലേക്കു കൈമാറി; താമസംവിനാ അതു യൂറോപ്യൻ ശക്തികളിലേക്കും സംക്രമിച്ചു.

## സംസ്കാര സംയോജനം

തെക്കുകിഴക്കൻ ഏഷ്യയിലെ ഇന്ത്യൻ കോളനികളുടെ ഉദയവും വളൎച്ചയും അസ്തമനവും ഒരു സിനിമാചിത്രം പോലെ നിങ്ങളുടെ കൺമുമ്പിൽ വന്നു മറഞ്ഞുപോയി. എന്നാൽ, ചരിത്രം വാസ്തവത്തിൽ അവിടംകൊണ്ടവസാനിക്കുന്നില്ല. അധികാരച്ചുമടു തലമാറി വഹിക്കപ്പെട്ടുവെന്നല്ലാതെ ഇന്ത്യൻ സംസ്കാരം അവിടങ്ങളിൽ പതിച്ച വ്യക്തിമുദ്രക്കു മാററം സംഭവിച്ചില്ല. മതം, കല, സാഹിത്യം എന്നിവയിലെല്ലാം ഭാരതീയ സംസ്കാരത്തിന്റെ നിഴൽപാടുകളാണ് അവിടങ്ങളിൽ കാണുന്നതു്.

ചംപ, അങ്ങ്കോർ, ശ്രീവിജയം, മജാപഹിത് എന്നിവയെല്ലാം സംസ്കൃത സാഹിത്യ കേന്ദ്രങ്ങളായിരുന്നു. പ്രധാന ഉദ്യോഗസ്ഥന്മാർക്കെല്ലാം സംസ്കൃതത്തിലുള്ള സ്ഥാനപ്പേരുണ്ട്. ഇന്ത്യക്കാരുടെ പുരാതനകഥകളും ഐതിഹ്യങ്ങളും അവിടങ്ങളിൽ പരന്നിരിക്കുന്നു. ജാവായിലെയും ബാലിയിലെയും നൃത്തങ്ങൾ ഇന്ത്യക്കാരുടേതാണ്. ദക്ഷിണേന്ത്യയിൽനിന്നു സ്വീകരിച്ച അക്ഷരമാല, അനേകം സംസ്കൃതപദങ്ങൾ, മനുവിന്റെ ധർമ്മശാസ്ത്രത്തിൽ അധിഷ്ഠിതമായ നിയമങ്ങൾ, ഇന്ത്യക്കാരുടെ ശില്പവേല എന്നിവയൊക്കെപ്പോരേ ഇന്ത്യൻ സംസ്കാരത്തിന്റെ വ്യക്തിമുദ്ര അവിടങ്ങളിൽ പതിപ്പിക്കാൻ?

# പതിനേഴാം അദ്ധ്യായം

## ഹൈന്ദവമത പുനരുദ്ധാരണം

ഹിന്ദുമതാചാരങ്ങളിൽ കണ്ട കുറവുകളാണ് ബുദ്ധമതത്തിനും ജൈനമതത്തിനും പ്രേരണ നല്കിയതെന്ന് ഇതിനു മുമ്പ് നിങ്ങൾ പഠിച്ചുവല്ലോ! എന്നാൽ ഹിന്ദുമതം നിന്നേടത്തുനിന്നനങ്ങാതെ പിറന്നപടി നില്ക്കുന്ന ഒന്നല്ലെന്നും വേദവികാസത്തെപ്പററി പറഞ്ഞ ഘട്ടത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇന്ത്യയിൽ പിറക്കുന്ന പുതിയ സിദ്ധാന്തങ്ങളേത്തും അതുൾക്കൊള്ളുകയും സ്വാംശീകരിക്കുകയും ചെയ്തുപോന്നിട്ടുണ്ട്. ഏതൊരു ചിന്താഗതിക്കും സ്ഥാനം നല്കാൻ വേണ്ട വിത്തുകൾ കലേതന്നെ അതിൽ പാവിട്ടുമുണ്ട്.

ഹിന്ദുമതത്തിന്റെ ഈ വിപുലമായ വീക്ഷണഗതി വിശദമാക്കാനൊന്നും ഈ അദ്ധ്യായത്തിന്റെ പരിമിതമായ പരിധിക്കകത്തു സാദ്ധ്യമല്ല. എങ്കിലും, ഹൈന്ദവ തത്വശാസ്ത്രപദ്ധതിയുടെ ഒരു സാമാന്യ സ്വരൂപം അറിഞ്ഞിരിക്കുന്നതു നന്ന്. ന്യായം, വൈശേഷികം, സാംഖ്യം, യോഗം, മീമാംസ, വേദാന്തം എന്നിങ്ങനെ ഹൈന്ദവ തത്വശാസ്ത്രം ആറായി ഭാഗിക്കാം. തർക്കപ്രധാനമാണ് ന്യായം. ഈശ്വരൻ എന്ന കല്പനത്തെ വ്യക്തമായി സമ്മതിക്കാത്തതാണ് വൈശേഷികം. "ന്യായവൈശേഷിക ദർശനങ്ങളും ആദ്യകാലത്തെ ബുദ്ധമത തത്വശാസ്ത്രവും തമ്മിൽ പല സമ്മേളനസ്ഥാനങ്ങളുമുണ്ട്." * ക്രിസ്തുവിന്നുമുമ്പ് ഏഴാം ശതകത്തിൽ കപിലൻ എന്ന ഋഷിശ്രേഷ്ഠനാൽ രൂപം കൊടുക്കപ്പെട്ട സാംഖ്യസിദ്ധാന്തം അലൌകിക വാദത്തിന്റെ അടിത്തറ തുരക്കുന്ന ഒന്നാണ്. ഇതിനെ ദ്വൈതം എന്നും പറയാറുണ്ട്. പതഞ്ജലിപ്രണീതമാണ് യോഗപദ്ധതി. മീമാംസാസിദ്ധാന്തത്തിന്റെപോക്ക് ബഹു ദൈവവിശ്വാസത്തിന്റെ വഴിക്കാണ്. ഉപനിഷത്തുകളിൽ നിന്നുദിച്ച അദ്വൈതസി

---

* ഇന്ത്യയെ കണ്ടെത്തൽ—ജവഹർലാൽ

ധാന്തത്തിന്നു് പൂർണ്ണരൂപം കൊടുത്തു് അദ്വൈതമതം എന്ന പേരിൽ ഇന്ത്യയിലെല്ലായിടത്തും പ്രചാരം നല്കിയ പ്രതിഭാശാലിയാണു് ശങ്കരാചാര്യർ. ഹിന്ദുമതത്തിൽ മികച്ചുനില്ക്കുന്ന ഈ തത്വശാസ്ത്രമാണു് ഇന്ത്യയിൽ ശങ്കരാചാര്യരുടെ കാലത്തുണ്ടായ മറ്റെല്ലാ മതവിശ്വാസങ്ങളേയും ജയിക്കത്തക്ക ശക്തിയോടുകൂടി തലയെടുത്തു പിടിച്ചതു്. ബുദ്ധമതത്തിന്നും ജൈനമതത്തിന്നും ക്ഷയം സംഭവിക്കാനുള്ള മുഖ്യമായൊരു കാരണം തന്നെ ഈ അദ്വൈതസിദ്ധാന്തത്തിന്റെ ആവിർഭാവമാണു്.

## ശങ്കരാചാര്യർ

അദ്വൈതസിദ്ധാന്തസ്ഥാപകനായ ശ്രീ. ശങ്കരാചാര്യർ എവിടത്തുകാരനാണെന്നു നിങ്ങൾ ധരിച്ചിട്ടുണ്ടായിരിക്കണം. കൊച്ചി–തിരുവിതാംകൂർ സംയുക്ത സംസ്ഥാനത്തിൽപെട്ട കാലടി, എന്ന സ്ഥലത്താണു് അദ്ദേഹം ജനിച്ചതെന്നോർക്കുമ്പോൾ അഭിമാനം കൊള്ളുന്നില്ലേ? ആ വിശ്വാചാര്യന്റെ ജീവചരിത്രം ചെറിയ ക്ലാസ്സുകളിൽ നിങ്ങൾക്കു പരിചയപ്പെട്ടിരിക്കണം. കേരളീയനായി ജനിച്ച അദ്ദേഹത്തിന്റെ ഹൃദയം സഹ്യാദ്രിക്കിപ്പുറത്തുമാത്രമായി ഒതുങ്ങിനില്ക്കുന്നതായിരുന്നില്ല. "തന്റെ സന്ദേശവാഹകത്വത്തെക്കുറിച്ചു് അതിദൃഢമായ ബോധമുള്ള ഒരാളായിരുന്നു അദ്ദേഹമെന്നു പ്രത്യക്ഷമാണു് — കന്യാകുമാരിമുതൽ ഹിമാലയത്തോളം നീണ്ടുകിടക്കുന്ന ഇന്ത്യയെ മുഴുവൻ തന്റെ കർമ്മരംഗമായും, സാംസ്കാരികമായി ഒന്നിച്ചിണങ്ങിനില്ക്കുകയും, ബാഹ്യമായി നാനാരൂപങ്ങൾ കൈക്കൊണ്ടേക്കാമെങ്കിലും ഏകമായ ചൈതന്യം നിറഞ്ഞുനില്ക്കുകയും ചെയ്യുന്ന ഒന്നായി കാണുന്ന ഒരു മനുഷ്യൻ" *എന്നാണു് പണ്ഡിററു് നെഹ്റു ശങ്കരാചാര്യരെക്കുറിച്ചു പറയുന്നതു്. "മുപ്പത്തിരണ്ടുകൊല്ലത്തെ ചുരുങ്ങിയ ജീവകാലത്തിന്നുള്ളിൽ അദ്ദേഹം അനേകം ദീർഗ്ഘജീവിതങ്ങളിലെ ജോലിചെയ്തു".

---

* ഇന്ത്യയെ കണ്ടെത്തൽ—കുഞ്ഞപ്പ.

ഇന്ത്യയ്ക്കു പൊതുവെ ഒരു സംസ്കാരമുണ്ടു്. ആ സംസ്കാരത്തിൽ കൂടിയുള്ള ഒരു സംഘടനയും സാധിക്കും. ഇതായിരുന്നു വാസ്തവത്തിൽ അദ്ദേഹത്തിന്റെ വിശ്വാസം. വൈവിധ്യവും വൈചിത്ര്യവുംകൊണ്ടു വീർപ്പുമുട്ടിക്കുന്ന ഈ അത്ഭുതഭൂമിയിലെ നാനാവർഗ്ഗക്കാരേയും ഇണക്കാൻ വേണ്ട വിശിഷ്ടസന്ദേശവുംവഹിച്ചുകൊണ്ടാണ് ശ്രീശങ്കരൻ ഇന്ത്യയിൽ ഉടനീളം ചുററിസ്സഞ്ചരിച്ചതു്. അഖിലഭാരത പ്രശസ്തിനേടിയ. അഥവാ, വിശ്വവിഖ്യാതി സമ്പാദിച്ച ഒരേ ഒരു കേരളീയൻ എന്നു ശങ്കരനെക്കുറിച്ചു നമുക്കഭിമാനിക്കാം. സംയുക്തഭാരതത്തെ ഭാഷപ്പെടുത്താൻ ശ്രമിച്ചിട്ടുള്ള ഒരു മഹാശയൻ എന്നു് ഇന്ത്യക്കാർക്കു പൊതുവേയും അദ്ദേഹത്തെക്കുറിച്ചു് അഭിമാനിക്കാം.

**ശങ്കര സിദ്ധാന്തം**

എങ്ങനെയാണ് അദ്ദേഹം ഹിന്ദുമതം പരിഷ്കരിച്ചതു്? ജീവാത്മാവിനു പരമാത്മാവിൽനിന്നു വേറിട്ടുള്ള നിലനിൽപ്പ് കൃത്രിമമാണ്. വാസ്തവമായിട്ടുള്ളതു് പരമാത്മാവു മാത്രമാണ്. ഈ സിദ്ധാന്തമാണ് അദ്ദേഹം സയുക്തികം സ്ഥാപിച്ചതു്. മതസംബന്ധമായ ഭിന്നാഭിപ്രായങ്ങളെ മുഴുവൻ അദ്ദേഹം ഖണ്ഡിച്ചു. എവരേയും സമീപിക്കാൻ പാററിയ ഈ അദ്വൈതസിദ്ധാന്തത്തിൽക്കൂടി അദ്ദേഹം ഇന്ത്യയുടെ ഐക്യത്തിന്നുള്ള വിത്തു വിതച്ചു.

## രാമാനുജാചാര്യർ

പന്ത്രണ്ടാം നൂററാണ്ടിൽ ദക്ഷിണേന്ത്യയിൽ ജനിച്ച ഒരു മതതത്വചിന്തകനാണ് രാമാനുജൻ. കാഞ്ചീനഗരത്തിലാണ് അദ്ദേഹം വിദ്യാഭ്യാസം നയിച്ചതു് തദനന്തരം വൈഷ്ണവമതപ്രചരണം ചെയ്തുകൊണ്ടു് അദ്ദേഹം ശ്രീരംഗത്തു താമസമാക്കി. പക്ഷെ, അന്നത്തെ ചോളരാജാവായ കുലോത്തുംഗൻ ശൈവപക്ഷക്കാരനായിരുന്നതിനാൽ രാമാനുജനു മൈസൂരിലേക്കു മാറിത്താമസിക്കേണ്ടിവന്നതായി ഇതിനുമുമ്പൊരു ഘട്ടത്തിൽ പറഞ്ഞതു നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കുമല്ലോ! കുലോത്തുംഗന്റെ കാലശേഷം ആചാര്യർ ശ്രീരംഗ

ത്തേക്കതന്നെ മടങ്ങി. മരണംവരെ അദ്ദേഹം പിന്നെ അവിടെത്തന്നെയാണ് താമസിച്ചതു്.

**വൈഷ്ണവമതം.**

ഹിന്ദുമതപരിഷ്കരണത്തിന്റെ ചരിത്രത്തിൽ രാമാനുജനം ഉന്നതമായൊരു സ്ഥാനമുണ്ടു്. ഇദ്ദേഹം പ്രചരിപ്പിച്ച 'ഭക്തിമാർഗ്ഗ'ത്തിന്നു ദക്ഷിണേന്ത്യയിൽ ധാരാളം അനുയായികളെ ലഭിച്ചു. ഈ മാർഗ്ഗത്തിന്നുള്ള പ്രചോദനം രാമാനുജന ക്രിസ്തുമതത്തിൽനിന്നാണ് ലഭിച്ചതെന്നു ചില പാശ്ചാത്യചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നതു ശരിയായിരിക്കാൻ വഴിയില്ല; എന്തെന്നാൽ 'ഭഗവദ്ഗീത'യിൽനിന്നു രൂപമെടുത്തതാണതെന്നു മനസ്സിലാക്കാൻ യാതൊരു പ്രയാസവുമില്ല. * ഏകവും അനന്തവുമായ ഒരു ശക്തി വിശേഷമുണ്ടെന്നും ജീവജാലങ്ങളോടുള്ള സ്നേഹം നിമിത്തം ആ ശക്തി അവതാരങ്ങളെടുത്തു ലോകരക്ഷ ചെയ്യുന്നുവെന്നുമാണ് ഭക്തിമാർഗ്ഗം സിദ്ധാന്തിക്കുന്നതു്. അവനവനെത്തന്നെ മറന്നു് ഭക്തിയിൽ മുഴുകി ആ ദൈവികശക്തിയെ സാക്ഷാല്ക്കരിക്കണമെന്നത്രേ വൈഷ്ണവസിദ്ധാന്തം ഉൽഘോഷിക്കുന്നതു്. അനന്തമായ ഈ ദിവ്യശക്തിയുടെ രൂപമായിട്ടു രാമാനുജൻ വീക്ഷിച്ചതു വിഷ്ണുവിനെയാണ്. എന്നാൽ വിഷ്ണുവിന്റെ സ്ഥാനത്തു ശിവനെ ആരാധിക്കുന്നവരായിരുന്നു മറുപക്ഷക്കാർ. അതുകാരണമാണ് രണ്ടു കക്ഷികൾതമ്മിൽ അഭിപ്രായാനൈക്യം നേരിട്ടതു്. എങ്ങനെയായാലും ഈ പുതിയ സിദ്ധാന്തങ്ങൾ ഹൈന്ദവാചാരങ്ങളെ ഒട്ടൊന്നു പരിഷ്കരിച്ചു മതവിശ്വാസങ്ങളെ മനുഷ്യന്റെ യുക്തിക്കു കൂടുതൽ ഇണങ്ങുനാമട്ടിലാക്കിത്തീർത്തുവെന്നതു വിസ്മരിക്കാൻ വയ്യ.

ശങ്കരാചാര്യരും രാമാനുജാചാര്യരും, ഈ നിലയ്ക്കു, ചെയ്തുവെച്ചതെന്താണ്? ബുദ്ധമതവും ജൈനമതവും അക്കാലത്തെ ബ്രാഹ്മണമേധാവിത്വത്തിലുണ്ടായിരുന്ന ഹിന്ദുമതത്തിലെ കുറവുകൾ നിമിത്തം സാമാന്യജനങ്ങളോടു കൂടുതൽ അടുത്തുവന്നതാണല്ലോ നാം ആദ്യം കണ്ടതു്! ഹൈന്ദവസി

* A Short History of India-by Moreland & Chatterjee

[illegible]ങ്ങളുടെ ഉള്ളടക്കം കാലോചിതമായി വ്യാഖ്യാനിച്ച് യുക്തികൾ യോജിച്ച മട്ടിൽ വിശദീകരിക്കുകയാണ് ഈ ആചാര്യന്മാർ ചെയ്തതു്. അതോടുകൂടി ഹിന്ദുമതം പുനർജ്ജീവൻ പൂണ്ടു പൂർവ്വാധികം പ്രതാപത്തോടുകൂടി ജനങ്ങളുടെമേൽ സ്വാധീനശക്തി ചെലുത്തി. ഇങ്ങനെ, ഇന്ത്യ ഹൈന്ദവമതത്തിൽ തന്നെ വേരുറച്ചു.

V, II, F IV F VI III
V II IV F V VI F.
V. F, V, III II IA III.
V, III IA, II F VI III
V, III F II F VI III.

F IV . – M. of World Hist.
T. of Indian Hist
W. Geograpl Civics
Th – Hist – [illegible]

MUNAVVIRUL ISLAM HIGH SCHOOL. • ERNAKULAM. •
Date

1171

# Author's Works in Malayalam

| | | Rs. | As. |
|---|---|---|---|
| 1. | Modern History F. VI. 4th Edition | 1 | 4 |
| 2 | Modern History F. V. 6th Edition | 1 | 4 |
| 3. | Modern History F. IV. (out of stock) | 1 | 0 |
| 4 | Indian History F. IV. (as per old syllabus now out of stock) | 1 | 0 |
| 5. | World History Part I. (Ancient period only) | 1 | 4 |
| 6. | Civics Part I (as per old syllabus) | 0 | 8 |
| 7. | Modern History Questions & Answers F. VI 2nd Edition | 0 | 6 |
| 8 | Do Do F. V Do | 0 | 6 |
| 9. | Indian History Questions & Answers for Forms V & VI 3rd Edition | 0 | 10 |
| 10. | History & Geography Questions and answers for Form III | 0 | 12 |
| 11. | British History Notes (as per old Curriculum) | 0 | 8 |
| 12. | World History F. IV (as per syllabus common to Cochin & Travancore Edition 1949) | 1 | 0 |

Apply to:-

K. N. S. Menon,
C/o. P. Kunjikrishna Menon,
NEAR PADIYATHUKULAM,
ERNAKULAM.

POURAN PRESS, ERNAKULAM.

1171

Reg. no. 1171

നാലാം ഫോറം

# ഇന്ത്യാചരിത്രം

1581

പി. കുഞ്ഞികൃഷ്ണമേനോൻ, ബി. ഏ., ബി. ഓ. എൽ.

Indic Digital Archive Foundation
gpura.org